# ആദിവാസികളുടെ സംസ്കാരം മലയാള നോവലുകളിൽ

**പി. വത്സല, കെ.ജെ. ബേബി, നാരായൻ എന്നിവരുടെ നോവലുകൾ മാതൃകയാക്കിയുള്ള പഠനം**

കാലിക്കറ്റ് സർവകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന്
സമർപ്പിച്ച പ്രബന്ധം

**സന്തോഷ് കുമാർ. എം.കെ**

**മലയാള-കേരള പഠന വിഭാഗം**
**കാലിക്കറ്റ് സർവകലാശാല**
**2008**

# TRIBAL CULTURE IN MALAYALAM NOVELS

**A STUDY BASED ON THE NOVELS OF**
**P. VALSALA, K.J. BABY AND NARAYAN**

*Thesis*
*Submitted to the University of Calicut*
*for the Degree of Doctor of Philosophy*


**SANTHOSH KUMAR. M. K.**

**Department of Malayalam & Kerala Studies**
**University of Calicut**

**2008**

# സാക്ഷ്യപത്രം

പ്രൊഫ. (ഡോ.) പി. എം. വിജയപ്പൻ
വകുപ്പദ്ധ്യക്ഷൻ, മലയാള-കേരള പഠന വിഭാഗം
കാലിക്കറ്റ് സർവകലാശാല

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന 'ആദിവാസികളുടെ സംസ്കാരം മലയാള നോവലുകളിൽ, പി. വത്സല, കെ.ജെ. ബേബി, നാരായൻ എന്നിവരുടെ നോവലുകൾ മാതൃകയാക്കിയുള്ള പഠനം' എന്ന ഈ പ്രബന്ധം സന്തോഷ് കുമാർ. എം.കെ. എന്റെ നിർദ്ദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവകലാശാല,
07-08-2008

**(ഡോ. പി. എം. വിജയപ്പൻ)**

# സത്യപ്രസ്താവന

'ആദിവാസികളുടെ സംസ്കാരം മലയാള നോവലുകളിൽ: പി. വത്സല, കെ.ജെ. ബേബി, നാരായൻ എന്നിവരുടെ നോവലുകൾ മാതൃകയാക്കിയുള്ള പഠനം' എന്ന ഈ പ്രബന്ധം കാലിക്കറ്റ് സർവകലാശാലയിൽ പിഎച്ച്.ഡി ബിരുദത്തിനായി ഡോ. പി.എം. വിജയപ്പൻ സാറിന്റെ (മലയാള വിഭാഗം മേധാവി, കാലിക്കറ്റ് സർവകലാശാല) നിർദ്ദേശപ്രകാരം ഞാൻ നടത്തിയ ഗവേഷണത്തിന്റെ രേഖയാണ്. ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും പരീക്ഷയ്ക്കോ ബിരുദത്തിനോ അംഗീകാരത്തിനോവേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ ബോധ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവകലാശാല

07-08-2008

**സന്തോഷ് കുമാർ. എം.കെ**

# നന്ദി... എല്ലാവർക്കും

തിരക്കുകൾക്കിടയിലും ഈ പ്രബന്ധ രചനയ്ക്ക് വിലപ്പെട്ട മാർഗ നിർദ്ദേശങ്ങൾ നൽകിയ ഡോ. പി.എം. വിജയപ്പൻ സാറിനോടുള്ള അകമഴിഞ്ഞ കൃതജ്ഞത ആദ്യമേ രേഖപ്പെടുത്തട്ടെ. അഭിമുഖത്തിലൂടെ ഏറെ വിവരങ്ങൾ പകർന്നു നൽകിയ നോവലിസ്റ്റുകൾ പി. വത്സല, നാരായൻ, കെ.ജെ. ബേബി, കാലിക്കറ്റ് സർവകലാശാല മലയാളവിഭാഗം ജീവനക്കാർ, ഗ്രന്ഥശാലാ ജീവനക്കാർ, കോഴിക്കോട് കിർത്താഡ്സ്, മാനന്തവാടിയിലെ സോളിഡാരിറ്റി, പഴശി പഠനകേന്ദ്രം, തിരുനെല്ലി ക്ഷേത്രത്തിലെ അന്തേവാസികൾ, ആദിവാസി മൂപ്പൻ പി.കെ. കാളൻ, ഗദ്ദിക കലാകാരൻ കരിയൻ, ദേശീയ ആദിവാസി ഫെഡറേഷൻ വൈസ് പ്രസിഡണ്ട് ബാലൻ കൂതാടി, സംസ്ഥാന സെക്രട്ടറി എം. നാരായണൻ എന്നിവരും ഗവേഷണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായി ച്ചിട്ടുണ്ട്. വയനാട്, ഇടുക്കി, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലെ ആദിവാസികൾ, നാട്ടുകാർ, പത്രപ്രവർത്തകരായ പി.കെ. പ്രകാശ്, കണ്ണൻ, സുഹൃത്തുക്കളായ ഹരീന്ദ്രൻ, രാധാകൃഷ്ണൻ, രാജേന്ദ്രൻ, വിഷ്ണുമംഗലം കുമാർ, രാജേഷ്, ഭാനു പ്രകാശ് എന്നിവരോടും 'മലയാള മനോരമ'യിലെ സഹപ്രവർത്തകർ, പത്രാധിപ സമിതിയിലെ അംഗങ്ങൾ, 'ജ്ഞാനേശ്വരി പബ്ലിക്കേഷൻസ്' ഉടമ മണിശങ്കർ, ഷൈമ, പഠനങ്ങൾക്ക് പിന്തുണ നൽകിയ കുടുംബാംഗങ്ങൾ... എല്ലാവർക്കും നന്ദി.

# ഉള്ളടക്കം

**ഉപോദ്ഘാതം** 7

അദ്ധ്യായം ഒന്ന്

**ആദിവാസികളുടെ ജീവിതവും സംസ്കാരവും** 14

അദ്ധ്യായം രണ്ട്

**ആദിവാസികളുടെ സമുദ്ധാരണം വത്സലയുടെ നോവലുകളിൽ** 64

അദ്ധ്യായം മൂന്ന്

**മാവേലിമന്റം: ആദിവാസികളുടെ സ്വപ്നം** 104

അദ്ധ്യായം നാല്

**ആദിവാസികളുടെ സംസ്കാരം നാരായന്റെ നോവലുകളിൽ** 133

അദ്ധ്യായം അഞ്ച്

**മാറ്റങ്ങളുടെ തുരുത്തിൽ** 163

അദ്ധ്യായം ആറ്

**ഉപസംഹാരം** 187

അനുബന്ധം 193

1. പി വത്സലയുമായുള്ള അഭിമുഖം
2. കെ. ജെ. ബേബിയുമായുള്ള അഭിമുഖം
3. നാരായനുമായുള്ള അഭിമുഖം
4. പി വത്സലയുടെ കൃതികൾ
5. കെ. ജെ. ബേബിയുടെ കൃതികൾ
6. നാരായന്റെ കൃതികൾ

**ഗ്രന്ഥസൂചി** **227**

# ഉപോദ്ഘാതം

നൂറ്റാണ്ടുകൾക്ക് മുമ്പ് സമ്പന്നമായൊരു സംസ്കാരത്തിന് അടിത്തറപാകിയ ഗോത്രവർഗക്കാർ ഇന്ന് നിലനിൽപ്പിനുവേണ്ടിയുള്ള നിരന്തരപോരാട്ടങ്ങളിലാണ്. ചൂഷണങ്ങളും ഭൂമികയ്യേറ്റങ്ങളും തടയാനും, അവകാശങ്ങൾ സംരക്ഷിക്കാനും സംഘടിതരായി സമരരംഗത്തിറങ്ങിയ ആദിവാസിസമൂഹം ഇന്ന് പരിഷ്കൃതസമൂഹത്തിന് വലിയൊരു വെല്ലുവിളിയായി മാറിയിരിക്കുന്നു.

കിടപ്പാടവും കൃഷിഭൂമിയും ഉപജീവന മാർഗങ്ങളും സാംസ്കാരികത്തനിമ തന്നെയും അല്പാല്പമായി കൈമോശം വന്നു ജീവിതത്തിന്റെ ദുർഘടസന്ധിയിൽ എത്തി നിൽക്കുന്ന ആദിവാസികൾ പൊതുവെ കാലത്തിനൊത്ത് മാറാനും നിലനിൽപ്പിനുവേണ്ടി പൂർവാചാരങ്ങൾ പലതും വെടിയാനും നിർബന്ധിതരായിരിക്കുന്നു. എങ്കിലും കേരളത്തിന്റെ മലയിടുക്കുകളിലും വനപ്രദേശങ്ങളിലും ഉൾനാടുകളിലും ജീവിക്കുന്ന ഈ ആദിവാസികൾ വൈദേശിക സ്വാധീനം ഏറെയൊന്നും പ്രകടമാകാത്ത പാരമ്പര്യസംസ്കാരം കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്നുമുണ്ട്.

പി. വത്സല, കെ.ജെ. ബേബി, നാരായൻ എന്നിവരുടെ നോവലുകളിൽ ആദിവാസികളുടെ ജീവിതവും സംസ്കാരവും ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതെങ്ങനെയെന്നും ആ ആവിഷ്കാരത്തിലൂടെ അവർ സാധിച്ച സാംസ്കാരിക ധർമ്മം എന്താണ് എന്നും കണ്ടെത്താനാണ് ഈ പ്രബന്ധത്തിൽ ശ്രമിച്ചിട്ടുള്ളത്. പി. വത്സലയുടെ *നെല്ല്, കൂമൻകൊല്ലി, ആഗ്നേയം*, കെ.ജെ. ബേബിയുടെ *മാവേലി മന്റം*, നാരായന്റെ *കൊച്ചരേത്തി, ഊരാളിക്കുടി, വന്നല* എന്നീ നോവലുകളാണ് ഗവേഷണ പ്രവർത്തനങ്ങൾക്ക് മാതൃകയാക്കിയിട്ടുള്ളത്. മലയാള സാഹിത്യ

ത്തിൽ ആദിവാസികളുടെ സംസ്കാരത്തെ അധികരിച്ചുള്ള രചനകൾ വളരെ കുറവാണ്. ഉറൂബ്, മലയാറ്റൂർ രാമകൃഷ്ണൻ, ശ്രീകണ്ഠൻ നായർ, പി. വത്സല, നാരായൻ, കെ. ജെ. ബേബി, ടി. സി. ജോൺ, ഇ. ടി. രാജു, മനോജ് കാന എന്നിവരാണ് ആദിവാസികളുടെ ജീവിതവും സംസ്കാരവും പശ്ചാത്തലമാക്കി സാഹിത്യസൃഷ്ടി നടത്തിയവരിൽ പ്രധാനികൾ. നോവൽ, ചെറുകഥ, നാടകം എന്നിവയിലൂടെ ഇവർ ആദിവാസികളുടെ ജീവിതകഥ അവതരിപ്പിക്കുന്നു. ഇവ രിൽ മലയാറ്റൂർ രാമകൃഷ്ണൻ, പി. വത്സല, കെ. ജെ. ബേബി, നാരായൻ, എസ് ശ്രീകണ്ഠൻ നായർ എന്നിവരാണ് ആദിവാസികളുടെ സവിശേഷ സംസ്കാരത്തെ നോവൽ രൂപത്തിൽ ഏറെ ചിത്രീകരിക്കുന്നത്. കേരളത്തിൽ നാൽപത്തി മൂന്നോളം ആദിവാസി വിഭാഗങ്ങൾ ഉണ്ടെങ്കിലും അടിയർ, പണിയർ, ഇരുളർ, മുഡുകർ, കാട്ടുനായ്ക്കർ, കാണിക്കാർ, ഊരാളി, മലയരയർ എന്നീ ആദിവാസി വിഭാഗങ്ങളുടെ ജീവിതം മാത്രമാണ് മലയാള നോവലുകൾക്ക് വിഷയമായിട്ടു ള്ളത്. മലയാള നോവൽ സാഹിത്യത്തിൽ പി. വത്സല, കെ. ജെ. ബേബി, നാരാ യൻ എന്നിവരാണ് ആദിവാസികളുടെ സംസ്കാരത്തെ പൂർണമായും ഉൾക്കൊ ണ്ട് രചന നിർവഹിച്ചിരിക്കുന്നത്. ഇവരുടെ നോവലുകളിൽ കേരളത്തിലെ ഒട്ടു മിക്ക ആദിവാസി സമൂഹങ്ങളുടെയും കഥ ആവിഷ്കൃതമാകുന്നു. കാലഘട്ട ങ്ങൾ ആദിവാസികളുടെ സംസ്കാരത്തിലും ജീവിത രീതികളിലും വരുത്തിയ പരിവർത്തനങ്ങൾ പി. വത്സലയുടെ *'നെല്ല്'* മുതൽ നാരായന്റെ *'വന്നല'* വരെ യുള്ള നോവലുകളിൽ നിരീക്ഷിക്കാനാവും. മുകളിൽ പറഞ്ഞ മൂന്നുപേരുടെയും നോവലുകളിൽ ആദിവാസി ചിത്രീകരണത്തിൽ സമാന സ്വഭാവം പ്രകടമാവു ന്നതിനാലാണ് അവരുടെ കൃതികളെ മാത്രം പഠനവിഷയമാക്കിയിരിക്കുന്നത്.

കാട്ടിലും മലയോരങ്ങളിലും പ്രാകൃത ജീവിതം നയിക്കുന്ന ദരിദ്രരും അർധ നഗ്നരുമായ ഒരു വിഭാഗം ജനങ്ങളാണ് ആദിവാസികൾ എന്നാണ് പൊതുധാര ണ. എന്നാൽ ഇന്ന് മൊത്തം ആദിവാസി ജനസംഖ്യയിൽ 23 ശതമാനത്തോളം മാത്രമാണ് വനത്തിൽ അധിവസിക്കുന്നതെന്ന കാര്യം ഏറെപ്പേർക്കും അറിയി ല്ല. ആദിവാസി വിഭാഗങ്ങളുടെ കണക്കെടുത്താൽ പത്തോളം വിഭാഗത്തിൽപ്പെ ട്ട ആരും തന്നെ ഇന്നു കാട്ടിലല്ല അധിവസിക്കുന്നത്. പ്രകൃതിയുമായി ഇഴുകി ച്ചേർന്ന് വനാന്തരങ്ങളിൽ ജീവിച്ചിരുന്ന ഒരു വലിയ ജനസമൂഹം വനങ്ങളിൽ നിന്നും പുറത്തായതിന് പല കാരണങ്ങളുണ്ട്. വനഭൂമിയുടെ വിസ്തൃതിയിലു ണ്ടായ ഭീതിദമായ കുറവും ആദിവാസി ഭൂമിയുടെ വൻതോതിലുണ്ടായ അന്യാ

ധീനപ്പെടലും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ തേടി വനത്തിനുള്ളിൽ നിന്നും പുറംനാടുകളിലേക്കുണ്ടായ ആദിവാസി പ്രവാഹവും എല്ലാം ചേർന്ന് വനത്തിനുള്ളിലെ ആദിവാസികളുടെ എണ്ണത്തിൽ സാരമായി കുറവ് വരുത്തി.

ആദിവാസികളുടെ സമ്പന്നമായ സംസ്കാരത്തെക്കുറിച്ചോ ആചാരാനുഷ്ഠാന വൈവിധ്യങ്ങളെക്കുറിച്ചോ ജീവിതപരിസ്ഥിതികളെക്കുറിച്ചോ ശരിയായ അറിവ് വിദ്യാസമ്പന്നർക്കുപോലും ഇല്ലെന്നതാണ് വാസ്തവം. ആദിവാസി സംസ്കാരത്തെ അതേപടി വെളിച്ചത്തുകൊണ്ടുവരാൻ ചരിത്രകാരന്മാർക്കോ നരവംശശാസ്ത്രജ്ഞന്മാർക്കോ കഴിഞ്ഞിട്ടുണ്ടെന്നും തോന്നുന്നില്ല. പഠന സാമഗ്രികളുടെ അഭാവമാകാം അതിന് മുഖ്യകാരണം. ആദിവാസികളുടെ ജീവിതവും സംസ്കാരവും ആവിഷ്ക്കരിക്കുന്ന ഒട്ടേറെ രചനകൾ വിവിധ ഭാഷങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിലും ആ സവിശേഷസംസ്കാരത്തിന്റെ മൂർത്തരൂപം സാഹിത്യകൃതികളിൽ അനാവൃതമായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഗോത്ര സംസ്കാരത്തിന്റെ സവിശേഷതകളും മാറിയ പരിതസ്ഥിതികളിൽ ആ ഗോത്രം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വേണ്ടത്ര മനസ്സിലാക്കാതെ എഴുതപ്പെട്ടിട്ടുള്ള സാഹിത്യ രചനകളിൽ ആദിവാസി സമൂഹത്തിന്റെ ജീവിതവും സംസ്കാരവും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത നിലയിലാണ് ആഖ്യാനം ചെയ്യപ്പെട്ടു കാണുന്നത്. ഇതേക്കുറിച്ച് നിരവധി ആക്ഷേപങ്ങളും വിവാദങ്ങളും ഉണ്ടായിട്ടുണ്ട്.

## പൂർവ്വകാലപഠനങ്ങൾ

നരവംശ - സാമൂഹ്യശാസ്ത്ര തത്ത്വങ്ങൾ അടിസ്ഥാനമാക്കി ആദിവാസികളെക്കുറിച്ച് ഒട്ടേറെ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസഗവേഷണപദ്ധതികളുടെ ഭാഗമായി ആദിവാസികളുടെ ജീവിതത്തെയും സംസ്കാരത്തെയും പറ്റി അന്വേഷണങ്ങൾ വേറെയും നടന്നിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| കെ. പാന്നൂർ | - | *കേരളത്തിലെ ആഫ്രിക്ക* |
| | | *കേരളത്തിലെ അമേരിക്ക* |
| | | *മലകൾ, താഴ്‌വരകൾ, മനുഷ്യർ* |
| | | *സഹ്യന്റെ മക്കൾ* |
| | | *എന്റെ ഹൃദയത്തിലെ ആദിവാസി.* |
| ബാലകൃഷ്ണൻ മാങ്ങാട് | - | *അറിയപ്പെടാത്ത അയൽക്കാർ.* |
| ചുമ്മാർ ചൂണ്ടൽ | - | *കറുത്ത കലകൾ* |
| കെ. വേലപ്പൻ | - | *ആദിവാസികളും ആദിവാസി ഭാഷകളും* |
| കെ. എൻ. ഗണേശ് | - | *കേരളത്തിന്റെ ഇന്നലെകൾ* |
| അമ്പാട്ടുസുകുമാരൻ നായർ | - | *ആദിവാസികളുടെ നാട്ടിൽ* |
| വയലേരി കുമാരൻ | - | *കുറിച്യരുടെ ജീവിതവും സംസ്കാരവും* |
| പി.എ. സെയ്തു മുഹമ്മദ് | - | *ആദിവാസികൾ* |
| എം. പ്രേമനാഥ് | - | *കേരളത്തിലെ അടിമകൾ* |
| ടി.വി. അച്യുതവാര്യർ | - | *ഗോത്രസത്യങ്ങൾ* |
| നെട്ടൂർ പി. ദാമോദരൻ | - | *ആദിവാസികളുടെ കേരളം* |
| ഡോ. പി.ജി. പത്മിനി | - | *കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ* |
| ശ്രീനാരായണൻ മാവൂർ | - | *ചോലനായ്ക്കരും കാക്കപ്പൂക്കളും.* |
| ഡോ. സീലിയ തോമസ് | | |
| പെരുമ്പനാനി | - | *കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്കാരവും* |
| സി.കെ. കരുണാകരൻ | - | *കാണിക്കാർ* |
| | | *ആദിവാസികളുടെ ലോകം വനവാസികൾ* |
| പി. സോമശേഖരൻ നായർ | - | *പണിയർ* |
| എം. സെബാസ്റ്റ്യൻ | - | *കാണിക്കാരുടെ ലോകം* |
| ഒ.കെ. ജോണി | - | *വയനാട് രേഖകൾ* |

പി.കെ. പ്രകാശ് - *അന്യാധീനപ്പെടുന്ന ആദിവാസി ഭൂമി പ്രശ്നത്തിന്റെ ചരിത്രവും രാഷ്ട്രീയവും*

## ലക്ഷ്യവും പ്രസക്തിയും

ആദിവാസികളുടെ സംസ്കാരം പഠനവിഷയമാക്കിയുള്ള കൃതികളും ലേഖനങ്ങളും നിരവധി ഉണ്ടായിട്ടുണ്ടെങ്കിലും ഈ സവിശേഷസംസ്കാരം മലയാള നോവലുകളിൽ പ്രമേയമായതിനെക്കുറിച്ചു വേണ്ടത്ര പഠനം നടന്നിട്ടില്ല. അതുകൊണ്ടുതന്നെ ആദിവാസികളെക്കുറിച്ചു എഴുതിയതും അവർ എഴുതിയതും അവരുടെ സാംസ്കാരിക ജീവിതത്തിന്റെ സ്വാധീനമുള്ളതുമായ മലയാള നോവലുകളെകുറിച്ചുള്ള പഠനത്തിന് ഏറെ പ്രസക്തിയുണ്ട് എന്നു കരുതുന്നു.

പി. വത്സല, കെ. ജെ. ബേബി, നാരായൻ എന്നിവരുടെ നോവലുകളിലാണ് ആദിവാസികളുടെ സാംസ്കാരികജീവിതത്തിന്റെ സ്വാധീനം ഏറെ പ്രകടമാകുന്നത്. ഇവരുടെ നോവലുകളിൽ ആദിവാസികളുടെ ജീവിതവും സംസ്കാരവും എങ്ങനെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു എന്നു അന്വേഷിക്കുന്നത് ഈ പഠനത്തിന്റെ ഭാഗമാണ്. ആദിവാസി ജീവിത സംസ്കാരങ്ങളുടെ ആവിഷ്കാരത്തിലൂടെ നോവലിസ്റ്റുകൾ സാധിച്ച സാംസ്കാരിക ധർമ്മം അഥവാ, ആദിവാസികളുടെ സമുദ്ധാരണത്തിനായി നോവലിസ്റ്റുകൾ നടത്തിയ പരിശ്രമങ്ങൾ അന്വേഷിക്കുക എന്നത് ഈ പഠനത്തിന്റെ ഭാഗമാണ്. ഇവയെപ്പറ്റി മുകളിൽ പറഞ്ഞുവല്ലോ.

ആദിവാസികളുടെ സവിശേഷസംസ്കാരത്തെ മനസ്സിലാക്കാൻ നേരിട്ടുള്ള അന്വേഷണമാണ് നടത്തിയിട്ടുള്ളത്. പി വത്സലയും ചെയ്തിട്ടുള്ളത് അതാണല്ലോ. “നോവലിലും കഥകളിലുമെല്ലാം എഴുതിയ കാര്യങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കിയത് മാത്രമാണ്” എന്ന് പി. വത്സല തന്നെ പറയുന്നുണ്ട്. (അനുബന്ധം. പേജ് 194 കാണുക) വയനാട്, ഇടുക്കി, മലപ്പുറം, കണ്ണൂർ ജില്ലകളിലുള്ള ആദിവാസികളുടെ വാസസ്ഥലങ്ങൾ സന്ദർശിച്ച് അവരുടെ ജീവിതരീതികൾ നേരിൽ കണ്ട് മനസ്സിലാക്കൽ, ആദിവാസി ഊരുകളിൽ നിലവിലുള്ള ഉത്സവങ്ങൾ, വിനോദങ്ങൾ എന്നിവ കണ്ടും കേട്ടും വായിച്ചും പഠിക്കൽ, അവർ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കളെ സൂക്ഷ്മമായി വില

യിരുത്തൽ തുടങ്ങി ആദിവാസികളുടെ സംസ്കാരം ഉൾക്കൊള്ളുന്നതിനായി നടത്തിയ പ്രയത്നങ്ങൾ പ്രബന്ധ രചനയ്ക്ക് പിന്നിലുണ്ട്. ആദിവാസികളുടെ സംസ്കാരവും പ്രശ്നങ്ങളും രചനകൾക്ക് വിഷയമാക്കിയ എഴുത്തുകാരെയും ആദിവാസിപ്രമുഖരെയും നേരിൽകണ്ട് സംസാരിച്ചതിലൂടെ ലഭിച്ച വിവരങ്ങളും പഠനത്തിനാവശ്യമായ ഉപാദാനങ്ങളാക്കിയിട്ടുണ്ട്. കൂടാതെ പുസ്തകരൂപത്തിലും ലേഖന രൂപത്തിലുമുള്ള നിരവധി പഠനങ്ങളും ഉപാദാനങ്ങളായി സ്വീകരിച്ചിട്ടുണ്ട്.

'ആദിവാസികളുടെ സംസ്കാരം മലയാള നോവലുകളിൽ പി. വത്സല, കെ.ജെ. ബേബി, നാരായൻ എന്നിവരുടെ നോവലുകൾ മാതൃകയാക്കിയുള്ള പഠനം' എന്ന ഈ ഗവേഷണ പ്രബന്ധത്തിൽ ആറ് അധ്യായങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. 'ആദിവാസികളുടെ ജീവിതവും സംസ്കാരവും' എന്ന ഒന്നാം അധ്യായത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന ആദിവാസികളുടെ സാംസ്കാരികജീവിത രീതിഭേദങ്ങൾ വിവരിച്ചിരിക്കുന്നു.

'ആദിവാസികളുടെ സമുദ്ധാരണം വത്സലയുടെ നോവലുകളിൽ' എന്ന രണ്ടാം അധ്യായത്തിൽ ആദിവാസികളുടെ ജീവിത മുന്നേറ്റത്തിനായി സമൂഹത്തിൽ പ്രേരണ ചെലുത്തുക എന്ന ഉദ്ദേശ്യത്തോടെ പി. വത്സല രചിച്ച *നെല്ല്, കൂമൻകൊല്ലി, ആഗ്നേയം* എന്നീ നോവലുകളെ വിശകലനം ചെയ്യുന്നു.

മൂന്നാം അധ്യായമായ 'മാവേലിമന്റം: ആദിവാസികളുടെ സ്വപ്നം' എന്നതിൽ മാവേലിമന്റമെന്ന പുരാവൃത്ത സങ്കൽപ്പത്തെ, കൈവിട്ടുപോയ നല്ലകാലത്തെ, അയവിറക്കുകയും അടിമകളല്ലാതാകുന്ന പുതിയൊരു ലോകം സ്വപ്നം കാണുകയും ചെയ്യുന്ന ആദിവാസി സമൂഹത്തെ കെ.ജെ. ബേബി ചിത്രീകരിച്ചതെങ്ങനെ എന്ന് നിരീക്ഷിച്ച് ആ ചിത്രീകരണത്തിലൂടെ നോവലിസ്റ്റ് സാധിച്ചതെന്താണെന്നു കണ്ടെത്താൻ ശ്രമിച്ചിരിക്കുന്നു.

'ആദിവാസികളുടെ സംസ്കാരം നാരായന്റെ നോവലുകളിൽ' എന്ന നാലാം അധ്യായത്തിൽ ആദിവാസികളുടെ ജീവിതവും സംസ്കാരവും അടിസ്ഥാനമാക്കി ഒരാദിവാസി തന്നെ - നാരായൻ - എഴുതിയ നോവലുകളുടെ പഠനമാണ്. സ്വന്തം ജീവിതാനുഭവങ്ങൾ നോവലിസ്റ്റ് എങ്ങനെയെല്ലാമാണ് *കൊച്ചരേത്തി, ഊരാളിക്കുടി, വന്നല* എന്നീ നോവലുകളിൽ ആവിഷ്കരിച്ചിരിക്കുന്നതെന്നും അവയ്ക്കുപിന്നിലെ സമുദായ സമുദ്ധാരണമെന്ന ലക്ഷ്യം ഏതെല്ലാം വിധത്തിൽ

രചനകളിൽ പ്രകടമായിട്ടുണ്ടെന്നും ഈ അധ്യായത്തിൽ അന്വേഷിക്കുന്നു.

'മാറ്റങ്ങളുടെ തുരുത്തിൽ' എന്ന അഞ്ചാം അധ്യായത്തിൽ പി. വത്സല, കെ.ജെ. ബേബി, നാരായൻ എന്നിവരുടെ നോവലുകളിൽ ആദിവാസി സമുദായങ്ങൾക്കുണ്ടായ മാറ്റങ്ങളെ നിരീക്ഷിക്കുന്നു. *'നെല്ലു'* മുതൽ *'വന്നല'*വരെയുള്ള നോവലുകളിൽ തെളിയുന്ന ആദിവാസികളുടെ ജീവിതത്തെ സാമാന്യമായി താരതമ്യപ്പെടുത്താനും ഈ അധ്യായത്തിൽ ശ്രമിച്ചിട്ടുണ്ട്.

ഉപസംഹാരം എന്ന ആറാം അധ്യായത്തിൽ പ്രബന്ധത്തിലെ ഓരോ അധ്യായത്തിലും കണ്ടെത്തിയ കാര്യങ്ങൾ സമാഹരിക്കുകയും പൊതുനിഗമനത്തിൽ എത്തുകയും ചെയ്തിരിക്കുന്നു.

തുടർന്നു വരുന്ന അനുബന്ധത്തിൽ പി. വൽസല, കെ.ജെ. ബേബി, നാരായൻ എന്നിവരുമായി നടത്തിയ അഭിമുഖങ്ങൾ, ഇവർ മൂവരുടെയും കൃതികൾ എന്നിവ ഉൾക്കൊള്ളിച്ചിരിക്കുന്നു. അവസാനം ഗ്രന്ഥസൂചിക, പട്ടികവർഗ്ഗക്കാരുടെ ലിസ്റ്റ്, ആദിവാസികളുടെ ജീവിത ചിത്രീകരണത്തിന് സഹായിക്കുന്ന ഫോട്ടോകൾ എന്നിവ ചേർത്തിരിക്കുന്നു.

അധ്യായം ഒന്ന്

# ആദിവാസികളുടെ ജീവിതവും സംസ്കാരവും

പി വത്സല, കെ ജെ ബേബി, നാരായൻ എന്നിവരുടെ നോവലുകളിൽ ആഖ്യാനം ചെയ്തിട്ടുള്ള ആദിവാസികളുടെ സംസ്കാരം നിരീക്ഷിക്കുക, ആ ആഖ്യാനങ്ങളിലൂടെ നോവലിസ്റ്റുകൾ സാധിച്ച സാംസ്കാരിക ധർമ്മം എന്തെന്നു കണ്ടെത്തുക എന്നീ കാര്യങ്ങളാണ് തുടർന്നുള്ള അദ്ധ്യായങ്ങളിൽ നിർവ്വഹിച്ചിരിക്കുന്നത്. പഠന വിഷയം നോവലുകളിലെ ആദിവാസി സംസ്കാരത്തെക്കുറിച്ചുള്ളതാകയാൽ ആദിവാസികളുടെ സാമൂഹിക ജീവിതസ്ഥിതികളും സംസ്കാര സവിശേഷതകളും മനസ്സിലാക്കാനുള്ള ശ്രമമാണ് ആദ്യം നടത്തിയത്. ആ ശ്രമത്തിന്റെ ഫലമായി തിരിച്ചറിഞ്ഞ വസ്തുതകൾ ഇവിടെ അവതരിപ്പിക്കേണ്ടത് അനിവാര്യമാണെന്നു തോന്നുന്നു. അതുകൊണ്ട് ആദിവാസികളിൽ നിന്നും നേരിട്ടു ബോധ്യപ്പെട്ടിട്ടുള്ളതും അവരെക്കുറിച്ചു എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങളിൽ നിന്നു മനസ്സിലാക്കിയിട്ടുള്ളതുമായ വസ്തുതകളുടെ വെളിച്ചത്തിൽ ആദിവാസികളുടെ ജീവിതത്തെയും സംസ്കാരത്തെയും കുറിച്ച്, പ്രസക്ത പഠനത്തിന് ഭൂമിക എന്ന നിലയിൽ ഒരു സാമാന്യ വിവരണം ഇവിടെ കൊടുക്കുന്നു.

ഇംഗ്ലീഷിൽ വ്യവഹാരത്തിലുള്ള Tribe എന്ന പദത്തിനു സമാനമായിട്ടാണ് മലയാളത്തിൽ 'ആദിവാസി' എന്ന പദം ഉപയോഗിക്കുന്നത്. സാമ്പത്തിക സാമൂഹിക രംഗങ്ങളിലെ പിന്നോക്കാവസ്ഥ പരിഗണിച്ച് പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തിയ പ്രത്യേക വിഭാഗമാണ് ആദിവാസികൾ. "പ്രതികൂല സാഹചര്യങ്ങളിലും ജീവിത രഹസ്യങ്ങൾ കണ്ടെത്തി കാട്ടിൽ നിവസിക്കുന്നവരെ"[1]യാണ് വെരിയർ എൽവിൻ (Verier Elvin)ആദിവാസികളെന്ന് വിശേഷിപ്പിച്ചിരിക്കുന്നത്. മറ്റു ജനവിഭാഗങ്ങളുമായി കൂടുതൽ ബന്ധം സ്ഥാപിക്കാതെ സ്വന്തമായ ഉപജീവനമാർഗ്ഗങ്ങൾ സ്വീകരിച്ച പ്രത്യേകസമൂഹമായിട്ടാണ് ആദിവാസികളെ കണക്കാക്കിയിരുന്നത്. പുറം ലോകത്തെ പരിഷ്കാരങ്ങൾ ഏറെയൊന്നും സ്വാ

ധീനിക്കാതെ താഴ്വാരകളിലും വനപ്രദേശങ്ങളിലും ഒതുങ്ങികൂടുകയായിരുന്നു ഈ വർഗ്ഗക്കാർ. മലഞ്ചെരുവുകളും കുറ്റിക്കാടുകളും നിറഞ്ഞ ഭൂപ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ തക്ക ശരീരഘടനയുള്ളവരായിരുന്നു ഗോത്രവർഗ്ഗക്കാർ. ഉല്പാദനോപഭോഗങ്ങൾക്കനുസൃതമായ ഒരു സാമൂഹിക ക്രമമായിരുന്നു അവരുടേത്.

സ്വകാര്യസ്വത്തില്ലാതെ എല്ലാവരും കൂട്ടമായി പണിയെടുക്കുകയും അധ്വാനിച്ചുകിട്ടുന്ന വിഭവങ്ങൾ പങ്കിട്ടെടുക്കുകയും ചെയ്തിരുന്ന പണ്ടുകാലത്ത് ജീവിതവും കൂട്ടമായിതന്നെയായിരുന്നു. "പർവ്വതപ്രദേശങ്ങളിൽ നിവസിച്ചിരുന്ന മനുഷ്യർ കൃഷിഭൂമിതേടി സമതലങ്ങളിലേക്കിറങ്ങിയപ്പോഴും ഒരു വിഭാഗം മലയോരങ്ങളിൽ തന്നെ വാസമുറപ്പിച്ചു. അവരാണ് പിന്നീട് ഗിരിജനങ്ങളായും ആദിവാസികളായും അറിയപ്പെട്ടത്. ആര്യേതരന്മായിരുന്ന നിഷാദവംശജരുടെ അനന്തരഗാമികളായും ഇവർ കണക്കാക്കപ്പെടുന്നു."2

കേരളത്തിലെ ആദിവാസികളുടെ പൂർവചരിത്രത്തെക്കുറിച്ചു ആധികാരികമായി തെളിവുകളൊന്നും ലഭിച്ചിട്ടില്ല. എങ്കിലും വിവിധ ഭാഗങ്ങളിൽ നിന്നു കണ്ടെടുത്ത തൊപ്പിക്കല്ല്, പുലച്ചിക്കല്ല്, കല്ലായുധങ്ങൾ, ഗുഹകൾ, വീട്ടുപകരണങ്ങൾ തുടങ്ങിയ പുരാവസ്തുക്കൾ ആധാരമാക്കി അവരുടെ ജീവിതരീതികളും സംസ്കാരവും നരവംശശാസ്ത്രജ്ഞന്മാർ വിശകലനം ചെയ്യുന്നുണ്ട്. കേരളത്തിലെ ആദിവാസികൾ പൂർണമായും വനത്തെ ആശ്രയിച്ചായിരുന്നു ജീവിച്ചിരുന്നത്. ആഹാരം, മരുന്ന്, വീടുനിർമ്മാണസാമഗ്രികൾ തുടങ്ങി എല്ലാം അവർക്ക് കാട്ടിൽ നിന്നു ലഭിച്ചിരുന്നു. പ്രകൃതിയെ ആശ്രയിച്ചുള്ള സാമൂഹിക-സാമ്പത്തിക ജീവിതക്രമമായിരുന്നു അവരുടേത്. പ്രാകൃതരെന്ന വേർതിരിവിൽ കാടുകളിലും മലമടക്കുകളിലും ഒതുങ്ങിക്കൂടിയവർക്ക് വിശാലമായ വനപ്രദേശങ്ങളും സുലഭമായ വനവിഭവങ്ങളും ജീവിത സമൃദ്ധിക്ക് ഉപകാരപ്പെടുന്നതായിരുന്നു. വനഭൂമിയിൽ കൃഷിചെയ്തും ഫലമൂലാദികൾ ശേഖരിച്ചും അവർ കഴിഞ്ഞു കൂടി.

"കേരളത്തിലെ എല്ലാ ജില്ലകളിലും ആദിവാസികളുടേയും ഗിരിവർഗ്ഗക്കാരുടേയും ആവാസകേന്ദ്രങ്ങൾ കാണുവാൻ കഴിയും. എങ്കിലും വയനാട്, പാലക്കാട്, ഇടുക്കി, കാസർകോട്, തിരുവനന്തപുരം, കൊല്ലം തുടങ്ങിയ ജില്ലകളിലാണ് ഗോത്രവർഗ്ഗക്കാരെ കൂടുതൽ കണ്ടുവരുന്നത്. ഡോ. സീലിയ തോമസ് പെരുമ്പനാനി കേരളത്തിലെ ആദിവാസികളുടെ സാന്നിധ്യം ജില്ല തിരിച്ച് കാണിച്ചിട്ടുണ്ട്."[3] അതിപ്രകാരമാണ്.

1. കാസർകോട്

കൊറഗർ, മലകുടിയന്മാർ, വേട്ടുവർ, മാവിലർ, ചെമവർ, കോപ്പാളർ,

2. കണ്ണൂർ

കരിമ്പാലർ, ചിങ്ങത്താന്മാർ, മലവേട്ടുവർ, കുറിച്യർ

3. വയനാട്

പണിയർ, പതിയർ, അടിയാൻ, തച്ചനാടൻ, കാടർ, കുണ്ടുവടിയർ, കാട്ടുനായ്ക്കർ, കളനാടികൾ, കുറുമർ

4. തൃശ്ശൂർ

മലയർ, മുഡുകർ

5. പാലക്കാട്

ഇരുളർ, കാടർ

6. മലപ്പുറം

നായാടികൾ, അരനാടൻ, മലക്കാരൻ

7. കൊല്ലം

ഊരാളി, ഉള്ളാടർ, കൊച്ചുവേലർ, മലങ്കുറവർ

8. ഇടുക്കി

ഊരാളി, കുറുമ്പപ്പുലയൻ, പണിയർ, മന്നാൻ, മുതുവാൻ, മുഡുകർ, ഉള്ളാടർ, ഇരുളർ

9. തിരുവനന്തപുരം

കാണിക്കാർ, മലങ്കുറവർ

ഇതുപ്രകാരം വയനാട്, ഇടുക്കി ജില്ലകളിലാണ് ആദിവാസികൾ ഏറ്റവും കൂടുതൽ കാണുന്നത്. ആദിവാസികളെ സംബന്ധിച്ചിടത്തോളം ഈ ജില്ലകളാണ് ഭൂസ്ഥിതിപരമായി ഏറെ ആവാസയോഗ്യമായിട്ടുള്ളത്.അവർ ഓരോവിഭാഗക്കാരും കൂട്ടായ്മ മനോഭാവം വച്ചുപുലർത്തുന്നവരാണെന്നും വംശീയമായ സാംസ്കാരികത്തനിമ ഓരോവിഭാഗത്തിനും ഉണ്ടെന്നും സീലിയതോമസ് നിരീക്ഷിച്ചിട്ടുണ്ട്.

“2001-ലെ സെൻസെസ് റിപ്പോർട്ട് പ്രകാരം കേരളത്തിൽ ആദിവാസികളുടെ ജനസംഖ്യ 3,64,189 ആണ്. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 1.09 ശതമാനമാണ്. വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ ആദിവാസികൾ ഉള്ള ത്; 1,36,062 പേർ. ഇടുക്കിയിൽ 50,973 ഉം പാലക്കാട് 39,665 ഉം ആദിവാസികളാ ണുള്ളത്.” [4]

ആദിവാസികൾ ഓരോ വിഭാഗക്കാരും കൂട്ടായ്മാ മനോഭാവം ഉള്ളവരാണെ ന്നു മുകളിൽ പറഞ്ഞുവല്ലോ. എങ്കിലും സാംസ്കാരികമായ ചുറ്റുപാടുകൾ, ജീ വിതവ്യവസ്ഥകൾ, വിദ്യാഭ്യാസം, തൊഴിൽ, സാമ്പത്തികസ്ഥിതി എന്നിവയിലെ ല്ലാം വ്യത്യസ്തത പുലർത്തുന്നവരാണ് ആദിവാസി സമുദായം. മറ്റു ജനസമുദാ യങ്ങളിൽ നിന്നു അകന്നു ജീവിച്ചിരുന്ന ആദിവാസികൾക്ക് അവരുടേതായ പാ രമ്പര്യരീതികളും ആചാരവിശേഷങ്ങളും ഉണ്ടായിരുന്നു.

ഓരോ ദേശത്തിനും കാലഘട്ടത്തിനും സമുദായത്തിനും അതിന്റേതായ സം സ്കാരമുണ്ട്. സമൂഹത്തിന്റെ ജീവിതരീതിഭേദങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, വി ശ്വാസങ്ങൾ, കലകൾ, ഉൽസവാഘോഷങ്ങൾ, ആഹാരരീതി, വേഷവിധാനങ്ങൾ, ഭാഷ തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് സംസ്കാരം എന്ന സംജ്ഞ വ്യവഹരിച്ചു വരുന്നത്.

## 1.1. ആചാരാനുഷ്ഠാനങ്ങൾ

### 1.1.1. ജീവിതരീതി

ശിലായുഗത്തിലെ മനുഷ്യൻ കല്ലും മരവും കൊണ്ടു നിർമ്മിച്ച പ്രാകൃത ആ യുധങ്ങളുമായി കാട്ടിൽ അലഞ്ഞുതിരിഞ്ഞു കായ്കനികളും മറ്റും ഭക്ഷിച്ചാണ് ഉപജീവനം നടത്തിയിരുന്നത്. ഇവർക്ക് കൃഷിചെയ്യാനോ നായാടാനോ പരിച യമുണ്ടായിരുന്നില്ല. പിന്നീട് നവീനശിലായുഗമായപ്പോഴേക്കും ഭക്ഷണത്തിനാ യുള്ള അലച്ചിൽ ഉപേക്ഷിച്ചു കാർഷികവൃത്തി ആരംഭിക്കുന്നതോടുകൂടിയാണ് മനുഷ്യൻ പലസ്ഥലങ്ങളിലായി സ്ഥിരതാമസമാക്കുന്നത്. കാർഷികവൃത്തി തി രഞ്ഞെടുത്തവർ കാടുകൾ വെട്ടിത്തെളിച്ചും മറ്റും ഭൂമി പങ്കിട്ടെടുത്ത് കഠിനാധ്വാ നത്തിലൂടെ കൃഷിയിടത്തിനു ചുറ്റുമായി ജീവിതം കെട്ടിപ്പടുക്കുകയായിരുന്നു. ഉപജീവനമാർഗ്ഗത്തിനായി വിശാലമായി കൃഷിയിടങ്ങൾ ഒരുക്കിയിരുന്ന ആദി വാസികൾ അടുത്തടുത്ത് ചെറിയകുടിലുകൾ നിർമ്മിച്ച് ഒരുമിച്ചാണ് താമസിച്ചി

രുന്നത്. കാട്ടുമൃഗങ്ങളുടെ ശല്യമുള്ളയിടങ്ങളിൽ മരത്തിനുമുകളിൽ ഏറുമാടങ്ങൾ കെട്ടിയുണ്ടാക്കിയായിരുന്നു താമസം. ആദിവാസികൾ കൂട്ടമായി താമസിക്കുന്ന സ്ഥലത്തിന് ഊര് എന്നാണ് പറയുക. ഇരുളർ ഒന്നിച്ചുതാമസിക്കുന്നിടം 'ഊര്' എന്നാണറിപ്പെടുന്നത്. "അടിയാന്മാർ കൂട്ടമായി താമസിക്കുന്നിടം 'കുന്റ്' എന്നാണറിപ്പെടുന്നത്. ആദിവാസികൾ അട്ടണ, അട്ടളെ, വള്ളി, പൊല്ലി എന്നെല്ലാം പറഞ്ഞുപോരുന്ന ഏറുമാടങ്ങൾ വൃക്ഷങ്ങളുടെ തായ്ത്തടിയോട് ചേർന്നു കാണപ്പെടുന്ന വലിയ കവരങ്ങളുടെ കോണുകളിലാണ് ഉണ്ടാക്കുന്നത്. ഊന്നു നൽകാൻ മുളങ്കമ്പുകൾ ഉപയോഗിക്കും. മുകളിൽ കയറിപ്പറ്റാൻ മുളയേണികളാണ് സഹായത്തിന്. അവിവാഹിതരായ ചെറുപ്പക്കാരാണ് ഏറുമാടങ്ങളിൽ കഴിയാറുള്ളത്. കുടിലുകളുടെ അടുത്തേക്കും കൃഷിസ്ഥലത്തേക്കും വരുന്ന ആനകളെ ഇവർ പാട്ടകൊട്ടി ഓടിക്കുന്നു. അതൊന്നും വകവയ്ക്കാതെ മുന്നേറുന്ന കാട്ടുകൊമ്പന്മാരെ തീപന്തങ്ങളെറിഞ്ഞാണ് വിരട്ടിയോടിക്കുന്നത്."[5]

ആദിവാസികളുടെ വീടുകൾ പൊതുവെ ചാള, പാത്തി, മാടം, കൂരെ, കുടി എന്നീ പേരുകളിലറിയപ്പെടുന്നു. എന്നാൽ ചില ആദിവാസിവിഭാഗങ്ങളുടെ വീടുകൾക്ക് പ്രത്യേക പേരുകളുണ്ട്. കുടുംബ് (പണിയർ), കുടി (കുറുമർ), പെര (കുറിച്യർ), ചാവടി (മുതുവാന്മാർ), കുള്ള് (അടിയർ) എന്നിങ്ങനെയാണ് അവ. കുറിച്യർക്ക് കുലം, പണിയന്മാർക്കും കാണിക്കാർക്കും ഇല്ലം, അടിയർക്ക് മന്റം എന്നിങ്ങനെയാണ് പ്രധാന തരം തിരിവുകൾ.

ഊരാളികുറുമർ അധികവും താമസത്തിനായി തെരഞ്ഞെടുക്കാറുള്ളത് വനപ്രാന്തങ്ങൾ തന്നെയാണ്, ഗവൺമെന്റ് പതിച്ചുകൊടുക്കുന്ന സ്ഥലങ്ങളിൽ മാത്രമേ അവർ ഒറ്റപ്പെട്ട് താമസിക്കുന്നുള്ളൂ. തൊട്ടടുത്ത് കുടിലുകളൊന്നും ഇല്ലെങ്കിൽ അത്തരം ഭൂമി ഉപേക്ഷിച്ച് അവർ തങ്ങളുടെ കൂട്ടക്കാർ ഉള്ള ഇടങ്ങളിൽ കുടിൽ കെട്ടും. ഗോത്രവർഗ്ഗ ജീവിതത്തിന്റെ കൂട്ടായ്മ അവനിൽ വേരൂന്നിയിരിക്കുന്നു എന്നുള്ളതാണ് ഇതിനു കാരണം. ഊരാളികുറുമർക്കിടയിൽ മാത്രമല്ല എല്ലാ ആദിവാസി വിഭാഗങ്ങൾക്കിടയിലും കാണുന്ന പ്രത്യേകതയാണ് ഇത്. വെള്ളത്തിനും വിറകിനും ക്ഷാമമില്ലാത്ത ഇടങ്ങളിലാണ് ഇവർ സാധാരണയായി പുരകൾ ഉണ്ടാക്കാറുള്ളത്. ഒരു മുറ്റത്തിനു നാലുഭാഗത്തുമായി ചെറിയ കുടിലുകൾ കെട്ടിയുയർത്തുന്ന പതിവല്ല ഇവർക്കുള്ളത്. വരിവരിയായി അടുത്തടുത്ത് കുടിലുകൾ ഉണ്ടാക്കും എന്നുമാത്രം. "വീട് ഉണ്ടാക്കുവാനായി തറനിരപ്പിൽ

നിന്നും നാലഞ്ചടി ഉയരത്തിൽ മണ്ണിട്ടുയർത്തും. നാലുഭാഗത്തും മുളങ്കാലുകൾ കുഴിച്ചിടും. ഈ കാലുകളിൽ ആദ്യത്തേത് മേഗാളനാണ് (മൂപ്പൻ) കുഴിച്ചിടുക. കാട്ടിൽ കൺവെട്ടത്തു തന്നെ ഇഷ്ടം പോലെ മരങ്ങൾ നില്ക്കുമ്പോൾ അത് അവർ ഉപയോഗിക്കുകയില്ല. മുളയോടുള്ള ഒരുതരം പ്രത്യേക അഭിനിവേശം-ഒരു മുളസംസ്കാരമാണ്-ഇതിനുകാരണമെന്നു പറയാം. മേൽപ്പുര ഉണ്ടാക്കുന്നതും നേരിയ മുളകളോ മുളകീറിയുണ്ടാക്കിയ അലകോ ഉപയോഗിച്ചാണ്. (അനുബന്ധം. പേജ് 222 കാണുക) മേയുന്നതിനു വൈക്കോലോ കാട്ടുപുല്ലോ ഉപയോഗിക്കും. (അനുബന്ധം. പേജ് 223 കാണുക) അലകുമെടഞ്ഞ് കുടിലിന്റെ നാലുഭാഗത്തും ചുവരുണ്ടാക്കുന്നു. ഈ മുളം ചുവരുകളിൽ ആദ്യം മണ്ണ് തേച്ച് പിടിപ്പിക്കും. അടുക്കളകൂടാതെ ഒന്നോ രണ്ടോ മുറികളുണ്ടാകും ഒരു കുടിലിന്. മുളക്കഷണങ്ങൾ (അലക്) മെടഞ്ഞാണ് വാതിലുകൾ ഉണ്ടാക്കുന്നത്. ഈ കുടിലുകൾക്ക് സാധാരണയായി ജനലുകൾ ഉണ്ടാകാറില്ല. ഇപ്പോൾ ഗവൺമെന്റ് ചെലവിൽ പണിതുകൊടുക്കുന്ന വീടുകൾക്ക് രണ്ടും മൂന്നും മുറികളുണ്ട്. അവയുടെ മേൽക്കൂര മരംകൊണ്ടും ഓടുകൊണ്ടും ചുവരുകൾ സിമന്റ് കട്ടകൾ കൊണ്ടുമാണ് ഉണ്ടാക്കുന്നത്."[6] (അനുബന്ധം. പേജ് 224 കാണുക) തലശേരി-വയനാട് റോഡിൽ കണ്ണവം കാട്ടിൽ താമസിക്കുന്ന കുറിച്യരുടെ കുടിലുകളെകുറിച്ച് കെ.പാന്നൂർ വിവരിക്കുന്നതിങ്ങനെയാണ്:- "കണ്ണവം കാട്ടിലുള്ള കുറിച്യകുടുംബങ്ങൾ പത്തുമലകളിൽ അങ്ങിങ്ങായി മുളങ്കുടിലുകൾ വെച്ചുകെട്ടി താമസിക്കുകയാണ്. കുടിലുകൾ കണ്ടെത്താൻ ചിലമലകൾ കയറുമ്പോൾ നമ്മുക്കു ടെൻസിങിനെപ്പറ്റി കൂടുതൽ ബഹുമാനം തോന്നും. ഒരു ദിവസവും ഒഴിയാതെ ഈ മലകൾ എത്രയെങ്കിലും പ്രാവശ്യം കയറുകയും ഇറങ്ങുകയും ചെയ്യുന്ന കുറിച്യക്കുട്ടികളെപ്പറ്റി അതിൽ കൂടുതൽ ബഹുമാനം തോന്നിതുടങ്ങും. അവരുടെ കുടിലുകൾ നമ്മെ തീരെ ആകർഷിച്ചെന്നു വരില്ല. വെറും മണ്ണിൽ മുളങ്കീറുകൾ വരിവരിയായി കുത്തിനിർത്തി അവയ്ക്കു മീതെ കുറച്ചുമുളകൾ ചരിച്ചുകെട്ടി ഓടപ്പുല്ലുകൊണ്ടുമേഞ്ഞാൽ കുറിച്യക്കുടിലായി. കാട്ടിൽ എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെയെല്ലാം മരങ്ങൾ മാത്രമാണ്. പക്ഷെ പാവങ്ങളായ കുറിച്യർക്ക് അതൊന്നും എടുത്തുപയോഗിക്കാൻ പാടില്ല. ഓടയും മുളയും ഓടപ്പുല്ലും മാത്രമാണ് അവർക്ക് ലഭിക്കുന്നത്."[7]

സ്വകാര്യ സ്വത്തവകാശം എന്ന സങ്കൽപ്പം ഇല്ലാതിരുന്നതിനാൽ വസ്തുവക

കളെക്കുറിച്ചുള്ള അവകാശവാദങ്ങളോ തർക്കങ്ങളോ ആദിവാസികൾക്കിടയിൽ മുൻപുണ്ടായിരുന്നില്ല. സ്ഥിരമായ ഇടങ്ങളിൽ താമസിച്ചു കൃഷിചെയ്തു ജീവിച്ച ഇവർ ജനസംഖ്യവർദ്ധിച്ചതോടെ രക്തബന്ധങ്ങളുടെ അടിസ്ഥാനത്തിൽ കുലങ്ങളും ഗോത്രങ്ങളുമായി തരം തിരിഞ്ഞു. അച്ഛൻ, അമ്മ, അവരുടെ അവിവാഹിതരായ മക്കൾ എന്നിവർ ചേർന്നതാണ് ആദിവാസി കുടുംബത്തിന്റെ ഘടന. "അച്ഛനാണ് കുടുംബത്തിൽ അധികാരം. ആൺകുട്ടികളാണ് സ്വന്തം വീട്ടിൽ താമസിക്കുക. ഇപ്പോൾ വീട്ടുപകരണങ്ങൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെ വീതിച്ചുകൊടുക്കും. ഒന്നിലധികം ആൺമക്കളുണ്ടെങ്കിൽ ഇളയമകന്റെ കൂടെയാണ് അച്ഛനമ്മമാർ താമസിക്കുക. സ്വത്തുള്ളവർ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യമായി വീതിച്ചുകൊടുക്കുകയാണ് പതിവ്."[8] ആദിവാസി സമുദായക്കാർ മിക്കവരും മക്കത്തായ സമ്പ്രദായമാണ് സ്വീകരിച്ചിരുന്നത്.

നിരവധി കുടുംബങ്ങൾ അടങ്ങിയ ഓരോ ആദിവാസി ഊരിനും മേലാളായി ഒരു തലവൻ ഉണ്ടായിരുന്നു. കൂട്ടത്തിൽ പ്രായം കൂടിയ ആളെയാണ് സാധാരണയായി കാരണവസ്ഥാനം നൽകി ആദരിക്കുക. അയാൾ സമൂഹഭേദമനുസരിച്ച് നാട്ടുമൂപ്പൻ (അടിയാൻ) കാണിക്കാരൻ (ഊരാളി) എന്നിങ്ങനെ വിവിധപേരുകളിലാണ് അറിയപ്പെട്ടിരുന്നത്. കുറുമസമുദായത്തിലെ മൂപ്പൻ മൊതലി എന്നാണ് അറിയപ്പെട്ടിരുന്നത്. ഇവർ ഊരിലെ സാമൂഹികപ്രശ്നങ്ങൾക്ക് പുറമെ മതകാര്യങ്ങളിലും മന്ത്രവാദം, രോഗചികിത്സ എന്നിങ്ങനെയുള്ള കാര്യങ്ങളിലും ഇടപെട്ടിരുന്നു. ഊരിലെ ഓരോ വ്യക്തിയും മേലാളനെ ആദരിക്കാനും അദ്ദേഹത്തിന്റെ ആജ്ഞകളെ അനുസരിക്കാനും ബാധ്യസ്ഥനായിരുന്നു. വിവാഹം, മരണാനന്തരകർമ്മങ്ങൾ എന്നിങ്ങനെ ഊരിലെ പ്രധാനചടങ്ങുകൾക്കെല്ലാം തലവന്റെ അനുമതിതേടണമായിരുന്നു. ഭരണകാര്യങ്ങളിൽ തലവനെ സഹായിക്കാൻ ഒന്നോ അതിലധികമോ പേരുണ്ടാകും. "പരമ്പരാഗതമായിട്ടാണ് മൂപ്പൻ സ്ഥാനം ലഭിക്കാറുള്ളത്. ഒരു മൊതലി (കുറുമ സമുദായത്തിലെ മൂപ്പൻ)യുടെ മരണശേഷം അയാളുടെ മകൻ മൊതലിയാകും"[9]

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പേരിൽ ആദിവാസി സമുദായത്തെ ഇഞ്ചിഞ്ചായി നശിപ്പിച്ച ശക്തികളിലൊന്നായിട്ടാണ് കെ. പാന്നൂർ നാട്ടുമൂപ്പനെ അവതരിപ്പിക്കുന്നത്. "ഒരു അടിയാന്റെ ഭാര്യയ്ക്ക് സുഖക്കേടു പിടിച്ചെന്നിരിക്കട്ടെ. അയാൾ ഉടനെ ചെന്നു കാണുക, അടിയരുടെ നാട്ടുമൂപ്പനെ

യാണ്. നാട്ടുമൂപ്പൻ അടിയരുടെ കരിങ്കാളിയുമായും മലങ്കാളിയുമായും കാളിയുമായും മറ്റു പന്തീരായിരം ദൈവങ്ങളുമായും നേരിട്ട് സമ്പർക്കം പുലർത്തുന്ന ആളാണത്രെ. തന്റെ റാട്ടി (ഭാര്യ) യ്ക്കു ബാധിച്ച സുഖക്കേടു ഭേദപ്പെടുമോ അല്ലെങ്കിൽ അവൾ മരിക്കുമോ? ഇവയിലേതാണു ദൈവത്തിന്റെ ഹിതം എന്നു അന്വേഷിച്ചറിയുവാനാണ് അടിയൻ മൂപ്പനെ സമീപിക്കുന്നത്. മൂപ്പൻ ദൈവവുമായി രഹസ്യസംഭാഷണം നടത്തിയപ്പോൾ ആണ് അറിഞ്ഞത് അടിയനും അടിയന്റെ ഭാര്യയും മക്കളുമെല്ലാം കുറ്റം ചെയ്തിട്ടുണ്ടെന്നും അതിനുപരിഹാരമായി മൂപ്പൻ ആവശ്യപ്പെടുന്നത്ര പിച്ചളവള നേർച്ച നൽകാൻ തയ്യാറാണെങ്കിൽ രോഗം സുഖപ്പെടുത്താനാവുമെന്നാണ്. ദൈവം ആവശ്യപ്പെട്ട പിച്ചളവളകൾ സുഖക്കേടുകാരി അപ്പോൾ തന്നെ നാട്ടുമൂപ്പനെ ഏൽപ്പിക്കുന്നു. പിന്നീട് അയാൾ മുറങ്ങൾക്കു മുമ്പിലിരുന്ന് വളകൾ മാറോട് ചേർത്തടുക്കിപ്പിടിച്ചുകൊണ്ട് ഭക്തി നിർഭരമായ സ്വരത്തിൽ എല്ലാവരും കേൾക്കെ ഇങ്ങനെ പ്രാർത്ഥിക്കും.

'ഈശ്വരാ, അച്ഛര്ളേ, നാങ്കമാണിയെ സർവ്വ ഒൻറുക്കും അന്യായമേ, നാങ്ക ഇന്റു ഇക്കുറെ കണ്ടെത്തക്കുനിങ്ക കൽപ്പിച്ചു എട്ടോ പതിനാറോ നാങ്ക എടുത്തു ബക്കിന്റെ ഇന്നി മുകള് എങ്കക്കു ഈ കട്ട ചുകമാണു.' ദൈവം ആവശ്യപ്പെട്ട പിച്ചളവളകൾ എന്റെ കൈയ്യിൽ ഏൽപ്പിച്ചിട്ടുണ്ട്. ഈ രോഗം ഇനി സുഖമാക്കി കൊടുക്കണം എന്ന് അയാൾ ശക്തിയായി ശുപാർശ ചെയ്യുകയാണ്.

മൂപ്പന്റെ പ്രൈവറ്റ് സെക്രട്ടറിമാരായി തമ്മിടിമാരും കരിമികളുമുണ്ട്. നാട്ടുമൂപ്പന്മാർക്കു പുറമേ അടിയർക്കിടയിൽ കുറേ ചെമ്മക്കാരുമുണ്ട്. അടിയന്മാർ പല കുലങ്ങളാണ്. പ്രത്യേകം കുലങ്ങൾക്ക് പ്രത്യേകം ദൈവങ്ങളുണ്ട്. ഓരോ കുലത്തിനും തലവനായി ഓരോ ചെമ്മക്കാരനുണ്ടാകും. നാട്ടുമൂപ്പന്റെ രാജ്യത്തിലെ സംസ്ഥാന ഗവർണർമാരാണ് ചെമ്മക്കാരെന്നു പറയാം. ചെമ്മക്കാരെ നിശ്ചയിക്കുന്നതും പിരിച്ചയക്കുന്നതും അയാളാണ്. ഇത്തരം ഘട്ടങ്ങളിൽ ദൈവത്തിനു സമർപ്പിക്കുന്ന പിച്ചളവളകൾ മൂപ്പനും ചെമ്മക്കാരനും മറ്റും പങ്കിട്ടെടുക്കുന്നു."[10]

രക്തബന്ധങ്ങളായാലും വിവാഹബന്ധങ്ങളായാലും ഇഴചേർന്ന് സുഘടിതമായതാണ് ആദിവാസികളുടെ സാമൂഹികഘടന. ഓരോ ആദിവാസി സമൂഹത്തിലെയും സ്ത്രീപുരുഷന്മാർ സഹോദരങ്ങളെന്ന വിശ്വാസത്തിൽ അവർ തമ്മിലുള്ള വിവാഹം നിഷിദ്ധമായിരുന്നു. ആദിവാസികൾക്കിടയിൽ സമുദായങ്ങൾക്കനുസരിച്ച് പലതരം വിവാഹരീതികളുണ്ട്. എല്ലാവരും അറിഞ്ഞ് അംഗീകാര

ത്തോടെയുള്ള വിവാഹം, തട്ടികൊണ്ടുപോകൽ, ഒളിച്ചോട്ടം, മനസ്സമ്മതം കഴി ഞ്ഞ് ദീർഘനാൾ കഴിഞ്ഞുള്ള വിവാഹം, മുറച്ചെറുക്കനെയോ മുറപ്പെണ്ണിനെ യോ സ്വീകരിക്കുന്ന രീതി എന്നിവയാണ് ഇവയിൽ ചിലത്. മനസ്സമ്മതം കഴിച്ചു നിൽക്കുന്ന ഘട്ടത്തിൽ പെൺകുട്ടി ഗർഭിണിയായാൽ തീർച്ചയായും വിവാഹം നടത്തണം. പ്രായപൂർത്തിയായാൽ ആർക്കും ആരെയും വിവാഹം കഴിക്കാം. സ്വന്തം കുലത്തിൽ നിന്ന് വിവാഹം പാടില്ല. ഇതര കുലങ്ങളിൽ നിന്നേ വിവാ ഹം ചെയ്യാൻ പാടുള്ളൂ.

മറ്റുജനവിഭാഗങ്ങളിൽ നിന്നു വ്യത്യസ്തമായി ആദിവാസി സമൂഹത്തിൽ സ് ത്രീക്കും പുരുഷനും തുല്യ പങ്കാളിത്തമാണ് സാമാന്യമായി കാണുന്നത്. സമു ദായ സംബന്ധമായ അധികാരങ്ങൾ പുരുഷന്മാർ കൈയ്യാളുമ്പോൾ കുടുംബ ത്തിന്റെ നിയന്ത്രണം സ്ത്രീകളാണ് ഏറ്റെടുത്തിരുന്നത്. വീട്ടുജോലികൾക്ക് പു റമെ സ്ത്രീകൾ പുരുഷന്മാരോടൊപ്പം കൃഷിയിടങ്ങളിലും കഠിനമായി അധ്വാനി ച്ചിരുന്നു. സി കെ ജാനുവിന്റെ ആത്മകഥയിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

“നമ്മളെ (അടിയർ) ആൾക്കാരെ ഇടയില് പെണ്ണുങ്ങള് അധികമായി ചുമതല കൾ ഏറ്റെടുക്കും. മറ്റു സമുദായത്തിലും അങ്ങനെതന്നെ. കണ്ടത്തിലെ പണിക്ക് പോകും. എല്ലാ കൃഷിപ്പണികളും ചെയ്യും. കിളയ്ക്കുക, വിത്തിടുക, നിലം പാ കമാക്കുക തുടങ്ങി ഭൂമിയിൽ എടുക്കേണ്ട പണിയെല്ലാം ചെയ്യും. കുടീലെ കു ഞ്ഞുങ്ങളെയും നോക്കും.”[11]

## 1.1.2. സാമൂഹികമായ മാറ്റം

മറ്റു ജനവിഭാഗങ്ങളുമായി  കൂടുതൽ ബന്ധം സ്ഥാപിക്കാതെ സ്വന്തമായി ഉ പജീവനമാർഗ്ഗങ്ങൾ സ്വീകരിച്ച പ്രത്യേക സമൂഹമായിരുന്നു ആദിവാസികൾ. വനത്തിലും മലകളുടെ താഴ്വരകളിലും ഒതുങ്ങി കഴിയുകയും കാട്ടുവിഭവങ്ങൾ ശേഖരിച്ചും  നായാടിയും അവർ കഴിഞ്ഞു കൂടി. പ്രാകൃതമായ ഭാഷയും വേഷ വിധാനങ്ങളും ആചാരനുഷ്ഠാനങ്ങളും അവരെ പരിഷ്കൃതസമൂഹത്തിനു അ ന്യമായ വർഗ്ഗമാക്കി മാറ്റി. (ഈ സവിശേഷതകളെപ്പറ്റി പിന്നാലെ വിശദീകരി ക്കുന്നുണ്ട്)

ബ്രിട്ടീഷുകാരുടെയും ജന്മിമാരുടെയും കച്ചവടക്കാരുടെയും ഭൂമി കയ്യേറ്റങ്ങ ളും നിരന്തരമായ ചൂഷണങ്ങളും മൂലം ആദിവാസികൾ ഭൂമി ഉപേക്ഷിച്ച് തൊട്ട

ടുത്ത പ്രദേശങ്ങളിലേക്ക് ഉപജീവനം തേടി എത്തുന്നതോടെയാണ് അവരെക്കുറിച്ചും അവരുടെ ജീവിത ദുരിതങ്ങളെക്കുറിച്ചും പലരും അറിയുന്നത്. ബ്രിട്ടീഷുകാർ വ്യാപകമായ തോതിൽ വനംവെട്ടി പ്രധാന ആദിവാസിമേഖലയായ വയനാട്ടിലേക്ക് കടന്നുകയറി. ബ്രിട്ടീഷുകാരാണ് ആദിവാസി മേഖലയിലേക്കുള്ള ആദ്യത്തെ കടന്നുകയറ്റക്കാർ. ഇവർ പ്ലാന്റേഷനുകൾ ആരംഭിച്ചു. തൊഴിലാളികളെ കിട്ടാതെ വന്നപ്പോൾ പുറത്തു നിന്നും പണിക്കാരെ കൊണ്ടു വന്നു. ഇങ്ങനെ വന്നവരും ആദിവാസി ഭൂമി വ്യാപകമായി കയ്യേറി. രണ്ടാം മഹാലോകയുദ്ധകാലത്ത് ബ്രിട്ടീഷുകാർ ഭടന്മാരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതിക്കായി സുൽത്താൻ ബത്തേരി, അമ്പലവയൽ, നെന്മേനി എന്നീ വില്ലേജുകളിലായി 33802 ഏക്കർ ആദിവാസിഭൂമി കയ്യേറി. "സ്വകാര്യവന ദേശസാൽക്കരണ ബില്ലിന്റെയും ഭൂപരിഷ്ക്കരണ നിയമത്തിന്റെയും പശ്ചാത്തലത്തിൽ അറുപതുകളിലായിരുന്നു ശക്തമായ കയ്യേറ്റം. ഈ കടന്നുകയറ്റങ്ങൾ ആദിവാസികളുടെ സാമൂഹിക-സാമ്പത്തിക വ്യവസ്ഥക്ക് കനത്ത തിരിച്ചടിയായി. ആദിവാസികളെ കുടിയേറ്റക്കാർ പണസമ്പദ് വ്യവസ്ഥക്ക് കീഴിലാക്കി. ആദിവാസി ഗോത്രതലവന്മാരുടെ അധികാരപങ്കിനെ ഇല്ലാതാക്കി. സാമൂഹിക-മത കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തി. മദ്യ ഉപഭോഗത്തിനും സ്ത്രീകളോടുള്ള സമീപനത്തിലും മാറ്റം ഉണ്ടായി.

1952-ൽ രൂപംകൊണ്ട ദേശീയവനനയം ആദിവാസികൾക്ക് വനമേഖലയിലുള്ള അവകാശങ്ങൾ നിഷേധിക്കുന്നതായിരുന്നു. കർഷകർക്കും കുടിയേറ്റക്കാർക്കും വനഭൂമികയ്യേറി സ്വന്തമാക്കാൻ ഇത് അവസരമൊരുക്കി. വനത്തകർച്ചയുടെ ഉത്തരവാദിത്തം ആദിവാസികളുടെ മേൽ കെട്ടിവച്ച അധികൃതർ വനഭൂമി ഉപയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് വാദിച്ചു. 1961-ൽ വന്ന കേരളഫോറസ്റ്റ് ആക്ട് അനുസരിച്ച് 1964-ൽ കേരളഗിരിജൻ ചട്ടങ്ങൾ രൂപവത്ക്കരിച്ചു. ഇതോടെ ആദിവാസികൾക്ക് അവർ വർഷങ്ങളായി ഉപയോഗിച്ചുകൊണ്ടിരുന്ന വനഭൂമി അന്യമായി. 2002-ലെ കേന്ദ്ര വനംവകുപ്പിലെ റിപ്പോർട്ടിൽ സംരക്ഷിതമേഖലയിൽ നിന്ന് ആദിവാസികളെ പുറത്താക്കണമെന്നായിരുന്നു നിർദേശം. ആദിവാസികളെ പുറത്താക്കി ജൈവവൈവിധ്യങ്ങളുടെ ഉടമസ്ഥത ബഹുരാഷ്ട്രകുത്തകകൾക്ക് നൽകുകയായിരുന്നു ലക്ഷ്യം. വന്യജീവി സങ്കേതങ്ങൾ, നാഷണൽ പാർക്കുകൾ, റിസോർട്ടുകൾ, അണക്കെട്ടുകൾ തുടങ്ങിയ മിക്കപദ്ധതികളും നടപ്പിലാക്കിയത് വനഭൂമി കയ്യേറികൊണ്ടായിരുന്നു. സ്വന്തമായുണ്ടായിരുന്ന കൃഷിയിടങ്ങളും വാസസ്ഥലങ്ങളും നഷ്ടപ്പെട്ട ഗോത്രവർഗ്ഗക്കാരുടെ അ

വസ്ഥ ഏറെ ദയനീയമായിരുന്നു. പലതരത്തിലുള്ള വിവേചനങ്ങൾക്കും ചൂഷണങ്ങൾക്കും നിരന്തരം വിധേയമായികൊണ്ടിരിക്കുന്ന ഇവർ അകൽച്ചയുടേയും അനിശ്ചിതത്വത്തിന്റെയും നടുവിലാണ് കഴിയുന്നത്. വികസനത്തിന്റെ പേരിൽ ആദിവാസികൾ സ്വന്തം വാസസ്ഥലങ്ങളിൽ നിന്ന് കുടിയിറക്കപ്പെടുന്നത് നിത്യസംഭവമായിട്ടുണ്ട്. ബാഹ്യശക്തികളുടെ വൻതോതിലുള്ള കൈയേറ്റങ്ങളോടെ ആദിവാസികൾ പലരും കർഷകത്തൊഴിലാളികളും കൂലിവേലക്കാരുമായി. ജന്മിമാരുടെയും കർഷകമുതലാളിമാരുടെയും കീഴിൽ അടിമകളെപോലെ പണിയെടുക്കാൻ വിധിക്കപ്പെട്ടവർക്ക് കാർഷികരംഗത്തെ തകർച്ചയും കാലാവസ്ഥാവ്യതിയാനങ്ങളും സാങ്കേതികവിദ്യകളുടെ കടന്നുകയറ്റങ്ങളും തിരിച്ചടിയായി. ഇതെല്ലാം അവരുടെ ജീവിതം കൂടുതൽ ദുരിതപൂർണമാക്കുകയായിരുന്നു. പ്രത്യേക തൊഴിൽ സാമർത്ഥ്യമില്ലാത്ത ആദിവാസികൾക്ക് തകർന്നുകൊണ്ടിരുന്ന കാർഷികമേഖലമാത്രമായിരുന്നു പ്രധാന ആശ്രയം. എന്നാൽ ഭൂമി, മൂലധനം, സാങ്കേതികവിദ്യകൾ എന്നിവ അന്യമായതോടെ നിലനിൽപ്പിനായി ആശ്രയിച്ചിരുന്ന ഉപജീവനമാർഗ്ഗങ്ങൾ അവർക്ക് അന്യമായി. കൃഷിഭൂമി നഷ്ടമായതോടെ കർഷകത്തൊഴിലാളികളായും കൂലിത്തൊഴിലാളികളായും തരം താഴ്ത്തപ്പെടുകയായിരുന്നു അവർ. വരുമാനം, തൊഴിൽ, ജീവിതനിലവാരം എന്നിവയിലുണ്ടായ മാറ്റങ്ങൾ ആദിവാസി സമൂഹങ്ങളെ ഏറെ അസ്വസ്ഥരാക്കി."[12]

1960-ലെ ഡീബാർ കമ്മിറ്റി ആദിവാസികൾക്ക് ഭൂമി തിരിച്ചുനൽകണമെന്ന് ശുപാർശചെയ്തിരുന്നുവെങ്കിലും ഇതുവരെ യാഥാർത്ഥ്യമായില്ല. ഭരണഘടനയുടെ 244-ാം വകുപ്പിൽ ആദിവാസികളുടെ അവകാശം ഉറപ്പാക്കുന്നുണ്ടെങ്കിലും ഫലപ്രദമായി നടപ്പാക്കാൻ സർക്കാരിന് ഇനിയും കഴിഞ്ഞിട്ടില്ല. ഭൂപരിഷ്കരണ നിയമവും, സ്വകാര്യവനദേശസാത്കരണ നിയമവും, കേന്ദ്രവനസംരക്ഷണനിയമവും ഭൂമിയിലും വനത്തിലുമുള്ള ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കാനോ അംഗീകരിക്കാനോ ഉള്ള സന്മനസ്സ് കാണിച്ചില്ല. ഈ നിയമങ്ങളെല്ലാം അവരെ സഹായിക്കുകയല്ല, ദ്രോഹിക്കുകയേ ചെയ്തിട്ടുള്ളൂ എന്നതാണ് സത്യം. "ഭൂപരിഷ്ക്കരണ നിയമം കുടികിടപ്പവകാശം വാഗ്ദാനം ചെയ്തപ്പോൾ അവരെല്ലാം കുടികിടപ്പുകളിൽ നിന്നും ആർക്കും വേണ്ടാത്ത പാറക്കെട്ടുകളിലേക്കു കുടിയിറക്കപ്പെട്ടു. നിയമം വിജയിച്ചിരുന്നുവെങ്കിൽ 10സെന്റ് വീതം നല്ലഭൂമി ചുരുങ്ങിയത് പതിനായിരം പണിയകുടുംബങ്ങൾക്കെങ്കിലും ലഭിക്കുമായിരുന്നു. ദേശസാത്കരണനിയമത്തെ പരാജയപ്പെടുത്താൻ സ്വകാര്യവനങ്ങൾ റബ്ബർതോ

ട്ടങ്ങളായി മാറിയപ്പോൾ, കാടുകൾക്കുള്ളിലെ അവകാശങ്ങൾ തെളിയിക്കാൻ കയ്യിൽ രേഖകളൊന്നുമില്ലാത്ത പാവങ്ങൾ അവരുടെ ആവാസകേന്ദ്രങ്ങളിൽ നിന്നും പുഴപുറമ്പോക്കുകളിലേക്കും റോഡുപുറമ്പോക്കുകളിലേക്കും തുരത്തപ്പെട്ടു."[13]

വനവിഭവങ്ങളിൻമേലുള്ള അവകാശങ്ങൾ നഷ്ടമായതോടെ അവശ്യസാധനങ്ങൾക്കായി ആദിവാസികൾക്ക് പുറം ലോകത്തെ ആശ്രയിക്കേണ്ടി വന്നു. ഇത് അവരുടെ ജീവിതരീതികളിൽ വലിയമാറ്റങ്ങൾ ഉണ്ടാക്കാൻ കാരണമായി. പുറം ലോകവുമായുള്ള സമ്പർക്കവും വനങ്ങളിലും താഴ്‌വാരങ്ങളിലും കൂട്ടമായി ജീവിച്ചിരുന്ന അവസ്ഥയിൽ നിന്ന് ചെറിയകുടുംബങ്ങളായി വേറിട്ടു ജീവിക്കാൻ തുടങ്ങിയതും ആദിവാസികളുടെ സംസ്കാരത്തിൽ വലിയമാറ്റങ്ങൾ ഉണ്ടാക്കി. ആദിവാസി സ്ത്രീകൾക്ക് സമൂഹത്തിലുണ്ടായിരുന്ന സ്ഥാനത്തിൽ മാറ്റം വന്നു. പുരുഷന്മാർ മദ്യത്തിന് അടിപ്പെട്ടും ജോലിയില്ലാതെയും അലസരായി മാറിയതോടെ സ്ത്രീകൾക്ക് കുടുംബത്തിൽ ഉത്തരവാദിത്തങ്ങൾ ഏറി. അവർ കൂലിവേലയ്ക്ക് പോയി തുടങ്ങി. വെള്ളവും വിറകും തേടി ദൂരദേശങ്ങളിൽ അലഞ്ഞു. വിവിധതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാകുകയും ചെയ്തു.

"ആണുങ്ങള് അങ്ങനെയല്ല. വെറുതെ ഇരിക്കാനും കാട്ടിൽക്കേറാനും അധികമായി സമയം ചെലവാക്കും. ഇപ്പോഴത്തെ നിലയിൽ പീടികക്കോലായിൽ അധികമായി പോയി നിൽക്കും. വെറുതെയങ്ങ് കുത്തിയിരിക്കും. റാക്കിന്റെയും കള്ളിന്റെയും വരവോടെ വളരെയേറെ മടിയന്മാരായിട്ടുണ്ട്."[14] എന്ന് സി കെ ജാനു ആദിവാസി പുരുഷന്മാരുടെ അവസ്ഥയെ ചൂണ്ടിക്കാട്ടുന്നു.

യുവാക്കളിലും മാറ്റങ്ങളുണ്ടായി. ട്രൈബൽ ഹോസ്റ്റലുകളിലും മറ്റും പഠിച്ചെത്തിയവർ പരമ്പരാഗത ജീവിതരീതികൾക്കും ആധുനിക ജീവിത രീതികൾക്കും ഇടയിൽപ്പെട്ട് ധർമ്മസങ്കടാവസ്ഥയിലായിരുന്നു. പുതിയ ബദൽ സംവിധാനങ്ങൾ കണ്ടെത്താനാവാതെ അനിശ്ചിതാവസ്ഥയിലായിരുന്നു പലരും. ഇതിനിടയിൽ കഞ്ചാവിനും ചാരായത്തിനും അടിപ്പെട്ട് വഴിതെറ്റിയവരുമുണ്ട്. ചുരുക്കം ചിലർ സർക്കാർ പദ്ധതികളിലൂടെ ജോലി നേടി പുരോഗതിയിലെത്തി. ആധുനികജീവിതത്തിന്റെ സ്വാധീനം മൂലം യുവതലമുറ ഊരുസംവിധാനങ്ങളും ഗോത്രവ്യവസ്ഥകളും പാലിക്കാതെയായി. സ്വാർത്ഥതാൽപര്യങ്ങളോടു കൂടിയ രാഷ്ട്രീയ ഇടപെടലുകൾ ആദിവാസികളുടെ പരമ്പരാഗതമായ രാഷ്ട്രീയ-സാമൂഹിക-വ്യ

വസ്ഥകളെ തകർക്കുകയുണ്ടായി. പരമ്പരാഗത നേതൃ സംവിധാനമായ ഊരുമൂപ്പൻ സ്ഥാനം ഏതാണ്ട് തകരുകയും ചെയ്തു.

പരമ്പരാഗതമായ ആചാരനുഷ്ഠാനങ്ങളും സ്വന്തമായ ജീവിതവ്യവസ്ഥകളുമാണ് ആദിവാസികളെ വേറിട്ടുനിർത്തുന്ന പ്രധാനഘടകം. ആദിവാസികളുടെ വനഭൂമിയിലും ജീവിതരീതികളിലും നടന്ന കയ്യേറ്റങ്ങൾ അവരുടെ സംസ്കാരത്തെയും സ്വത്വത്തെയും ഏറെക്കുറെ നശിപ്പിച്ചെങ്കിലും ആചാരാനുഷ്ഠാനങ്ങളിലെ പാരമ്പര്യവിധികൾ നിലനിർത്താൻ മിക്ക ആദിവാസി വിഭാഗങ്ങളും ശ്രമിക്കുന്നുണ്ട്.

### 1.1.3 ജനനം

മറ്റു ജനവിഭാഗങ്ങളിലെന്നതുപോലെ ആദിവാസികൾക്കിടയിലും കുടുംബത്തിൽ ഒരു കുട്ടി ജനിക്കുന്നത് പ്രധാനസംഭവമാണ്. കുട്ടിയുടെ ജനനവുമായി ബന്ധപ്പെട്ട ആചാരങ്ങൾ ആദിവാസി സമൂഹത്തിൽ വ്യത്യസ്തവുമാണ്.

“ഗർഭിണികൾക്ക് സുഖപ്രസവം സാധ്യമാകുന്നതിന് മിക്ക ആദിവാസി സമുദായങ്ങളിലും പ്രേതബാധ അകറ്റുന്ന ചടങ്ങുണ്ട്. ഊരാളിക്കുറുമർക്കിടയിൽ ഇതിന് മാറ്റല് കഴിക്കുക എന്നാണ് പറയുക. ഗർഭിണിക്ക് ഏഴാം മാസം മാറ്റല് കഴിക്കുന്ന ആചാരം ഇവരിൽ കാണാം. ദേഹത്തുകൂടിയ പിശാചുകളെ പോക്കാനാണിതു ചെയ്യുന്നത്. സുഖപ്രസവം നടക്കാനിതുതകുമത്രേ. കോഴി, തവിട്, മലര്, എണ്ണ, പൂവ്, വാഴപ്പോള, കുരുത്തോല എന്നീ ഒരുക്കങ്ങൾ ഇതിനുവേണം. കുരുത്തോലകൊണ്ട് തത്തയെ ഉണ്ടാക്കി ചുണ്ടിൽ മഞ്ഞൾ തേച്ച് ഒരുകോലിൽ കെട്ടി ചിറ്റാലമുറ്റത്ത് ഉറപ്പിച്ചുവെയ്ക്കുന്നു. അതിനടുത്തായി വാഴപ്പോളകൊണ്ട് ചതുരാകൃതിയിൽ ദൈവത്തറയുണ്ടാക്കി, തോലൻ മുതിരൻ എന്ന ദൈവത്തിന്റെ പ്രീതിക്കായി അർച്ചന നടത്തും. തോലൻ മുതിരൻ ദൈവം സന്തോഷിച്ചെങ്കിൽ മാത്രമേ ഗർഭിണികളിൽ നിന്നും പിശാചുക്കൾ വേറിട്ടുപോവൂ. ദൈവത്തറയ്ക്കു മുന്നിലാണ് ഗർഭിണിയെ ഇരുത്തുക. മെഗാളൻ (ഗോത്രത്തലവൻ) ദൈവത്തെ ധ്യാനിച്ച് കോഴിയെ ഗർഭിണിയുടെ നേരെ കാട്ടി പിശാചിനെ ആവാഹിച്ചെടുക്കുന്നു. അതോടെ മെഗാളൻ ദൈവം കയറി തുള്ളുകയായി. അയാൾ നാടു മുഴുവനുമുള്ള കൊല്ലി, മല, കാട്, പുഴ, തോട്, കല്ല് എന്നിവയൊക്കെ വിളിച്ചു പറയും. കോഴിയെ അറുത്ത് ഗർഭിണിയുടെ നെറ്റിയിലും കാൽവിരലുകളിലും

ചോര ഇറ്റിക്കും. ഒരു മുണ്ട് എണ്ണയിൽ കുതിർത്ത് കത്തിച്ചുവെച്ചിട്ടുണ്ടായിരിക്കുമപ്പോൾ. അത് വെള്ളമൊഴിച്ച് ഒറ്റയടിക്ക് കെടുത്തുന്നതോടെ പിശാചിൽ നിന്നും ഗർഭിണി രക്ഷപ്പെടുന്നു. പ്രസവം ഭർത്താവിന്റെ വീട്ടിൽ വച്ചാണ്. ഈ പ്രക്രിയ എളുപ്പം നടക്കാൻ പുളി അരച്ച് പിഴിഞ്ഞ് തിളപ്പിച്ചുകൊടുക്കും. കാട്ടുവെറ്റില അരച്ചു പള്ളമേൽ തേക്കുകയും പതിവുണ്ട്."[15]

അടിയാത്തി ഗർഭിണിയായാൽ പ്രേതബാധയേൽക്കാതിരിക്കാനും പ്രസവത്തിൽ വിഷമങ്ങളൊന്നും ഉണ്ടാകാതിരിക്കാനും വേണ്ടി ഏഴാം മാസത്തിൽ കെട്ടിമാറ്റൽ ചടങ്ങ് നടത്താറുണ്ട്. ഏഴുമാസമായാൽ ഭർത്താവിന്റെ വീട്ടിൽ നിന്നും കെട്ടിമാറ്റൽ ചടങ്ങുനടത്തുന്നതിനുവേണ്ടി ഗർഭിണിയെ സ്വന്തം വീട്ടിലേക്ക് കൊണ്ടുവരും. ഭർത്താവ് ഈ ചടങ്ങിനുവേണ്ടി ഒരുപൊതി നെല്ല്, ഒരുകോഴി, ഒരു തേങ്ങ എന്നിവ പെണ്ണിന്റെ വീട്ടിൽ എത്തിച്ചുകൊടുക്കണം. ബാക്കി മുഴുവൻ ചിലവിടേണ്ടത് പെണ്ണിന്റെ വീട്ടുകാർ തന്നെയാണ്. ഒരു ദിവസം രാത്രിയിൽ തുടങ്ങുന്ന ചടങ്ങുകൾ പിറ്റേദിവസം വൈകുന്നേരത്തോടെ മാത്രമേ തീരുകയുള്ളൂ.

"ക്ഷണം കിട്ടി എത്തിയവരെല്ലാം കൂടി വീട്ടുമുറ്റത്ത് പന്തലിടും. പന്തലിൽ അരിപ്പൊടിയും കരിയും മഞ്ഞൾപ്പൊടിയും ഉപയോഗിച്ച് സ്ത്രീയുടെ രൂപം വരച്ച് കളമുണ്ടാക്കിയിരിക്കും. മൂപ്പൻ കുറച്ചരിയെടുത്ത് പന്തലിന്റെ നാലുഭാഗത്തേക്കും എറിയും. അതിനുശേഷം ശാസ്ത്രം പറയലാണ്. വാദ്യക്കാർ മുഖാമുഖം നിന്ന് തുടിയറയുമ്പോൾ രണ്ടുപേർ കോലം തുള്ളുന്നു. തുടിയറയുന്നവർ പ്രസവത്തിനു വിഷമമുണ്ടാകാതിരിക്കാനുള്ള പാട്ടുകളാണ് പാടുക. പാട്ടു നിർത്തുമ്പോഴേക്ക് ഗർഭിണി ഒരു തളികയിൽ അരിയും തിരിയും തേങ്ങയുമായി അവരുടെ മുന്നിൽ വന്നു നിൽക്കും. തുള്ളുന്നവർ തളിക വാങ്ങി വെച്ചതിനുശേഷം ഗർഭിണിയുടെ കൈപിടിച്ചു തുള്ളിക്കൊണ്ട് പന്തൽ ചുറ്റാൻ തുടങ്ങും. മൂന്നുവട്ടം ചുറ്റിയതിനുശേഷം ഗർഭിണിയെ മൂപ്പനടുത്തായി നിർത്തും. അതുവരെ തുള്ളിക്കൊണ്ടിരുന്നവരുടെ മുമ്പിലായി നിലത്ത് രണ്ട് തേങ്ങയും രണ്ടു വാക്കത്തിയും വെച്ചു കൊടുക്കും. നിലത്ത് വെച്ച് തന്നെ ആ തേങ്ങകൊത്തിയുടയ്ക്കും. രണ്ടുപേരും കൊത്തുന്ന തേങ്ങകൾ ഒരു മുറി മലർന്നും ഒരു മുറി കമഴ്ന്നും വീഴണം. എങ്കിൽ പ്രസവം ഒരു വിഷമവുമില്ലാതെ നടക്കുമെന്നർഥം"[16] മലയരുടെ ഇടയിൽ പെണ്ണ് ഗർഭം ധരിച്ച് ഏഴുമാസമായാൽ പെണ്ണിന്റെ അമ്മായിയും നാത്തൂനും പലഹാരങ്ങളുമായി ചെന്ന് ഭർതൃവീട്ടിൽ നിന്ന് പെണ്ണിനെ സ്വന്തം വീട്ടിലേക്ക് കൂ

ട്ടികൊണ്ടുവരണം. ഗർഭസ്ഥശിശു ആണോ, പെണ്ണോ എന്ന് തിട്ടപ്പെടുത്താനെന്ന പേരിൽ നടത്തുന്ന ചടങ്ങും രസകരമാണ്. പെണ്ണിനെ കാണാൻ വരുന്നവർ ചെറിയ ഒരിരുമ്പുകഷണവും അത്രയും ഭാരമുള്ള ഒരു കല്ലും വേറെ വേറെ പൊതിഞ്ഞു കെട്ടിയത് പെണ്ണിന്റെ മുമ്പിൽ കൊണ്ടുവയ്ക്കും. പെണ്ണ് പൊതികളിലൊന്നിൽ തൊടണം. തൊടുന്ന പൊതിയിൽ ഇരുമ്പാണെങ്കിൽ കുട്ടി ആണായിരിക്കുമെന്നും കല്ലാണെങ്കിൽ പെണ്ണായിരിക്കുമെന്നാണ് സങ്കൽപ്പം. എന്നാൽ ഈ ചടങ്ങ് പരിഷ്കൃത സമൂഹത്തിൽ ഏതാണ്ട് ഇല്ലാതായിട്ടുണ്ട്.

കടിഞ്ഞൂൽ പ്രസവത്തിന്റെ എല്ലാ ചെലവുകളും പെൺവീട്ടുകാർ നിർവഹിക്കണം. മുമ്പ് പ്രസവശുശ്രൂഷയ്ക്ക് വയറ്റാട്ടിമാരെ മാത്രമാണ് ആശ്രയിച്ചിരുന്നത്. ഇപ്പോൾ മിക്കപ്രസവങ്ങളും ആശുപത്രികളിലാണ് നടക്കുന്നത്. "അടിയരിലെ അന്ധവിശ്വാസം ഒരു ഗർഭിണിയെ തെല്ലൊന്നുമല്ല ദ്രോഹിക്കുന്നത്. പ്രസവത്തിനു പ്രതിബന്ധമടുത്താൽ ഒരു ഡോക്ടർക്ക് പകരം മൂപ്പനെയാണ് ഇക്കൂട്ടർ സമീപിക്കുന്നത്. മൂപ്പൻ  വന്നാൽ ശാത്തിരി നോക്കുന്ന ഏർപ്പാടുകാണാം. പേയി (പിശാച്) കൂടിയോ എന്നറിയാനാണീ വിദ്യ. പലകപ്പുറത്തിടുന്ന അരിമണി ഉപയോഗിച്ച് ഇത് കണ്ടുപിടിക്കാവുന്നതാണ്. ഒരു കോഴിയുണ്ടെങ്കിൽ പേയിയെ ഒഴിപ്പിക്കാം. പേയിക്ക് കോഴിച്ചോര കിട്ടിയാൽ മതി. ചോരകുടിക്കുന്നതോടെ പേയി ഗർഭിണിയെ സ്വതന്ത്രയായി വിടുന്നു. അതോടെ പേറും നടന്നുവെന്നാണ് ഈ ഗിരിജനത്തിന്റെ വിശ്വാസം."[17]

"കുട്ടി പിറന്നാൽ വയറ്റാട്ടിക്ക് നെല്ല്, വെറ്റില, പുകയില, പാക്ക് എന്നിവയാണ് പ്രതിഫലമായി നൽകിയിരുന്നത്. കുട്ടി ആണാണെങ്കിൽ പേടിതല്ലുക (പാള കമഴ്ത്തി മുറ്റത്തടിക്കുക) എന്ന ഏർപ്പാടും ഉണ്ടായിരുന്നു. ഈ സമയത്ത് പെണ്ണുങ്ങൾ കുരവയിടും. വയനാടൻ കുറിച്യർക്കിടയിൽ കുട്ടി ആണായാൽ വെടി പൊട്ടിക്കും. പെണ്ണായാൽ കിണ്ണത്തിൽ മുട്ടും. മുള്ളുക്കുറുമർക്കിടയിൽ കുട്ടി ആണാണെങ്കിൽ ആണുങ്ങൾ നായാട്ടിനു പോകും. പെണ്ണാണെങ്കിൽ പെണ്ണുങ്ങൾ മീൻ പിടിക്കാൻ പോവണമെന്നാണ് ആചാരം."[18] പ്രസവം മുതൽ ഏഴു ദിവസം വീട്ടുകാർ 'വാലായ്മ' ആചരിക്കണം. എണ്ണതേച്ചുകുളി, മദ്യമാംസാദികൾ, ദേവദർശനം എന്നിവ വാലായ്മക്കാലത്ത് പാടില്ലെന്നായിരുന്നു ആചാരം. പെൺകുട്ടിയാണെങ്കിൽ മുളകൊണ്ട് തൊട്ടിലുണ്ടാക്കിവയ്ക്കുകയും ആൺകുട്ടിയാണെങ്കിൽ അമ്പും വില്ലും ഉണ്ടാക്കി വയ്ക്കുകയും ചെയ്യുക അടിയാന്മാർക്കിടയിൽ

പതിവുണ്ട്. കുറുമർ പെൺകുട്ടിയാണെങ്കിൽ അരിവാളും ആൺകുട്ടിയാണെങ്കിൽ അമ്പും വില്ലുമാണ് വീടിനു മുന്നിൽ വയ്ക്കുക. കാണുന്നവർക്ക് ചോദിക്കാതെ തന്നെ കുട്ടി ആണോ പെണ്ണോ എന്ന് മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു.

"ഊരാളികൾക്കിടയിൽ പ്രസവിച്ച സ്ത്രീക്ക് താമസിക്കുവാൻ മാത്രമായി കുടിലിനടുത്ത് പ്രത്യേകമായൊരു പുര (പാട്ടുപുര) കെട്ടിയുണ്ടാക്കുന്ന ഏർപ്പാട് ഉണ്ട്. പ്രസവമടുത്താൽ ഗർഭിണി ആ കുടിലിലേക്ക് താമസം മാറ്റും. ആർത്തവകാലത്തും പ്രസവകാലത്തും അയിത്തമാചരിക്കും. ഈ സമയങ്ങളിൽ പ്രത്യേകം തയ്യാറാക്കിയ പാട്ടുപുരയിൽ പോയി സ്ത്രീകൾ താമസിക്കും. ആ ദിവസങ്ങളിൽ അവർ തനിയെ ഭക്ഷണം പാകം ചെയ്ത് ഭക്ഷിച്ച് അവിടെ താമസിക്കണം. പ്രസവത്തിനുശേഷം തളിച്ചുകുളികഴിഞ്ഞ് അമ്മ കുട്ടിയുമായി പാട്ടുപുരയിൽ നിന്നും കയറിവരും. പ്രസവശുശ്രൂഷയ്ക്കുപോലും ആരും സഹായത്തിനെത്തുകയില്ല. ആണിനോ പെണ്ണിനോപോലും അവരെ സഹായിക്കാൻ അവിടെ പോകാൻ പാടില്ല. ചിലപ്പോൾ പ്രസവത്തോടെ കുട്ടിയോ അമ്മയോ മരിച്ചെന്നു വരാം. ചിലപ്പോൾ രണ്ടുപേരും മരിച്ചെന്നുവരാം."[19] ഇപ്പോൾ മിക്കവരും പ്രസവം ആശുപത്രിയിൽ വച്ചാക്കുന്നതിനാൽ ഈ ആചാരം ഏതാണ്ട് പൂർണ്ണമായും ഇല്ലാതായിട്ടുണ്ട്. കുട്ടിയുടെ പേരിടൽ കർമ്മം നടത്തിയതിനുശേഷം ഈ പ്രസവക്കുടിൽ കത്തിച്ചുകളയുകയായിരുന്നു പതിവ്. ഇപ്പോൾ അപൂർവ്വമായി ചില ഊരാളികുടുംബങ്ങളിൽ ഉണ്ടാക്കുന്ന ഇത്തരം പ്രസവക്കുടിലുകൾ ചടങ്ങുകൾക്കുശേഷം പുതിയകുടുംബത്തിന് താമസിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്.

### 1.1.4 കാതുകുത്ത് കല്ല്യാണം

കുറിച്യർക്കിടയിലാണ് ഈ ആചാരം പ്രധാനമായും നിലവിലുള്ളത്. ആണുങ്ങൾക്ക് ഏഴുമുതൽ ഇരുപത് വയസ്സുവരെയും പെൺകുട്ടികൾക്ക് ഏഴുവയസിനുള്ളിലും കാത്കുത്ത് നടത്തിയിരിക്കണം. "കുട്ടികളുടെ കാതുകുത്തുന്ന ചടങ്ങ് കുറിച്യർക്കിടയിൽ ഇന്നും നിർബന്ധമാണ്. പെൺകുട്ടികൾ ഋതുവാകുന്നതിനുമുമ്പെയും ആൺകുട്ടികൾ വിവാഹം കഴിക്കുന്നതിനു മുമ്പെയും കാതുകുത്തിയിട്ടുണ്ടാവണമെന്ന് അലംഘനീയമായ നിയമമാകുന്നു."[20] കാതുകുത്ത് ചടങ്ങിന് നിരവധികുട്ടികളെ പങ്കെടുപ്പിക്കുന്നത് പതിവാണ്. കാരണവരായ തെ

യ്യാടിയും പണിക്കന്മാരുമായിരിക്കും ചടങ്ങിന് നേതൃത്വം നൽകുക.

വ്രതാനുഷ്ഠാനങ്ങളോടെ ചടങ്ങിനെത്തുന്ന കുട്ടികളെ ഗണപതിക്കായി സങ്കൽപ്പിച്ചുവച്ച വിളക്കിനു മുമ്പിൽ നിർത്തുന്നു. പ്രാർത്ഥനയ്ക്ക് ശേഷം കുട്ടിയുടെ വായിൽ നിറച്ച് ഉണക്കലരി നൽകി രണ്ടുമൂന്നുപേർ കുട്ടിയുടെ ചെവിയുടെ ഞരമ്പുകൾ പരിശോധിക്കും. അതിനുശേഷം കൂർപ്പിച്ചുവച്ച മുളകഷണം അറ്റത്ത് ഭസ്മം തൊടുവിച്ച് ചെവിയിൽ ദ്വാരമുണ്ടാക്കുന്നു. കാത് കുത്തികഴിയും വരെ വായിലെ അരി തുപ്പിക്കളയാനോ ഇറക്കാനോ പാടില്ല. കുത്തിയ മുളകഷണത്തിന്റെ രണ്ടറ്റവും മുറിച്ചെടുക്കുകയും തുളയിലെ ഭാഗം പുറത്തേക്കുന്തി നിൽക്കുന്ന നിലയിൽ അവിടെത്തന്നെ വയ്ക്കുകയും ചെയ്യും. ശേഷം ഭഗവതിക്ക് കലശം വയ്ക്കലാണ്. മൊഴി പറഞ്ഞ് ഉറഞ്ഞുതുള്ളി കുട്ടിയുടെ കാത് മുറികൊണ്ടു എന്ന് ദേവതയെ ബോധിപ്പിക്കും. കുട്ടിയെ ഗണപതിവിളക്കിന് മൂന്നു തവണ വലം വയ്പ്പിച്ച് കാതുകുത്താനുപയോഗിച്ച മുളയും ഭസ്മവും എടുപ്പിച്ച് പാലമരത്തെ ഏഴുതവണ വലം വയ്പ്പിക്കും. അതിനുശേഷം ഇല താഴെവച്ച് വായിലെ അരി അതിലേക്ക് തുപ്പുന്നു. കുട്ടിയെ പായിൽ ഇരുത്തി നല്ല ജീവിതം നയിക്കുന്നതിനുള്ള ഉപദേശം നൽകലാണ് അടുത്ത ചടങ്ങ്. പങ്കെടുക്കാനെത്തിയവർക്ക് സദ്യനൽകുന്നതോടെ കാതുകുത്ത് ചടങ്ങ് അവസാനിക്കും. വയനാട്ടിലെ ആദിവാസികൾ കുട്ടിയുടെ പേരുവിളിക്കൽ, ചോറുകൊടുക്കൽ, കാതുകുത്ത് എന്നിവ ഒറ്റച്ചടങ്ങായാണ് ആചരിക്കുന്നത്.

കുറുമരുടെ ഇടയിൽ കുട്ടിക്ക് ഒന്നോ രണ്ടോ വയസ്സാകുമ്പോൾ കാതുകുത്ത് നടത്തും. കാതുകുത്ത് ദിവസം കുട്ടിയെ കുളിപ്പിച്ച് പുത്തൻ ഉടുപ്പുകൾ അണിയിക്കും. ബന്ധുക്കൾ ആരുടേയെങ്കിലും മടിയിൽ കുട്ടിയെ ഇരുത്തിയശേഷം നൂല് കോർത്ത സൂചികൊണ്ട് കാതിൽ ദ്വാരമുണ്ടാക്കുന്നു. സൂചികൊണ്ടുണ്ടാക്കിയ ദ്വാരത്തിൽ നൂല് കെട്ടിവയ്ക്കും. കാതുകുത്ത് പരിചയമുള്ള സ്ത്രീകളോ പുരുഷന്മാരോ ആണ് നിർവ്വഹിക്കുന്നത്. ചടങ്ങിൽ പങ്കെടുക്കുന്നവർക്ക് സദ്യ നൽകും. കുറച്ചു ദിവസങ്ങൾക്ക് ശേഷം കാതിൽ കമ്മലിടുകയും ചെയ്യും. "വയനാടൻ കുറിച്യർ രണ്ടു വയസ്സിനുള്ളിൽ കാതുകുത്തുന്നു. കാതുകുത്താനുള്ള കുട്ടികളെ അച്ഛനമ്മമാർ തലേദിവസം തന്നെ അമ്മത്തറവാട്ടിലെത്തിക്കണം. ചടങ്ങുനാൾ കുട്ടികളെ കുളിപ്പിച്ച് പട്ടും വളയും അണിയിച്ചു നടുമുറ്റത്തെ വിതാനിച്ച പന്തലിൽ കൊണ്ടുവരുന്നു. ഉലക്കയുടെ പരന്ന ഭാഗം ചെവിയുടെ പിറ

കിൽ ഒരാൾ  ചേർത്തുപിടിക്കും. മൂന്നാമൻ എന്ന സ്ഥാനപ്പേരോടുകൂടിയ ആൾ നേർത്തു കൂർത്ത ചെമ്പുകമ്പി കുത്താനുള്ള സ്ഥലത്ത് ചേർത്തുവച്ച് പൊളിച്ച തേങ്ങകൊണ്ട് അതിലടിക്കുന്നു. അതോടെ കാതു തുളഞ്ഞിരിക്കും. ചടങ്ങുകഴിഞ്ഞാൽ അവിൽ വാരി പന്തലിലുള്ളവർക്ക് കുട്ടികൾ  വിതരണം ചെയ്യുന്നു. അവിൽ വാങ്ങുന്നവർ കഴിവിനനുസരിച്ച്  കുട്ടികൾക്ക് പണം കൊടുക്കാൻ മടിക്കാറില്ല. കിട്ടുന്ന പണം കമ്മൽ വാങ്ങാനാണ് ഉപയോഗിക്കുക. തുടർന്നു കുട്ടികൾ തമ്പായിമാരെ ചെന്നു തൊഴുതു മടങ്ങുന്നതോടെ സദ്യ ഒരുങ്ങിയിരിക്കും."[21] ഇന്ന് പലരും ആശുപത്രിയിലോ സ്വർണപ്പണിക്കാരുടെ അടുത്തോ പോയാണ് കാതുകുത്തൽ നടത്തുന്നത്.

## 1.1.5. തിരണ്ടുകല്ല്യാണം

പെൺകുട്ടികൾക്ക് പ്രായപൂർത്തിയായെന്ന വിവരം സമൂഹത്തെ അറിയിക്കലാണ് തിരണ്ടുകല്ല്യാണമെന്നതിനു പിന്നിലെ ഉദ്ദേശ്യം.  പെൺകുട്ടികളുടെ ജീവിതഗതിയിലും രീതികളിലും ഏറെ മാറ്റങ്ങൾ ഉണ്ടാക്കുന്ന ഈ ആചാരത്തിന് ആദിവാസികൾക്കിടയിൽ  വലിയ പ്രാധാന്യം ഉണ്ടായിരുന്നു.

ഋതുവാകുന്ന പെൺകുട്ടി അന്നേദിവസം വീടിനടുത്തുള്ള വാഴച്ചുവട്ടിലോ കുറ്റിക്കാട്ടിലോ ഒളിച്ചിരിക്കലായിരുന്നു പതിവ്.  ഇത് കണ്ട് കാര്യം മനസ്സിലാക്കുന്ന വീട്ടുകാർ അയൽപക്കത്തുള്ള സ്ത്രീകളുടെ സഹായത്തോടെ അവളെ കുളിപ്പിച്ച് വീടിനടുത്തോ ചേർന്നോ കെട്ടിയുണ്ടാക്കുന്ന പ്രത്യേക അയിത്തപ്പുരയിലാക്കുന്നു. പെൺകുട്ടി ഏഴ് ദിവസം ഈ പുരയിൽ ഒറ്റയ്ക്ക് കഴിഞ്ഞശേഷം കുളിച്ച് ശുദ്ധിവരുത്തി വീട്ടിലേക്ക് വരുന്നു. അതിനിടയിൽ അടുക്കളയിൽ കയറാനോ വീടിന്റെ മുൻവശത്ത് വരാനോ മറ്റുള്ളവരെ തൊടാനോ പാടില്ല. തീണ്ടാരിപ്പെണ്ണിന്  ഭക്ഷണം ഇലയിൽ കൊണ്ടുപോയി കൊടുക്കണം. ഏഴാംനാൾ എല്ലാവരെയും വീട്ടിലേക്ക് ക്ഷണിച്ച് സദ്യകൊടുക്കൽ പതിവുണ്ട്. സദ്യയുടെ തലേന്നാൾ പെൺകുട്ടിയുടെ വീട്ടുകാർ നായാട്ടിനുപോകണം. മൃഗങ്ങളെ വേട്ടയാടികിട്ടിയില്ലെങ്കിൽ അവളുടെ സ്വഭാവശുദ്ധിയെക്കുറിച്ച് സംശയിക്കുന്ന അന്ധവിശ്വാസവും ആദിവാസികൾക്കിടയിൽ നിലവിലുണ്ടായിരുന്നു. തീണ്ടാരിപ്പെണ്ണ് ഒറ്റയ്ക്ക് അയിത്തപ്പുരയിൽ ഏഴുദിവസം താമസിക്കുന്നതിലെ പ്രയാസങ്ങൾ മനസ്സിലാക്കി ഇപ്പോൾ അത് ഒഴിവാക്കിയാണ് തിരണ്ടുകല്ല്യാണം നടത്തുന്നത്. ഒ

റ്റയ്ക്ക് താമസിക്കൽ പെൺകുട്ടിക്ക് വരാനിരിക്കുന്ന വിവാഹജീവിതത്തിൽ മാനസികമായി തയ്യാറെടുക്കാനുള്ള അവസരമായിട്ടാണ് കരുതിയിരുന്നത്. "നമ്മളെ സമുദായത്തില് പെൺകുട്ടികൾ വയസ്സറിയിച്ചാൽ ചടങ്ങുകളൊക്കെയുണ്ട്. മൂന്നു ദിവസം പുറത്തൊന്നും വരില്ല. ആൾക്കാരെ കാണാതെ കുടിക്കകത്തിരിക്കണം. പിന്നെ വയസ്സായ പെണ്ണുങ്ങളും മൂപ്പന്മാരും വന്നു ചെല ചടങ്ങുകൾ നടത്തും"[22] എന്ന് സി. കെ. ജാനു ആത്മകഥയിൽ പറയുന്നു.

പെൺകുട്ടി ഋതുമതിയായാൽ ഏഴുദിവസത്തിനുള്ളിൽ തിരണ്ടുകല്ല്യാണം നടത്തണമെന്നാണ് വ്യവസ്ഥ. വിവരം മൂപ്പനെ അറിയിക്കണം. ചടങ്ങിൽ പങ്കെടുക്കാൻ ക്ഷണപ്രകാരം എത്തുന്ന മൂപ്പന് വെറ്റിലയും അടയ്ക്കയും നൽകണം. കല്ല്യാണ ദിവസം പുലർച്ചയ്ക്ക് പെൺകുട്ടിയെ വിളിച്ചുണർത്തി മേലാകെ മഞ്ഞളും എണ്ണയും ചാലിച്ചുണ്ടാക്കിയ മഞ്ചൾ നീര് തേച്ചശേഷം ചൂടുവെള്ളത്തിൽ കുളിപ്പിക്കണം. കൂട്ടുകാരികളും ബന്ധുക്കളും കൂടി നിന്നാണ് കുളിപ്പിക്കുന്നത്. കുളിയ്ക്ക് മുമ്പ് ഗുരുതി കലക്കി പെൺകുട്ടിയുടെ തലയ്ക്ക് ഉഴിഞ്ഞെടുത്ത് കോഴിയുടെ തലയറുത്ത് ചോര ഗുരുതിയിൽ ഇറ്റിച്ചശേഷം ഗുരുതിയും വിളക്ക് തിരിയും ദൂരെ പടിഞ്ഞാറ് വശത്ത് കൊണ്ടുവയ്ക്കണമെന്നുണ്ട്. കുളികഴിഞ്ഞശേഷം പെൺകുട്ടിയെ വെള്ള വസ്ത്രം കൊണ്ട് മൂടണം. കുളിച്ച് ശുദ്ധയായ പെൺകുട്ടി മണ്ണിൽ ചവുട്ടി അശുദ്ധമാകാതിരിക്കാൻ കുളിസ്ഥലം മുതൽ വീടുവരെയുള്ള വഴിയിൽ തുണി ഒരുപരവതാനി പോലെ വിരിക്കുന്നു. അത് ചവുട്ടി വേണം വീടിനുള്ളിൽ പ്രവേശിക്കാൻ. ഒപ്പം പ്രായപൂർത്തിയാകാത്ത കൂട്ടുകാരികളും ഉണ്ടാകും. "രാജകീയമായ ഒരുയാത്രയാണ് പെൺക്കുട്ടിക്കായി ഒരുക്കുക. കുളിപ്പിച്ച സ്ഥലത്തുനിന്ന് കുള്ളി(വീട്)നകത്തു കാലുക്കുത്തുന്നതുവരെയുള്ള സ്ഥലം മുഴുവൻ പഴയ വസ്ത്രങ്ങൾ നിലത്തുവിരിച്ചു ഭംഗിവരുത്തും. നീളത്തിൽ ഒരുചേല രണ്ടറ്റങ്ങളിലും രണ്ടുപേർ പിടിച്ചു നടന്നു പോകുന്ന പെൺകുട്ടിയുടെ തലയ്ക്കുമുകളിലും വിതാനമുണ്ടാക്കും. അവളുടെ മുന്നിലും പിന്നിലും സമപ്രായക്കാരായ രണ്ടു പെൺകുട്ടികളെ നിർത്തും.വിവാഹംഉറപ്പിച്ച കുട്ടിയാണ് തിരണ്ടതെങ്കിൽ അവളുടെ ഭാവിവരനെയും അവളോടോപ്പം നിർത്തും.സാവധാനത്തിലുള്ള ഈ യാത്ര കുള്ളിനു മുന്നിലെത്തുമ്പോൾ മൂപ്പൻ അരിയെടുത്തു വീടിനു മുകളിലേക്ക് എറിയും."[23]

"വീട്ടിൽ കയറിയ ഉടൻ തേങ്ങ എറിഞ്ഞുടയ്ക്കണം. തുടർന്ന് പുതുവസ്ത്ര

ങ്ങൾ അണിഞ്ഞെത്തുന്ന പെൺകുട്ടിയ്ക്ക് പ്രത്യേക ഭക്ഷണം വിളമ്പുന്നു. ഇതോടെ ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ എല്ലാവർക്കും സദ്യയ്ക്ക് വട്ടമായി. ഒരോരുത്തരുടെയും സാമ്പത്തികസ്ഥിതിക്കനുസരിച്ചായിരിക്കും സദ്യ. കുലത്തിലെ എല്ലാവരെയും ചടങ്ങിന് ക്ഷണിക്കണമെന്നുണ്ട്. ചിലർ അരിയോ മറ്റുസാധനങ്ങളോ ആയാണ് ചടങ്ങിൽ പങ്കെടുക്കാനെത്തുക."[24]

"കുറിച്യപെൺകൊടി ഋതുവായാൽ ആദ്യം തീണ്ടാരപ്പുരയിലാണ് കൊണ്ടുചെന്നാക്കുന്നത്. പുരുഷന്മാർക്ക് അവിടേക്ക് ഒട്ടും പ്രവേശനമില്ല. പെൺകുട്ടിയ്ക്ക് അച്ഛനെയൊഴികെ വേറെ ആണുങ്ങളെ കാണാനും സ്വാതന്ത്ര്യമില്ല. മൂന്നിനു തിരണ്ടുകുളിയുണ്ട്. അന്ന് ക്ഷണിക്കപ്പെട്ട പെണുങ്ങൾ വരുമ്പോൾ ഓരോ സേറ് അരി കൊണ്ടുവരും. നായാട്ടിനു പോവേണ്ട യുവാക്കളും ഒരു പിട്ടനും (ഗോത്ര തലവൻ) പെണ്ണുങ്ങളോടൊത്ത് ഉണ്ടായിരിക്കും. ഉച്ചച്ചോറു കഴിഞ്ഞു ആണുങ്ങൾ വില്ലുമമ്പുമായി നായാട്ടിനുപോവും. ഏതെങ്കിലും മൃഗത്തെകിട്ടിയാൽ പെണ്ണ് പരിശുദ്ധിയുള്ളവളാണെന്നാണ് വയ്പ്. കിട്ടിയ മൃഗത്തെ കെട്ടിയെടുത്ത് വീട്ടിൽ കൊണ്ടുവന്ന് ആദ്യം തമ്പായിയെ (ദൈവത്തെ) കാണിക്കും. കുളികഴിഞ്ഞു വന്ന പെണ്ണിനെ നിലവിളക്കിനു മുന്നിൽ ഇരുത്തിയശേഷം മുത്താച്ചിയുടെ വാചകം ചൊല്ലൽ, പിന്നെ വെറ്റില കൊടുപ്പ്, ഗംഭീരമായ സദ്യ എന്നീ ചടങ്ങുകൾ നടക്കും. വേട്ടക്ക് പോയവർക്ക് മൃഗത്തെയൊന്നും കിട്ടിയില്ലെങ്കിൽ പെണ്ണിന്റെ പേരിൽ കുറ്റാരോപമായി. അവളെ വീട്ടിൽ നിന്നും പുറം നീക്കാനുള്ള ശ്രമം തുടങ്ങുകയായി. അല്ലെങ്കിൽ ഒരു മൃഗത്തെ നായാടികൊണ്ടുവരും വരെ പെൺകുട്ടി തീണ്ടാരപ്പുരയുടെ ഇരുട്ട് മുറിയിൽ ഇരിക്കണമെന്നുമാത്രം. ചിലപ്പോൾ ഒരു മൃഗം വീഴാൻ വർഷങ്ങളെടുത്തെന്നുവരും. അതുവരേക്കും പെണ്ണിന്റെ ഇരുത്തതിനു ഒരു മാറ്റവും വരുത്താൻ ആചാരം ഒട്ടും അനുവദിക്കാറില്ല."[25]

കുറുമർക്കിടയിൽ കുളികഴിഞ്ഞെത്തുന്ന പെൺകുട്ടി പ്രായമുള്ള ബന്ധുക്കളുടെ കാലുകഴുകുന്ന ചടങ്ങുണ്ടായിരുന്നു. അടിയന്മാർക്കിടയിൽ പെൺകുട്ടിയെ കുളിപ്പിക്കുന്ന സമയത്ത് മൂപ്പനും കൂട്ടരും ശാസ്ത്രം പറയലും പാട്ടുപാടലും നിലവിലുണ്ടായിരുന്നു. പാട്ടു തീരുമ്പോഴേക്കും കുളിപ്പിച്ചു തീരണം. തിരണ്ടുകല്ല്യാണദിവസം പെൺകുട്ടിക്ക് മുലക്കച്ച കെട്ടികൊടുക്കുന്ന സമ്പ്രദായവും ആദിവാസികൾക്കിടയിൽ ഉണ്ടായിരുന്നു.

## 1.1.6. താലികെട്ട് കല്ല്യാണം

വിവാഹപ്രായമെത്തുന്നതിനു മുമ്പ് പെൺകുട്ടികളുടെ കഴുത്തിൽ താലികെട്ടുന്ന ചടങ്ങാണ് താലികെട്ട് കല്ല്യാണം. അമ്മാവൻ, ഊരുമൂപ്പൻ, അമ്മാവന്റെ മകൻ, വെളിച്ചപ്പാട് എന്നിവരിൽ ആരെങ്കിലുമായിരിക്കും താലികെട്ടുക. നാണയങ്ങൾ ചരടിൽ കോർത്തുണ്ടാക്കിയതായിരിക്കും താലി. "ഋതുമതിയായാലേ സ്ത്രീയുടെ വിവാഹത്തെപ്പറ്റി ചിന്തിക്കുകയുള്ളൂ. പക്ഷെ കുട്ടികളായിരിക്കുമ്പോൾ തന്നെ താലികെട്ട് നടത്തുന്ന ഒരു ചടങ്ങ് കഴിക്കുന്നുണ്ട്. അച്ഛനമ്മമാർ തങ്ങളുടെ ചെക്കനുവേണ്ട പെണ്ണിനെ ചെറുപ്പത്തിൽത്തന്നെ റിസർവ്വ് ചെയ്യുന്ന ചടങ്ങാണ് ഇത്. അവർ നാലണനാണയങ്ങൾക്കൊണ്ടുക്കിയ ഒരു മാല ഭാവിവധുവിന്റെ കഴുത്തിൽ കെട്ടി ചെക്കനെ ഇങ്ങനെ ഉപദേശിക്കും. "ഈ മകളെ നാങ്ക കണ്ടു താലികെട്ടിപ്പോന്ന് അവ്ട്ക്കു വല്ലിയോ ചാമാന്യമോ കൊണ്ട് ആഴ്ചയ്ക്കു നീ പോയിക്കോണോ"

അതിനുശേഷം ആഴ്ചയിലൊരു ദിവസം, എല്ലാ ഞായറാഴ്ചയും ചെക്കൻ ഭാവി വധുവിന്റെ  കുടിലേക്കു വിരുന്നുപോയികൊള്ളണം. പോകുമ്പോൾ വധുവിന്റെ അമ്മയച്ഛന്മാർക്ക് നെല്ല്, വെളിച്ചെണ്ണ, ഉപ്പ്, മുളക്, മീൻ, വെറ്റില, അടയ്ക്ക, പുകയില എന്നീ സാധനങ്ങൾ സമ്മാനമായികൊണ്ടുപോകും. കുടിലെത്തിയാൽ പെണ്ണിന്റെ അച്ഛൻ ഒരു കോടാലിയെടുത്ത് തന്റെ ഭാവിജാമാതാവിന്റെ കയ്യിൽ കൊടുക്കുന്നു. ചെക്കൻ വിറകുശേഖരിച്ച്, വലിയൊരുകെട്ട് തലയിൽചുമന്നുകൊണ്ടു കുടിയിലേക്ക് തിരിച്ച് ചെല്ലണം. അന്നു രാത്രി അവൻ ഇറച്ചിക്കറിയും ചോറും തിന്നു അവിടെ കൂടും. രാവിലെ തന്റെ കുടീലേക്കു മടങ്ങും. പിന്നെ പെണ്ണുഋതുവാകുന്നതുവരെ എല്ലാ ഞായറാഴ്ചകളും ഈ ചടങ്ങുകൾ ആവർത്തിക്കണം."[26] വയനാടൻ കുറിച്യർക്കിടയിൽ താലികെട്ട് കല്ല്യാണം ഏറെ ആർഭാടമായ ഒന്നാണ്. മുൻ കാലങ്ങളിൽ ആറുദിവസം നീളുന്ന ആഘോഷങ്ങൾ ഇതോടൊന്നിച്ച് നടത്തിയിരുന്നു. ദേവതാനുഷ്ഠാനങ്ങൾ, പാട്ടുകാരുടെ മത്സരം, നായാട്ടിനുപോകൽ, സദ്യ എന്നിങ്ങനെ ദിവസങ്ങൾ നീളുന്ന ആഘോഷപരിപാടികൾക്ക് വൻതുക ചെലവുവരുമെന്നതിനാൽ കുലം മുടിക്കൽ കല്ല്യാണം എന്നും ഇതിനെ വിശേഷിപ്പിച്ചിരുന്നു. താലികെട്ട് കഴിയാതെ പെൺകുട്ടിക്ക് വിവാഹത്തിന് അനുവാദമില്ലായിരുന്നു.  പക്ഷെ കാലമാറ്റത്തിൽ മിക്ക ആദിവാസി സമുദായങ്ങളിലും താലികെട്ട് കല്ല്യാണം നാമാവശേഷമായികൊണ്ടിരിക്കുകയാണ്.

അതേ സമയം വയനാട്ടിലെ അടിയാൻ വിഭാഗക്കാർക്കിടയിൽ താലികെട്ടുക ല്ല്യാണം ഇന്നും പ്രാധാന്യത്തോടെ നിലനിൽക്കുന്നു. തിരണ്ടു കല്ല്യാണദിവസം ചെറുക്കന്റെ ആൾക്കാർ പെണ്ണു ചോദിച്ചുവന്ന് സമ്മതമെങ്കിൽ അന്നു തന്നെ പെൺകുട്ടിയുടെ കഴുത്തിൽ താലികെട്ടുന്ന സമ്പ്രദായവും ഇവർക്കിടയിൽ നില വിലുണ്ട്. ചെറുക്കന്റെ സഹോദരിയോ അമ്മായിയോ ആണ് താലികെട്ടുക. താ ലികെട്ടു ദിവസം മുതൽ പെണ്ണിനെ സ്വന്തം വീട്ടിലേക്ക് കോണ്ടുപോകുന്നതുവ രെ ചെറുക്കൻ പെണ്ണിന്റെ വീട്ടിലേക്ക് വിറക്, വെറ്റില, അടയ്ക്ക, നെല്ല് തുടങ്ങി യവ എത്തിച്ചുകൊടുക്കണം, പെണ്ണിനെ പുലർത്താൻ തനിക്ക് കഴിവുണ്ടെന്ന് വീട്ടുകാരെ ബോധ്യപ്പെടുത്താനാണിത്. സാധനങ്ങൾക്ക് പകരം പണം നൽക ലും, അവസ്ഥക്കനുസരിച്ച് ഒന്നും ചെയ്യാതിരിക്കലുമുണ്ട്.

### 1.1.7. വിവാഹം

ആദിവാസികളുടെ സംസ്കാരസവിശേഷതകളിൽ പ്രധാനമാണ് വിവാഹചട ങ്ങ്. പൊതുവേ ഗോത്രബാഹ്യ വിവാഹങ്ങളാണ് ആദിവാസികൾക്കിടയിൽ നട ന്നിരുന്നത്. സ്വസമുദായത്തിലെ സ്ത്രീ-പുരുഷന്മാർ സഹോദരങ്ങളാണെന്ന വി ശ്വാസത്തിൽ അവർ തമ്മിലുള്ള വിവാഹം നിഷിദ്ധമാണെന്ന കാഴ്ചപ്പാടിലായി രുന്നു ഇത്. തട്ടികൊണ്ടുപോകൽ (കന്യകാപഹരണം) സേവനവിവാഹം, പണം കൊടുത്തുവാങ്ങൽ, വധൂവരന്മാരെ കൈമാറ്റം ചെയ്യൽ എന്നീ വിവാഹസമ്പ്രദാ യങ്ങളും നിലവിലുണ്ടായിരുന്നു. അമ്മാവന്റെ മകളെ (മുറപ്പെണ്ണ്) വിവാഹം ചെ യ്യുക എന്ന സമ്പ്രദായം മിക്ക ഗോത്രവർഗ്ഗങ്ങളിലും കാണാം. പുടവകൊടുക്കൽ, താലികെട്ടൽ, സമൂഹസദ്യ എന്നിവയാണ് വിവാഹത്തിന്റെ പ്രധാന ചടങ്ങുകൾ.

മുതുവന്മാർ, മന്നാന്മാർ, മുള്ളുകുറുമർ എന്നീ ആദിവാസി വിഭാഗങ്ങൾക്കിട യിലാണ് കന്യകാപഹരണമെന്ന സമ്പ്രദായം നിലനിന്നിരുന്നത്. വധു ഏതാ നും തോഴിമാരോടൊത്ത് കാട്ടിൽ ഒളിച്ചിരിക്കുകയും വരന്റെ കൂട്ടർ അവളെ തെ രഞ്ഞുപിടിച്ച് വരനെ ഏൽപ്പിക്കുകയും ചെയ്യുന്നതാണ് ഏർപ്പാട്. “ഇന്ത്യയിലെ മിക്കവാറും എല്ലാ ആദിവാസി വിഭാഗങ്ങൾക്കിടയിലും കാണുന്ന ഒന്നാണ് ഒളി ച്ചോടി നടത്തുന്ന വിവാഹം (marriage by Elopment). പെണ്ണും ആണും തമ്മിൽ സ്നേഹിക്കുകയും ബന്ധുക്കൾ വിലങ്ങുതടിയാവുകയും ചെയ്താൽ രണ്ടുപേ രും കൂടി ഒളിച്ചോടും. രണ്ടുമൂന്നുമാസം ഒന്നിച്ചുകഴിഞ്ഞതിനുശേഷം വീണ്ടും

തങ്ങളുടെ സ്ഥലത്തേക്കു തന്നെ വന്ന് ജീവിതം ആരംഭിക്കുകയും ചെയ്യും. ഊരാളിക്കുറുമർക്കിടയിൽ ഇപ്പോഴും ഈ സമ്പ്രദായം നിലനിൽക്കുന്നു."[27] സ്ത്രീധന സമ്പ്രദായത്തിന് പകരമായി ആദിവാസികൾക്കിടയിൽ പെൺ പണം (കാണപ്പണം, വരിപ്പണം) കൊടുക്കലാണ്. വരൻ വധുവിന്റെ പിതാവിനാണ് പണം കൊടുക്കേണ്ടത്. കുറുമ്പർ, മുള്ളുകുറുമർ, പണിയർ എന്നീ വിഭാഗങ്ങൾക്കിടയിൽ വാങ്ങിയ പെൺപണം വിവാഹമോചനസമയത്ത് തിരിച്ചു കൊടുക്കണമെന്ന വ്യവസ്ഥയും നിലവിലുണ്ടായിരുന്നു. ഭാര്യയുടെ താൽപ്പര്യപ്രകാരമാണ് വിവാഹമോചനമെങ്കിൽ പെൺ പണം തിരിച്ചുകൊടുക്കേണ്ടതില്ല.

പെൺ പണം കൊടുത്തുള്ള വിവാഹസമ്പ്രദായത്തിന്റെ പ്രാഗ്‌രൂപമാണ് സേവനവിവാഹം. ഇതിൽ പണത്തിനുപകരം വരൻ അധ്വാനത്തെ വധുവിന്റെ പിതാവിന് സമർപ്പിക്കുന്നു. ഒരു നിശ്ചിതകാലം വരൻ വധുവിന്റെ പിതാവിന് കീഴിൽ തൃപ്തികരമായി തൊഴിലെടുത്താലേ വിവാഹനുമതികിട്ടുകയുള്ളൂ. ഈ സമ്പ്രദായം മലയർ, ഊരാളികൾ, പണിയർ തുടങ്ങിയ വിഭാഗങ്ങളിലാണ് നിലനിന്നിരുന്നത്. സഹോദരിമാരെ അന്യോന്യം കൈമാറുന്ന കൈമാറ്റവിവാഹങ്ങളും ഊരാളികൾക്കിടയിൽ നിലവിലുണ്ടായിരുന്നു. ഒന്നിലധികം സഹോദരിമാരുള്ളവർക്ക് കൈമാറ്റ രീതിയിലൂടെ ഒന്നിൽ കൂടുതൽ ഭാര്യമാരെ ലഭിച്ചിരുന്നു. "വിചിത്രമായൊരു വിവാഹസമ്പ്രദായമാണ് ഊരാളിസമുദായത്തിലുള്ളത്. സഹോദരിയെ ഒരാൾക്ക് വിവാഹം കഴിച്ചുകൊടുക്കുന്നതിനോടൊപ്പം അയാളുടെ സഹോദരിയെ തിരികെയെടുത്തു വിവാഹം കഴിക്കുകയാണിവർ ചെയ്യുന്നത്. അതുകൊണ്ടു കൊടുക്കാൻ സഹോദരിയില്ലാത്തവന് ആജീവനാന്തം അവിവാഹിതനായി കഴിയേണ്ടിവരും. കൊടുക്കാൻ ഒന്നിലേറെ സഹോദരിമാരുണ്ടെങ്കിൽ അവരുടെ എണ്ണത്തിനനുസരിച്ച് ഭാര്യമാരെയും ലഭിക്കുമായിരുന്നു. ഈ രീതിയനുസരിച്ച് തൊട്ടിലിൽ കിടക്കുന്ന ശിശുവിനെവരെയും ചിലർക്കു ഭാര്യയായി ലഭിച്ചിരുന്നു."[28] ഇങ്ങനെ വിചിത്രമായ പലതരം വിവാഹാചാരങ്ങൾ മുൻ കാലത്ത് ആദിവാസികൾക്കിടയിൽ ഉണ്ടായിരുന്നുവെങ്കിലും കാലമാറ്റത്തിൽ ഈ സമ്പ്രദായങ്ങളെല്ലാം പരിഷ്കൃത രീതികൾക്ക് വഴിമാറി കൊടുത്തിരിക്കുകയാണ്.

വിവാഹസമ്പ്രദായങ്ങളിലെ പ്രാകൃതവ്യവസ്ഥകളെല്ലാം ഉപേക്ഷിച്ചെങ്കിലും ഒരേ കുലത്തിൽ നിന്നുള്ള വിവാഹബന്ധം ആദിവാസി വിഭാഗങ്ങളിൽ ഇന്നും പ്രോത്സാഹിപ്പിക്കുന്നില്ല. സ്ത്രീധന സമ്പ്രദായവും മറ്റു ജനവിഭാഗങ്ങളെ അ

പേക്ഷിച്ച് വ്യാപകമായിട്ടില്ല. അടിയ സമുദായത്തിൽപ്പെട്ടവർക്ക് കല്യാണം കഴിക്കണമെങ്കിൽ പുരുഷന്മാർ പെൺവീട്ടുകാർക്ക് പണം നൽകണമെന്നാണ് വ്യവസ്ഥ. എന്നാൽ സാധാരണ ജനങ്ങൾക്കിടയിൽ സ്ത്രീധന സമ്പ്രദായം ഇപ്പോൾ ശക്തമായിരിക്കുന്നു. "സ്ത്രീധനവ്യവസ്ഥ ചില ആദിവാസി സമുദായക്കാരെയും കുറച്ചൊക്കെ സ്വാധീനിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദിവാസികളുടെ ഇടയിലും ചില സ്ത്രീധനവിവാഹങ്ങൾ ഉണ്ടായിട്ടുണ്ട്."[29]

ഇപ്പോൾ സ്ത്രീയും പുരുഷനും പരസ്പരം കണ്ട് ഇഷ്ടപ്പെട്ടാണ് വിവാഹം ഉറപ്പിക്കുന്നത്. പെണ്ണിനെ ഇഷ്ടപ്പെട്ടാൽ ചെറുക്കന്റെ അളിയൻ പെണ്ണിന്റെ വീട്ടുകാർക്ക് കാണം കൊടുത്ത് വിവാഹം ഉറപ്പിക്കുന്നു. കുറുമർക്കിടയിൽ കല്യാണദിവസം പെണ്ണിന്റെ വീട്ടിൽ ചെറുക്കനും കൂട്ടരും എത്തിയാൽ കോൽക്കളി, വട്ടക്കളി തുടങ്ങിയ ആഘോഷപരിപാടികൾ നടത്തുന്ന പതിവുണ്ട്. പെണ്ണിന് പുടവ നൽകിയാണ് ചെറുക്കൻ സ്വന്തം വീട്ടിലേക്ക് കൊണ്ടുപോകുന്നത്. കല്യാണം കഴിഞ്ഞാൽപിന്നെ പലഹാരവുമായി പെൺവീട്ടുകാർ ചെറുക്കന്റെ വീട്ടിലേക്ക് വിരുന്ന് വരണം. ഇത് വിവാഹശേഷം മൂന്നാം ദിവസം അല്ലെങ്കിൽ അഞ്ച്, ഏഴ്, ഒമ്പത് ദിവസങ്ങളിൽ വരണമെന്ന് വ്യവസ്ഥയുണ്ട്. ഇക്കാലയളവിൽ കുടുംബത്തിൽ ആരെങ്കിലും മരിച്ചാൽ വിരുന്ന് നീട്ടിവയ്ക്കും. പിന്നീട് പെണ്ണും ചെറുക്കനും മാത്രം പെൺവീട്ടിലേക്ക് വിരുന്ന്-മറിവിരുന്ന്-വരും. വിവാഹദിവസം വീട്ടിലെ ദൈവപുരയിൽ പ്രത്യേക പൂജയും പ്രാർത്ഥനയും നടത്താറുണ്ട്.

അടിയാന്മാർക്കിടയിലെ വിവാഹചടങ്ങിൽ വധൂവരന്മാരെ കുളിപ്പിച്ച് പുതുവസ്ത്രങ്ങൾ അണിയിച്ചശേഷം മൂപ്പന്മാരുടെ നേതൃത്വത്തിൽ തുടികൊട്ടി ഈശ്വരപ്രാർത്ഥന നടത്തുന്ന ഏർപ്പാട് നിലവിലുണ്ട്. കുലത്തിന്റെ നിയമങ്ങൾക്ക് വിരുദ്ധമായി വിവാഹം കഴിക്കുന്നവരെ സമുദായത്തിൽ നിന്ന് പുറത്താക്കുന്ന സമ്പ്രദായം ചില ആദിവാസി വിഭാഗത്തിൽ (കുറുമർ) ഉണ്ട്. വീട്ടുകാരുടെ സമ്മതം കൂടാതെ പെണ്ണ് ഒരു ചെറുക്കന്റെ കൂടെ ഓടിപ്പോയശേഷം പിടിക്കപ്പെട്ടാൽ ചെറുക്കൻ മൂപ്പന് പിഴ(തപ്പ്) കൊടുക്കണം. മുമ്പ് ഇത്ര വള എന്നായിരുന്നു പിഴ. പിന്നീട് പണമാണ് പിഴയായി വിധിച്ചിരുന്നത്. മൂപ്പനാണ് പിഴ എത്രയെന്ന് വിധിച്ചിരുന്നത്. തപ്പ് കൊടുക്കാതിരുന്നാൽ അയാൾക്ക് സമൂഹത്തിൽ വിലക്ക് ഏർപ്പെടുത്തും. പൊതുചടങ്ങിൽ പങ്കെടുക്കാനോ പൊതുവേദിയിൽ അഭിപ്രായം പറയാനോ അയാൾക്ക് അനുവാദമുണ്ടാകില്ല. പിഴയായി ലഭിക്കുന്ന പണത്തിൽ

നിന്ന് ഒരു ഭാഗം പെൺവീട്ടുകാർക്ക് കൊടുക്കണം. "അന്യസമുദായത്തിലുള്ള വരെ വിവാഹം കഴിച്ചാലും തപ്പ് കൊടുത്താൽ മതിയെന്നുള്ളതുകൊണ്ട് വളരെ വേഗത്തിൽ പ്രലോഭനങ്ങൾക്ക് വഴങ്ങിപ്പോകുന്ന അവസ്ഥ അടിയാത്തികളെ സംബന്ധിച്ചിടത്തോളം സംജാതമായി. എന്നെന്നേക്കുമായി സമുദായത്തിൽ നിന്നു ഭ്രഷ്ട് കല്പ്പിച്ചു പുറത്താക്കപ്പെടും എന്ന ഭീതി നിലനിൽക്കുന്ന മറ്റ് ആദിവാസി സമുദായങ്ങൾക്കിടയിൽ ഭയത്താൽ ഇത്തരം ബന്ധങ്ങളിൽ നിന്നു ഒഴിഞ്ഞു നിൽക്കാനുള്ള പ്രേരണ സ്വാഭാവികമായും ഉണ്ടാകാറുണ്ട്." [30] മൂപ്പൻ സ്ഥാനം മിക്ക ആദിവാസി സമൂഹത്തിലും കാലഹരണപ്പെടുകയും വിവാഹരീതികളിലും ആചാരങ്ങളിലും മാറ്റം വരുകയും ചെയ്തതോടെ പിഴകെട്ടലും മറ്റും ഇല്ലാതായിരിക്കുകയാണ്.

വിവാഹമോചനം, പുനർവിവാഹം എന്നിവ ആദിവാസികൾക്കിടയിൽ പതിവുണ്ട്. ജ്യേഷ്ഠൻ മരിച്ചാൽ ജ്യേഷ്ഠന്റെ ഭാര്യയെ വിവാഹം കഴിക്കൽ, ഭാര്യ മരിച്ചാൽ മറ്റൊരു വിധവയെ മാത്രം കല്യാണം കഴിക്കൽ, ഭാര്യമരിച്ചാൽ ഭാര്യാസഹോദരിയെ വിവാഹം ചെയ്യൽ എന്നീ സമ്പ്രദായങ്ങൾ ആദിവാസികൾക്കിടയിൽ നിലവിലുണ്ട്.

### 1.1.8. മരണം

മരണവും മരണാനന്തരക്രിയകളും ആദിവാസികൾക്കിടയിൽ വലിയ സംഭവങ്ങളാണ്. മരിച്ചതിനുശേഷവും ജീവിതമുണ്ടെന്നും സമുദായത്തിലെ എല്ലാ പ്രവൃത്തികളും പരേതർ കണ്ടുകൊണ്ടിരിക്കുന്നെന്നും എല്ലാ സുഖദു:ഖങ്ങൾക്കും അവർ കാരണമാകുന്നുവെന്നും ആദിവാസികൾ വിശ്വസിക്കുന്നു. മരണാനന്തരക്രിയകളെല്ലാം ഈ വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. മൃതദേഹം ദഹിപ്പിക്കുന്ന രീതി ആദിവാസികൾക്കിടയിൽ കുറയാൻ കാരണവും ഇതായിരിക്കാം. "ശവസംസ്കാരത്തിന് വിവിധ രീതികളാണ് ആദിവാസികൾ അവലംബിച്ചിരിക്കുന്നത്. മൃഗങ്ങൾക്ക് ഭക്ഷണമാക്കാൻ ശവം വിജനസ്ഥലത്ത് ഉപേക്ഷിക്കൽ, ദഹിപ്പിക്കൽ, തുറന്ന കുഴിയിലിടൽ, വലിയ ജാറകളിലാക്കി കുഴിച്ചിടൽ, കുഴിവെട്ടി മൂടൽ എന്നിങ്ങനെയായിരുന്നു പണ്ടത്തെ ശവസംസ്കാരരീതികൾ. മരണം നടന്ന കുടിൽ ചുട്ടെരിച്ച് കുടുംബാംഗങ്ങൾ പുതിയ കുടിൽ കെട്ടി താമസിക്കുന്ന പതിവും ഉണ്ടായിരുന്നു. മലപ്പണ്ടാരങ്ങൾ മരിച്ചിട

ത്ത് തന്നെ ശവം മറവുചെയ്ത് ഒന്നടങ്കം ഊര് ഉപേക്ഷിച്ച് പോയിരുന്നു."[31]

"നവീനശിലായുഗകാലത്ത് മരിച്ചവരെ അവർ ജീവിച്ചിരുന്ന കാലത്ത് ഉപയോഗിച്ചിരുന്ന പണിയുപകരണങ്ങളോടെയാണ് സംസ്കരിച്ചിരുന്നത്. മഹാശിലായുഗകാലത്ത് വയനാട്ടിലും ഈ സമ്പ്രദായം ഉണ്ടായിരുന്നതിന് തെളിവാണ് അവിടെ ഭൂമിക്കടിയിൽ നിന്ന് ലഭിച്ച ഇരുമ്പുദണ്ഡുകൾ. ചില ഗോത്രവർഗ്ഗക്കാർ ഈ സമ്പ്രദായം ആധുനികകാലത്തും തുടരുന്നുണ്ട്. വയനാട്ടിലെ കുണ്ടുവടിയൻ, കുറിച്യർ എന്നീ ആദിവാസി വർഗ്ഗക്കാർ ജഡത്തോടൊപ്പം മരിച്ച ആൾ ഉപയോഗിച്ചിരുന്ന അമ്പും വില്ലും അടക്കം ചെയ്യുന്നു. സ്ത്രീകളുടെ ജഡത്തോടൊപ്പം അരിവാൾ, മുറം, ചൂൽ എന്നിവയാണ് കുഴിച്ചിടുക. കുടുംബസാമൂഹ്യ ഘടനയിൽ സ്ത്രീക്കും പുരുഷനും നിർദ്ദേശിക്കപ്പെട്ടിരുന്ന സ്ഥാനത്തെപ്പറ്റി വെളിപ്പെടുത്തുന്ന പ്രതീകങ്ങളാണ് മരണത്തിലും അവരോടൊപ്പം പോകുന്ന ഈ ദൈനംദിന ജീവിതോപകരണങ്ങൾ."[32]

മലയരുടെ ഇടയിൽ മരണാനന്തരക്രിയകൾ ഇപ്രകാരമാണ്. മക്കളും ബന്ധുക്കളും ചേർന്ന് മൃതദേഹം കുളിപ്പിച്ച് വാഴയിലയിൽ കിഴക്കോട്ട് തലവെച്ച് വീട്ടുവാതുക്കലെ മുറ്റത്ത് കിടത്തും. തലയ്ക്കൽ ഒരു തിരി കത്തിച്ചു വയ്ക്കും. ഓരോരുത്തർ കൊണ്ടുവന്ന വസ്ത്രങ്ങൾ മൃതദേഹത്തെ പുതപ്പിക്കണം. ആചാരമനുസരിച്ച് ആൺമക്കളിൽ മൂത്തവനാണ് ബലികർമ്മങ്ങൾ ചെയ്യേണ്ടത്. ആറടി നീളത്തിലും ആഴത്തിലും തെക്കുവടക്കായി തീർത്ത കുഴിക്ക് മൂന്നുവലം വച്ച് മന്ത്രങ്ങൾ ഉരുവിട്ട് കൊണ്ട് മൃതദേഹം തെക്കോട്ട് തലയായി കുഴിയിൽ ഇറക്കിക്കിടത്തും. ഇലകൊണ്ട് മൂടിയശേഷം കർമ്മം ചെയ്യേണ്ട മകൻ നാമജപങ്ങളോടെ മൂന്നുതവണയായി ഓരോപിടി മണ്ണ് വാരിയിടും. പ്രാർത്ഥനയ്ക്ക് ശേഷം എല്ലാവരും കൂടി കുഴിമൂടി നായ്ക്കളും മറ്റും മൃതദേഹം മാന്തിയെടുക്കാതിരിക്കാൻ മുരിക്കിൻ കമ്പുകൾ വിലങ്ങനെവച്ച് കല്ലുകൾകൊണ്ട് വലയം തീർക്കുന്നു. ശവസംസ്കാരത്തിന് വന്നവർ കുളിച്ചതിന് ശേഷമാണ് പിരിഞ്ഞുപോകുക. മരണം നടന്ന വീട്ടിൽ അന്ന് തീ പുകയ്ക്കില്ല. അടുത്ത ബന്ധുക്കൾ കൊണ്ടുവന്ന അരിവച്ചു വിളമ്പി പിറ്റേന്ന് പഷ്ണിക്കഞ്ഞികുടിക്കണം. പിന്നീട് പതിനഞ്ചുദിവസം പുലയാണ്. അക്കാലത്ത് ആയുധങ്ങൾ എടുക്കരുത്, ബന്ധുവീടുകളിലോ കൃഷിയിടങ്ങളിലോ പോകരുത്, എണ്ണ തേയ്ക്കരുത്, പൂജകളും ദേവദർശനവുമരുത് തുടങ്ങിയ വ്യവസ്ഥകൾ ഉണ്ടായിരുന്നു. പതിനഞ്ചിന് പുലകുളിച്ച് പതിനാ

റിനു ബന്ധുക്കളെയും മറ്റും വിളിച്ച് അടിയന്തരം നടത്തും.

അടിയാന്മാർക്കിടയിലെ മരണാനന്തരചടങ്ങുകൾ ഏറെ പ്രാകൃതമായിരുന്നു. ഭാര്യ മരിച്ചാൽ ഭർത്താവ് അന്നേദിവസം താടിയും മുടിയും വടിച്ച് ഒരു വർഷം കാക്കപ്പുല അനുഷ്ഠിക്കണം. അക്കാലത്ത് കുളിക്കാനോ, എണ്ണതേയ്ക്കാനോ പാടില്ല. ഇറച്ചി, മീൻ എന്നിവ കഴിക്കരുത്. നാലാൾ കൂടുന്നിടത്ത് വരരുത്. മൺ ചട്ടിയിലാണ് ഭക്ഷണം കഴിക്കേണ്ടത്. മുടി വെട്ടാനോ പുതുവസ്ത്രം ധരിക്കാനോ പാടില്ല. ഒറ്റ മുണ്ട് മാത്രം ധരിച്ചുവേണം കഴിയാൻ. തുടങ്ങിയ അരുതായ്മകൾ പാലിക്കേണ്ടി വന്നിരുന്നു. "ഭാര്യമരിച്ചാൽ ഒരടിയൻ പിറ്റേ ദിവസം തന്നെ തലമൊട്ടയടിക്കണം. പിന്നെ ഒരുകൊല്ലത്തേക്ക് കുളിക്കാൻ പാടില്ല. മത്സ്യമാംസാദികൾ കഴിക്കാൻ പാടില്ല. ആളു കൂടുന്നിടത്തു ചേരാൻ പാടില്ല. എന്തിനേറെ ഉള്ളുതുറന്നൊന്നു ചിരിക്കാൻ കൂടിപാടില്ല. ഒരു കൊല്ലത്തിനിടയിൽ ആരെങ്കിലും കുളിക്കുകയോ മുണ്ടുമാറുകയോ ചെയ്താൽ നാട്ടുമൂപ്പൻ പിഴയ്ക്കായി കൽപ്പിക്കും. അല്ലെങ്കിൽ കഠിനതടവിന്റെ കാലാവധി ഒരുകൊല്ലത്തേക്കു കൂടി നീട്ടും." [33]

വ്യവസ്ഥകൾ ലംഘിച്ചാൽ കനത്തപിഴകൊടുക്കേണ്ടിവരും. അല്ലെങ്കിൽ കാക്കപ്പുലയുടെ കാലാവധിനീട്ടികൊടുക്കും. ഭാര്യ മരിച്ചാൽ വിവാഹസമയത്ത് അവൾ ധരിച്ചിരുന്ന മാല, സാരി ഉപയോഗിച്ചിരുന്ന വീട്ടുപകരണങ്ങൾ എന്നിവ ഭർത്താവ് വീട്ടുകാരെ തിരിച്ചേൽപ്പിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. കാലങ്ങളായി പിന്തുടർന്നിരുന്ന ഈ ആചാരങ്ങൾ അനുഷ്ഠിക്കുന്നത് ദു:സഹമാണെന്ന തിരിച്ചറിവിൽ പുരോഗമനാശയകാരായ ചിലർ ഒത്തുചേർന്ന് ഇതിനെതിരെ ശബ്ദമുയർത്തുകയും ഒരു വർഷത്തെ കാക്കപ്പുല എന്നത് നിർത്തലാക്കുകയും ചെയ്തു. പകരം മൂന്നാം ദിവസമോ ഏഴാം ദിവസമോ പരാമവധി പതിമൂന്നാം ദിവസമോ പുല ആചരിക്കാൻ വ്യവസ്ഥ നടപ്പിലാക്കുകയും ചെയ്തിരിക്കുകയാണിപ്പോൾ. പുലദിവസം എല്ലാവരെയും ക്ഷണിച്ച് സദ്യ നടത്തുന്നു. അടിയാൻമാർ മൃതദേഹം മഞ്ഞളും എണ്ണയും തേച്ച് ചൂടുവെള്ളത്തിൽ കുളിപ്പിച്ചശേഷം വസ്ത്രം ധരിപ്പിക്കുന്നു. പിന്നീട് മൃതദേഹം മകന്റെ നെഞ്ചത്ത് ചാരിയിരുത്തും. മരിച്ച ആൾ ജീവിച്ചിരുന്നപ്പോൾ ചെയ്തകാര്യങ്ങൾ പലതും തുടികൊട്ടി പാടി മന്ത്രോച്ചാരണങ്ങളോടെ പൂജനടത്തിയശേഷം മുളകൊണ്ടുണ്ടാക്കിയ മഞ്ചലിൽ ജഡം ശ്മശാനത്തിൽ കൊണ്ടുപോയി സംസ്കരിക്കുകയാണ് പതിവ്.

### 1.1.9. ദൈവാരാധന

മനുഷ്യസമുദായത്തിന്റെ ശൈശവദശയിൽ ജീവിച്ചിരുന്ന അതിപ്രാക്തന ജനങ്ങൾക്ക് ദൈവവിശ്വാസമോ മതവിശ്വാസമോ ഉണ്ടായിരുന്നില്ല. അന്നന്നത്തെ ഭക്ഷണത്തെപ്പറ്റി മാത്രമായിരുന്നു അവരുടെ ചിന്ത. പക്ഷെ നിലനിൽപ്പിനെ ബാധിക്കുന്ന പ്രകൃതിശക്തികളെ അതിജീവിക്കുന്നതിന് അതത് മൂർത്തികളെ (അമാനുഷികശക്തികൾ) പ്രസാദിപ്പിക്കേണ്ടതുണ്ടെന്ന വിശ്വാസത്തിൽ അവർ ക്രമേണ പ്രാർത്ഥനയും പൂജയും ബലി, മന്ത്രവാദം, വഴിപാട് എന്നിവയും തുടങ്ങി. ക്ഷാമം, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, പകർച്ച വ്യാധികൾ, കാട്ടുമൃഗങ്ങളുടെ ആക്രമണം തുടങ്ങിയ ആപത്തുകളിൽ നിന്ന് രക്ഷനേടാനാണ് ആദികാലത്ത് മനുഷ്യർ മൂർത്തീപൂജയും മന്ത്രവാദവും ആരംഭിച്ചത്. "മന്ത്രങ്ങളുടെ സഹായത്തോടെയാണ് ആദിവാസികൾ കാട്ടിൽ പുലർന്നത്. മന്ത്രങ്ങൾകൊണ്ട് എന്തും സാധിക്കുമെന്ന് അവർ വിശ്വസിച്ചു. രോഗശമനത്തിനും കൃഷിനാശം തടയാനും കാട്ടുമൃഗങ്ങൾ ഇറങ്ങുന്നത് തടയാനും ആളുകളെ തമ്മിൽ ഇണക്കാനും പിണക്കാനുമൊക്കെ അവർ മന്ത്രങ്ങൾ തന്നെ ഉപയോഗിച്ചു." [34]

പൂർവ്വികരുടെ പ്രേതങ്ങൾക്ക് മനുഷ്യരെ ദ്രോഹിക്കാനും രക്ഷിക്കാനും കഴിവുണ്ടെന്ന് വിശ്വസിക്കുന്ന ആദിവാസികൾ ചാവു പൂജകൾക്ക് പ്രാധാന്യം നൽകിയിരുന്നു. ചാവുകളെ പ്രസാദിപ്പിച്ചാൽ മാത്രമേ കാട്ടുമൃഗങ്ങളിൽ നിന്നും പകർച്ച വ്യാധികളിൽ നിന്നും രക്ഷപ്പെടാൻ കഴിയൂ എന്നായിരുന്നു അവരുടെ വിശ്വാസം. കാണിക്കാർ, മലയരന്മാർ, കാടർ, മലവേടൻ തുടങ്ങിയ വിഭാഗങ്ങൾ ബഹുദൈവവിശ്വാസികളാണ്. മരണാനന്തര ജീവിതത്തെക്കുറിച്ചും പുനർജന്മത്തെക്കുറിച്ചുമുള്ള വിശ്വാസങ്ങൾ ആദിവാസികൾക്കിടയിൽ നിലവിലുണ്ട്.

മലദൈവങ്ങൾ, കുലദൈവങ്ങൾ, മുത്തപ്പൻ, ദേവതകൾ എന്നിങ്ങനെ ആദിവാസികളുടെ ദേവന്മാരെ തരംതിരിക്കാം. വന പ്രദേശങ്ങളിലും വൃക്ഷച്ചുവടുകളിലും ഏതാനും കല്ലുകൾ കൂട്ടി വച്ച സ്ഥലത്തോ ആയിരിക്കും ഇവരുടെ ആരാധനാകേന്ദ്രങ്ങൾ. മലകളിൽ പൊതുവെയും വീടുകൾക്ക് സമീപം കുലദൈവങ്ങൾക്ക് പ്രത്യേകമായും ആരാധനാകേന്ദ്രം എന്നതാണ് സാധാരണരീതി.

"നമ്മളെ സമുദായത്തില് ഹിന്ദുക്കളിലേതുപോലെ ദേവന്മാരോ ദേവിമാരോ ഇല്ല. കലണ്ടറിൽ കാണുമ്പോലെ വെളുത്ത് തുടിച്ച ദേവനെയും ദേവിയെയും നമ്മളെ കൂട്ടത്തിലും സമ്പ്രദായത്തിലും കേട്ടിട്ടില്ല. നമ്മളെ ചെറുപ്പത്തില് തൃശ്ശി

ലേരിയിലെ കുടിക്കടുത്ത് ഒരു വലിയ മരമുണ്ടായിരുന്നു. പ്രത്യേകമായൊരു കല്ലും ഉണ്ടായിരുന്നു. അതിനാണ് നമ്മള് പൂജവെക്കുന്നത്. അതിലാണ് അച്ഛനപ്പൂപ്പന്മാരെ കുടിവെച്ചിരിക്കുന്നത്. ആണ്ടിലൊരിക്കലാണ് അവരെ പൂജിക്കല് "[35] എന്ന് സി. കെ. ജാനു ആത്മകഥയിൽ പറയുന്നുണ്ട്. ചിലതറവാടുകളിൽ ഒന്നിലേറെ ദേവതകളെ ആരാധിക്കുന്നത് കാണാം. തങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന എല്ലാ കഷ്ടതകൾക്കും സൗഭാഗ്യങ്ങൾക്കും കാരണം അദൃശ്യശക്തികളിൽ കണ്ടെത്തുന്നവർ പ്രകൃതിയിലെ കല്ലുകളും മരങ്ങളും നദികളുമെല്ലാം ആരാധനാവസ്തുക്കളായി കണക്കാക്കുന്നു. ദൈവത്തെ പ്രീതിപ്പെടുത്താൻ അവർ നടത്തുന്ന പല അനുഷ്ഠാനങ്ങളും ആത്മത്യാഗപരം കൂടിയാണ്.

"അടിയരെ സംബന്ധിച്ചിടത്തോളം ജന്മിമാരേക്കാൾ വലിയ ദ്രോഹികൾ അവരുടെ പന്തീരായിരം ദൈവങ്ങളാണെന്നു പറഞ്ഞാൽ അതു ധിക്കാരമാണെങ്കിൽ അവരുടെ ദൈവങ്ങൾ എനിക്ക് മാപ്പു തരട്ടെ. ഏതായാലും അടിയരുടെ ഇടയിലെ വളരുന്ന തലമുറ ഈ ദൈവങ്ങളെയും മൂപ്പന്മാരെയും ചോദ്യം ചെയ്യാൻ ധൈര്യപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ഈ മുറുമുറുപ്പിന്റെ മട്ടുമനസ്സിലാക്കാൻ അവർ ഈയ്യിടെ  രൂപീകരിച്ച ആദിവാസി സംഘത്തിന്റെ പ്രചാരണ മുദ്രാവാക്യത്തിലെ നാലുവരികൾ ശ്രദ്ധിക്കുക.

കാട്ടിൽ കിടക്കുന്ന കല്ലിനെ പൂജിക്കാൻ
തേങ്ങകളെന്തിനടാ മൂപ്പന്മാരെ തേങ്ങകളെന്തിനടാ
കാട്ടിൽ കിടക്കുന്ന പുറ്റിനെ പൂജിക്കാൻ
തേങ്ങകളെന്തിനടാ - മൂപ്പന്മാരേ തേങ്ങകളെന്തിനടാ." [36]

## 1.1.10. ആദിവാസി കലകൾ

ആദിവാസി സംസ്കാരത്തിന്റെ തനിമചോർന്നുപോകാതെ നിലനിൽക്കുന്നത് അവരുടെ കലകളിലാണ്. ദൈനംദിനജീവിതവുമായി ബന്ധപ്പെട്ടവയാണ് ആദിവാസികളുടെ കലകൾ. (അനുബന്ധം. പേജ് 226 കാണുക) സാരവത്തായ ജീവിത സങ്കൽപ്പങ്ങൾ കലകളിൽ പ്രകടമാണ്. കരകൗശലവിദ്യ, നൃത്തം, സംഗീതം, വാസ്തുശിൽപം, ചിത്രകല, വേഷം, ആടയാഭരണങ്ങൾ, തൊഴിലുപകരണങ്ങൾ, ഉത്സവാഘോഷങ്ങൾ, ഗാർഹിക ചടങ്ങുകൾ, ദൈവസങ്കൽപ്പം തുടങ്ങിയവ ഗോത്രവർഗ്ഗത്തിന്റെ സാംസ്കാരിക ജീവിതവുമായി ബന്ധപ്പെട്ടതാണ്.

ജീവിതം കഷ്ടപ്പാടുകൾക്കിടയിലും ആസ്വദിക്കാനുള്ളതാണെന്ന ചിന്തയാണ് ആദിവാസികലകളുടെ ആവിഷ്ക്കാരത്തിന് പിന്നിലുള്ളത്. എല്ലാ ദിവസവും അധ്വാനത്തിന് ശേഷം ആബാലവൃദ്ധം ജനങ്ങളും ഒത്തുചേർന്ന് ആട്ടവും പാട്ടുമായി രസിക്കുന്നത് മുമ്പ് ആദിവാസി മേഖലയിൽ സ്ഥിരം കാഴ്ചയായിരുന്നു. ഇന്ന് പ്രത്യേക അവസരങ്ങളിലും ഉത്സവാഘോഷങ്ങൾക്കും മാത്രമാണ് ഇവർ ആടിപ്പാടുന്നത്.

വ്യവസ്ഥാപിതമായ ഗോത്രസംസ്കാരത്തിന് കാലമാറ്റം കൊണ്ട് നിരവധി കോട്ടങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും ആദിവാസികളുടെ ഒട്ടുമിക്ക കലകളും കാലത്തെ അതിജീവിച്ച് തനിമനിലനിർത്തുന്നുണ്ട്. സമൂഹഭേദമനുസരിച്ച് ആദിവാസികലകൾക്ക് പ്രത്യേകതകളുണ്ട്. അട്ടപ്പാടിയിലെ കുറുമ്പർ, ഇരുളർ എന്നീ സമുദായക്കാർ അവതരിപ്പിക്കാറുള്ള കുമ്മിനൃത്തം, ഞാൺ പൊളിയാട്ടം, ഊഞ്ഞാട് എന്നീ നൃത്തരൂപങ്ങൾ മറ്റു വിഭാഗക്കാർ അവതരിപ്പിക്കാറുണ്ടെങ്കിലും താളം, പാട്ട്, നൃത്തശൈലി എന്നിവയുടെ കാര്യങ്ങളിൽ വ്യത്യാസം കാണുന്നുണ്ട്.

ആദിവാസികലകൾ നിയതമായ ചട്ടക്കൂടുകളിൽ നിബന്ധിക്കപ്പെട്ടവയോ രേഖപ്പെടുത്തപ്പെട്ടവയോ അല്ല. വായ്മൊഴികളിലൂടെ തലമുറകളായി കൈമാറി തുടരുകയാണവ. മണ്ണും മരങ്ങളുമായുള്ള ആദിവാസികളുടെ ജീവിതബന്ധം അവരുടെ പാട്ടുകളിലും പ്രകടമാണ്.

മരത്തെ നമ്പി മണ്ണിരിക്ക്

മണ്ണിരിക്ക് മണ്ണിരിക്ക്

മണ്ണെ നമ്പി മരമിരിക്ക്

മരമിരിക്ക് മരമിരിക്ക്

എന്നിങ്ങനെയുള്ള ആദിവാസികളുടെ കുമ്മിപ്പാട്ട് ഉദാഹരണമാണ്. മൃഗങ്ങൾ, പക്ഷികൾ, ദൈവങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട പാട്ടുകളും ആദിവാസികൾക്കിടയിൽ പ്രചാരത്തിലുണ്ട്. നൃത്തത്തിലും പാട്ടിലും മാത്രം ഒതുങ്ങി നിൽക്കുന്നതല്ല ആദിവാസികലകൾ. അവരുടെ വാദ്യോപകരണങ്ങളും പാട്ടിനൊപ്പം പ്രാധാന്യമർഹിക്കുന്നു. തകില്, ഇലത്താളം, ചിലങ്ക, പറ, കൊകല (ഊത്തി) എന്നിവയാണ് പ്രധാന വാദ്യോപകരണങ്ങൾ. (അനുബന്ധം. പേജ് 255 കാണുക). ഊരിലെ വിശേഷങ്ങളായ കല്യാണം, മരണം, അടിയന്തിരം തുടങ്ങിയ അ

വസരങ്ങളിൽ പാട്ടിലും നൃത്തത്തിലും ആദിവാസികൾ കൂട്ടത്തോടെ പങ്കെടുക്കുന്നു. ആടിനോമ്പ്, ദീപാവലി, മാട്ടുപ്പൊങ്കൽ, അയ്യപ്പൻ വിളക്ക് എന്നിവയാണ് പ്രധാന ആഘോഷങ്ങൾ.

ഭാവപ്രധാനമായ ആദിവാസികലകൾ അവസരോചിതമായ രീതിയിൽ ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്. ഉത്സവാഘോഷങ്ങളിൽ ആടിപ്പാടുന്ന ലാഘവത്തോടെ തന്നെയാണ് മരണാനന്തരചടങ്ങുകളിലും അവർ പാട്ടും നൃത്തവും അവതരിപ്പിക്കുന്നതെങ്കിലും അവസരത്തിനനുസരിച്ച മാറ്റം അതിൽ പ്രകടമാകാറുണ്ട്. "ഊരാളികളുടെ ഒരു വിശേഷപ്പെട്ട കലാരൂപമായ കുറത്തിനാടകം ഒരു തരം സംഗീതനാടകമാണ്. പല കഥകൾ കൂട്ടിക്കെട്ടി അവതരിപ്പിക്കുന്ന രീതിയാണിതിൽ. പാലക്കാട്ടു ജില്ലയിലാണ് കുറത്തിനാടകത്തിനു കൂടുതൽ പ്രസിദ്ധി. രാത്രിയിലാണ് പരിപാടി. സന്ധ്യമയങ്ങുന്നതോടെ തുടങ്ങുന്ന പരിപാടിക്ക് വിരാമമിടുന്നത് നേരം വെളുക്കുമ്പോഴാണ്. ചോദ്യോത്തരരീതിയിൽ പാട്ടുപാടി ചുവടുവച്ച് അഭിനയിക്കുന്നു. പാടുന്ന കാര്യങ്ങളാണ് അഭിനയിക്കുന്നത്. ആദ്യം രംഗത്ത് മൂന്നുകഥാപാത്രങ്ങൾ കടന്നുവന്നു കാണികളെ സംബോധനചെയ്യും. അതിൽ  രണ്ടുപേർകുട്ടികളും ഒരാൾ മുതിർന്നയാളുമായിരിക്കണം. ഇവർ ആട്ടത്തിലൂടെയും പാട്ടിലൂടെയും അഭിസംബോധന ചെയ്തിട്ട് കടന്നു പോകുമ്പോഴേക്കും പ്രധാനകഥാപാത്രങ്ങൾ രംഗപ്രവേശനം ചെയ്യും.  ഇടക്കിടെ കോമാളി പ്രവേശിച്ച് സദസ്യരെ ഉറക്കത്തിൽ നിന്നുണർത്തി  രസിപ്പിച്ചുകൊണ്ടിരിക്കും. സാധാരണഗതിയിൽ സമൂഹത്തിലെ താഴേക്കിടയിലുള്ള ജോലികൾ ചെയ്യുന്നവരായിരിക്കും ഇതിൽ അധികം കഥാപാത്രങ്ങളും. മണ്ണാൻ, മണ്ണാത്തി, പച്ചകുത്തുകാരൻ, പൂജാരിമാർ, കുറവൻ, കുറത്തി തുടങ്ങിയവരെല്ലാം ഇതിൽപെടും. മിക്കവാറും കഥകളിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള  സംശയവും വഴക്കും പ്രധാനഘടകമായി തീർന്നിട്ടുണ്ട്."37 പ്രത്യേകം പരിശീലനം സിദ്ധിച്ചവരല്ല ആദിവാസി കലാകാരന്മാർ. പാരമ്പര്യമായി ലഭിച്ച കലാവാസനകളെ കണ്ടറിഞ്ഞും കേട്ടറിഞ്ഞും വളർത്തിയെടുത്താണ് അവർ കലകൾ അവതരിപ്പിക്കുന്നത്. ജന്മസിദ്ധമായ കഴിവുകളിലൂടെ കലാവതരണത്തിൽ പ്രസിദ്ധിനേടിയ ഒട്ടേറെ ആദിവാസികൾ കേരളത്തിലുണ്ട്.

തിരണ്ടുകല്യാണം, വിവാഹം, മരണം, ഉത്സവാഘോഷങ്ങൾ എന്നിവയോടനുബന്ധിച്ച് ആദിവാസികൾ അവതരിപ്പിക്കുന്ന സംഘനൃത്തങ്ങൾ അവരുടെ അ

ധ്യാനത്തിന്റെയും ജീവിതായോധനത്തിന്റെയും മുഖമുദ്രകളാണ്. പ്രയോജനകലാവിഭാഗത്തിൽപ്പെടുന്ന ആദിവാസികലകൾ പലതും മതപരമായ ലക്ഷ്യങ്ങളും സാമൂഹിക പ്രാധാന്യമുള്ളവയുമാണ്. "ഊരാളികൾക്കിടയിൽ മുടിയാട്ടം, കോൽക്കളി എന്നിവയാണ് പ്രധാനവിനോദങ്ങൾ. വിശേഷദിവസങ്ങളിൽ ഇവ അരങ്ങേറാറുണ്ട്. മുടിയാട്ടം സ്ത്രീകളുടെ ഒരു കലാവിനോദമാണ്. സ്ത്രീകൾ കുറേപേർ മുടിയഴിച്ചിട്ട് ആടുന്നു. ഒപ്പം പുരുഷന്മാരും കൈകൊട്ടി ചുവടു വച്ചു പാട്ടും പാടി ഏറെനേരം കളിക്കുമ്പോൾ അവരിലൊരാൾക്ക് അനുഗ്രഹം ഉണ്ടാവുകയും താൻ മുത്തൻ അല്ലെങ്കിൽ മുത്തിയാണെന്ന് അരുളിചെയ്യുകയും ചെയ്യുന്നു. അവർ തുള്ളി എല്ലാവരെയും അനുഗ്രഹിക്കുകയും കുടിയിൽ ദൈവപ്രീതിക്കായി നടത്തുന്ന ചടങ്ങുകളിൽ താൻ തൃപ്തനാണെന്നു അറിയിക്കുകയും ചെയ്യുന്നു. അതോടെ മുടിയാട്ടം അവസാനിക്കുന്നു. പുരുഷന്മാർ മാത്രം പങ്കെടുക്കുന്ന വിനോദമാണ് കോൽക്കളി. സാധാരണയായി ഏഴുപേരിൽ കുറയാത്ത ഒരു ടീം ആയിരിക്കും കോൽക്കളിയിൽ പങ്കെടുക്കുന്നത്. തമ്മിൽ കൂട്ടി മുട്ടുമ്പോൾ നല്ല ശബ്ദമുണ്ടാകുന്ന ഒരു ജോടി കമ്പുകളാണ് ഇതിനായി ഉപയോഗിക്കുന്നത്. ഒരു ടീമിൽ ഒരു നേതാവ് ഉണ്ടാകും. അദ്ദേഹം പാടുകയും മറ്റുള്ളവർ ഏറ്റുപാടുകയും ചെയ്യും. വിളക്കുകൊളുത്തിവച്ച് അതിനുചുറ്റുമായിട്ടായിരിക്കും കളി നടത്തുന്നത്. പ്രത്യേക രാഗത്തിൽ പാട്ടുകൾ മിക്കവാറും കുലദൈവങ്ങളെയോ മറ്റു ദേവിദേവന്മാരെയോ സ്തുതിച്ചുകൊണ്ടുള്ള പാട്ടുകളായിരിക്കും അവതരിപ്പിക്കുന്നത്."[38]

മറ്റുള്ളവരെ ആനന്ദിപ്പിക്കാൻ കലാരൂപങ്ങൾ വാണിജ്യവത്കരിക്കുന്ന ഇക്കാലത്ത് ആത്മനിർവൃതിക്കായി സംഘം ചേർന്ന് അവതരിപ്പിക്കുന്ന ആദിവാസികലകൾ ഏറെയൊന്നും വികൃതമാകാതെ നിലനിൽക്കുന്നു. എങ്കിലും നഗരത്തിലെ പൊതുവേദികളുടെ സ്വഭാവമനുസരിച്ചും പ്രേക്ഷകരുടെ അഭിരുചികൾക്കൊത്തും ചില പ്രാകൃതകലാരൂപങ്ങൾ പരിഷ്കരിച്ച് അവതരിപ്പിക്കുന്ന പ്രവണതകളും അടുത്തകാലത്ത് കാണുന്നുണ്ട്. (അനുബന്ധം. പേജ് 226 കാണുക) ആദിവാസികൾക്കിടയിൽ പ്രത്യേകിച്ച് കുറിച്യസമുദായത്തിൽ നിലവിലുള്ള വിശേഷപ്പെട്ട ആണ്ട് കലശം, മരണാനന്തരക്രിയകളോടനുബന്ധിച്ച് നടത്തുന്ന ഭഗവതിയാട്ടം, അനുഷ്ഠാന നൃത്തരൂപമായ മലങ്കാരിതെയ്യം, നായാട്ടിനോടനുബന്ധിച്ചുള്ള നായാട്ടുതെയ്യം, പരേതാത്മാക്കളെ ആവേശിപ്പിച്ചുകൊണ്ടുള്ള നെകലാട്ടം, കുറുമരുടെ വട്ടക്കളി എന്നിങ്ങനെ ആദിവാസികലകൾ നിരവധിയാണ്.

### 1.1.11. ഗദ്ദിക

രോഗപീഡകളിൽ നിന്നും ദുഷ്ടാത്മാക്കളുടെ ബാധകളിൽ നിന്നും രക്ഷനേടാനായി വയനാട്ടിലെ അടിയാന്മാർ അവലംബിച്ചുപോരുന്ന ഒരാഭിചാരകർമ്മമാണ് ഗദ്ദിക. ചടുലമായ തുടിതാളത്തിന്റെയും വിലാപസമാനമായ വായ്ത്താരിയുടെയും ഭയാക്രാന്തമായ പാദചലനങ്ങളുടെയും ഒരു വിചിത്ര സംയോഗമാണത്. തമ്മാടി എന്നു വിളിപ്പേരുള്ള ഗദ്ദികക്കാരൻ നാട്ടുമൂപ്പന്റെ അനുവാദത്തോടെ ഗോത്രമൂർത്തികളെ തന്നിലേക്ക് ആവാഹിച്ച് നടത്തുന്ന നാടകീയതമുറ്റിയ ചൊല്ലിയാട്ടവും ഈ കലാരൂപത്തിൽ കാണാം. ഭാവാഭിനയജന്യമായ വൈകാരികതയാണ് ഗദ്ദികയുടെ സവിശേഷത. രോഗം ഭേദമാക്കുന്നതിനും പ്രസവസമയത്ത് ദുഷ്ടാത്മാക്കളെ അകറ്റാനും ഗദ്ദികപാടാറുണ്ട്.

“ഗുരുതിക്കു മുന്നിൽ ഇരുത്തിയ ദീനക്കാരന്റെ വലതുമാറി മലരും പൂവും വച്ചാണ് രോഗം മാറ്റാനുള്ള ഗദ്ദിക ആരംഭിക്കുക. അരയിൽ ചുവന്ന തുണിയും കാലിൽ ചിലങ്കയും കെട്ടി, ചുരങ്ങാക്കുഞ്ചിയിൽ പൂക്കായ് ഇട്ട് ഉയർത്തിപ്പിടിച്ചു കുലുക്കി വലതുകൈയ്യിൽ ചൂരൽ പൊക്കിപിടിച്ച്, തൊണ്ട അലറി ദേവന്മാരെ വിളിച്ചുകൊണ്ട് തമ്മാടി വായ്ത്താരി നടത്തുന്നു. ശിവൻ, സുബ്രഹ്മണ്യൻ, വിഷ്ണു ദേവതകളെയും കുലദൈവങ്ങളായ മാരിയമ്മ, വള്ളൂരമ്മ എന്നിവരെയും വിളിച്ചാണ് അനുഷ്ഠാനങ്ങൾ. വായ്ത്താരിക്കിടെ ഉറഞ്ഞുതുള്ളുന്ന ആൾ മൂപ്പന്റെ ചോദ്യങ്ങൾക്ക് ഉത്തരം എന്നപോലെ രോഗകാരണങ്ങളും അതിനുള്ള പരിഹാരങ്ങളും നിർദ്ദേശിക്കും.”[39]

മണിക്കൂറുകളോടെ നീളുന്ന ചടങ്ങുകൾക്ക് ശേഷം രോഗിയെ അരിയിട്ട് ഉഴിയുന്നു. അവശ്യമെങ്കിൽ കോഴിയെ അറുത്തചോര ഗുരുതിയിൽ ഒഴിച്ച് ദൂരെ പാലമരത്തിന്റെ ചോട്ടിൽ ഇലനിവർത്തി ഗുരുതി അതിൽ ഒഴിച്ചാണ് രോഗബാധ അകറ്റുന്നതായി കരുതുന്നത്. ഇന്ന് ആദിവാസികളുടെ പ്രധാന നാടൻ കലാരൂപമെന്ന നിലയിൽ ഗദ്ദിക പലവേദികളിലും അവതരിപ്പിക്കുന്നുണ്ട്. (അനുബന്ധം. പേജ് 266 കാണുക.)

സംസ്കാര രൂപവത്കരണത്തിന് നിമിത്തമാകുന്ന ആദിവാസി കലാരൂപങ്ങൾ അവരുടെ ജീവിതഘടനയുടെ തനത് സൃഷ്ടികളാണ്. ജനനം, മരണം, മന്ത്രവാദം, രോഗചികിത്സ, വിവാഹം, തൊഴിൽ തുടങ്ങി നിത്യജീവിതഘടകങ്ങളുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്നവയാണ് ഈ കലാവിഷ്കാരങ്ങൾ.

നടോടി സാഹിത്യത്തോടൊപ്പമോ അതിനേക്കാൾ ഉപരിയോ സ്ഥാനം അർഹിക്കുന്ന ആദിവാസി സാഹിത്യം ശേഖരിച്ചു വയ്ക്കാനുള്ള ശ്രമങ്ങൾ മലയാളത്തിൽ അധികമൊന്നും ഉണ്ടായിട്ടില്ല. കുറിച്യരുടെയും അടിയാന്മാരുടെയും കുറച്ച് പഴമ്പാട്ടുകൾ ഒഴിച്ചാൽ അച്ചടിയിലുള്ള കേരളത്തിലെ തനത് ഗോത്രസാഹിത്യം ശുഷ്കമാണ്. ആദിവാസികളുടെ തനതുജീവിതക്രമങ്ങൾക്ക് താളഭംഗം നേരിട്ടതോടെ അവരുടെ കലാനിർമിതികൾക്കും കോട്ടം സംഭിവിച്ചതായാണ് കാണുന്നത്.

## 1.2. ഉൽസവാഘോഷങ്ങൾ

ആദിവാസികളുടെ ഉൽസവാഘോഷങ്ങളെ ദേശീയം, പ്രാദേശികം, ഗാർഹികം എന്ന് മൂന്നായി തരം തിരിക്കാം. മലയാളികളുടെ ദേശീയകലകളായ ഓണവും വിഷുവും തന്നെയാണ് ആദിവാസികൾക്കും പ്രധാനം. കൂടുതൽ പ്രാധാന്യം ഓണത്തിനു തന്നെ. കൃഷിയിൽ നിന്ന് വിളവെടുത്ത് ആദ്യമായി ഭക്ഷണമുണ്ടാക്കി കഴിക്കുന്ന പുത്തരിയുണ്ണൽ, ഗുരുകാരണവർക്ക് കൊടുക്കൽ എന്നിവ ഗാർഹിക ആഘോഷങ്ങളിൽപെടുന്നു.

### 1.2.1. ആണ്ട് കലശം

ആദിവാസികൾക്കിടയിൽ പ്രത്യേകിച്ച് കുറിച്യസമുദായത്തിൽ നിലവിലുള്ള വിശേഷപ്പെട്ട നൃത്തകലയാണിത്. ഭഗവതിക്കലശം എന്നും ഇതിനു പേരുണ്ട്. കുലദൈവത്തിന് ഭക്തിപൂർവം നൽകുന്ന കലശമാണിത്. അനുഷ്ഠാനങ്ങളോടെ മൺപാത്രത്തിൽ എടുത്തുവയ്ക്കുന്ന കള്ളാണ് കലശമായി കാണുന്നത്. മുത്തപ്പനുവേണ്ടി നിവേദ്യാർപ്പണത്തോടെ നടത്തുന്ന ഉച്ചക്കലശവും വിവാഹദിവസം വധുവിനെ വീട്ടിൽ നിന്നിറക്കുമ്പോൾ നടത്തുന്ന രൂപക്കാരി കലശവും ആദിവാസികൾക്കിടയിലെ അനുഷ്ഠാനകലകളാണ്.

### 1.2.2. ഭഗവതിയാട്ടം

കുറിച്യരുടെ ഇടയിലുള്ള കലാരൂപങ്ങളിൽ നാടകീയതനിറഞ്ഞ അനുഷ്ഠാനകലയാണ് ഭഗവതിയാട്ടം. മരണാനന്തരക്രിയകളോടനുബന്ധിച്ചാണ് ഭഗവതി

യാട്ടം നടത്തുക. ദേവതാസ്ഥാനത്തുവച്ച ഗണപതിമാതാവിനെ (പാർവതി) സങ്കൽപ്പിച്ച് ഒരാൾ അരുളപ്പാടുനടത്തുകയും അവ കേട്ടുകൊണ്ടു നിൽക്കുന്നവരിൽ ഒരാൾ ഉറഞ്ഞുതുള്ളുകയും ചെയ്യും.അയാൾക്ക് ഗണപതിമാതാവിന്റെ നിയോഗം ലഭിച്ചു എന്നാണ് വിശ്വാസം. ഉറഞ്ഞുതുള്ളുന്നവരെ ദുർമൂർത്തികളായി കരുതുന്നു. പരേതാത്മാവ് മോക്ഷം കിട്ടുന്നതുവരെ ഈ ദുർമൂർത്തിയോടൊപ്പം കഴിയുമെന്നാണ് സങ്കല്പം.

### 1.2.3. മലങ്കാരിതെയ്യം

കുറിച്യരുടെ കാവുകളിൽ മലയസമുദായക്കാരുടെ സഹായത്തോടെ നടത്തുന്ന അനുഷ്ഠാനനൃത്തരൂപമാണിത്. മലയനിൽ നിന്നു വാങ്ങിയ ചെണ്ടകൊട്ടി നേരത്തെ എഴുന്നള്ളിച്ചുകൊണ്ടുവന്ന കുംഭങ്ങളെ വലംവച്ച് കുറിച്യർ കുംഭപ്പാട്ട് പാടും. അതിനിടയിൽ അവരിൽ ഒരാൾ മലങ്കാരിയായി ഉറഞ്ഞാടുന്നു. നായാട്ടിനോടനുബന്ധിച്ചുള്ള നായാട്ടുതെയ്യം, പരേതാത്മാക്കളെ ആവേശിപ്പിച്ചുകൊണ്ടുള്ള നെകലാട്ടം എന്നിവയും ആദിവാസികലകളിൽ പ്രചാരത്തിലുണ്ട്.

### 1.2.4. തിറ

വയനാട്ടിലെ മിക്ക ക്ഷേത്രങ്ങളിലും മലക്കാരിത്തിറ നടത്താറുണ്ട്. കൊല്ലത്തിലൊരിക്കൽ മലക്കാരിത്തിറ കെട്ടിയാടുന്നതിന്റെ ചെലവും ഉത്തരവാദിത്തവും അതതുപ്രദേശത്തെ കുറിച്യർക്കാണ്. കുറിച്യർ ചെന്നു കാടിളക്കി അവരുടെ അകമ്പടിയോടെ മലക്കാരി ഉത്സവക്കാലത്ത് ക്ഷേത്രസന്നിധിയിലേക്ക് വരുന്നു. തിറയുൽസവമായ അന്നു മുന്നൂറ്റൻ എന്ന സമുദായക്കാരൻ തിറകെട്ടിയാടുന്നു. ആട്ടം കഴിഞ്ഞ് എല്ലാവരിൽ നിന്നും വഴിപാടും ദക്ഷിണയും മറ്റവകാശങ്ങളും വാങ്ങിക്കഴിഞ്ഞാൽ കുറിച്യർതന്നെ ഈ ദൈവങ്ങളെ മലയിൽ കൊണ്ടുപോയി വിടുകയും വേണം. കുറിച്യർ മാത്രമല്ല മറ്റു ഗിരിജനങ്ങളും വിവിധ ദൈവസങ്കല്പങ്ങളെ പ്രീണിപ്പിക്കാനായി തിറയുൽസവം നടത്താറുണ്ട്. മേടമാസത്തിൽ നടത്തേണ്ട കാക്കപ്പുലകളെല്ലാം കഴിഞ്ഞാലാണ് അടിയാന്മാർ തിറ നടത്തുക. ആ വർഷം മരണമൊന്നും നടന്നിട്ടില്ലാത്ത വീടാണ് തിറ നടത്താൻ തിരഞ്ഞെടുക്കുക. ചെമ്മക്കാരനാണ് തിറ നടത്താനുള്ള നെല്ലു പിരിക്കുക. ധനസമാഹ

രണം നടത്തിക്കഴിഞ്ഞാൽ മൂപ്പന്മാരെ വിവരമറിയിക്കും. നിശ്ചയിച്ചുകഴിഞ്ഞാൽ ഒരാഴ്ചക്കുള്ളിലായിട്ടായിരിക്കും മിക്കവാറും ചടങ്ങ് നടത്തുക. മലക്കാരി, വെള്ളാട്ടം, പൂക്കാരിമകൻ, കരിച്ചാത്തൻ, കല്ലൂരച്ചൻ തുടങ്ങി ഒമ്പതു തിറകൾ കെട്ടിയാടുന്ന ഉത്സവത്തിൽ സമുദായത്തിലെ ആബാലവൃദ്ധം ജനങ്ങളും പങ്കെടുക്കാറുണ്ട്.

### 1.2.5. ആണ്ടുപൂജ

ആണ്ടുപൂജ നടത്തുന്നത് ചിത്തിര മാസത്തിലാണ്. അന്ന് കോവിലിൽ പൊങ്കലും നടത്തും. അരിയും ശർക്കരയും കൂടി കോവിലിന്റെ മുറ്റത്തുവച്ചുവേവിച്ചു ദേവന് നേദിക്കുന്നതാണ് ഈ കർമ്മം. അന്ന് എല്ലാവരും കോവിലിന്റെ പരിസരത്ത് ഒത്തുചേരും. കൂത്തും കുമ്മിയടിയുമൊക്കെ നടത്തും.

### 1.2.6. പുത്തരിയുത്സവം

ആദിവാസികളുടെ പുത്തരിയുത്സവം കൊയ്ത്തുകഴിഞ്ഞു ധനു-മകര മാസത്തിലാണ് നടത്തുക. പ്രഭാതത്തിൽ കുളിച്ചുവന്നു വാഴയിലയുടുത്തു ഒരു കറ്റ (ചുരുട്ട്) കണ്ടത്തിൽ നിന്നു അരിഞ്ഞു കൊണ്ടുവന്നു ജന്മിക്കു കൊടുക്കും. ജന്മി അവർക്ക് പുത്തനരിയുടെ ചോറു കൊടുക്കും. രണ്ടു കൊളകം (രണ്ടര സേർ) നെല്ലിനു പുറമെ മുറുക്കാനും കാപ്പിയും കൊടുക്കും. ഗിരിജനങ്ങൾ പൊതുവെ ആഘോഷിക്കുന്ന പുത്തരിയുത്സവം കാർഷികസംസ്കാരത്തെയും ജന്മി-കുടിയാൻ ബന്ധത്തെയും വ്യക്തമാക്കുന്നതാണ്. വിളവെടുപ്പിനോടനുബന്ധിച്ചു പ്രാക്തന ഗോത്രസമൂഹങ്ങളിൽ നിലനിന്നിരുന്ന ആഹ്ളാദാവിഷ്കാരങ്ങളാണ് കാലാന്തരത്തിൽ ഉത്സവങ്ങളായി പരിണമിച്ചത്.

### 1.2.7. തുലാപ്പത്ത്

പ്രദേശിക ഉൽസവങ്ങളിൽ പ്രധാനം തുലാം പത്താണ്. നായാട്ടിന്റെ ആരംഭമായിട്ടാണ് ഈ ദിവസം ആചരിക്കുന്നത്. നിശ്ചിത ദിവസം നായാട്ടിനുപോകുന്നവർ അമ്പും വില്ലും വീട്ടുമുറ്റത്തെ പലകയിൽ വച്ച് മലദൈവങ്ങളെ പ്രാർത്ഥി

ക്കുന്നു. നായാട്ട് തടസം കൂടാതെ വിജയകരമായി നടക്കുന്നതിന് തേങ്ങഉടച്ച ശേഷമാണ് ഓരോരുത്തരും കാട്ടിലേക്കിറങ്ങുക. തുലാം പത്തിന് രാവിലെയും രാത്രിയും സദ്യ നൽകുന്ന ഏർപ്പാടും ഉണ്ടായിരുന്നു.

ആദിവാസികൾ അവരുടെ ആയോധനമുറയുടെ കരുത്തും ലക്ഷ്യവും സമൂഹത്തെ ബോധ്യപ്പെടുത്താനാണ് പ്രധാനമായും ഈ ആഘോഷം കൊണ്ടാടുന്നത്. ഉത്സവദിവസം എല്ലാവരും കുളിച്ച് ശുദ്ധമായിരിക്കണം. പറുപ്പിൻ മരത്തിന്റെ കൊമ്പ് നടുമുറ്റത്ത് കുത്തിഉറപ്പിച്ചിട്ടുണ്ടാകും. ഒടെക്കാരൻ തലേന്നു ശേഖരിച്ച നെൽക്കതിരുകൾ മരക്കൊമ്പിലും അമ്പലത്തിലും കളത്തിലും ആലയിലും തറയിലും പത്തായത്തിലും കെട്ടിവയ്ക്കുന്നു. കാർഷികദേവനായ തെയ്യത്തെ സന്തോഷിപ്പിക്കുകയാണ് ഈ ചടങ്ങുകൊണ്ട് ഉദ്ദേശിക്കുന്നത്. സദ്യയ്ക്ക് ശേഷം ആണുങ്ങൾ നായാട്ടിനു മലകയറുകയായി. ആൺകുട്ടികൾ കളിവില്ലുമായി പക്ഷികളെ എയ്ത് നായാട്ടിന്റെ ഹരിശ്രീ കുറിക്കുന്നതും അന്നു തന്നെയാണ്. തുലാം പത്തിനു നായാട്ട് തുടങ്ങി അടുത്ത കന്നി മുപ്പതുവരെയും കുറിച്യർ നായാട്ടിനു പോവുന്നു.

### 1.2.8. ഓണം കാണൽ

ഓണത്തോടനുബന്ധിച്ച് ആദിവാസി സമുദായങ്ങൾ ഒത്തുചേർന്ന് കാവിൽ വച്ച് നടത്തുന്ന അനുഷ്ഠാനമാണിത്. പരേതാത്മാക്കളോട് സംസാരിക്കുകയും അവരുടെ അനുഗ്രഹങ്ങൾ വാങ്ങുകയും ചെയ്യലാണ് ഈ ആചാരത്തിലൂടെ സങ്കൽപ്പിക്കുന്നത്. ഉറഞ്ഞുതുള്ളി മൊഴിപറയുന്ന ആളിലൂടെയാണ് ഓണം കാണൽ നടക്കുന്നത്.

വയനാട്ടിലെ പ്രശസ്തമായ വള്ളിയൂർക്കാവ് ഉൽസവം, അടിയാന്മാർ ആഘോഷിക്കുന്ന മേടമാസത്തിലെ തിറ, നരിക്കുത്ത് തുടങ്ങിയവയും ആദിവാസി ആഘോഷങ്ങളിൽ പ്രധാനമാണ്. "മാനന്തവാടിക്കടുത്തുള്ള വള്ളിയൂർക്കാവിൽ ഉൽസവകാലത്തു വയനാട്ടിലെ എല്ലാ അടിയരും, ആണുങ്ങളും പെണ്ണുങ്ങളും ഹാജരാവുന്നു. വയനാട്ടിലെ വൻകിട ജന്മിമാരും അവിടെ എത്തിച്ചേർന്നു. അവർക്ക് ഓരോരുത്തർക്കും അവരുടെ വയലുകളും തോട്ടങ്ങളിലും പണിയെടുപ്പിക്കാനായി നാൽപതോ അൻപതോ വീതം അടിമകളെ ആവശ്യമുണ്ട്. കാലിച്ചന്തയിൽ നിന്നു കാലികളെ തിരഞ്ഞെടുക്കുന്ന മട്ടിൽ ഓരോരുത്തരും അവർക്കിഷ്

ടപ്പെട്ട ആണുങ്ങളെയും പെൺകുട്ടികളെയും തിരഞ്ഞുപിടിക്കുന്നു. അഞ്ചോ പത്തോ വീതം അടിമപ്പണം കൊടുത്ത് വിലക്കെടുക്കുന്നു. ഇങ്ങനെ വിലകൊടുത്തു കഴിഞ്ഞ അടിമ വള്ളിയൂർക്കാവിലെ അടുത്ത കൊല്ലത്തെ ഉൽസവകാലം വരെ അയാളുടെ ജന്മി ആവശ്യപ്പെടുന്ന ജോലികളെല്ലാം മുടക്കം കൂടാതെ ചെയ്തുകൊള്ളണമെന്നാണ് വ്യവസ്ഥ."[40]

**1.3. ഭാഷ**

മൂന്നുലക്ഷത്തിലേറെ ആദിവാസികളുള്ള കേരളത്തിൽ ലിപിയുള്ള ആദിവാസിഭാഷകളൊന്നുമില്ല. പഴയ മലയാളവും പഴയ തമിഴും കൂടികലർന്നതോ, പഴയ മലയാളവും പഴയ കന്നഡയും കൂടികലർന്നതോ ആയ പ്രത്യേകതരം ഭാഷയാണ് ആദിവാസികൾ ഉപയോഗിച്ചിരുന്നത്. അടിസ്ഥാനപരമായി മലയാളവുമായി സാമ്യമുണ്ടായിരുന്നു. ഇത് ഉച്ചാരണവിലക്ഷണതകൊണ്ട് ബാഹ്യലോകത്തിന് അന്യമായിരുന്നു. ശുദ്ധമായ മലയാളം സംസാരിക്കുന്നവർ ആദിവാസികൾക്കിടയിൽ കുറവായിരുന്നു.

"കേരളത്തിലെ ആദിവാസികൾക്ക് മലയാളത്തിൽ നിന്ന് വ്യത്യസ്തമായ ഭാഷയാണ് ഉണ്ടായിരുന്നത്, ഭാഷാഭേദമായിട്ടല്ല പ്രത്യേക ഭാഷതന്നെയായിട്ടാണ് ഇതിനെ കണക്കാക്കിയിരുന്നത്. അതിന് തനതായ പദങ്ങളും വ്യാകരണകാര്യങ്ങളുമുണ്ട്. വികസിത ഭാഷക്കാരായ മലയാളികളും കന്നഡക്കാരുമായി സമ്പർകത്തിൽ ഏർപ്പെട്ടിരുന്നതുകൊണ്ട് അവരുടെ ഭാഷകളുടെ കലർപ്പും ആധിക്യവും മറ്റും ഈ ഭാഷയിലുണ്ടെന്നുമാത്രം."[41] ലിപി ഇല്ലാത്തതിനാൽ ആദിവാസികൾക്ക് മാതൃഭാഷയിൽ അധ്യയനം നടത്തുവാൻ കഴിയാത്ത അവസ്ഥയും ഉണ്ടായിരുന്നു. "പണിയരുടെ ഭാഷ തമിഴും മലയാളവും കലർന്നതാണ്. അടിയരുടെ ഭാഷ കന്നഡവും മലയാളവും കലർന്നതും."[42]

ഇന്ത്യയിലെ ആദിവാസിസമുദായങ്ങളിൽ പകുതിപോലും ഇന്ന് സ്വന്തം ഭാഷ സംസാരിക്കുന്നില്ല. "മാതൃഭാഷയടക്കമുള്ള ഗോത്രസവിശേഷതകൾ കൈയൊഴിയാനും അയൽ സംസ്കാരത്തിന്റെ ധാരയിൽ ലയിക്കാനും നിർബന്ധിതരായിരിക്കുകയാണ് മിക്ക ആദിവാസി സമൂഹങ്ങളും. മിത്തുകളും ഐതിഹ്യങ്ങളും പഴഞ്ചൊല്ലുകളും കൊണ്ട് സമ്പന്നമായ ആദിവാസി ഭാഷയെ അയിത്തഭാഷയായി കാണുന്ന പ്രവണതയും കേരളത്തിലുണ്ട്."[43] മലയാളം, കന്നഡ ഭാഷകളിൽ നിന്ന് തികച്ചും വ്യത്യസ്തമായതും കേരളീയ വ്യവഹാരങ്ങളിൽ കേൾ

ക്കാത്തതുമായ പദങ്ങളാണ് അവർ ഉപയോഗിച്ചിരുന്നത്. ദൈനംദിന ജീവിത ത്തിൽ ആദിവാസികൾ ഉപയോഗിച്ചിരുന്ന മിക്ക പദങ്ങളും പ്രാകൃതവും മറ്റുള്ള വർക്ക് അർഥം ഗ്രഹിക്കാൻ പ്രയാസമുള്ളവയുമായിരുന്നു. അടിയാന്മാർ റാവുള ഭാഷയാണ് ഉപയോഗിച്ചിരുന്നത്. ആദിവാസികൾ നിത്യജീവിതത്തിൽ ഉപയോ ഗിക്കുന്ന ചില പദങ്ങൾ താഴെകൊടുക്കുന്നു.

അവ്വ-അമ്മ

അപ്പ-അച്ഛൻ

അക്കി-ജ്യേഷ്ഠത്തി

ഇളയച്ചൻ-അനിയൻ

റാട്ടി-ഭാര്യ

റാളൻ-ഭർത്താവ്

വാറ്-ഗർഭം

കുള്ള്-കുടിൽ

കാണി-ഇല്ല

ചെമ്മു-കുടുംബം

ചീര-സഞ്ചി

പെരുവൻ-വൃദ്ധൻ

മുട്ടമ്മാർ-ചെറുപ്പക്കാർ

മുടത്തികൾ-യുവതികൾ

പേയ്-പിശാച്

ഗാസു-കിഴങ്ങ്

നാതിനി-അനിയന്റെ ഭാര്യ

കുന്റ്-കുന്ന്

ചുവാൻ-ശിവൻ

അജാമു-ക്ഷുരകൻ

പൊലു-പലിശ

പുറം ലോകവുമായി ഇടപഴകിയതിന്റെ ഫലമായി കാലക്രമത്തിൽ ആദിവാസികളുടെ സംസാരഭാഷയിൽ മാറ്റം ഉണ്ടായിട്ടുണ്ട്. മലയാളത്തിൽ മറ്റുള്ളവർക്ക് മനസിലാകുന്ന രീതിയിൽ സംസാരിക്കുന്നവരാണ് മിക്ക ആദിവാസികളും. കുട്ടികൾക്ക് വിദ്യാഭ്യാസം നേടാനുള്ള സൗകര്യം ലഭിച്ചതും മറ്റുള്ളവരുമായി ഇടപഴകാനും അവരുടെ കൂടെ ജോലി ചെയ്യാനും അവസരം ഉണ്ടായതും സംസാരഭാഷാ രീതിയിൽ മാറ്റം ഉണ്ടാകാൻ സഹായിച്ച ഘടകങ്ങളാണ്. കുട്ടികൾക്ക് പേരിടുന്നതിലും ആദിവാസികൾ മറ്റു ജനവിഭാഗങ്ങളിലേതുപോലെ പരിഷ്കാരികളായിട്ടുണ്ട്. മുമ്പ് ചുണ്ടെലി, ചമയൻ, മല്ലൻ, കേളൻ, ഇട്ട്യാതി, ചക്കി എന്നിങ്ങനെയായിരുന്നു പേരുകളെങ്കിൽ ഇപ്പോൾ നന്ദു, വിഷ്ണു, ജാനു, സരിത, ദേവി തുടങ്ങിയ പരിഷ്കരിച്ച പേരുകളാണ് ആദിവാസിക്കുട്ടികൾക്ക് ഇടുന്നത്.

### 1.4. വേഷം

കാട്ടിലും മലയിടുക്കുകളിലും അർധനഗ്നരായി ജീവിക്കുന്നവരാണ് ആദിവാസികൾ എന്നതായിരുന്നു ബാഹ്യലോകത്തെ പൊതുധാരണ. കാടന്മാരായി അലഞ്ഞുനടന്നിരുന്ന കാലത്ത് അവർ ഇലകളും മരത്തോലുകളുമാണ് ശരീരം മറയ്ക്കാൻ ഉപയോഗിച്ചിരുന്നത്. തണ്ടപുലയർക്കിടയിലെ സ്ത്രീകൾ ഇലകൾ വെട്ടിയെടുത്ത് നാണം മറയ്ക്കാൻ മുന്നിലും പിന്നിലും തൂക്കിയിട്ടിരുന്നു. മലവേടന്മാർ ഇലകൾ കൂട്ടികെട്ടി ഉപയോഗിച്ചാണ് നാണം മറച്ചിരുന്നത്. കാണിക്കാർ, കാട്ടുനായ്ക്കർ എന്നീ വിഭാഗക്കാർ കുറച്ച് വസ്ത്രം മാത്രം ധരിച്ച് മിക്കവാറും നഗ്നരായിട്ടാണ് കഴിഞ്ഞിരുന്നത്. പുരുഷന്മാർക്ക് മുണ്ടും സ്ത്രീകൾക്ക് ഒറ്റച്ചേലയുമാണ് പരമ്പരാഗതവേഷം. കഴുത്തിനു താഴെയായി വട്ടത്തിൽ മുണ്ടുകെട്ടുന്ന രീതിയും സ്ത്രീകൾക്കിടയിൽ ഉണ്ട്. സ്ത്രീയും പുരുഷനും വസ്ത്രങ്ങളുടെ എണ്ണക്കുറവുകാരണം ഒന്നുതന്നെ ഏറെ ദിവസങ്ങളായി ഉപയോഗിക്കും. കുട്ടികൾ പലപ്പോഴും നഗ്നരായിട്ടും, ചിലപ്പോൾ കോണകം മാത്രം ധരിച്ചുമാണ് കഴിഞ്ഞിരുന്നത്.

"അടിയസ്ത്രീകൾ നീളമുള്ള ചേലമുലക്കച്ചപോലെ മാറിൽകെട്ടുന്നു. അഗ്രഭാഗം കഴുത്തിലൂടെ പിന്നിലേക്കിട്ട് വലതുവശത്തായികെട്ടുന്നു. (അനുബന്ധം പേജ് 224 കാണുക) സാധാരണയായി വെള്ളി, പിച്ചളകമ്മലുകൾ ധരിച്ചിരുന്നവർ കൈതയോല ചുരുട്ടിയും കാതിൽ പണിയത്തികളെപോലെ അണിയാറു

ണ്ട്. മേൽകാതിൽ മിഴാവ് ഉണ്ട്. കമ്മലിൽ നിന്നും (ചുരുട്ടിയ ഓല) പിന്നിൽ മുടിയിലേക്ക് ഒരു ചെയിൻ ഉണ്ടാകും. ഇത് ഓലച്ചങ്ങലയെന്നു പറയും. നെറ്റിയിലും കൈയ്യിലും പച്ചകുത്തുക ഇവരുടെ പ്രത്യേകതയാണ്. സ്ത്രീകൾ മുടി വളർത്തി പിന്നിൽ ഗൊണ്ട കെട്ടിവയ്ക്കുകയാണ് പതിവ്. തലമുടിയിൽ തന്നെ മുള കൊണ്ടുണ്ടാക്കിയ ചീപ്പ് തിരുകിവയ്ക്കും സ്ത്രീകളെപോലെ പുരുഷന്മാരും മുടിനീട്ടിവളർത്തി പിന്നിൽകെട്ടി വയ്ക്കുകയാണ് പതിവ്. ഇപ്പോഴങ്ങനെ ചെയ്യുന്നവർ വിരളമെന്നുമാത്രം. അതുപോലെ തന്നെ കാതു കുത്തുക. കടുക്കനിടുക എന്നീ രീതികളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു."[44]

സ്ത്രീകൾ കാതിലും കഴുത്തിലും കൈകളിലും ആഭരണങ്ങൾ അണിയും. മുത്തുമാലകൾ, നാണയങ്ങൾ കോർത്തുണ്ടാക്കിയ മാലകൾ, ചെമ്പുവളകൾ, കല്ലുകൾ, മുക്കുപണ്ടങ്ങൾ എന്നിവയാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്. ചിലർ മുക്കുത്തിയും ധരിക്കും. കുറിച്യസമുദായത്തിലെ പുരുന്മാർ കാതുകുത്താറുണ്ട്. പുലിപ്പല്ല്, പുലിയുടെയോ കരടിയുടേയോ നഖം എന്നിവ ചരടിൽ കോർത്ത് ആണുങ്ങൾ മാലയാക്കി ധരിക്കുന്നതും സാധാരണയാണ്. "നീളമുള്ള ചേലമാറത്തുകയറ്റി ഉടുക്കുന്ന രീതിയാണ് സ്ത്രീകൾക്കുള്ളത്. അരമുണ്ടും മാർമുണ്ടും അതുതന്നെ. ബ്ലൗസ് ധരിക്കാറില്ല. മുട്ടുവരെയെത്തുന്ന കച്ചതുവർത്തോ, മുണ്ടോ ആണ് പുരുഷന്മാരുടെ വേഷം. പുതിയതലമുറ ആധുനികരീതിയിലുള്ള വേഷവിധാനങ്ങൾ സ്വീകരിച്ചുകഴിഞ്ഞു."[45] (അനുബന്ധം. പേജ് 225 കാണുക)

പരിഷ്കാരങ്ങളുടെ സ്വാധീനം ആദിവാസികളുടെ വേഷവിധാനത്തിൽ വളരെയേറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സ്ത്രീകൾ പ്രത്യേകിച്ച് യുവതികൾ ബ്ലൗസിടാനും പിന്നീട് പരിഷ്കാരത്തിന്റെ ലക്ഷണങ്ങളായ സാരി, ചുരിദാർ, മാക്സി എന്നിവയും പതിവായി ഉപയോഗിക്കാനും തുടങ്ങിയിട്ടുണ്ട്. പുരുഷന്മാർ ഷർട്ടും ക്രമേണ പാന്റ്സ് പോലുള്ള പരിഷ്കൃതവേഷങ്ങളും സ്വീകരിച്ചു. ഇതോടെ ആദിവാസികൾ അർദ്ധനഗ്നരാണെന്ന സങ്കൽപം തന്നെ ഇല്ലാതായിരിക്കുകയാണ്.

**1.5. ഭക്ഷണരീതി**

കാനനവാസികളായ ആദിവാസികൾ വന്യജീവികളെ നായാടി ജീവിച്ചിരുന്നതിനാൽ മാംസഭുക്കുകളായത് സ്വഭാവികം. വേട്ടയാടി പിടിക്കുന്ന എലി, അണ്ണാൻ,

കുരങ്ങ്, മുയൽ, പന്നി എന്നിവയെല്ലാം ഇവർക്ക് പഥ്യാഹാരങ്ങളായി. മാട്ടിറച്ചിയും പോത്തിറച്ചിയും കഴിക്കുന്ന ആദിവാസികളെ (കൊറഗർ, പണിയർ, കുറുമർ) താഴ്ന്നജാതിയിൽപെട്ടവരായാണ് കരുതിയിരുന്നത്. "കാട്ടുനായ്ക്കർക്ക് ഇഷ്ടപ്പെട്ട ഭക്ഷമാണ് ഇറച്ചി. എങ്കിൽ അവർ കുറിച്യരെപ്പോലെയോ, കുറുമരെപ്പോലെയോ വിദഗ്ദ്ധരായ നായാട്ടുകാരല്ല. അവർ സാധാരണയായി ഉപയോഗിച്ചുവരുന്നത് ഒരുതരം മൊട്ടമ്പും വില്ലുമാണ്. കാട്ടുപക്ഷികളെയും മെരു, മാൻ, കാട്ടാട്, പന്നി, കൂരൻ, മുള്ളൻ മുതലായ ചെറുകിട മൃഗങ്ങളെയും നിലം പതിപ്പിക്കാൻ ഈ മൊട്ടമ്പു മതി. കൊയ്ത്തുകാലത്തു ചിലർ കാട്ടിനരികിലുള്ള നെൽവയലുകളിലേക്കിറങ്ങുന്നു. വയൽക്കരകളിലും വരമ്പുകൾക്കിടയിലും തുരന്നുണ്ടാക്കിയ മാളങ്ങളിൽ നെൽക്കതിരുകൾ കട്ട് കടത്തികൊണ്ടുപോകാനായി പതുങ്ങിയിരിക്കുന്ന പെരുച്ചാഴികളാണ് അവരുടെ ലക്ഷ്യം. മാളങ്ങൾ കുത്തിത്തുളച്ച് പെരുച്ചാഴികളെ ജീവനോടെ പിടിക്കുകയും അവിടെ കരുതിവച്ചിട്ടുള്ള നെല്ല് കണ്ടെത്തുകയും ചെയ്യുന്നു അങ്ങനെ പെരുച്ചാഴിനായാട്ടുകൊണ്ടു ഒരേ സമയത്ത് കഞ്ഞിക്കും കൂട്ടാനുമുള്ള വക അവർ നേടുന്നുണ്ട്. പെരുച്ചാഴികളെ ചുട്ടുതിന്നുന്ന പതിവ്കൂടിയുണ്ട്."[46]

കൃഷിചെയ്ത് ജീവിക്കാൻ ആരംഭിച്ചതോടെ മുത്താറി, തിന, ചാമ, നെല്ല് തുടങ്ങിയവ പ്രധാനഭക്ഷണമാക്കി. മുളയരികൊണ്ടുണ്ടാക്കുന്ന കഞ്ഞിയും പലഹാരങ്ങളും, മീനും, ഇറച്ചിയും, വിവിധതരം ചീരകൾ കൊണ്ടുണ്ടാക്കുന്ന ഇലക്കറികൾ, നൂറ കിഴങ്ങ്, കൂവക്കിഴങ്ങ്, നാരക്കിഴങ്ങ് തുടങ്ങിയ കാട്ടുകിഴങ്ങുകളും ആദിവാസികളുടെ പ്രധാന ഭക്ഷണങ്ങളാണ്. അത്തിപ്പഴം, ഞാവൽപ്പഴം, മാങ്ങ, പേരയ്ക്ക തുടങ്ങിയ പഴവർഗ്ഗങ്ങളും ഇവർ കഴിച്ചിരുന്നു. ഇപ്പോൾ കാട്ടുവിഭവങ്ങളുടെ ലഭ്യത കുറഞ്ഞതോടെ അങ്ങാടിയിൽ നിന്നും വാങ്ങുന്ന പഴവർഗ്ഗങ്ങളും, കപ്പ, ചേമ്പ്, ചേന തുടങ്ങിയവയുമാണ് ഇവർ പ്രധാനമായി ഭക്ഷണത്തിന് ഉപയോഗിക്കുന്നത്. അരിയും ഗോതമ്പും കൂടുതൽ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. "ഊരാളികൾ തികച്ചും വനവാസികളായിരുന്നു. പഴയകാലത്ത് ചണ്ണക്ക, പനംപൊടി, തേൻ, കാട്ടുകിഴങ്ങുകൾ മുതലായവയായിരുന്നു ആഹാരമായി ഉപയോഗിച്ചിരുന്നത്. നായ്ക്കളുടെ സഹായത്തോടെ കൂരൻ, ഉടുമ്പ്, അളുങ്ക് തുടങ്ങിയ ചെറുമൃഗങ്ങളെയും വേട്ടയാടി പിടിച്ചു ചുട്ടുതിന്നിരുന്നു. ഇവരുടെ പഴയകാല ആഹാരരീതിക്ക് കാര്യമായ മാറ്റമാണ് ഉണ്ടായിട്ടുള്ളത്."[47]

## 1.6. തൊഴിൽ

കാട്ടിലും മേട്ടിലും അലഞ്ഞുനടന്ന് വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം കഴിച്ചിരുന്ന ആദിവാസികൾ പിന്നീട് സ്ഥിരതാമസരീതി തുടങ്ങിയതോടെയാണ് കൃഷിചെയ്യാൻ ആരംഭിച്ചത്. ആദിവാസികളുടെ പ്രധാനകൃഷിയായിരുന്നു പുനം. ഒരു മണ്ണിൽ ഒരു തവണ മാത്രം കൃഷിചെയ്യുന്ന രീതിയാണിത്. അടുത്ത തവണ മറ്റൊരു സ്ഥലമാണ് കൃഷിക്ക് തിരഞ്ഞെടുക്കുക നെല്ല്, മുത്താറി, തിന, ചാമ, കടുക് എന്നിവയായിരുന്നു പ്രധാനവിളകൾ. കാലക്രമത്തിൽ കൃഷിഭൂമികളിൽ ജന്മിമാർ ആധിപത്യം സ്ഥാപിച്ചതോടെ ആദിവാസികൾ വെറും കൃഷിപ്പണിക്കാരും കൃഷിയ്ക്ക് കാവൽകിടക്കുന്നവരും വയലുകളിൽ കഠിനമായി അദ്ധ്വാനിക്കുന്നവരും  മാത്രമായി മാറി. കൃഷിയിടത്തിനു സമീപത്തെ ഉയരംകൂടിയ മരത്തിൽ കെട്ടിയുണ്ടാക്കിയ ഏറുമാടത്തിൽ രാപ്പകൽ കാവൽ കിടക്കുകയും അവരുടെ പ്രധാന ജോലിയായിരുന്നു.

കൃഷിപ്പണിയിലെ നഷ്ടങ്ങളും സർക്കാരിന്റെ വനനയങ്ങളും ജന്മി-കുടിയാൻ വ്യവസ്ഥകളും കാരണം തൊഴിൽ നഷ്ടപ്പെട്ട ആദിവാസികളിൽ മിക്കവരും കാട് വെട്ടിതെളിക്കാനും ദൂരദേശങ്ങളിൽ തോട്ടം പണിയ്ക്കും പോയിരുന്നു. ഊരാളിക്കുറുമർ നല്ല ആനപ്പാപ്പാന്മാരായാണ് അറിയപ്പെടുന്നത്. വാരിക്കുഴിയിൽ വീഴുന്ന കാട്ടാനകളെ വടംകെട്ടി കരയിൽ എത്തിക്കാനും മെരുക്കാനും ഇവർ സമർത്ഥരാണ്. ഇപ്പോൾ മരംവെട്ട്, വിറക്ശേഖരണം, തേൻശേഖരിക്കൽ, വയലുകളിൽ കൃഷിപ്പണി, വേലികെട്ട്, റോഡ്പണി, പറമ്പുകൾ കൊത്തികിളയ്ക്കൽ എന്നിവയാണ് ആദിവാസികൾ ഏർപ്പെടുന്ന പ്രധാനതൊഴിലുകൾ, വിദ്യാഭ്യാസം സിദ്ധിച്ച യുവതലമുറയിൽപ്പെട്ട ചിലർ സർക്കാർ ജോലികളിലും കയറിപ്പറ്റിയിട്ടുണ്ട്.

## 1.7. വിദ്യാഭ്യാസം

ലിപി ഇല്ലാത്തതിനാൽ മാതൃഭാഷയിൽ വിദ്യാഭ്യാസം നടത്താൻ ആദിവാസികൾക്ക് കഴിഞ്ഞിരുന്നില്ല. പരമ്പരാഗത തൊഴിലുകളിൽ മാതാപിതാക്കളെ സഹായിച്ചിരുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ അവർ താൽപര്യം കാണിച്ചിരുന്നുമില്ല. എന്നാൽ ജന്മിമാരും കച്ചവടക്കാരും കുടിയേറ്റക്കാരുമെല്ലാം തങ്ങളെ പലതരത്തിൽ ചൂഷണം ചെയ്യുകയാണെന്ന തിരിച്ചറിവിൽ അതിൽ നിന്ന് രക്ഷ നേടുന്നതിന് പുതുതലമുറയെങ്കിലും അക്ഷരം പഠിക്കണമെന്ന മോഹം

ആദിവാസികൾക്കിടയിൽ ഉണ്ടാക്കാൻ സാമൂഹ്യപ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും ശ്രമങ്ങൾക്കായി. ആദിവാസിക്ഷേമത്തിന്റെ ഭാഗമായി സർക്കാർ വിവിധ സ്ഥലങ്ങളിൽ അവർക്ക് പ്രത്യേകം വിദ്യാലയങ്ങളും ഹോസ്റ്റൽ സൗകര്യങ്ങളോടു കൂടിയ സ്കൂളുകളും ആരംഭിച്ചു. ആദിവാസികളെ സാക്ഷരരാക്കുന്നതിൽ ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനവും സഹായിച്ചിട്ടുണ്ട്. മലയാള മാധ്യമത്തിൽ തന്നെ ആദിവാസികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള സർക്കാരിന്റെ പദ്ധതികളും സാക്ഷരതാപ്രവർത്തനങ്ങളും ഇവരുടെ ജീവിതത്തിൽ ഏറെ വിപ്ലവം സൃഷ്ടിച്ചു.

അക്ഷര പഠനത്തിലൂടെയും ചർച്ചാക്ലാസുകളിലൂടെയും ആദിവാസികൾ ലോകത്തെക്കുറിച്ച് പുതിയകാഴ്ചപാടുള്ളവരാകുകയായിരുന്നു. അന്ധവിശ്വാസങ്ങളേക്കാൾ ജീവിതയാഥാർത്ഥ്യങ്ങളും ശാസ്ത്രനേട്ടങ്ങളും വിശ്വസിക്കാൻ അവർ തയ്യാറായി. ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനും അതിനുവേണ്ടി സംഘടിക്കാനും അവരെ പ്രാപ്തരാക്കി. തങ്ങളുടെ അജ്ഞതയെ മുതലെടുക്കുന്ന വ്യവസ്ഥിതികൾക്കെതിരെ ശബ്ദമുയർത്താൻ അവർക്കായി. ശുചിത്വപരിപാലനത്തിലൂടെ ആരോഗ്യസാഹചര്യങ്ങൾ സൃഷ്ടിക്കേണ്ട ആവശ്യകത, മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം എന്നിവയുടെ ദൂഷ്യവശങ്ങൾ തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കാനും അതിനനുസരിച്ച് ജീവിതരീതിയിൽ ഏറെക്കുറെ മാറ്റങ്ങൾ നടപ്പാക്കാനും ആദിവാസികൾക്ക് കഴിഞ്ഞിട്ടുണ്ട്.

"വിദ്യാഭ്യാസപരമായി ഇവർ പിന്നിലാണ്. ഇപ്പോഴത്തെ തലമുറയിൽ ഒരുവിഭാഗം വിദ്യാഭ്യാസം ചെയ്യുന്നുണ്ട്. ടി.ടി.സി. പാസായ ഒരുയുവാവ് കുരിയാർകുട്ടി കോളനിയിലുണ്ട്. അപ്പർ പ്രൈമറി തലം തൊട്ട് പഠിക്കുവാൻ ഇവർക്ക് നെന്മാറ, ചിറ്റൂർ, ആലത്തൂർ തുടങ്ങിയ വളരെ അകലങ്ങളിലുള്ള സ്ഥലങ്ങളിൽപോകണം അതുകൊണ്ടുതന്നെ മിക്ക കുട്ടികളും പ്രൈമറി തലം കൊണ്ട് വിദ്യാഭ്യാസം നിർത്തുന്നു. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ വാച്ചർ, ഗാർഡ് തുടങ്ങിയ തസ്തികകളിൽ ഇവരുടെ ഇടയിൽ നിന്നുള്ളവർ ജോലി ചെയ്യുന്നുണ്ട്."[48]

ആദിവാസി സമൂഹത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി സർക്കാർ ആരംഭിച്ച ട്രൈബൽ സ്കൂളുകൾ അവരെ ഉദ്ധരിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. പഠനത്തിന് സർക്കാർ ഗ്രാന്റും സൗജന്യ ഭക്ഷണവും താമസസൗകര്യവും ലഭിക്കുന്നത് ആദിവാസികളെ സംബന്ധിച്ച് വലിയൊരു അ

നുഗ്രഹമാണ്. വിദ്യാഭ്യാസസൗകര്യങ്ങൾ വ്യാപകമായതോടെ ആദിവാസി വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസ രംഗത്തേക്ക് കടന്നുവരാനും അതു വഴി മത്സരപരീക്ഷകളിലും മറ്റും കഴിവ് തെളിയിച്ച് സർക്കാർ ജോലിയിൽ പ്രവേശിക്കാനും ഇന്ന് അവസരമുണ്ട്. തൊഴിൽ മേഖലയിൽ ഇവർക്കായി പ്രത്യേകം സംവരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

കാട്ടിനുള്ളിലും മലഞ്ചെരിവുകളിലും പ്രാകൃതജീവിതം നയിച്ചിരുന്ന ആദിവാസികളെ മുഖ്യധാരയിലേക്ക്  കൊണ്ടുവരാനുള്ള സർക്കാരിന്റെയും സന്നദ്ധസംഘടനകളുടെയും പ്രവർത്തനങ്ങൾ വലിയൊരു വഴിത്തിരിവിലാണ്. വനത്തെ ആശ്രയിച്ചുകഴിഞ്ഞിരുന്ന ആദിവാസികൾ സ്വന്തം ആവാസസ്ഥലങ്ങളിൽ നിന്നു കുടിയിറക്കപ്പെടുകയും പഴയ ഉപജീവനമാർഗ്ഗം നഷ്ടപ്പെടുകയും ചെയ്തതോടെ നിലനിൽപ്പിനുള്ള പുതിയ മേഖലകൾ തേടുകയാണ്. സ്വന്തം സമുദായത്തിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ജീവിതപുരോഗതിക്ക് തടസമാകുകയും മറ്റു വിഭാഗങ്ങളിൽ നിന്നും  അകന്നുകഴിയുകയും ചെയ്ത ആദിവാസികൾ കാലക്രമത്തിൽ പുറം ലോകവുമായി ഇടപഴകിയത് അവരുടെ സംസ്കാരിക ജീവിതത്തിൽ ഏറെ മാറ്റങ്ങൾ ഉണ്ടാവാൻ കാരണമായി.

ആദിവാസികൾ മുഖ്യധാരയിലേക്ക് കടന്നുവന്നതിനു മൂന്നു കാരണങ്ങൾ കല്പിക്കാവുന്നതാണ്

1. കാലങ്ങളായി സ്വന്തമെന്നുകരുതി കൃഷിചെയ്തിരുന്ന ഭൂമിയിൽ പുറം നാട്ടുകാർ കുടിയേറ്റക്കാരായി വന്നത്.

2. പരമ്പരാഗതമായ തൊഴിൽ നഷ്ടമായതോടെ ഉപജീവനത്തിന് പുറത്ത് പോയി ജോലിചെയ്യാൻ നിർബന്ധിതരായത്.

3. സർക്കാരിന്റെയും സന്നദ്ധസംഘടനകളുടേയും ക്ഷേമപദ്ധതികൾ, വിദ്യാഭ്യാസം, അവകാശ സമരങ്ങൾ തുടങ്ങിയവയുടെ പ്രേരണ.

ആദിവാസിക്ഷേമപദ്ധതികൾ നടപ്പിലാക്കാനായി അവരോടൊപ്പം കാട്ടിൽ കഴിഞ്ഞ ചിലസർക്കാരുദ്യോഗസ്ഥരും സംഘടനാപ്രവർത്തകരുമാണ് അറിയപ്പെടാതെ കഴിഞ്ഞിരുന്ന ആദിവാസി സമൂഹത്തെ ആദ്യം പുറം ലോകത്തിനു പരിചയപ്പെടുത്തിയത്. ആദിവാസികളെക്കുറിച്ചുള്ള പഠനങ്ങൾ, ലേഖനങ്ങൾ, കഥകൾ, നോവലുകൾ എന്നിവയെല്ലാം ആധുനികലോകത്തിന് പുതിയൊരു മനു

ഷ്യസമുദായത്തെക്കുറിച്ചുള്ള വിസ്മയകരമായ അറിവുകൾ പകർന്നു നൽകി.

ആദിവാസി സമൂഹത്തിന്റെ സവിശേഷതകൾ ലോകത്തിനുപരിചയപ്പെടുത്തി കൊടുക്കുന്ന വിശിഷ്ട ഘടകങ്ങളാണ് സാഹിത്യരചനകൾ. പ്രകൃതിയോടും കാലത്തോടും പടവെട്ടി തളരുകയും പുതിയൊരു ജീവിതത്തിനായി മോഹിക്കുകയും ചെയ്യുന്ന ആദിവാസി വിഭാഗങ്ങളെ സമുദ്ധരിക്കുക എന്ന ദൗത്യം സാഹിത്യരചനകളിൽ നിർവഹിക്കപ്പെടുന്നതായി സൂക്ഷ്മവിശകലനത്തിലൂടെ ബോധ്യപ്പെടുന്നതാണ്. വ്യത്യസ്തസംഘടനകളിലും, രാഷ്ട്രീയപാർട്ടികളിലും അണിചേർന്ന് അവകാശസംരക്ഷണത്തിനായി സമരം ചെയ്യുന്ന ആദിവാസികൾക്ക് ജനങ്ങളുടെ പിൻബലവും സഹതാപവും നേടികൊടുക്കാൻ, അവകാശങ്ങളെക്കുറിച്ച് ബോധമുണ്ടാക്കാൻ ഇത്തരം സാഹിത്യരചനകൾക്ക് കഴിഞ്ഞിട്ടുണ്ട്.

# കുറിപ്പുകൾ

1. The Tribal world, Verrier Elwin, P-298 Oxford University Press,
2. കേരള ചരിത്രം (വോള്യം-II) പു. 819 കേരള ഹിസ്റ്ററി അസോസിയേഷൻ,
3. കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്കാരവും. ഡോ. സീലിയ തോമസ് പെരുമ്പനാനി. പു. 13, കറന്റ് ബുക്സ് കോട്ടയം 2005.
4. ആദിവാസികളുടെ ലോകം വനവാസികൾ. സി. കെ. കരുണാകരൻ. പു. 06. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 2007.
5. കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ. ഡോ. പി. ജി. പദ്മിനി. പു. 26. അകം സമിതി, തലശ്ശേരി 2001.
6. കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ. ഡോ. പി. ജി. പദ്മിനി. പു. 51.
7. കേരളത്തിലെ ആഫ്രിക്ക. കെ. പാനൂർ. പു. 40. ടൂറിങ്ങ് ബുക്സ്റ്റാൾ കോഴിക്കോട്. 1986.
8. കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ. ഡോ. പി. ജി. പദ്മിനി. പു. 29.
9. കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ. ഡോ. പി. ജി. പദ്മിനി. പു. 23.
10. കേരളത്തിലെ ആഫ്രിക്ക. കെ. പാനൂർ. പു. 18-20.
11. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 55. ഡി. സി. ബുക്സ്, കോട്ടയം 2003.
12. അന്യാധീനപ്പെടുന്ന ഭൂമി, ആദിവാസി ഭൂമി പ്രശ്നത്തിന്റെ ചരിത്രവും രാഷ്ട്രീയവും. പി. കെ. പ്രകാശ്. പുറം 26, പാപ്പിയോൺ, കോഴിക്കോട് 2002.
13. എന്റെ ഹൃദയത്തിലെ ആദിവാസി. കെ. പാനൂർ. പു. 17. കറന്റ് ബുക്സ്, കോട്ടയം 2005.
14. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 55.
15. ചോലനായ്ക്കരും കാക്കപ്പൂക്കളും, ശ്രീനാരായണൻ മാവൂർ. പു. 55, കറന്റ് ബുക്സ്, കോട്ടയം 1992.

16. കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ. ഡോ. പി. ജി. പദ്മിനി. പു. 88, 89.

17. ചോലനായ്ക്കരും കാക്കപ്പൂക്കളും, ശ്രീനാരായണൻ മാവൂർ. പു. 83

18. ചോലനായ്ക്കരും കാക്കപ്പൂക്കളും, ശ്രീനാരായണൻ മാവൂർ. പു. 18, 30.

19. കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്കാരവും. ഡോ. സീലിയ തോമസ് പെരുമ്പനാനി. പു. 19.

20. കേരളത്തിലെ ആഫ്രിക്ക. കെ. പാനൂർ. പു. 51.

21. ചോലനായ്ക്കരും കാക്കപ്പൂക്കളും, ശ്രീനാരായണൻ മാവൂർ. പു. 14.

22. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 29.

23. കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ. ഡോ. പി. ജി. പദ്മിനി. പു. 84.

24. അടിയാന്മാരിൽ നിന്ന് നേരിട്ട് ശേഖരിച്ച വിവരങ്ങൾ.

25. ചോലനായ്ക്കരും കാക്കപ്പൂക്കളും, ശ്രീനാരായണൻ മാവൂർ. പു. 16, 17.

26. കേരളത്തിലെ ആഫ്രിക്ക. കെ. പാനൂർ. പു. 27, 28.

27. കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ. ഡോ. പി. ജി. പദ്മിനി. പു. 69

28. കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്കാരവും. ഡോ. സീലിയ തോമസ് പെരുമ്പനാനി. പു. 19.

29. മലയാള മനോരമ ആഴ്ചപ്പതിപ്പ്. സി. കെ. ജാനുവുമായി അഭിമുഖം ജനുവരി 29, 2005.

30. കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ. ഡോ. പി. ജി. പദ്മിനി. പു. 79.

31. ആദിവാസികളും ആദിവാസി ഭാഷകളും. കെ. വേലപ്പൻ. പു. 33. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1994.

32. വയനാട് രേഖകൾ. ഒ. കെ. ജോണി. പു. 36. പാപ്പിയോൺ, കോഴിക്കോട് 2001.

33. കേരളത്തിലെ ആഫ്രിക്ക. കെ. പാനൂർ. പു. 22, 23.

34. മലകൾ, താഴ്വരകൾ, മനുഷ്യർ. കെ. പാനൂർ. പു. 38. നാഷണൽ ബുക്സ്റ്റാൾ കോട്ടയം 1971.

35. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 29.

36. കേരളത്തിലെ ആഫ്രിക്ക. കെ. പാനൂർ. പു. 22.

37. കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്കാരവും. ഡോ. സീലിയ തോമസ് പെരുമ്പനാനി. പു. 21, 22.

38. ആദിവാസികളുടെ ലോകം വനവാസികൾ. സി. കെ. കരുണാകരൻ. പു. 58.

39. ആദിവാസി മൂപ്പൻ പി. കെ. കാളനിൽ നിന്നും നേരിട്ട് ശേഖരിച്ചത്.

40. കേരളത്തിലെ ആഫ്രിക്ക. കെ. പാനൂർ. പു. 16.

41. ആദിവാസി ഭാഷകൾ. ഡോ. എൻ. ജി. ജോഷി. ഗോത്രസ്മൃതി.

42. കേരളത്തിലെ ആഫ്രിക്ക. കെ. പാനൂർ. പു. 14.

43. വയനാട് രേഖകൾ. ഒ. കെ. ജോണി. പു. 134.

44. ആദിവാസികളുടെ ലോകം വനവാസികൾ. സി. കെ. കരുണാകരൻ. പു. 19.

45. കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്കാരവും. ഡോ. സീലിയ തോമസ് പെരുമ്പനാനി. പു. 37.

46. കേരളത്തിലെ ആഫ്രിക്ക. കെ. പാനൂർ. പു. 107, 108.

47. ആദിവാസികളുടെ ലോകം വനവാസികൾ. സി. കെ. കരുണാകരൻ. പു. 52.

48. ആദിവാസികളുടെ ലോകം വനവാസികൾ. സി. കെ. കരുണാകരൻ. പു. 64.

അധ്യായം രണ്ട്

# ആദിവാസികളുടെ സമുദ്ധാരണം വത്സലയുടെ നോവലുകളിൽ

ആദിവാസികളുടെ ജീവിതവും സംസ്കാരവും രചനയ്ക്ക് വിഷയമാക്കിയ മലയാള നോവലിസ്റ്റുകളിൽ പ്രമുഖസ്ഥാനത്ത് നിൽക്കുന്നത് പി. വത്സലയാണ്. അവരുടെ *നെല്ല്* (1972), *ആഗ്നേയം* (1974), *കൂമൻകൊല്ലി* (1984) എന്നീ നോവലുകൾ ആദിവാസികളുടെ ജീവിതം അടുത്തറിഞ്ഞ് എഴുതപ്പെട്ടവയാണ്. പേമ്പി, മണ്ണ്, കണ്ണാമന്റെ പോത്തുകൾ, പംഗുരു പുഷ്പത്തിന്റെ തേൻ, ധവള വിപ്ലവം, ശത്രു തുടങ്ങിയ കഥകളിലും പി. വത്സല ആദിവാസികളുടെ ജീവിതം വിഷയമാക്കുന്നുണ്ട്.

"വത്സലയുടെ നോവലുകളിലൊന്നും യഥാർത്ഥ ആദിവാസി ജീവിതമല്ല കാണാൻ കഴിയുകയെന്നും ആദിവാസികളെ കുറിച്ച് ഒരു വിവരവുമില്ലാത്തവരാണ് അവരെക്കുറിച്ച് എഴുതിയതെന്നു"[1] മുള്ള ആരോപണം ഉണ്ടെങ്കിലും "വയനാട്ടിലെ ആദിവാസികളെയും അവരുടെ ജീവിതരീതികളെയും മനസ്സിലാക്കി അവ സാഹിത്യസൃഷ്ടിക്ക് ഇണങ്ങുന്ന നിലയിൽ അവതരിപ്പിക്കുകയായിരുന്നു"[2]വെന്ന് വത്സലതന്നെ പറഞ്ഞിട്ടുണ്ട്. ദീർഘനാളത്തെ അടുപ്പവും സഹവാസവും കൊണ്ട് ബോധ്യപ്പെട്ട കാര്യങ്ങൾ നോവലുകളിലൂടെ അവതരിപ്പിക്കുകയാണ് അവർ ചെയ്തത്. പക്ഷേ ഈ വക അനുഭവങ്ങളെ അതേമട്ടിൽ പകർത്തിവയ്ക്കുകയല്ല അവർ ചെയ്തത്. ആദിവാസി ജീവിതത്തെ കലാശില്പത്തിനിണങ്ങുന്ന രീതിയിലാണ് അവർ അവതരിപ്പിച്ചിട്ടുള്ളത്.

ആദിവാസികളുടെ പരമ്പരാഗത ആചാരാനുഷ്ഠാനങ്ങളെയും ദുരിതപൂരിതമായ ജീവിതത്തെയും *നെല്ല്, ആഗ്നേയം, കൂമൻകൊല്ലി* എന്നീ നോവലുകളിൽ പി. വത്സല അനുഭവതീവ്രതയോടെ ചിത്രീകരിക്കുന്നു. ഈ മൂന്നു നോവലുകൾക്കും പശ്ചാത്തലമായി കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ള ജില്ലയായ വയനാടിനെ തിരഞ്ഞെടുത്തത് യാദൃച്ഛികമല്ല. "വയനാട്ടിലെ കണി

യാമ്പറ്റയിൽ എസ്റ്റേറ്റ് ഉണ്ടായിരുന്ന അച്ഛനിൽ നിന്നു ചെറുപ്പം മുതലേ ആദി വാസികളെക്കുറിച്ചു കേട്ടറിഞ്ഞിരുന്നു. പിന്നീട് പലപ്പോഴായി വയനാട്ടിൽ പോയ പ്പോൾ ആദിവാസികളെ നേരിൽ കാണാനും അവരുടെ സവിശേഷ സംസ്കാ രവും ജീവിതരീതികളും കണ്ടു മനസ്സിലാക്കാനും അവസരം ലഭിച്ചു. അവരുടെ പ്രാകൃതമായ ആചാരാനുഷ്ഠാനങ്ങൾ നേരിട്ടു കണ്ടറിയുകയും അവരുടെ വിവാ ഹം, മരണം തുടങ്ങിയ ചടങ്ങുകളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. നരവം ശശാസ്ത്രത്തിൽ പണ്ടേ തൽപ്പരയായതിനാൽ ആദിവാസികളുടെ സംസ്കാരവും ജീവിതരീതികളും വിശദമായി കണ്ടും കേട്ടും പഠിക്കാനായി."[3] എന്നാണ് നോവൽ രചനയുടെ പ്രചോദനങ്ങളെ വൽസല വിവരിച്ചത്.

കെ. പാനൂർ, വയലേരി കുമാരൻ, കരുണാകരൻ പി.എ., കെ. വേലപ്പൻ തുടങ്ങി ഒട്ടേറെ പേരുടെ പഠനഗ്രന്ഥങ്ങളിലൂടെ ആദിവാസികളുടെ ജീവിതവും സംസ്കാ രവും പുറംലോകം അറിഞ്ഞിരുന്നുവെങ്കിലും വായനക്കാരെ കൂടുതലായി ആകർഷിക്കുന്ന നോവലുകളിലൂടെ വത്സല ആദിവാസികളെ അവതരിപ്പിച്ചപ്പോ ഴാണ് കാടിന്റെ മക്കളും അവരുടെ വിസ്മയജനകമായ കഥകളും ഏറെ ശ്രദ്ധേ യമായത്. "മുഖ്യധാരാ സമൂഹത്തിൽ എത്തിപ്പെടാൻ കഴിയാതെ വനത്തിൽ തന്നെ കഴിയേണ്ടിവന്ന ഒരു മനുഷ്യവർഗ്ഗം ഉണ്ടെന്നു കണ്ടെത്തി അവരെ പരി ഷ്കൃത ലോകത്തിനു മുന്നിൽ അവതരിപ്പിക്കുകയായിരുന്നു ഉദ്ദേശ്യം. ഇക്കാര്യ ങ്ങൾ വായനക്കാരെ ബോധ്യപ്പെടുത്താനും ആദിവാസികളെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനും മറ്റുള്ളവർക്ക് പ്രചോദനമാകുന്നതിനുമാണ് തന്റെ രചനക ളിൽ ശ്രമിച്ചിട്ടുള്ളതെന്നു"[4] നോവലിസ്റ്റ് പറയുന്നു. നോവലുകളിലെ കഥാപാ ത്രങ്ങളെല്ലാം അവർക്ക് പരിചിതമാണ്. ആദിവാസികളുമായുള്ള ഇടപഴകലിലാണ് അവരെ കണ്ടെത്തിയത്. അവരെയും അവർ ഉൾപ്പെട്ട സമുദായത്തെയും പുറമെ നിന്നു നോക്കികാണുകയും സത്യസന്ധമായി നോവലിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുള്ളത്. മറ്റു സംസ്കൃതികളിൽ നിന്ന് തികച്ചും ഒറ്റപ്പെട്ടു കഴിഞ്ഞി രുന്ന അവർക്കിടയിൽ കുടിയേറ്റക്കാരുടെയും മിഷനറിമാരുടെയും പ്രവർത്തനങ്ങളും വിദ്യാഭ്യാസ പദ്ധതികളും സർക്കാറിന്റെ ക്ഷേമപ്രവർത്തന ങ്ങളും ഏറെ മാറ്റങ്ങൾ ഉണ്ടാക്കി.

## 2.1. നെല്ല്

വയനാട് ജില്ലയിലെ തിരുനെല്ലിയിൽ കാടുകളിലും മലഞ്ചെരുവുകളിലും കഴിയുന്ന അടിയാൻമാരെന്ന ആദിവാസി വിഭാഗത്തിന്റെ ജീവിതമാണ് പി. വത്സല *'നെല്ല്'* എന്ന നോവലിൽ ചിത്രീകരിക്കുന്നത്. വർഷങ്ങളായി പുറംലോകമറിയാതെ, അടിമകളെപ്പോലെ കഴിഞ്ഞ അടിയാന്മാരുടെ ദുരിതപൂർണമായ ജീവിതവും അവരുടെ സംസ്കാരവിശേഷങ്ങളും അനാവരണം ചെയ്ത നെല്ല് മലയാള നോവൽ സാഹിത്യത്തിൽ വലിയൊരു വിപ്ലവത്തിനു വഴിയൊരുക്കി. മലയാള നോവൽ സാഹിത്യത്തിൽ ആദിവാസികളുടെ ജീവിതം ആദ്യമായി വിഷയമാക്കിയതും വത്സലയായിരുന്നു. സാഹിത്യഭാഷയിൽ വത്സല ആദിവാസികളുടെ ജീവിതം ആവിഷ്ക്കരിച്ചപ്പോൾ അവരെക്കുറിച്ചുള്ള ഒട്ടേറെ പുതിയ അറിവുകളും അവരുടെ ആചാരാനുഷ്ഠാനങ്ങളിലെ അപൂർവ്വതകളും വായനക്കാർക്ക് തുറന്നുകിട്ടി. പ്രകൃതിയോട് സമരസപ്പെട്ട കഴിഞ്ഞിരുന്ന അടിയാന്മാരെ മേലാളർ അടിമകളാക്കുകയും കുടിയേറ്റക്കാരുടെ നിരന്തരമായ ചൂഷണങ്ങിലൂടെ ആദിവാസികൾ സ്വന്തം ഭൂമിയിൽ അന്യരാകുകയും ചെയ്ത കഥയാണ് വത്സല നെല്ലിൽ പറയുന്നത്.

“നമ്മളെ ചെറുപ്പത്തില് കുടീലൊന്നും വെളക്കൊന്നും കത്തിക്കൂല. ഇരുട്ടു തന്നെ ഇരുട്ട്. കത്തിക്കാൻ വെളുക്കേ ഉണ്ടായിരുന്നില്ല. വെളക്ക്, മണ്ണെണ്ണ ഇതൊന്നുമില്ല. തീപ്പെട്ടി കണ്ടിട്ടേയില്ല. അടുപ്പ് കത്തിക്കാൻ തീക്കനല് കെടാതെ വക്കും. കനല് കത്തി കനല് കത്തി അതങ്ങനെ നിക്കും... ഇരുട്ടും വെളിച്ചവും കെട്ട നേരത്ത് എല്ലാവരും കൂടി മിറ്റത്തിരിക്കും. പുകയില തിന്നുന്നവർ അതു തിന്നും. കാടിന്റെ കൂറ്റ് കേട്ട് കൊറെ സമയം അങ്ങനെ ഇരിക്കും. അതല്ലെങ്കിൽ വിറക് കൂട്ടി തീയിടും. അതില് കാട്ടുകെഴങ്ങിട്ട് ചുട്ട് തിന്നും. കിഴങ്ങ് പച്ചയ്ക്കും തിന്നും.”[5] പി. വത്സല നെല്ല് എന്ന നോവലിൽ ചിത്രീകരിക്കുന്ന അടിയാൻ എന്ന ആദിവാസി സമൂഹത്തിൽ നിന്നും വളർന്നു അവരുടെ സംഘടനാ നേതാവായി മാറിയ സി.കെ. ജാനുവിന്റെ ജീവിതാനുഭവവും തന്റെ ബാല്യകാലത്തെ പ്രാകൃതാവസ്ഥയെ സാക്ഷപ്പെടുത്തലുമാണിത്. അത്തരമൊരു പ്രാകൃതാവസ്ഥയിൽ കഴിഞ്ഞിരുന്ന മനുഷ്യസമുദായത്തിന്റെ കഥയാണ് നെല്ലിൽ അനാവൃതമാകുന്നത്.

നെല്ലിലെ കഥാപാത്രമായ മാരയും ഇതേ പോലുള്ള ജീവിതാവസ്ഥയിലായി

രുന്നു. ആചാരം ലംഘിച്ചു തന്നെ വിവാഹം കഴിച്ച മല്ലൻ പണി കഴിഞ്ഞു വരുന്നതും കാത്തിരുന്ന മാരയെ ഇതേ അവസ്ഥയിൽ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. "തന്റെ അടുപ്പു തണുത്തു. എണീറ്റു ചെന്നു പുതിയ വിറകു കഷണങ്ങൾ നീക്കിയിട്ടു. ഒരനക്കവുമില്ല. പുകയില്ല, തീ നിശ്ശേഷം അണഞ്ഞുപോയി. ഇളിച്ചു കാണിക്കുന്ന വെളുത്ത ചാരം ഇളക്കി - ഒരു കനലിന്റെ കണ്ണിൽ വെളിച്ചം. ഊതിയൂതിക്കത്തിച്ചു."[6]

ബാവലിപ്പുഴയുടെ തീരത്തെ ബ്രഹ്മഗിരിയുടെ താഴ്വരയാണ് കഥയുടെ തട്ടകം. മരിച്ചുപോയ അമ്മയുടെ പാപം തീർക്കാൻ പാപനാശിനി തേടി വന്ന മഞ്ചേരിക്കാരൻ രാഘവൻനായർ എന്ന സവർണന്റെ കാഴ്ചപ്പാടുകളിലൂടെ ആദിവാസി ജീവിതത്തിന്റെ ദുരിതങ്ങളും അവരെ ചൂഷണം ചെയ്യുന്ന മേലാളവർഗ്ഗത്തിന്റെ തന്ത്രങ്ങളും നോവലിസ്റ്റ് അവതരിപ്പിക്കുന്നു. മല്ലൻ എന്ന ആദിവാസി യുവാവിന്റെയും രാഘവൻനായരുടെയും വ്യത്യസ്ത ധ്രുവങ്ങളിലുള്ള ജീവിതക്രമങ്ങൾ തിരുനെല്ലിയിലെ ആദിവാസിസമൂഹവും അവരെ അടിമകളാക്കി ചൂഷണം ചെയ്യാൻ ശ്രമിക്കുന്ന മേലാളവർഗ്ഗവും തമ്മിലുള്ള പൊരുത്തക്കേടുകൾ വെളിച്ചത്തു കൊണ്ടുവരുന്നു.

"വത്സലയുടെ കൃതികളിൽ ആദിവാസികൾക്ക് സവർണനായ ഒരു തമ്പുരാനെ കൊണ്ടുവന്നത് അനാവശ്യമാണ്"[7] എന്ന അഭിപ്രായമുണ്ടെങ്കിലും നെല്ലിലെ ആദിവാസി ജീവിതകഥ രാഘവൻനായരെയന്ന 'വെളുത്ത തമ്പ്രാന്റെ' കാഴ്ചപ്പാടുകളിലൂടെയാണ് വളർന്നു വികസിക്കുന്നത്. 'രാഘവൻനായർ എന്ന കഥാപാത്രം സാങ്കല്പികമല്ല. ആദിവാസി ഊരിൽ പരിചയപ്പെട്ട ഒരാളെ കഥാപാത്രമാക്കിയതാണ്. കാട്ടിലും മലയിടുക്കുകളിലും ഒറ്റപ്പെട്ടു താമസിക്കുന്ന ആദിവാസികൾക്ക് സാമൂഹ്യ സമ്പർക്കത്തിനു സഹായിക്കുന്ന ഒരു വ്യക്തിയാണ് അദ്ദേഹം. സാമൂഹിക സമ്പർക്കത്തിലൂടെയാണ് അവരിൽ ബോധവത്ക്കരണവും അവരുടെ ജീവിതരീതികളിൽ മാറ്റങ്ങളും ഉണ്ടാകുന്നത്"[8] എന്ന് പി. വത്സല സാക്ഷ്യപ്പെടുത്തുന്നു.

പാപനാശിനി തേടി വന്നു അവസാനം അമ്പലക്കുന്നു വാര്യത്തെ കാര്യസ്ഥനായി മാറിയ രാഘവൻനായർ ആദിവാസികൾക്കിടയിൽ പ്രത്യക്ഷപ്പെടുന്ന രംഗം - പുറം നാട്ടിലെ മനുഷ്യരെ കാണാതെയും പരിഷ്കാരങ്ങളൊന്നുമറിയാതെയും സ്വന്തമായ ലോകത്ത് ഒതുങ്ങിക്കൂടിയിരുന്ന പ്രാകൃത വർഗ്ഗമായിരുന്നു ആദിവാ

സികളെന്നതിനു തെളിവാണ്. വെളുത്ത ചണ്ടെലിയുടെ മകൾ മാര വഴിയിൽ വച്ചു രാഘവൻനായരെ കാണുന്നത് മറ്റു ആദിവാസികൾ പുറത്തുനിന്നുവരുന്ന ഒരാളെ കാണും മട്ടാണ്. “കടിഞ്ഞാണിട്ടപോലെ നിന്നു. മുമ്പിൽ വഴിമുട്ടിച്ചു നിൽക്കുന്നു. ഒരു മനുഷ്യൻ. തൂ വെള്ള ഷർട്ട്. വെളുത്തുതുടുത്ത മുഖം. തൃശ്ശി ലേരിയിലേ, ഇങ്ങനെ വെളുത്ത വേഷം ധരിച്ച തമ്പുരാക്കന്മാരെ കണ്ടിട്ടുള്ളൂ എന്നു അവളോർത്തു. ദൂരദേശത്തു പഠിക്കാൻ പോയി യോഗ്യന്മാരായി തിരിച്ചു വരുന്ന ചെറിയ തമ്പ്രാക്കൾ. അവരുടെ കറുത്ത മിഴികളിൽ തങ്ങിനിന്ന അത്ഭു തഭാവം രാഘവൻനായരെ രസിപ്പിച്ചു.”[9] “വെള്ളമുണ്ടും കുപ്പായവും ഇട്ട് വരുന്ന ആളുകൾ പോത്തിനെം മൂരിനെം തിന്നുമെന്ന് പറഞ്ഞ് വലിയവര് പേടിപ്പിക്കു മായിരുന്നു. അതുകൊണ്ട് ആരെങ്കിലും നമ്മളെ പ്രദേശത്ത് വന്നാൽ ഓടി കാടി നകത്ത് കേറുമായിരുന്നു.”[10] സി.കെ. ജാനു ജീവിതകഥയിൽ പറയുന്നതും ഇതേ അവസ്ഥ തന്നെ.

“ചെളിയിൽ വീണു മുളച്ച വിത്തുകളെപ്പോലെ കുതിർന്നു ജീർണ്ണിച്ചുപോയ കുറേ മനുഷ്യരുടെ”[11] ഇടയിലേക്ക് കടന്നുവരുന്ന രാഘവൻനായർക്ക് വനാന്തര ങ്ങളിൽ ഒറ്റപ്പെട്ടു ജീവിക്കുന്ന ആദിവാസികളെ സമുദ്ധരിക്കാൻ വേണ്ടി തന്നാൽ കഴിയുന്നതെല്ലാം ചെയ്യണമെന്ന നോവലിസ്റ്റിന്റെ മനോവിചാരമാണ് ഉള്ളതെന്നു പറയാം. “കാടിനുള്ളിൽ അകപ്പെട്ടുപോയ ഈ മനുഷ്യരുടെ മനസ്സുകൾക്ക് എവി ടെയെങ്കിലുമൊരു തുറസ്സു കിട്ടേണ്ടേ”[12] എന്ന രാഘവൻനായരുടെ വിചാരം നോവലിസ്റ്റിന്റേതു തന്നെ. പുൽപ്പായ നെയ്യുന്നതിൽ കവിഞ്ഞു മറ്റൊന്നില്ലെന്നു കരുതുന്ന ദാമുവാര്യരെയും അനാഥയെന്നു സ്വയം തീരുമാനിച്ചു ദുരിതമനുഭ വിക്കുന്ന സാവിത്രി വാരസ്യാരെയും കഷ്ടതകളിൽ നിന്നു കരകയറ്റാമെന്ന ചിന്ത യിലാണ് രാഘവൻനായർ അമ്പലക്കുന്നുവാര്യത്തെ കാര്യസ്ഥനായതെങ്കിലും വാര്യത്തെ കൃഷിയിടങ്ങളിൽ പണിക്കുവരുന്നവരും ചുറ്റുപാടും കുടിൽകെട്ടി താമ സിക്കുന്നവരുമായ ആദിവാസികളുടെ ജീവിത പ്രാരാബ്ധങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കിയ അദ്ദേഹം അവരെക്കൂടി, കഷ്ടതകൾ ഇല്ലാത്ത അവസ്ഥയിലെ ത്തിക്കണമെന്നു ആഗ്രഹിക്കുന്നു. ‘ഇവിടെയൊരു പള്ളിക്കൂടം തുടങ്ങിയാൽ രാഘവൻനായർക്ക് പുണ്യമുണ്ടാവുമെന്ന’ സാവിത്രി വാരസ്യാരുടെ അപേക്ഷ യിൽ മാന്തോപ്പുകളത്തിന്റെ ഉമ്മറത്ത് പള്ളിക്കൂടം തുറന്നു. നാലുപാടുമുള്ള കളങ്ങളിലെ കുട്ടികൾ പഠിക്കാൻ വരാൻ തുടങ്ങി. മൂന്നു മുതൽ പതിനെട്ടു വയ സ്സുവരെ പ്രായമുള്ള കുട്ടികളെ പിടിച്ചിരുത്തി ക, ഖ, ഗ, ഘ പഠിപ്പിക്കാൻ തുട

ങ്ങി. പഠിപ്പിക്കാനിരുന്നവൻ കാര്യസ്ഥനായി, കൃഷിക്കാരനായി വീട്ടുകാരണവർക്കുള്ള എല്ലാ പ്രാരാബ്ധങ്ങളും"[13] അയാൾക്ക് ഏറ്റെടുക്കേണ്ടതായി വന്നു.

വന മധ്യത്തിലൂള്ള ചെറു വൃത്തത്തിനകത്ത് ആദിവാസികളുടെ ജീവിതം കുറ്റിയിൽ കെട്ടിയ പോത്തുകളെപ്പോലെ കറങ്ങുകയാണെന്ന് നോവലിസ്റ്റ് തന്നെ പറയുന്നുണ്ട്. പക്ഷി മൃഗാദികളുടേതിനേക്കാൾ ദയനീയമാകാറുണ്ട് ചിലപ്പോൾ ആദിവാസികളുടെ ജീവിതം. വിശപ്പടക്കാൻ മാർഗ്ഗമില്ലാത്തിടത്ത് മറ്റൊന്നിനും വിലയും ബലവും ഇല്ലാതാകുന്നു. അവർക്ക് നാളെയില്ല. ഇന്നുപോലും ഇല്ല. ഇന്നലെകൾ സ്മരിക്കാൻ പറ്റാത്തവയാണ്. ആർത്തിപിടിച്ച മനുഷ്യൻ, ഭക്ഷണത്തോടും മനുഷ്യസ്നേഹത്തോടും... എല്ലാറ്റിനോടും ആർത്തി. "ഇല്ലായ്മകളിൽ നിന്നു ആരംഭിച്ചു ഇല്ലായ്മകളിൽ അവസാനിക്കുന്ന ജീവിതമാണ് ആദിവാസികൾക്ക്."[14] നോവലിലെ പ്രധാന കഥാപാത്രങ്ങളിലൊന്നായ മല്ലന്റെ ജീവിതം ഇതിനു തെളിവായി വത്സല അവതരിപ്പിക്കുന്നു.

തമ്പുരാന്റെ വയലിൽ രാത്രി കാവൽകിടക്കുന്നതുകൊണ്ടുമാത്രം അവന് ഒരു നേരത്തെ ചോറു കിട്ടുന്നു. നാലുദിവസത്തെ വിശപ്പു സഹിച്ച് രാത്രിയിലെ കൊടും തണുപ്പിൽ തമ്പുരാന്റെ നെന്മണികൾക്ക് കാവൽ കിടക്കുന്ന മല്ലനെ ഒന്നാം അധ്യായത്തിൽ കാണാം. വിശപ്പും തണുപ്പും അലട്ടിക്കൊണ്ടിരിക്കുമ്പോഴും തന്നെ വിശ്വസിച്ച് തമ്പുരാൻ കാവൽ ഏൽപ്പിച്ച വയലിലെ ഒരു മണിപോലും പന്നികൾക്ക് കൊടുക്കുകയില്ലെന്ന വിചാരം, ചെയ്യുന്ന തൊഴിലിനോടുള്ള മല്ലന്റെ ആത്മാർത്ഥത വെളിവാക്കുന്നുണ്ട്. (രാത്രി കാവൽപ്പുരയിൽ മല്ലനെ തേടിയെത്തിയ കുറുമാട്ടി രഹസ്യവേഴ്ചക്ക് പ്രേരിപ്പിക്കുന്നതോടെ വയലിൽ പന്നിയിറങ്ങി വിള നശിപ്പിച്ചതിലുള്ള കുറ്റബോധം അവനെ നാടുവിടാൻ പ്രേരിപ്പിക്കുകയും ചെയ്തു.) അവനെ പ്രതീക്ഷിച്ചിരിക്കുന്ന വീട്ടിൽ മിക്ക ദിവസവും പട്ടിണി തന്നെ. സോപ്പു വാങ്ങാൻ പണം (നെല്ല്) ഇല്ലാത്തതിനാൽ കുളിയ്ക്കാനോ, അലക്കാനോ കഴിയാറില്ല. തുണി നനച്ചാൽ മാറ്റിയുടുക്കാൻ മറ്റൊന്നില്ല. ഇരുട്ടു വീഴും വരെ വയലിൽ അധ്വാനിച്ചിട്ടും വല്ലി (നെല്ലു കൂലി) കിട്ടാതെ വെറുകൈയോടെ പോകേണ്ടിവരുന്ന അടിയരുടെ ദയനീയ രൂപവും മല്ലനിലുണ്ട്.

വെളുത്ത ചുണ്ടെലിയുടെ മകൾ മാര "ചേലയുടെ ഒരറ്റം ദേഹത്തു ചുറ്റി, മറുതല പരന്നപാറപ്പുറത്ത് നീട്ടിവിരിച്ച് ഉണങ്ങാൻ കാത്തുനിൽക്കുന്നതും"[15] വാര്യത്തെ അടിച്ചുതളിക്കാരിയായ അവൾ പുലർന്നന്തിയോളം വേലചെയ്തിട്ട്

വല്ലികിട്ടാതെ വെറുംകൈയോടെ മടങ്ങുന്നതും *നെല്ലിൽ* കാണാം. മല്ലനോടും മാരയോടും കൂടുതൽ അടുപ്പം കാണിക്കുകയും അവരുടെ കഷ്ടതകൾ നേരിട്ടറിയുകയും ചെയ്യുന്ന രാഘവൻനായർ അവരുടെ പ്രാരാബ്ധങ്ങൾക്ക് അറുതിവരുത്താനുള്ള ശ്രമത്തിലാണ് ആദിവാസികളിൽ ഒരു വിഭാഗത്തിന്റെ രക്ഷകനാകുന്നത്. പണിയില്ലാതെ വിഷമിച്ചു കഴിയുന്ന മല്ലന് അപ്പന്റെ മരണശേഷമുള്ള ആദ്യപുല (കാക്കപുല) ദിവസം അവ്വയുടെ (അമ്മ) വെള്ളച്ചേലമാറ്റി പുതിയതു വാങ്ങാനുള്ള പണം നല്കി സഹായിക്കുന്നത് രാഘവൻനായരാണ്.

'നിനക്കു പണി വേണമെങ്കിൽ നാളെ മുതൽക്ക് അമ്പലക്കുന്നിലേക്കു വാ' എന്നു പറഞ്ഞു 'വെളുത്ത തമ്പുരാൻ മടിയിൽ നിന്നു ഒരഞ്ചുറുപ്പികയുടെ നോട്ടെടുത്തു കൊടുക്കുമ്പോൾ അത്ഭുതാദരങ്ങൾകൊണ്ട് മല്ലന്റെ കണ്ണുകൾ അറിയാതെ മിഴിച്ചുപോകുന്നു. 'ഇതുവരെ ഒന്നു കാണുകപോലും ചെയ്തിട്ടില്ലാത്ത ഒരടിയന് തമ്പ്രാൻ തരുന്നത് - അഞ്ചുറുപ്പികയുടെ ഒരു നോട്ട്!' ഇത് വാങ്ങാമോ എന്ന് മല്ലൻ ഒരു നിമിഷം ചിന്തിക്കുന്നു. ഇതിന്റെ പിന്നിലെന്തോ ഇല്ലേ? ഇതും പിശാചിന്റെ പണിയോ? എന്നു മല്ലൻ സംശയിക്കുന്നുണ്ട്.

"കാലങ്ങളായി മേലാളരുടെ അടിമകളായി ജീവിച്ചവർക്ക് പെട്ടെന്നൊരു സുപ്രഭാതത്തിൽ രാഘവൻനായരെപ്പോലുള്ള ഉദാരമനസ്കരെ ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ സദുദ്ദേശ്യങ്ങളെ മറ്റു മേലാളർ ചോദ്യം ചെയ്തു. പണിക്കാരായ ആദിവാസികൾ സംശയദൃഷ്ടിയോടെ കണ്ടതും അതുകൊണ്ടാണ്. രാഘവൻനായരെപോലെയുള്ള ഉൽപ്പതിഷ്ണുക്കളായവരെ മനസ്സിലാക്കാനോ ഉൾക്കൊള്ളാനോ ഉള്ള മാനവിക പശ്ചാത്തലം അക്കാലത്തെ ആദിവാസികൾക്കെന്നല്ല അവിടുത്തെ സവർണർക്കുപോലും ഇല്ലായിരുന്നു."[16] പണിക്കാർക്ക് കൂടുതൽ കൂലി നൽകുന്നതിലും അവരെ അടിമകളെപ്പോലെ മാത്രം കാണാതെ നന്മ ആഗ്രഹിച്ചുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്ന രാഘവൻനായർ ദേശത്തെ മറ്റു മേലാളന്മാരിൽ നിന്നും ഒറ്റപ്പെടാൻ ഇടയായതിനു കാരണവും മറ്റൊന്നല്ല. വയൽപണിക്കുള്ള കൂലി നെല്ലിനു പകരം പണമായി കൊടുക്കാൻ മറ്റു മേലാളർ തീരുമാനിച്ചപ്പോൾ "താൻ അവരുടെ കൂട്ടത്തിൽ കൂടാതെ നെല്ലുതന്നെ കൊടുത്തത് തെറ്റാണെങ്കിൽ അതിന്റെ ഭവിഷ്യത്തനുഭവിക്കാം. കൊല്ലം മുഴുവനും മണ്ണിൽ വേലചെയ്യുന്നതിന് അവർക്കുള്ള അവകാശം. അതു നെല്ലാണ്. അതു തട്ടിയെടുക്കുന്നത് മഹാപാപം. ഈ പാപ

ത്തിൽ തനിക്കു കൈയില്ല."[17] എന്നായിരുന്നു രാഘവൻനായരുടെ നിലപാട്. "വയനാട്ടിലെ കറുത്ത മണ്ണിനോട്, കരാളമായ കാടിനോട്, ആർത്തിയേറിയ വന്യ മൃഗങ്ങളോട് പടവെട്ടി, ചെറുത്തു നിൽക്കാൻ കെൽപ്പുള്ളത് കാട്ടു നിവാസി കൾക്കാണെന്നും അവരില്ലാതെ മേലാളർക്ക് ജീവിക്കാനാവില്ലെന്നുമുള്ള യാഥാർത്ഥ്യം രാഘവൻനായർ മനസ്സിലാക്കിയിരുന്നു."[18]

"ഈ മണ്ണ്, അവളുടെ മാസ്മര ശക്തികൊണ്ടു വരുന്നവരെയൊക്കെ ഇവിടെ പിടിച്ചു നിർത്തുന്നു. മനുഷ്യർ പരസ്പരം പുലർത്തുന്ന ബന്ധത്തേക്കാൾ ശക്തി യേറിയതത്രേ ഇവിടെ മനുഷ്യനും മണ്ണും തമ്മിലുള്ള ബന്ധം. ഇവളെ ആശ്ര യിച്ചു വേണം പെരുകിവരുന്ന തലമുറകൾക്കു ജീവിക്കാൻ."[19] ആദിവാസി കൾക്കും പ്രകൃതിക്കും തമ്മിലുള്ള അഭേദ്യ ബന്ധത്തെ വത്സല ശരിക്കും മന സ്സിലാക്കിയിട്ടുണ്ടെന്ന് രാഘവൻനായരുടെ വിചാരഗതികൾ വ്യക്തമാക്കുന്നു. ഈ ദൃഢബന്ധത്തെ സി.കെ. ജാനുവും ചൂണ്ടിക്കാട്ടുന്നുണ്ട്. "നമ്മളെ ആളുകളുടെ ജീവിതക്രമവും ആചാരങ്ങളും നിലനിൽപുമെല്ലാം ഭൂമിയുമായി ബന്ധപ്പെട്ടിട്ടു ള്ളതാണ്. മറ്റേതൊരു സമൂഹത്തെക്കാളും അധികമായിട്ടാണ് അതിൽ നിന്നും അടർത്തിമാറ്റി പദ്ധതികൾ ഉണ്ടാക്കുമ്പോൾ നമ്മളെ ആൾക്കാർക്ക് അധികമായി ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു."[20]

ഇത്തരം ബുദ്ധിമുട്ടുകൾ ആദിവാസികൾക്ക് ഉണ്ടാകരുതെന്നു കരുതിയാണ് രാഘവൻനായർ അവരെ കൃഷിപ്പണിയിൽ തന്നെ പിടിച്ചു നിർത്താൻ ശ്രമിക്കു ന്നതും. അതിനായി അവർക്ക് കൂലി വർധന ഏർപ്പെടുത്തുന്നതും. വള്ളിയൂർക്കാ വിലെ ഉത്സവത്തിനെത്തുന്ന ആദിവാസികളെ അടിമപ്പണം നല്കി വിലയ്ക്കു വാങ്ങുന്ന സമ്പ്രദായത്തിനു വിരുദ്ധമായി മല്ലനും അഞ്ചു രൂപ നൽകി പണിക്ക് വിളിക്കുന്ന അദ്ദേഹം പുത്തൻ രീതികൾക്ക് തുടക്കമിടുകയായിരുന്നു. പാടത്തെ പണിക്കാർക്ക് ഉച്ചക്ക് വല്ലി (നെല്ലുകൂലി) അളന്നുകൊടുക്കുന്നതിനു പകരം ഉച്ചക്ക് ചോറു കൊടുക്കണമെന്ന് രാഘവൻനായർ പറയുമ്പോൾ രസിക്കാത്ത വാരസ്യാ രോട് "നമുക്ക് ഉണ്ണാനുള്ളത് ഉണ്ടാക്കുന്നവർക്ക് ഒരുനേരം, പണിയുന്ന ദിവസ ങ്ങളിൽ കൊടുത്തുകൂടേ?"[21] എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. കാലാ കാലം നിലനിന്നുപോരുന്ന പതിവുകൾ ഉപേക്ഷിക്കുന്നതിനെ വാരസ്യാർ ശക്തി യായി എതിർക്കുന്നുണ്ട്. പഴുതു കിട്ടിയാൽ തലയിൽ ചവിട്ടിക്കേറാൻ മടിക്കാത്ത വർഗ്ഗമാണ് ആദിവാസികളെന്ന അവരുടെ താക്കീത് കാര്യമാക്കാതെയാണ് രാ

ഘവൻനായർ പ്രവർത്തിക്കുന്നത്. വിശപ്പു മാറിയാൽ അവർ നന്നായി പണിയും. ഉച്ചയ്ക്ക് വല്ലിയളന്നു കിട്ടുന്ന നെല്ലിടിച്ചു കഞ്ഞി വയ്ക്കുന്നതു വരെ കുടിലിൽ കാത്തിരുന്നു സമയം നഷ്ടപ്പെടുത്തുകയില്ലെന്ന ന്യായവും അദ്ദേഹത്തിനു പറയാനുണ്ട്.

അടിച്ചുതളിക്കാരിക്കു വല്ലി കിട്ടില്ല എന്ന ധാരണയും കീഴ്വഴക്കവും ഇല്ലാതാക്കുന്നതും രാഘവൻനായരാണ്. വല്ലിയില്ലാതിരുന്ന അടിച്ചുതളിക്കാരി മാരയ്ക്ക് രണ്ടു മാനം നൽകിയതും (നാഴിയേക്കാൾ ചെറിയൊരളവാണ് ഒരു മാനം) വയൽപ്പണിയെടുക്കുന്നവർക്ക് മൂന്നു മാനമുള്ളത് നാലാക്കിയതും അദ്ദേഹത്തിന്റെ പരിഷ്ക്കാരങ്ങളായിരുന്നു. മല്ലനു കാവൽ വല്ലി കൊടുത്തതും രാഘവൻനായരുടെ വിപ്ലവപ്രവർത്തനമാണ്. “അടിമവേല ചെയ്യുന്നവനു കാവൽ വല്ലിയില്ല. കാവൽ അവന്റെ ചുമതലയാണ്. പ്രതിഫലം പുതയ്ക്കാൻ കിട്ടുന്ന കാരിക്കനും (അലക്കാത്ത ഒരു കഷണം കട്ടിത്തുണി. കൊല്ലത്തിലൊരിക്കൽ കിട്ടുന്ന ഈ തുണിയാണു പുതയ്ക്കാനും ഉടുക്കാനും ഉപയോഗിക്കുന്നത്.)”[22] തിരുനെല്ലി അടിയാന്റെ തറവാടാണ്. ഈ മണ്ണിൽ വിളയുന്നതെന്തും അടിയാന് അവകാശപ്പെട്ടതാണ്. വിതച്ചവനു മാത്രം വിധിച്ചത് എന്ന പൂർണബോധ്യമുള്ള രാഘവൻനായർ ഈ നെൽവയലുകൾ മാത്രം എങ്ങനെയവർക്ക് നഷ്ടപ്പെട്ടു എന്നാലോചിക്കുന്നുണ്ട്. പുറത്തുനിന്നുള്ളവരുടെ കുടിയേറ്റം മൂലം സ്വന്തം കൃഷിഭൂമിയിൽ നിന്നു കുടിയിറക്കപ്പെട്ട ആദിവാസികളുടെ ദുരിതങ്ങൾ മനസ്സിലാക്കി അവരെ സഹായിക്കാൻ അദ്ദേഹം പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും ‘അടിയാന് വിധിച്ചത് അടിമവേലയാണ് - വയൽപ്പണി. വല്ലി കിട്ടിയാൽ കിട്ടുമ്പോൾ എന്ന അവരുടെ ദാസ്യ മനോഭാവം തളർത്തുന്നുണ്ട്.

“കൂലിയായി കിട്ടുന്ന നെല്ല് കാക്കപ്പുലയ്ക്കായും പട്ടിണി കിടക്കുന്നവനെ സഹായിക്കാനായും കൊടുത്തു തീർന്നാൽ ഉള്ളവനും ഇല്ലാത്തവനും തുല്യം. അദ്ധ്വാനിച്ചവനും മടിയനും പട്ടിണികിടന്നു. നെല്ലു തീരുംവരെ അസൂയ, ആക്ഷേപം. തീർന്നപ്പോൾ ഇല്ലായ്മ, ശൂന്യത, നിസംഗത, മുഴുപ്പട്ടിണി, ജന്മസിദ്ധമായ അലസത. പട്ടിണികിടക്കുന്ന ആദിവാസിക്ക് വിശപ്പ് ഒരു മരവിപ്പായി മാറുന്നു. വിശപ്പോ വികാരങ്ങളോ ഉള്ള മനുഷ്യനല്ല, രണ്ടുകാലിൽ നടക്കുന്ന ഒരു മരിളി (കണ്ണുപറ്റാതിരിക്കാൻ വയലിൽ നാട്ടുന്ന വൈക്കോൽ രൂപം) മണ്ണുപുരണ്ട, ഇരുണ്ട, കർക്കശമായ മുഖഭാവമുള്ള, കല്ലിൽ കൊത്തിയ മട്ടിലുള്ള, ഒരേ അച്ചിൽ

വാർക്കപ്പെട്ട രൂപങ്ങൾ."[23] മാറ്റങ്ങൾ ഉൾക്കൊള്ളാനും ജീവിതം മെച്ചപ്പെടുത്താനും മിനക്കെടാതെ ജീവിതം തള്ളിനീക്കുന്ന ആദിവാസികളെ ഏതെല്ലാം തരത്തിൽ സ്വാധീനിച്ചു നേരായ വഴിക്ക് കൊണ്ടുവരാമെന്ന് നോവലിസ്റ്റ് അന്വേഷിക്കുന്നുണ്ട്.

വള്ളിയൂർ കാവിൽ വച്ച് മല്ലനെ മാറ്റാരെങ്കിലും പണം കൊടുത്തു വാങ്ങുമെന്നു ഭയക്കുന്ന രാഘവൻനായർ പലിശക്കു പണം കടം വാങ്ങി ഉൽസവപറമ്പിലെത്തുന്നു. പേമ്പിക്കും മല്ലനും അവർ പ്രതീക്ഷിച്ചതിലും വലിയ തുക നൽകി വിലക്കെടുക്കുന്നു. "മനുഷ്യനെ മുൻകൂട്ടി വിലയ്ക്കെടുക്കാതെ ജീവിക്കാൻ അനുവദിക്കാത്ത ഈ നാട്...."[24] എന്ന് പരിതപിക്കുകയും ചെയ്യുന്ന അദ്ദേഹം മല്ലൻ, മാരയെ കട്ടുകൊണ്ടുവന്നശേഷം കേളന്റെ അടുക്കലേക്കുപോയപ്പോൾ ഇരുപതുറുപ്പിക നല്കി തിരിച്ചു വാങ്ങുന്നതും ഇഞ്ചിക്കണ്ടത്തിൽ കെട്ടിയ കുടിലിൽ താമസിക്കാൻ അനുവാദം കൊടുക്കുകയും ചെയ്യുന്നുണ്ട്.

തമ്പുരാക്കളുടെ കുട്ടികൾക്കുമാത്രമല്ല ആദിവാസി വീടുകളിൽ ആർക്കെങ്കിലും രോഗം വന്നാലും ചെറിയ തോതിലുള്ള ചികിത്സ വിധിച്ച് മരുന്നുകൊടുക്കുന്ന ആളായും മന്ത്രവാദമറിയുന്ന ആളായുമെല്ലാം രാഘവൻനായർ ആദിവാസി ഊരിൽ നിറഞ്ഞുനിന്നു. രോഗം ബാധിച്ചാൽ ആശുപത്രിയിലോ ഡോക്ടറുടെ അടുത്തോ പോകാതെ മന്ത്രവാദവും ഗദ്ദിക പാടലും മറ്റുമായി കഴിഞ്ഞുകൂടിയവരിൽ രോഗം മാറാൻ രോഗിയെ ആശുപത്രിയിൽ കൊണ്ടുപോകണമെന്ന ബോധം ഉണ്ടാക്കുന്നതും രാഘവൻനായരാണ്. പക്ഷേ മാരയുടെ അമ്മ പേമ്പിയെയും മാരനെയും മാനന്തവാടി ആശുപത്രിയിൽ കൊണ്ടുപോകാനുള്ള അദ്ദേഹത്തിന്റെ ശ്രമം നടന്നില്ല. പേമ്പി അതിനു മുമ്പേ വീട്ടിൽ കിടന്നു മരിച്ചു. മാരനെ ബന്ധുക്കൾ വന്നു കൊണ്ടുപോയി.

പിഴച്ചുപോയ മാരയെ സമൂഹം തള്ളിപ്പറഞ്ഞപ്പോൾ അപപ്രചാരണങ്ങൾ ഭയക്കാതെ അവളെ പിഴപ്പിച്ച കുറ്റം സ്വയം ഏറ്റെടുക്കുകയും മൂപ്പന്മാർക്ക് മുപ്പതു രൂപ പിഴകെട്ടി പ്രതിസന്ധി ഘട്ടത്തിൽ രക്ഷിക്കുകയും ചെയ്യുന്ന രാഘവൻനായരുടെ നിലപാട് ആദിവാസികൾക്ക് അനാചാരങ്ങളെ ലംഘിച്ച് പ്രതിസന്ധികളെ നേരിടാനുള്ള ആഹ്വാനമായി വ്യാഖ്യാനിക്കാം. മല്ലൻ മരിച്ചതോടെ മാരയും രാഘവൻനായരും തമ്മിൽ അവിഹിത ബന്ധമുണ്ടെന്നു ഊരുകാർ പ്രചരിപ്പിച്ചിരുന്നു. എന്നിട്ടും അവളെ തന്റെ വീട്ടിൽ ജോലിക്ക് നിർത്തിയ അദ്ദേഹം ഒരു

ആദിവാസിയെയെങ്കിലും ദുരിതങ്ങളിൽ കരകയറ്റാമല്ലോ എന്നാണ് ചിന്തിക്കുന്നത്. വയലിൽ പണിയെടുക്കാനില്ലാത്ത നാളുകളിൽ, പെണ്ണിന് അത്താഴബാക്കി കൊടുക്കാമല്ലോ എന്നു വിചാരിച്ചുമാത്രം... "ഇവളെ സംബന്ധം ചെയ്താൽത്തന്നെ, ഇതിൽ കൂടുതലെന്തു നേട്ടമുണ്ടാകും ഇവൾക്ക്? കിട്ടാനിടയുള്ള ഒരു നല്ല ചെറുപ്പക്കാരൻ നഷ്ടം. ജീവിതം മുഴുവനും നഷ്ടം. ഒരു മധ്യവയസ്കനായ തന്റെ അടിമ. താൻ ഒരടിമയെക്കൂടി സൃഷ്ടിക്കും. ഭാവിയിൽ അടിമകളാവാനിരിക്കുന്ന 'അച്ഛനില്ലാത്ത ഒന്നിലധികം മക്കളെ സൃഷ്ടിക്കും. തന്റെ പേരിൽ മറ്റു പലരുടെ മക്കളെ അവൾക്കു പ്രസവിക്കാം. ഇവളുടെയല്ല, എല്ലാ അടിയാത്തിപ്പെണ്ണുങ്ങളുടെയും സ്ഥിതി ഇതുതന്നെ. സൗന്ദര്യംപോലും ഒരു പ്രശ്നമല്ല. എങ്കിൽ അരവനാഴിയിലെ, പല്ലു നീണ്ട്, മുച്ചിറിയുള്ള, ജട പിടിച്ച തലമുടിയുള്ള ആ കാളിപ്പെണ്ണ് പ്രസവിച്ചതെങ്ങനെ? വെളുത്തുകൊഴുത്ത ഒരു ചെക്കൻ. മേലാളരുടെ നിറവും തലമുടിയും. അടിയാന്റെ കരുത്തും മുഖശ്രീയും ഒത്തിണങ്ങിയ ഒരുതികഞ്ഞ രൂപം. അവനും ഭാവിയിലെ ഒരടിമ. അങ്ങനെയല്ലാതാവുന്ന ഒരു കാലം സ്വപ്നം കാണാൻ കഴിയുമോ? വിശപ്പിന്റെ അടിമ. ഇല്ലായ്മയുടെ അടിമ. വരാനുള്ള കാലത്ത് ഈ അടിമപ്പണിക്കുപോലും വേണ്ടിവരില്ല ഇവർ..."[25]

എക്കാലവും മേലാളരുടെ അടിമകളായി, അവരുടെ ലൈംഗിക ചൂഷണമടക്കമുള്ള പീഡനങ്ങൾക്ക് വിധേയരായി കഴിയേണ്ടിവരുന്ന ആദിവാസികളുടെ വിധി മാറ്റി എഴുതാനുള്ള ഉൽക്കടമായ ആഗ്രഹം നോവലിസ്റ്റ്, രാഘവൻനായരെന്ന കഥാപാത്രത്തിലൂടെ വെളിവാക്കുന്നു. അടിമകളില്ലാത്ത ഒരു പുതിയ ലോകമാണ് വത്സല സ്വപ്നം കണ്ടത്. സ്വന്തം ആവാസസ്ഥലങ്ങളിൽ നിന്ന് കുടിയിറക്കപ്പെടുന്ന ആദിവാസികൾക്ക് പരമ്പരാഗതമായി തുടർന്നുവന്ന ഉപജീവനമാർഗ്ഗങ്ങൾ നഷ്ടമായി. അവർ അടിമപ്പണിക്കുപോലും ആവശ്യമില്ലാതെ നാടിനൊരു ഭാരമായി മാറുമെന്ന് പി. വത്സല ദശകങ്ങൾക്കു മമ്പേ ദീർഘവീക്ഷണം ചെയ്തിരുന്നു എന്നതിന് തെളിവാണ് നോവലിലെ ഈ വരികൾ.

"അച്ഛനില്ലാത്ത കുട്ടികളെ പ്രസവിക്കേണ്ടിവരുന്ന ആദിവാസി സ്ത്രീകൾ അതേക്കുറിച്ച് ഏറെ വ്യാകലപ്പെടുന്നില്ലെന്നു" വത്സല പറയുന്നു. "മേലാളരുടെ കുട്ടികളെ പ്രസവിക്കുന്നത് മികവായി കരുതുകയും അതിനായി ആഗ്രഹിക്കുകയും ചെയ്യുന്ന ആദിവാസി സ്ത്രീകളുണ്ട്. മേലാളരുടെ തൊലിവെളുത്ത കുട്ടികളെ സ്വന്തമാക്കാൻ കഴിയുക വലിയ നേട്ടമായാണ് അവരിൽ ചിലർ കരുതുന്ന

ത്. അച്ഛനില്ലെങ്കിലും അവർ കുട്ടികളെ എത്ര കഷ്ടപ്പെട്ടും വളർത്താനും തയ്യാറാവുന്നു."[26] വെളുത്ത തമ്പുരാൻ തപ്പ് കെട്ടി സ്വീകരിച്ചവളെ മറ്റൊരടിയാൻ സമീപിക്കുകയുമില്ല എന്ന രാഘവൻനായരുടെ ആശ്വാസം മാരയുടെ രക്ഷയെ കരുതി മാത്രമാണ്. പക്ഷേ, രാഘവൻനായരെ കരുവാക്കി മാരയും സാവിത്രി വാരസ്യാരുടെ മകൻ ഉണ്ണിയും അവിഹിത ബന്ധത്തിൽ ഏർപ്പെടുന്നതും നോവലിസ്റ്റ് സൂചിപ്പിച്ചതുപോലെ മേലാളന്റെ കുട്ടിയെ പ്രസവിക്കാനുള്ള ആദിവാസി സ്ത്രീയുടെ മോഹത്തിന്റെ തെളിവാണ്. മാരയുടെ ഗർഭത്തിനു ഉത്തരവാദി ഇരുപതു വയസു തികയാത്ത ഉണ്ണിയാണെന്ന കാര്യം രാഘവൻനായർക്കറിയാമെങ്കിലും കുറ്റം അവന്റെ തലയിൽ കെട്ടിവയ്ക്കാതെ സ്വയം ഏറ്റെടുക്കുന്നതും നന്മമാത്രം ആഗ്രഹിക്കുന്ന അദ്ദേഹത്തിന്റെ വിശാല മനസിനു തെളിവാണ്.

അടിയാത്തി ഉണ്ടാക്കിയ ഭക്ഷണം കഴിക്കാൻ തയ്യാറാകുന്ന രാഘവൻനായർ അലിഖിതമായ അയിത്താചരണത്തെ ലംഘിക്കുകയായിരുന്നു. "അടിയാത്തി വെച്ച ചോറ് തമ്പ്രാൻ ഉണ്ണുകയോ!"[27] എന്ന മാരയുടെ അവിശ്വസനീയമായ പ്രതികരണം അതുവരെ മേലാളരും ആദിവാസികളും തമ്മിലുണ്ടായിരുന്നു അന്തരം ഇല്ലാതാകുന്നതിന്റെ സൂചനയാണ്. ആദിവാസികളിൽ ഒരാളായി അവരുടെ ജീവിതപുരോഗതിക്കായി സ്വയം സമർപ്പിക്കലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ.

നെല്ലിലെ അടിയരുടെ പ്രാകൃതജീവിതത്തിലേക്ക് പുറം ലോകത്തിന്റെ പരിഷ്ക്കാരങ്ങൾ കടന്നുവരുന്നത് രാഘവൻനായർ എന്ന സവർണ കഥാപാത്രത്തിലൂടെയാണ്. വാര്യത്തും ചുറ്റുപാടുമുള്ള കുട്ടികളെ അക്ഷരം പഠിപ്പിക്കാൻ നിന്ന രാഘവൻനായർ അവിടുത്തെ കാര്യസ്ഥനും കൃഷിക്കാരനുമായി മാറുന്നതോടുകൂടിയാണ് തന്റെ കീഴിൽ പണിയെടുക്കുന്ന അടിയാരുടെ കഷ്ടതകൾ കണ്ടറിഞ്ഞ് അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നത്. സാവിത്രി വാരസ്യാരുടെ അനിഷ്ടം അവഗണിച്ച് പണിക്കാർക്ക് കൂടുതൽ കൂലികൊടുക്കാനും അവരെ ദുർഘടങ്ങളിൽ നിന്നും രക്ഷിക്കാനും രോഗം വരുമ്പോൾ ചികിത്സക്ക് സൗകര്യം ചെയ്തുകൊടുക്കുന്നതിനും അദ്ദേഹം തയ്യാറാകുന്നു. രാഘവൻനായരുടെ കൂലിപരിഷ്കാരങ്ങൾ നാട്ടിലെ മറ്റു മേലാളർക്ക് വിനയായെങ്കിലും തൊഴിലാളികളായ അടിയാന്മാർക്കിടയിൽ വർഗ്ഗബോധവും അവകാശങ്ങളെപ്പറ്റിയുള്ള സമരാവേശം ഉണ്ടാക്കി. കൂടുതൽ കൂലി ആവശ്യപ്പെട്ട അടിയാരെ ഒഴിവാക്കി പനമരത്തുനിന്നു പണി

ക്കാരെ കൊണ്ടുവന്നു കൃഷിപ്പണി നടത്താൻ കിട്ടുവാര്യരും തീരുമാനിച്ചത് അടിയാർ വർഷങ്ങളായി അവകാശമായി കരുതിയ കൃഷിപ്പണി കൈവിട്ടുപോകുന്നതിന്റെ തുടക്കം കൂടിയായി.

പുറത്തെ തോട്ടങ്ങളിൽ വേലയ്ക്കുപോയി തിരിച്ചെത്തി പരിഷ്കാരിയായി വിലസുന്ന കുറുമാട്ടിയും തിരുനെല്ലിയിലെ അടിയാരെ പുറംലോക വിശേഷങ്ങളിലേക്ക് ആകർഷിക്കുന്ന ഘടകമാണ്. കുറുമാട്ടിക്ക് എഴുതാനും വായിക്കാനും അറിയുന്നത് വലിയ കഴിവായിട്ടാണ് നോവലിസ്റ്റ് കാണുന്നത്. മാനന്തവാടിയിൽ നിന്ന് കൊണ്ടുവരുന്ന സിനിമാ നോട്ടീസ് വായിച്ചുകൊടുക്കുന്നതും മറ്റുള്ളവർക്ക് പേരും മറ്റും എഴുതിക്കൊടുത്ത് സഹായിക്കുന്നതും പെൺകുട്ടികൾക്ക് പച്ചകുത്തി കൊടുക്കുന്നതും കുറുമാട്ടിയാണ്. ആരെയും കൂസാതെ തന്നിഷ്ടം പോലെ നടക്കുന്ന, മൂപ്പൻമാരുടെ കൽപ്പനകളെപോലും ചോദ്യം ചെയ്യുന്ന അവരുടെ രീതികൾ ഗ്രാമത്തിലുള്ളവരെ സ്വാധീനിച്ചിട്ടുണ്ട്. "ഔവ്വ മരിച്ചാൽ കല്യാണം മുടങ്ങണോ.....? ഭാര്യ മരിച്ച ഭർത്താക്കന്മാർക്ക് ഇത്ര കഠിനശിക്ഷയോ.....? എന്നിങ്ങനെ മാരയുടെ മനസ്സിൽ നോവലിസ്റ്റ് ഉയർത്തുന്ന ചോദ്യങ്ങൾ അടിയ സമുദായത്തിൽ തുടർന്നുവന്ന അനാചാരങ്ങളെ എതിർക്കാൻ യുവതലമുറയെ പ്രേരിപ്പിക്കലാണ്.

നിഷ്ക്കളങ്കയും അടക്കമുള്ളവളുമായ മാര സമുദായാചാരങ്ങൾ ലംഘിക്കാൻ ധൈര്യം കാണിക്കുന്നതും കുറുമാട്ടിയുടെ തന്റേടം ഉൾക്കൊണ്ടാകണം. മല്ലനെ വിവാഹം കഴിക്കാനുള്ള അനുമതിക്കായി നാട്ടുമൂപ്പന്റെ വീട്ടിൽ ഒറ്റയ്ക്ക് പോയി, പുകയില നൽകി സ്വാധീനിക്കുന്നതും രാത്രി കാവൽപ്പുരയിൽ മല്ലനെ അന്വേഷിച്ചു പോകുന്നതും, മല്ലനോട് തന്നെ കട്ടുകൊണ്ടുപോകാൻ ആവശ്യപ്പെടുന്നതും അസുഖം ബാധിച്ച് അവശനായിക്കിടക്കുന്ന അപ്പനെ തനിച്ചാക്കി മല്ലന്റെകൂടെ വീടുവിട്ടു ഒളിച്ചോടുന്നതും മാരയിലെ തന്റേടക്കാരിയെ വ്യക്തമാക്കുന്നു.

ജോലി തേടി കോഴിക്കോട്ടെ കൂപ്പിലെത്തിയ മാരനും കൂട്ടർക്കും നേതാവായി നിൽക്കുന്നത് പേമ്പി കരിയനാണ്. മുൻപ് ഒരു തവണ കോഴിക്കോടും പലതവണ മാനന്തവാടിയിലും പോയ ഇയാളെ പരിഷ്കാരിയായിട്ടാണ് നോവലിസ്റ്റ് ചിത്രീകരിക്കുന്നത്. കാരിക്കനെന്ന കട്ടിക്കോറത്തുണിക്കുപകരം ആദ്യമായി വെളുത്ത മുണ്ടുടുത്തവൻ, ലുങ്കി ഉടുത്തവൻ, സിഗരറ്റു വലിച്ചവൻ, മുഖത്തു

പൗഡറു തേച്ചവൻ തുടങ്ങിയ ബഹുമതികളാണ് പേമ്പിയെ നേതാവാക്കുന്നത്. പഴഞ്ചൻ വസ്ത്ര രീതികൾ മാറ്റി പുറം ലോകത്തെ ജനങ്ങളെ പോലെ ഷർട്ടും പാന്റ്സും ചുരിദാറും ധരിക്കാനും അണിഞ്ഞൊരുങ്ങി നടക്കാനും അടിയാരെ പ്രേരിപ്പിക്കുന്നതും പേമ്പിയെപോലുള്ള പരിഷ്കാരികളാണ്.

രോഗം വന്നാൽ മന്ത്രവാദവും ഒറ്റമൂലി സേവയുമായി വീട്ടിൽ തന്നെ കിടന്ന് അസുഖം മൂർച്ഛിച്ച് മരിക്കുന്ന അവസ്ഥയിൽ നിന്ന് ആദിവാസികൾ മോചനം നേടുന്നത് രാഘവൻനായരെപോലുള്ളവരുടെ ഇടപെടലുകളും ഉപദേശങ്ങളും മൂലമാണ്. രോഗം ബാധിച്ച് അവശരായ മാരനെയും പേമ്പിയെയും മാനന്തവാടി യിലെ ആശുപത്രിയിൽ കൊണ്ടുപോകാൻ നിർദ്ദേശിക്കുന്നതും അതിനുള്ള സൗക ര്യങ്ങൾ ചെയ്തുകൊടുക്കുന്നതും അദ്ദേഹമാണ്. ആദിവാസികളെ പുറംലോക വുമായി ബന്ധിപ്പിക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നുണ്ട്. സെയ്തിന്റെ കടയിലെ സാധനങ്ങളും അവിടുത്തെ വിശേഷങ്ങളുമാണ് ആദിവാസികളെ പുറംലോക വുമായി ബന്ധിപ്പിക്കുന്ന ഒരു ഘടകം. ഊരിലെയും നാട്ടിൻപുറങ്ങളിലെയും മുഴു വൻ വാർത്തകളും വിശേഷങ്ങളും അടിയർക്ക് കിട്ടിയിരുന്നത് സെയ്തിന്റെ കട യിൽ നിന്നാണ്.

സ്കൂൾ അധ്യാപകനായ അറുമുഖൻ ആദിവാസി ക്ഷേമത്തിനായി പ്രയത്നി ക്കുന്ന കഥാപാത്രമാണ്. തിരുനെല്ലിയിൽ ആദിവാസി സേവനസംഘത്തിന്റെ പേരിൽ സ്കൂൾ സ്ഥാപിക്കാൻ അദ്ദേഹം ഏറെ പണിപ്പെട്ടു. സ്കൂളിൽ പഠി ച്ചാൽ കുട്ടികൾ വയൽപണി ചെയ്യാൻ കൂട്ടാക്കില്ലെന്നും തങ്ങളുടെ നേരെ തിരി യുമെന്നുമുള്ള മേലാളരുടെ വാദങ്ങൾ അവഗണിച്ച് ആദിവാസിക്കുട്ടികളെ അക്ഷരം പഠിപ്പിക്കാനും പരിഷ്കൃത ജീവിതത്തിലേയ്ക്ക് കൊണ്ടുവരാനും അറു മുഖനും രാഘവൻനായരും സഹകരിച്ചു പ്രവർത്തിച്ചത് ഊരിലെ കുടുംബ ങ്ങൾക്കിടയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും എല്ലാവരും ഒറ്റക്കെട്ടായി നിന്ന് ചൂഷണത്തിനെതിരെ പോരാടേണ്ടതിന്റെ ആവശ്യകതയും ബോധ്യപ്പെടുത്തുന്നു.

“പ്രകൃതിയുമായി വളരെയേറെ ബന്ധപ്പെട്ടുകിടക്കുന്ന പ്രത്യേക സംസ്കാര മാണ് ആദിവാസികളുടേത്. വിവിധ ഘട്ടങ്ങളിലൂടെ അവർ പുറംലോകവുമായി ബന്ധപ്പെട്ടുകഴിയാൻ തുടങ്ങിയിട്ടുണ്ടെങ്കിലും ഒറ്റപ്പെട്ട ജീവിതമാണ് ഇന്നും ആദി വാസികൾ ആഗ്രഹിക്കുന്നത്. ആദിവാസികളെ സമൂഹമധ്യത്തിലേക്ക് ഉയർത്തി ക്കൊണ്ടുവരുകയെന്ന ലക്ഷ്യത്തോടെ വയനാടൻ മലയടിവാരങ്ങളിലും മറ്റും

എത്തിയ മിഷനറിമാരുടെ പ്രധാന ഉദ്ദേശ്യം മതപരിവർത്തനം തന്നെയായിരുന്നു. കുടിയേറ്റക്കാരുടെ ആധിപത്യം കൃഷിഭൂമിയും പരമ്പരാഗതമായ തൊഴിൽ രീതികളും ആദിവാസികൾക്ക് നഷ്ടപ്പെടാനും ഇടയാക്കി."[28]

നെല്ലിൽ ആദിവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിച്ച രണ്ടു കഥാപാത്രങ്ങളാണ് രാഘവൻനായരും അറുമുഖനും.അവരുടെ ക്ഷേമപ്രവർത്തനങ്ങൾ ഇവയാണ്.

1. പാടത്തെ തൊഴിലാളികളായ ആദിവാസികൾക്ക് അദ്ധ്വാനത്തിന് തക്ക കൂലി വാങ്ങിക്കൊടുക്കാൻ രാഘവൻ നായർ മുൻകൈയെടുക്കുന്നു.
2. രോഗം ഭേദമാക്കുന്നതിന് മന്ത്രവാദവും നാട്ടുചികിത്സയുമായി കഴിഞ്ഞിരുന്ന ആദിവാസികളെ വിദഗ്ധ ചികിത്സക്ക് ആശുപത്രിയിൽ കൊണ്ടുപോകാൻ പ്രേരിപ്പിക്കുന്നു.
3. മല്ലനെയും മാരയെയും സ്വന്തമെന്നു കരുതി അവരുടെ ജീവിത സുഖത്തിനായി തന്നാലാവുന്നത് ചെയ്യുന്നു.
4. ആദിവാസികളിൽ അവകാശ ബോധമുണർത്തുന്നു.
5. ജന്മി-കുടിയാൻ ബന്ധത്തിലെ അയിത്തവും അകൽച്ചയും ഇല്ലാതാക്കാൻ പരമാവധി ശ്രമിച്ചു.
6. അടിയാന്മാർക്ക് വിദ്യാഭ്യാസം നൽകുന്നതിന് അറുമുഖൻ ആത്മാർത്ഥമായി പ്രവർത്തിക്കുന്നു.
7. തിരുനെല്ലയിൽ റേഷൻ ഷാപ്പ് കൊണ്ടുവരുന്നതിൽ അറുമുഖൻ ഏറെ പ്രയത്നിക്കുന്നുണ്ട്.

ആദിവാസികളുടെ ദുരിതപൂർണമായ ജീവിതം നേരിൽ മനസിലാക്കിയിട്ടുള്ളവരാണ് പി.വത്സല. ആദിവാസികളുടെ അനുഭവങ്ങളുംജീവിതരീതികളും പൊതുജനങ്ങളെ ബോധ്യപ്പെടുത്തി ഇങ്ങനെയൊരു സമൂഹമുണ്ടെന്നു വിളിച്ചറിയിക്കുകയാണ് വത്സല ചെയ്തത്. പുറംലോകവുമായി ആദിവാസിസമൂഹത്തെ ബന്ധപ്പെടുത്തുന്ന ഘടകങ്ങൾ നോവലിലുണ്ട്.രാഘവൻനായർ, അറുമുഖൻ എന്നിവർ ആദിവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്നവരാണ്.ആദിവാസികളെ പഴഞ്ചൻ വസ്ത്രങ്ങൾ മാറ്റി ഷർട്ടും പാന്റ്സും ചുരിദാറും ധരിച്ചു അണിഞ്ഞൊരുങ്ങി നടക്കാൻ പ്രേരിപ്പിക്കുന്നതും രോഗം ബാധിച്ചു അവശരായ

വരെ മാനന്തവാടിയിലെ ആശുപത്രിയിൽ കൊണ്ടുപോകാൻ നിർദേശിക്കുന്നതും കടയിലെ സാധനസാമഗ്രിയിലൂടെ ആദിവാസികളെ പുറംലോകവുമായി ബന്ധിപ്പിക്കുന്നതും ഒക്കെ അവരെ തങ്ങളുടെ കൂരകളിൽ നിന്നു പുറത്തേക്കുവരാനുള്ള, അവരെ സമുദ്ധരിക്കാനുള്ള നോവലിസ്റ്റിന്റെ ശ്രമമായി കണക്കാക്കാവുന്നതാണ്. 1972 -ലാണല്ലോ നെല്ല് ആദ്യമായി പ്രസിദ്ധീകരിച്ചത്.ആദിവാസികളെ സമുദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എത്രയോമുമ്പുതന്നെ പി.വത്സല *നെല്ലി*ലൂടെ അതിനുള്ള പദ്ധതികൾ ആരംഭിച്ചുകഴിഞ്ഞു. ആദിവാസി സമൂഹത്തെ ഉണർത്തുന്ന ആദ്യത്തെ സാഹിത്യകൃതിയാണ് *നെല്ല്*. ഗോത്രവർഗ സമുദ്ധാരണത്തിന്റെ  തുടക്കം അതിൽ കാണാം.

## 2.2. ആഗ്നേയം

വയനാട്ടിലെ ആദിവാസികളുടെ ജീവിതം ആധാരമാക്കി പി. വത്സല എഴുതിയ രണ്ടാമത്തെ നോവലാണ് *ആഗ്നേയം*. ആദ്യ നോവലായ *നെല്ല്* പ്രസിദ്ധീകരിച്ച് (1972) രണ്ടാം വർഷത്തിൽ തന്നെ -1974ൽ *ആഗ്നേയം* പുറത്തു വന്നു. ഇക്കാലയളവിൽ ആദിവാസികളുടെ ജീവിതത്തിലും സംസ്കാരത്തിലും ഉണ്ടായ മാറ്റങ്ങൾ രചനയിൽ പ്രകടമാണ്. മേലാളന്മാരുടെ അടിമകളായി ദുരിതജീവിതം നയിക്കുന്ന ആദിവാസികളെ നെല്ലിൽ കാണാം. ഒപ്പം അവരെ സമുദ്ധരിക്കാനുള്ള ശ്രമവും. *ആഗ്നേയ*ത്തിലാവട്ടെ പുറംലോകത്തിനു അന്യമായി ഒറ്റപ്പെട്ടു കഴിയുന്ന കാടിന്റെ മക്കളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമം വത്സല നടത്തിയിരിക്കുന്നു. രാപ്പകൽ കഠിനാധ്വാനം ചെയ്തിട്ടും സുഖജീവിതം വിധിച്ചിട്ടില്ലാത്ത ആദിവാസികളെ മേലാളരുടെ ചൂഷണത്തിനെതിരെ സംഘടിപ്പിക്കാനും അവരുടെ അദ്ധ്വാനത്തിനു തക്കതായ കൂലി വാങ്ങിച്ചുകൊടുക്കാനും കൃഷിഭൂമി കർഷകനെന്ന അവകാശം സ്ഥാപിച്ചുകൊടുക്കാനും വേണ്ടി ഒരു സംഘം ചെറുപ്പക്കാർ നടത്തുന്ന വിപ്ലവ പ്രവർത്തനങ്ങൾ *ആഗ്നേയ*ത്തിൽ കാണുന്നുണ്ട്. പക്ഷേ, ഇത്തരം പ്രവർത്തനങ്ങൾ ദയനീയമായി പരാജയപ്പെടുകയും ചെയ്യുന്നുണ്ട്. എങ്കിലും ചൂഷണത്തിനെതിരെ സംഘടിക്കുന്ന സമൂഹത്തെ നോവലിൽ കാണാം.  *നെല്ലി*ലെ പോലെ ആഗ്നേയത്തിലും ആദിവാസികളുടെ ഉന്നമനത്തിനാഗ്രഹിച്ച് പ്രവർത്തിക്കുന്നത് പുറംനാട്ടിൽ നിന്നെത്തി അവർക്കിടയിൽ താമസമാക്കുന്ന സവർണരാണ്.

നാടും ഇല്ലവും ഉപേക്ഷിച്ച കാട്ടുമൂലയിൽ ഉപജീവനം തേടി എത്തിയ നങ്ങേമ അന്തർജ്ജനവും മകൻ അപ്പുവെന്ന ബ്രഹ്മദത്തൻ നമ്പൂതിരിയും കഷ്ടത അനുഭ വിക്കുന്ന ആദിവാസികളുടെ ക്ഷേമത്തിനും അവരെ ബോധവൽക്കരിച്ചു പരി ഷ്കൃത മനുഷ്യരാക്കുന്നതിനും പ്രയത്നിക്കുന്നു. അപ്പുവിന്റെ പ്രവർത്തനങ്ങൾ വിപ്ലവം മൂത്ത് നക്സൽ പ്രസ്ഥാനത്തിലേയ്ക്ക് കടക്കുന്നതോടെ പൊലീസ് വേട്ട യാടൽ ആരംഭിക്കുകയും പോരാട്ടങ്ങൾ പരാജയപ്പെടുകയും ചെയ്യുന്നു. ആദി വാസികളുടെ നന്മക്ക് വേണ്ടി പ്രവർത്തിച്ച പ്രസ്ഥാനത്തിന്റെ തകർച്ചയും സംഭ വിച്ചു. അതോടെ അപ്പുവിന്റെ ഭാവിയും മകനെ പഠിപ്പിച്ചു വലിയവനാക്കാനുള്ള നങ്ങേയുടെ സ്വപ്നങ്ങളുമാണ് തകർന്നത്. പക്ഷേ, ആദ്യഘട്ടത്തിലുണ്ടായ അവ രുടെ ജീവിതമുന്നേറ്റങ്ങൾ ചുറ്റുമുള്ള ആദിവാസി ജീവിതങ്ങൾക്ക് പോരാടാനുള്ള മനസ്സും കരുത്തും നൽകുന്നതായിരുന്നു. പുറം ലോകത്തിന്റെ പരിഷ്കൃത ഭാവ ങ്ങളും ചിന്തകളും ഇവരിലൂടെയാണ് അടിയാരുടെ ഇടയിൽ എത്തുന്നത്.

"അമ്മയും മകനുംകൂടി നാടു നന്നാക്കാനിറങ്ങി ബാക്കിയുള്ളവരെ മുടിക്ക രുത്"[29] എന്ന കുടുംബക്കാരുടെ തന്നെ എതിർപ്പുകളെ വകവയ്ക്കാതെയാണ് നങ്ങേമയും അപ്പുവും പുതിയൊരു ലോകത്തിനായി ശ്രമിക്കുന്നത്. *നെല്ലി*ലെ പോലെ *ആഗ്നേയ*ത്തിൽ ആദിവാസികളായ കഥാപാത്രങ്ങൾ പ്രധാനമായും രംഗ ത്തുവരുന്നില്ല. അവർ ഒളിഞ്ഞും തെളിഞ്ഞും മാത്രമാണ് പ്രത്യക്ഷപ്പെടുന്നത്. ആദിവാസികളെ സമുദ്ധരിക്കാനും അവർക്കിടയിൽ ജീവിതം കെട്ടിപ്പടുക്കാനും ശ്രമിക്കുന്നവരാണ് *ആഗ്നേയ*ത്തിലെ കേന്ദ്രകഥാപാത്രങ്ങൾ.

പ്രധാന കഥാപാത്രങ്ങളായ അപ്പുവിലൂടെയും നങ്ങേമയിലൂടെയുമാണ് നോവ ലിലെ അടിയാരുടെയും കുറിച്യരുടെയും ജീവിത സാഹചര്യങ്ങൾ നോവലിസ്റ്റ് പകർത്തുന്നത്. അടിയാരുടെ ഇടയിൽ വളരുകയും അവരുടെ കൂടെ പുഴക്കര യിലെ സ്കൂളിൽ പഠിക്കുകയും ചെയ്ത അപ്പു ചെറുപ്പം മുതലേ ആദിവാസിക ളുടെ കഷ്ടതകൾ മനസ്സിലാക്കി അവരുടെ നന്മക്കായി ശബ്ദമുയർത്തുകയും ജന്മിത്തത്തിനെതിരെ പോരാടുകയും ചെയ്യുന്നു. "ദുരിതം അനുഭവിക്കുന്ന വർക്കായി പോരാടുകയും പൊലീസിന്റെ തല്ലുകൊണ്ടു എല്ലു വെള്ളവും മനസ്സു കല്ലുമാക്കപ്പെട്ട അച്ഛന്റെ - നാരായണൻ നമ്പൂതിരിയുടെ- മറ്റുള്ളവർക്കുവേണ്ടി സ്വന്തം എല്ലുകളെ പണയപ്പെടുത്തിയ അച്ഛന്റെ മകനാണ്"[30] അപ്പു.

പുറത്തു കുപ്പായമില്ലാതെ, അകത്തു ഭക്ഷണമില്ലാതെ, സ്കൂളിനുള്ളിൽ

കാറ്റേറ്റു വിറയ്ക്കുന്ന ആദിവാസികളെ വരച്ചു കാണിക്കുന്ന നോവലിസ്റ്റ് അവരുടെ ബാല്യം മുതലുള്ള പരിതാപകരമായ അവസ്ഥയുടെ സൂചനകളാണ് നൽകുന്നത്. "അധ്യാപകരില്ലാത്ത, ചുമരുകളില്ലാത്ത, വാതിലുകളോ, ജനലുകളോ ഇല്ലാത്ത സ്കൂളിൽ പഠിക്കാൻ വിധിക്കപ്പെട്ടവരായിരുന്നു ആദിവാസികുട്ടികൾ. കഥകൾ പറഞ്ഞുകൊടുത്തു കുട്ടികളെ ക്ലാസ് മുറികളിൽ പിടിച്ചിരുത്താൻ പാവം അധ്യാപകർക്ക് കഴിഞ്ഞില്ല. കാലിത്തൊഴുത്തിലെ മരമണിയുടെ ശബ്ദവും പൊന്തക്കാടുകളിലെ ഈന്തൽ കായ്കളും പുളിച്ച മാങ്ങകളുമാണ് അവരെ ആകർഷിച്ചത്. പുഴയിലെ കുളുർത്ത ജലത്തിൽ തലയുയർത്തി നിൽക്കുന്ന ഊഷ്മളമായ പാറപ്പുറങ്ങൾ അവരെ പ്രലോഭിപ്പിച്ചു. നട്ടുച്ചയ്ക്ക് നാലുവഴിക്കും അവരിറങ്ങി നടന്നു."[31]

ആദിവാസികുട്ടികളുടെ ദയനീയാവസ്ഥ, അവർക്ക് നൽകുന്ന വിദ്യാഭ്യാസരീതികളുടെ പോരായ്മകൾ, അവരെ ചൂഷണം ചെയ്യുന്ന മേലാളന്മാരുടെ തന്ത്രങ്ങൾ എന്നിവയെല്ലാം അപ്പുവും കൂട്ടുകാരും മനസ്സിലാക്കിയിരുന്നു. ആദിവാസി കുട്ടികൾക്കായി സ്ഥാപിച്ച സ്കൂളിൽ പഠിക്കുന്നവരിൽ ഭൂരിഭാഗവും മേലാളന്മാരുടെ മക്കളാണ്. "പട്ടികയിൽ പേരുവീണ് കഴിഞ്ഞാൽ അടിയാക്കുട്ടികളൊന്നും ക്ലാസിൽ പോവില്ല. ഇല്ല. എങ്ങനെ പോവും? നിങ്ങടെയൊക്കെ കന്നുകളെ മേയ്ക്കണ്ടേ? നിങ്ങളുടെ അടുപ്പിൽ തീയെരിയേണ്ടേ? നിങ്ങളുടെ വിളയ്ക്ക് കാവൽ നിൽക്കുന്നവരുടെ വീട് കാക്കണ്ടേ? വയലിൽ വേലയ്ക്ക് പോവുന്ന അമ്മമാരുടെ കുട്ടികളെ നോക്കണ്ടേ? വിശപ്പു മാറ്റാൻ ഈന്തൽക്കായകളും കാട്ടു മരങ്ങളും തേടിയിറങ്ങണ്ടേ? ഞണ്ടുകളുടെ പുറകെ ഓടേണ്ടേ?"[32] അപ്പുവും പൗലോസും ഉൾപ്പെടെയുള്ള വിപ്ലവ പ്രവർത്തകരുടെ ചർച്ചയിൽ ഈ ചോദ്യങ്ങളെല്ലാം ഉന്നയിക്കുന്നത് ആദിവാസി ജീവിതം പൂർണമായും ഉൾക്കൊണ്ട നോവലിസ്റ്റു തന്നെയാണ്.

ആദിവാസികളെ പരിഷ്ക്കാരികളാക്കാൻ അപ്പു നടത്തിയ ശ്രമങ്ങളുടെ ഭാഗമായിരുന്നു അവരെ കുപ്പായം അണിയിക്കൽ. ജനിച്ചതിൽ പിന്നെ കുപ്പായമിടാത്ത അവർക്കു അതൊരു അധികപ്പറ്റായാണ് ആദ്യം തോന്നിയത്. അപ്പുവിന്റെ നിർബന്ധത്തിനും വഴങ്ങി കുപ്പായമിട്ട "പൂങ്കുന്നം കളത്തിലെ അടിയാരെ നോക്കി എല്ലാവരും ചിരിച്ചു. കട്ടിയേറിയ കുപ്പായത്തിനുള്ളിൽ അവരുടെ ദേഹം ലജ്ജ കൊണ്ടു ചുരുങ്ങി. ആരും ശ്രമിക്കാത്ത അവസരത്തിൽ അപരിചിതനെയെ

ന്നോണം കുപ്പായ മണിഞ്ഞ സ്വന്തം ദേഹത്തേക്ക് അവർ നോക്കി. പൂങ്കുന്നത്തെ അപ്പുണ്ണിയെന്ന ബ്രഹ്മദത്തൻ നമ്പൂതിരിയെ കണ്ടുമുട്ടാവുന്ന സ്ഥലത്ത് അവർ കുപ്പായമിട്ടു. അല്ലാത്തപ്പോൾ അഴിച്ചു ചുരുട്ടി കാരിക്കൻ എന്ന പുതപ്പിനുള്ളിൽ ഒളിപ്പിച്ചു."[33] ക്രമേണ കുപ്പായം ഒഴിച്ചുകൂടാത്ത ഒരു വസ്തുവായി പരിണമിച്ചത് അവരറിഞ്ഞില്ല. ഒരവയവമായിക്കഴിഞ്ഞ കുപ്പായം അതിശൈത്യമുള്ള കാവൽ രാത്രികളിൽ, സുഖകരമായി തണുപ്പുള്ള പകലുകൾ അവർ കുപ്പായം അഴിച്ചുവെയ്ക്കാതായി. വെള്ളം കാണാതെ കുപ്പായം പൊടിയണിഞ്ഞു കട്ടി കൂടിയതായി. കനമേറി കുപ്പായത്തിനുള്ളിൽ ഒരു പുറ്റിനകത്തെന്നോണം അവർ സുഖമായി കഴിഞ്ഞുകൂടി. പക്ഷേ, ഈ സുഖം അവരെ സംബന്ധിച്ചു താൽക്കാലികവും കാലാവസ്ഥയിൽ നിന്നും രക്ഷ നേടാനുള്ള ഉപാധിയും മാത്രമായിരുന്നു. കാവൽപ്പണിയെടുക്കുന്ന ആദിവാസികൾക്ക് ഒരു കുപ്പായവും ഒരു കരിമ്പടവും വാങ്ങിക്കൊടുത്തതുകൊണ്ട് മാത്രം എല്ലാവരുടേയും ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയില്ലെന്ന് അപ്പുവും കൂട്ടരും തിരിച്ചറിയുന്നുണ്ട്.

ദേശത്ത് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനു അധികൃതർ നിവേദനം നൽകുന്നതടക്കമുള്ള കാര്യങ്ങൾക്ക് നേതൃത്വം നൽകിയതും ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടായിരുന്നു. കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം പരിശോധിപ്പിക്കാൻ നാഴികകൾക്കപ്പുറത്തുനിന്നു ഇൻസ്പെക്ടറെ സ്വന്തം ചെലവിൽ കൊണ്ടുവരുകയും ചെയ്തു. കാളിന്ദിപ്പാറയ്ക്ക് താഴെ അണക്കെട്ടു നിർമ്മിക്കാനുള്ള സർക്കാർ പദ്ധതി അമ്പുവെന്ന ജന്മിയുടെ സ്വാർത്ഥതാൽപ്പര്യമാണെന്നറിഞ്ഞിട്ടും രാഘവൻനായർ, കുഞ്ഞമ്പുനമ്പ്യാർ, കിട്ടുവാര്യർ തുടങ്ങിയ മേലാളരോടൊപ്പം അതിനു കൂട്ടുനിന്ന അപ്പു, അണക്കെട്ടു വന്നാൽ കാളിന്ദി കരയിലെ റവന്യൂ ഭൂമി മുങ്ങിപ്പോകുമെന്ന് വേവലാതിപ്പെടുന്നു. റവന്യൂ ഭൂമി ആർക്കും ഉപകരിക്കാതെ പോവുന്നതിലാണ് സങ്കടം. ആ ഭൂമി കുടിയാന്മാർക്കു പതിച്ചു കൊടുത്താൽ നന്നായിരുന്നുവെന്നാണ് അപ്പു ആഗ്രഹിക്കുന്നത്.

"സർക്കാർ ആദിവാസികൾക്കായി നടപ്പാക്കുന്ന പദ്ധതികളുടെ പൂർണഫലവും അവർക്ക് ലഭിക്കുന്നില്ല. അതിനു പ്രധാന കാരണം ഉദ്യോഗസ്ഥരുടെ അഴിമതിയാണ്. അവർക്കുവേണ്ടി അവരുടെ മാതൃഭാഷയെ അധികരിച്ചുള്ള പ്രത്യേക പാഠ്യപദ്ധതി നടപ്പിലാക്കിയാലേ വിദ്യാഭ്യാസം നൽകുന്നതിന്റെ യഥാർത്ഥ ഗുണം ലഭിക്കുകയുള്ളൂ....."[33] എന്നാണ് പി. വത്സലയുടെ അഭിപ്രായം.

മേലാളരുടെയും അധികാരികളുടെയും ചൂഷണങ്ങൾക്ക് നിരന്തരം വിധേയ മായിക്കൊണ്ടിരുന്ന ആദിവാസി സമൂഹത്തെ രക്ഷിക്കുന്നതിനാണ് അപ്പു, പൗ ലോസ് തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള വിപ്ലവപ്രസ്ഥാനം കാടിന്റെ മറവിൽ രഹസ്യമായി പ്രവർത്തിച്ചത്. ഷിക്കാറിനെന്ന വ്യാജേന തോക്കും ആയുധങ്ങളു മായി പുറത്തിറങ്ങുന്ന കേശുനമ്പൂതിരി, അബുവിന്റെ മക്കൾ, മാരാത്തെ കൃഷ്ണൻകുട്ടി എന്നിവരും വിപ്ലവസംഘടനയിലെ അംഗങ്ങൾ തന്നെ. രാത്രി യിൽ അവർ പുറത്തിറങ്ങി ജന്മിമാരെ ഭീഷണിപ്പെടുത്തിയും അക്രമിച്ചും നെല്ലും പണവും തട്ടിയെടുത്തു. സംഘത്തിന്റെ പ്രവർത്തനങ്ങൾ ആദിവാസി ഊരുക ളിൽ ഭീതി പടർത്തിയിരുന്നു. "ഇവിടെയാരും രാത്രിയില് സ്വന്തം വീടുകളിൽ കിടന്നുറങ്ങാറില്ല. ആണുങ്ങൾ ടോർച്ചും വടിയും കുന്തവുമായി വയലോരങ്ങ ളിൽ ചുറ്റിനടക്കും. പെണ്ണുങ്ങൾ ഉറക്കം വരാതെ അകത്തും. ഉള്ളിൽ തീയാ. എല്ലാവരുടേയും."[34] അമ്മിണിയിൽ നിന്ന് ഇക്കാര്യങ്ങളെല്ലാം അറിയുമ്പോൾ ഇതിനെല്ലാം പിന്നിൽ തന്റെ മകൻകൂടിയുണ്ടല്ലോ എന്ന ഭീതിയും ആശങ്കയും നങ്ങേമയുടെ മനസ്സിൽ കനക്കുന്നു.

*നെല്ലി*ലും *ആഗ്നേയ*ത്തിലും രാഘവൻനായർ എന്ന കഥാപാത്രം പുരോഗമ നാശയക്കാരനും ആദിവാസികളുടെ ഉയർച്ച ആഗ്രഹിക്കുന്നവരുമാണ്. *ആഗ്നേ* യത്തിലെ അപ്പു സ്കൂളിൽ നിന്നു നേടാൻ കഴിയാത്തത് സ്വയം നേടുന്നത് രാഘ വൻനായരുടെ സഹായത്തോടെയാണ്. അവനിൽ വിപ്ലവബോധം വളരുന്നതും അദ്ദേഹവുമായുള്ള സഹവാസത്തിലാണ്. *നെല്ലി*ലെ രാഘവൻനായർ അടിയാ ത്തിപ്പെണ്ണിനെ സ്വീകരിക്കാൻ തയ്യാറായപ്പോൾ *ആഗ്നേയ*ത്തിലെ അപ്പു ഭാര്യ യായി സ്വീകരിക്കുന്നത് ചെരുപ്പുകുത്തി നാരായണന്റെ മകൾ ലീലയെയാണ്.

പുഴക്കരയിലെ കുടിലിൽ കച്ചവടം ചെയ്തിരുന്ന സെയ്ത് കൊലചെയ്യപ്പെടു ന്നതോടെ ആദിവാസി ഊരിൽ പോലീസ് നരനായാട്ട് ആരംഭിച്ചു. കാടുതോറും സി.ആർ.പിഎഫുകാരുടെ തിരച്ചിൽ. കുറിച്യർ കോരുവിനെപ്പോലെ ഒട്ടേറെ നിര പരാധികൾ പിടിയിലായി. അപ്പുവും പൗലോസും അറസ്റ്റിലാകുന്നതോടെ ആദി വാസികളുടെ ക്ഷേമത്തിനും ജന്മിത്വത്തിനുമെതിരെയും പ്രവർത്തിച്ച വിപ്ലവ പ്രസ്ഥാനം പരാജയപ്പെടുകയായിരുന്നു. പൗലോസിനെ വെടിവെച്ചു കൊന്ന പോലീസുകാർ അവൻ ഏറ്റുമുട്ടലിലാണ് മരിച്ചതെന്ന് നാട്ടുകാരെക്കൊണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

വയനാടൻ കാടുകളിൽ ഒളിവിൽ താമസിച്ച് പ്രവർത്തിച്ച നക്സൽ നേതാവ് വർഗീസിന്റെ അവസ്ഥ തന്നെയാണ് വത്സല പൗലോസ് എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിക്കുന്നത്. "വർഗ്ഗീസിനു വയനാട്ടിലെ ആദിവാസികൾക്കിടയിൽ വലിയ സ്വാധീനമുണ്ടായിരുന്നു. ആത്മാർത്ഥമായി പ്രവർത്തിക്കുന്നവരെ തിരിച്ചറിയാനുള്ള പ്രത്യേക കഴിവ് ആദിവാസികൾക്കുണ്ട്. അതുകൊണ്ടാണ് ഇന്നത്തെ നേതാക്കളായ സി.കെ. ജാനുവും, ഗീതാനന്ദനുമൊന്നും ആദിവാസി സമൂഹങ്ങൾക്കിടയിൽ വേണ്ടത്ര സ്വാധീനം ചെലുത്താൻ കഴിയാതെപോയതും."[35] വർഗ്ഗീസിന്റെ പ്രവർത്തനങ്ങൾ ആദിവാസികൾക്കിടയിൽ വിപ്ലവാവബോധം ഉണ്ടാക്കാനും അവകാശങ്ങൾക്കായി പോരാടാനുള്ള മനസ്സും ഉണ്ടാക്കിയതെന്നത് വലിയകാര്യമാണ്.

"കേരളത്തിലെ ആദിവാസികൾ തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ അത്തരം ചിന്താഗതി വച്ചുപുലർത്തുകയോ ചെയ്തിരുന്നില്ല. ആന്ധ്രപ്രദേശ്, ബംഗാൾ, ബീഹാർ, മധ്യപ്രദേശ്, അസം എന്നീ സംസ്ഥാനങ്ങളിലെ ആദിവാസികളെ പോലെ സംഘടിത ശക്തിയായ അവകാശങ്ങൽ നേടിയെടുക്കാനുള്ള സായുധസമരത്തിനൊന്നും കേരളത്തിലെ ആദിവാസികൾതയ്യാറായിരുന്നില്ല. വിപ്ലവകാരികളാകാനുള്ള മാനസികാവസ്ഥ അവരിൽ ഇല്ലായിരുന്നു. അതുകൊണ്ടാണ് ആദിവാസികളെ സംഘടിപ്പിക്കാനും ജീവിത ഉയർച്ചക്കായി അവരെ ബോധവൽക്കരിക്കാനുമുള്ള ദൗത്യം പുറത്തുനിന്നുള്ളവർ ഏറ്റെടുത്തത്. സംഘടിതരായി മേലാളരോട് എതിർക്കാനും സായുധ വിപ്ലവം നയിക്കാനും ആദിവാസികൾ മടിച്ചത് പ്രധാനമായും ഭയംകൊണ്ടായിരുന്നു. തൊഴിൽ നഷ്ടമാകും, സമുദായത്തിൽ നിന്നു പുറന്തള്ളപ്പെടും എന്നിങ്ങനെയുള്ള പേടി അവർക്ക് വലുതായുണ്ടായിരുന്നു." [36] "നമ്മക്ക് അന്ന് എല്ലാറ്റിനെയും പേടിയായിരുന്നു. നമ്മളെ ആൾക്കാരെ മുതുക് ഇത്രയും വളഞ്ഞിരിക്കുന്നത് തലമുറതലമുറയായി ഇത്രയും പേടിയുള്ളതുകൊണ്ടാണെന്ന് തോന്നും."[37] എന്ന് സി.കെ. ജാനു ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നു.

ആദിവാസികളുടെ ഉയർച്ച ആഗ്രഹിക്കുന്ന നങ്ങേമ അന്തർജ്ജനം *ആഗ്നേയ*ത്തിലെ കരുത്തുറ്റ കഥാപാത്രമാണ്. സ്ത്രീ ശാക്തീകരണത്തിന് ഉത്തമ ഉദാഹരണം കൂടിയാണ് നങ്ങേമ. മുലകുടി മാറാത്ത മകൻ അപ്പുവിനെ മറന്ന്, ഇല്ലം മറന്ന്, നാടു മറന്ന് ഈ കാട്ടുമൂലയിൽ വന്നു കുടിയേറിയ അവർ അവസാനം

പരാജയം സമ്മതിച്ച് പുറപ്പെട്ട ദിക്കിൽ തന്നെ തിരിച്ചെത്തുന്നവരെയുള്ള കാലം സംഭവബഹുലമായിരുന്നു. പതിനേഴാം വയസിൽ വിധവയാകേണ്ടിവന്നപ്പോൾ ആരുടെ മുന്നിലും തോൽക്കാതെ തന്റേടിയായി കുടുംബം പുലർത്താൻ വയനാട്ടിലെ കൃഷിഭൂമി തേടിയിറങ്ങിയവരാണ് അവർ. തോട്ടത്തിൽ കാപ്പി മോഷ്ടിക്കുന്നവനെ പിടികൂടാനും കളത്തിലെ നെല്ലിന് കാവൽ കിടക്കാനും പാടത്ത് ഉഴവിനു കാളയെ ചോദിക്കാനും എല്ലാം ഒരു പുരുഷന്റെ ധൈര്യവും തന്റേടവും ഇച്ഛാശക്തിയും നങ്ങേമ പ്രകടിപ്പിക്കുന്നു. വയനാട്ടിൽ വന്നയുടൻ ഉദ്ദേശിച്ച പോലെ കൃഷിതുടങ്ങാൻ കഴിയാതെ വന്നപ്പോൾ ഏട്ടന്റെ പടിപ്പുരയിൽ ആദിവാസികൾക്ക് ഉപ്പും മുളകും അരിയും വിൽക്കുന്ന ചെറിയ കച്ചവടം തുടങ്ങുന്നു. സാധനങ്ങൾ വാങ്ങാൻ ചെറിയ കുഞ്ഞിനെയുമായി അക്കരെ സെയ്തിന്റെ കടയിൽ പോകാനുള്ള ബുദ്ധിമുട്ട് ഇല്ലാതാകുമെന്ന ആശ്വാസമായിരുന്നു അടിയാത്തികൾക്ക്. പക്ഷേ, അടിയാത്തികൾക്കും കുറുച്യത്തികൾക്കും പുകയിലയുടെ ഗന്ധം മാത്രം പോരായിരുന്നു. രുചിക്കുന്ന ഗന്ധങ്ങൾ തേടി അവർ കർക്കിടകത്തിൽ കവിഞ്ഞൊഴുകുന്ന പുഴകടന്നു സെയ്താലിയുടെ കടയിലെ ആർത്തുവിളിക്കുന്ന ഈച്ചകൾക്കിടയിൽ സ്ഥാനം പിടിച്ചു. അതോടെ നങ്ങേമക്ക് കച്ചവടം നിർത്തേണ്ടിയും വന്നു.

രോഗം വന്നാലും, പേറ്റുനോവുണ്ടായാലും ആശുപത്രിയിൽ പോകാതെ സ്വയം ചികിത്സയും മന്ത്രവാദവുമായി കഴിയുന്ന ആദിവാസികളെ ബോധവൽക്കരിക്കാനും രോഗങ്ങളിൽ നിന്നു രക്ഷിക്കാനും നങ്ങേമ ശ്രമിക്കുന്നുണ്ട്. പ്രസവത്തിന് വയറ്റാട്ടിയുടെ സഹായം മാത്രമാണ് ആദിവാസികൾ ആശ്രയിച്ചിരുന്നത്. മകൾ തേയി പ്രസവവേദനയിൽ പുളഞ്ഞ് അത്യാസന്ന നിലയിലായിട്ടും ആശുപത്രിയിൽ കൊണ്ടുപോകാൻ കൂട്ടാക്കാതിരുന്ന കുങ്കിയെ ആശുപത്രിയിലേയ്ക്കയക്കാൻ പണം നൽകി സഹായിക്കുന്നത് നങ്ങേമയാണ്. “പെറാൻ ആരെങ്കിലും ആശുപത്രിയിൽ പോകാറുണ്ടോ. കാളിയെ (പേറ്റിച്ചി) വിളിക്കുകയല്ലാതെ,”[38] എന്ന കുങ്കിയുടെ ചോദ്യം നങ്ങേമയെ ചൊടിപ്പിക്കുന്നുണ്ട്. നാട്ടിൽ അമ്മയുടെ കൂടെ കഴിയുന്ന മകൻ അപ്പുവിനു പാലുവാങ്ങി കൊടുക്കാനായി സ്വരൂപിച്ചു വച്ച പണത്തിൽ നിന്നു എട്ടുറുപ്പിക എടുത്താണ് നങ്ങേമ, കുങ്കിക്ക് ആശുപത്രിയിൽ പോകാൻ നൽകുന്നത്. പച്ചമരുന്നുകൊണ്ട് വലിയ തമ്പുരാട്ടിയുടെ ഗർഭം അലസിപ്പിക്കാനുള്ള കുങ്കിയുടെ ശ്രമത്തെ എതിർത്ത് ഇല്ലാതാക്കുന്നതും നങ്ങേമയാണ്. പാടത്തെ പണിക്കാരായ ആദിവാസികൾ വൃത്തിയിൽ കഴിയണമെന്ന

ആഗ്രഹത്തിൽ അവർക്ക് സോപ്പും കുപ്പായവും നങ്ങേമ നൽകി. ആഴ്ചയിലൊരിക്കലെങ്കിലും തിരുമ്പിയുണക്കിയിട്ട കുപ്പായവുമായി ഇവിടെ വരണമെന്ന് അവർക്ക് നിദ്ദേശവും നൽകി.

നികുതിബാക്കിക്ക് വിറ്റുപോകുകയായിരുന്നു റാവുത്തരുടെ ഭൂമി ലേലത്തിനു വച്ചപ്പോൾ വല്യേട്ടനോടും പത്മനാഭ മേനോനോടും പണം സംഘടിപ്പിച്ച് സ്വന്തമാക്കുന്ന നങ്ങേമ പുതിയൊരു ജീവിതം ഉയർത്തിക്കൊണ്ടുവരുകയായിരുന്നു. ഇതിനിടയിൽ മകൻ അപ്പു സുഹൃത്തുക്കളോടൊപ്പം ചേർന്നു നാട്ടിൽ വിപ്ലവ പ്രവർത്തനം ആരംഭിച്ചതറിഞ്ഞ് വിഷമിക്കുന്നുണ്ടെങ്കിലും പ്രസ്ഥാനത്തിലെ അംഗങ്ങൾക്കെല്ലാം സ്വന്തം വീട്ടിൽ ഭക്ഷണമൊരുക്കി വിളമ്പുന്നതിൽ സന്തോഷം കണ്ടെത്തുന്നു. അപകടത്തിൽ ചെന്നു ചാടരുതെന്നു മകനെ ഗുണദോഷിക്കുമ്പോഴും അവന്റെ പ്രവർത്തനങ്ങൾ കഷ്ടപ്പെടുന്ന ആദിവാസികൾ അടക്കമുള്ളവർക്കു വേണ്ടിയാണല്ലോ എന്നാണ് അവർ ആശ്വസിച്ചിരുന്നത്. സംഘടനാ പ്രവർത്തകർക്ക് ഉണ്ണാൻ വിളമ്പിയതിനുള്ള കുറ്റം സ്വയം സഹിച്ചുകൊള്ളാമെന്നാണ് നങ്ങേമയുടെ താൻപോരിമ. തനിക്കു തന്നെ ശരശയ്യ തീർക്കുകയാണ് നങ്ങേമ ചെയ്യുന്നതെന്ന ബന്ധുക്കളും മറ്റും മുന്നറിയിപ്പു നൽകിയിട്ടും അവർ പിൻതിരിയാൻ കൂട്ടാക്കിയില്ല. മകൻ അപ്പുവിന്റെ ആദിവാസികളുമായുള്ള കൂട്ടുകെട്ടിനെ അവർ ന്യായീകരിക്കുകയും ചെയ്യുന്നു. “അടിയാളരും ആയിട്ടാ സമ്പർക്കം എന്നുവെച്ച് അവരുടെ പെണ്ണുങ്ങനെ കെട്ടണംന്ന്ണ്ടോ?” അഥവാ കെട്ട്യാത്തന്നെ വേളിക്കു വേളീം നാടുനീളെ സംബന്ധോ ആയി നടക്കുന്നതിലും ഭേദം”[39] എന്നാണ് അടിയാരെ നന്നാക്കാൻ ഇറങ്ങിത്തിരിച്ച നങ്ങേമയുടെ വാദം. മകൻ ചെരുപ്പുകുത്തിയുടെ മകളെ രഹസ്യമായി വിവാഹം കഴിച്ചതിൽ ഏറെ വിഷമിക്കുന്ന അമ്മ, പിന്നീട് മകന്റെ ഭാര്യയെയും പേരക്കുട്ടിയെയും സ്വീകരിക്കാൻ തയ്യാറാകുന്നുണ്ട്.

കഠിനാധ്വാനം കൊണ്ടും ഇച്ഛാശക്തികൊണ്ടും നാട്ടുകാരിൽ അസൂയ ഉണ്ടാക്കുംവിധം വളർന്ന നങ്ങേമ്മ പ്രദേശത്തെ ആദിവാസി സ്ത്രീകൾക്ക് ഒരു മാതൃകയായിരുന്നു. നാട്ടിൽ കടമില്ലാത്ത ഒരേയൊരു ജന്മിയായി നങ്ങേമ മാറിയത് മറ്റു മേലാളർക്കുപോലും വിശ്വസിക്കാനാവത്ത വളർച്ചയായിരുന്നു. “ഒമ്പതേക്ര ഇരിപ്പു നിലത്തിനുടമ, നാലേക്ര കരക്കൃഷിക്കുടമ, തനിക്കു നേരെ പാഞ്ഞു വന്ന അസൂയയുടെ അമ്പുകളെ ആഭരണമാക്കി അണിയാൻ അവർക്കു കഴി

ഞ്ഞു."[40] പക്ഷേ, ഉയർച്ചക്കിടയിലും വിധിയുടെ തീരുമാനം മറിച്ചായി. സെയ്ത ലവി കൊല്ലപ്പെട്ട കേസിൽ ജയിലിലടക്കപ്പെട്ട മകനുവേണ്ടി കേസുനടത്താനും മറ്റുമായി വീടും സമ്പാദ്യവുമെല്ലാം ചെലവിട്ട് അവസാനം ഒന്നുമില്ലാത്തവളായി നങ്ങേമക്ക് തിരിച്ചു പോവേണ്ടിവരുന്നു.

*നെല്ലിൽ* വിവരിക്കുന്ന ആദിവാസി ജീവിതം കാലക്രമത്തിൽ അല്പാല്പമായി പുരോഗതി പ്രാപിക്കുന്നുണ്ടെന്നതിനു തെളിവാണ് *ആഗ്നേയ*ത്തിൽ വിവരിച്ചിരിക്കുന്ന ആദിവാസി ജീവിതം. *നെല്ലിൽ* നിന്ന് *ആഗ്നേയ*ത്തിലെത്തുമ്പോൾ ആദിവാസികൾക്കിടയിലുണ്ടായ പ്രകടമായ മാറ്റങ്ങൾ ഇവയെല്ലാമാണ്.

1. *നെല്ലിൽ* തിരുനെല്ലിയിൽ നിന്നു എന്താവശ്യത്തിനും മാനന്തവാടിയിൽ പോകുന്നതിനു കാൽനടയായിരുന്നു മിക്കവരും ആശ്രയിച്ചിരുന്നത്. *ആഗ്നേയ*ത്തിലെത്തിയപ്പോൾ ഗതാഗത സൗകര്യങ്ങൾ കൂടി. ആദിവാസി ഊരുകളിൽ താമസിക്കുന്നവർക്ക് പട്ടണത്തിലെത്താൻ ജീപ്പും തടികയറ്റിപോകുന്ന ലോറിയും ലഭിക്കുമെന്നായി.
2. അപ്പുവിന്റെയും മറ്റും നിർബന്ധത്തിന് വഴങ്ങിയാണെങ്കിലും ആദിവാസികൾ കുപ്പായമിടാൻ തുടങ്ങി.
3. ആദിവാസികൾ പലരും കുലത്തൊഴിൽ ഉപേക്ഷിച്ച് ഉപജീവനത്തിന് മറ്റു മാർഗങ്ങൾ സ്വീകരിച്ചു. (അമ്പു ആശാരിപ്പണികൊണ്ടുമാത്രം ജീവിക്കാൻ കഴിയാതെ വാറ്റുകാരനായി. നാട്ടുകാർക്കു മരസ്സാമാനങ്ങൾ വേണ്ട. അവർക്കു വേണ്ടത് ചാരായമാണ് എന്നു ബുദ്ധിമാനായ അമ്പു കണ്ടുപിടിച്ചു.)
4. ആദിവാസികളുടെ അവകാശങ്ങൾ നേടിയെടുക്കാനും ജന്മിമാരുടെ അധീശത്വം ഇല്ലാതാക്കാനുമായി വിപ്ലവപ്രസ്ഥാന പ്രവർത്തനങ്ങൾ ആരംഭിച്ചു.
5. കാളിന്ദിപ്പാറയ്ക്ക് താഴെ അണക്കെട്ടു നിർമ്മിച്ചത് വലിയൊരു മാറ്റത്തിന് വഴിയൊരുക്കി. അണക്കെട്ടു നിർമ്മാണം ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് വലിയൊരു പരിഷ്കാരത്തിനു വഴിയൊരുക്കി. അണക്കെട്ട് നിർമ്മിച്ചതിൽ ബാക്കി വന്ന സിമന്റ് കരാറുകാരനായ അമ്പു സമീപത്തെ വീട്ടുകാർക്ക് വിറ്റു കാശാക്കി. മേലാളന്മാരുടെ വീടുകളിൽ പടിപ്പുരയും വൈക്കോൽപ്പുരയും സിമന്റിടുന്നത് ഇതോടെയാണ്. മേലാളരുടെ വീടുകളിലെല്ലാം സിമന്റെത്തി. ഒരൊതുക്കുകല്ലെങ്കിലും സിമന്റിടാൻ കഴിയാത്ത വീട്ടമ്മമാർ ഖേദി

ച്ചു. സിമന്റ് എന്ന പരിഷ്ക്കാരം ദേശത്തിന്റെ പുരോഗതിയിലേക്കുള്ള ആദ്യത്തെ കാൽവെപ്പായി അമ്പു പ്രഖ്യാപിച്ചു. അവന്റെ പഴ്സിൽ പണം കുമിഞ്ഞു. അമ്പു അറിയപ്പെടുന്ന ഒരു കോൺട്രാക്ടറായി. നാട്ടിലെ ആദ്യത്തെ കോൺട്രാക്ടർ. നാട്ടിലെ ആദ്യത്തെ വിപ്ലവകാരി. ആശാരിപ്പണിയുപേക്ഷിച്ചു ചാരായം വാറ്റു തുടങ്ങിയ സാഹസികൻ. അവന്റെ സാഹസികതയിൽ നാടു വളർന്നു.

ആദിവാസി ക്ഷേമത്തിനായി സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ ഉദ്യോഗസ്ഥരും മറ്റും സ്വന്തം നേട്ടത്തിനായി ഉപയോഗപ്പെടുത്തുന്നതിന്റെ തെളിവാണ് അമ്പുവിന്റെ പ്രവർത്തനം. അണക്കെട്ട് നിർമ്മാണം ഏറ്റെടുക്കുമ്പോൾ സർക്കാർ അനുവദിച്ച സിമന്റ് മറിച്ചുവിറ്റു കൃത്രിമം കാണിക്കുന്നു. നിർമ്മാണത്തിലെ പിഴവു കാരണം അണക്കെട്ടു പൊളിഞ്ഞതിന്റെ ദോഷം ആദിവാസികൾ അനുഭവിക്കുമ്പോൾ സിമന്റ് വിൽപ്പനയിലൂടെ അമ്പു പണം സമ്പാദിച്ചു. സർക്കാർ ഉദ്യോഗസ്ഥനായ കമ്പോണ്ടർ കിട്ടുന്ന ശമ്പളം കൊള്ളപ്പലിശക്ക് നൽകി കീശ വീർപ്പിക്കുന്നതും ആദിവാസി മേഖലയിൽ നടക്കുന്ന ചൂഷണത്തിന്റെ മറ്റൊരു മുഖമാണ്.

“ആദിവാസി സമൂഹങ്ങളിൽ മാത്രമല്ല എല്ലാ വിഭാഗങ്ങളിലും മാറ്റത്തിനു വഴിയൊരുക്കുന്ന പ്രധാന ഘടകം പണമാണ്. പണമില്ലെങ്കിൽ സംഘടനാ പ്രവർത്തനങ്ങളോ ക്ഷേമപദ്ധതികളോ നടക്കില്ല. ആദിവാസികൾക്കിടയിലെ ജീവിതപുരോഗതി അവർക്ക് നേട്ടത്തോടൊപ്പം ദോഷവും ഉണ്ടാക്കിയിട്ടുണ്ട്. അതിലൊന്നാണ് മദ്യപാനശീലം. മദ്യപാനികളും കഞ്ചാവ് ഉപയോഗിക്കുന്നവരും വർദ്ധിച്ചതോടെ അവരുടെ ആരോഗ്യം ക്ഷയിക്കാനും കാരണമായി.”[41]

ആദിവാസികളുടെ ജീവിതചിത്രീകരണത്തോടൊപ്പം അവരെ സമുദ്ധരിക്കാനുള്ള നോവലിസ്റ്റിന്റെശ്രമം *നെല്ലിൽ* കാണുന്നുണ്ട്. *ആഗ്നേയ*ത്തിലാകട്ടെ ആദിവാസികളെ ഒന്നുകൂടി പുറംലോകവുമായി അടുപ്പിക്കാൻ നോവലിസ്റ്റ് വ്യഗ്രത കാണിക്കുന്നതുപോലെ തോന്നുന്നു. കൂട്ടത്തിൽ അവർ അനുഭവിക്കുന്ന ചൂഷണങ്ങളും ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്.നോവലിസ്റ്റിന്റെ ആദിവാസിസമുദ്ധാരണശ്രമങ്ങളുടെ വളർച്ച, നെല്ലിൽനിന്നുള്ള വളർച്ച, *ആഗ്നേയ*ത്തിൽ കാണാം. ഒരുകൂട്ടം ചെറുപ്പക്കാരായ ആദിവാസികളെ മേലാളരുടെ ചൂഷണത്തിനെതിരെ സംഘടിപ്പിക്കുന്നതും അവർക്ക് അധ്വാനത്തിനു തക്കതായ കൂലി വാങ്ങി

കൊടുക്കുന്നതും കൃഷിഭൂമി ,കൃഷിക്കാർക്ക്  എന്ന ആശയം അവരിൽ വളർത്തുന്നതും അവകാശത്തെക്കുറിച്ചുള്ള ബോധം ആദിവാസികളിൽ പ്രചരിപ്പിക്കുന്നതിനു തെളിവാണ്.സ്കൂൾ വിദ്യാഭ്യാസം ലഭിച്ച അപ്പു ആദിവാസികളുടെ നന്മക്കായി പ്രവർത്തിക്കുന്നതും ജന്മിത്തത്തിനെതിരെ പോരാടുന്നതും ആദിവാസികളെ കുപ്പായം അണിയിക്കുന്നതുമൊക്കെ  അവരെ പുരോഗതിയിലേക്ക് നയിക്കുന്നതിന്റെ ഭാഗമാണ്. ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് സ്കൂൾ കെട്ടിടം നിർമിക്കുന്നതിനു അധികൃതർക്ക് നിവേദനം നൽകാൻ നേതൃത്വം ഏറ്റെടുക്കുന്നത് ആദിവാസികളെ ഉദ്ധരിക്കാൻ വിദ്യാഭ്യാസത്തിനു വലിയ പങ്കുണ്ടെന്നുള്ള നോവലിസ്റ്റിന്റെ കാഴ്ചപ്പാട് വെളിപ്പെടുത്തുന്നു. രോഗം വന്നാൽ ആശുപത്രിയിൽ പോകാതെ സ്വയം ചികിത്സയും മന്ത്രവാദവുമായ കഴിയുന്ന ആദിവാസികളെ നങ്ങേമ ബോധവത്കരിക്കുന്നത് പുരോഗതിയുടെ ലക്ഷണമായിട്ടുവേണം കാണാൻ. *ആഗ്നേയ*ത്തിൽ കാണുന്ന ഈ വക പരോഗമനപരമായ പ്രവർത്തനങ്ങൾ ആദിവാസികളെ ബോധവത്കരിച്ചു സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാൻ നോവലിസ്റ്റ് നടത്തുന്ന സാംസ്കാരിക പദ്ധതികളാണ്. കഥാപാത്രങ്ങളെ വക്താക്കളാക്കി ആദിവാസികൾക്കിടയിൽ അവകാശങ്ങളെക്കുറിച്ചു ബോധവത്കരണം  നടത്തുന്നത് ആഗ്നേയത്തിൽ കാണാം.കൂടാതെ നോവലിസ്റ്റിന്റെ ആദിവാസി സമുദ്ധാരണ പ്രവർത്തനങ്ങൾ സജീവമാകുന്നതും നോവലിൽ കാണാം. ഈ രണ്ടു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം *നെല്ലി*ൽ നിന്നുള്ള വളർച്ച *ആഗ്നേ*യത്തിൽ പ്രകടമാണ്.നോവലിസ്റ്റിന്റെ ആദിവാസിബോധവത്കരണം സമുദ്ധാരണ പ്രവർത്തനങ്ങളുടെ രണ്ടാമത്തെ ഘട്ടമാണ് *ആഗ്നേയ*ത്തിൽ നിഗിരണം ചെയ്തിരിക്കുന്നത് എന്നു കരുതാം.

## 2.3. കൂമൻകൊല്ലി

“ഉദയഗിരിയുടെ മടിത്തട്ടിൽ പടിഞ്ഞാറോട്ടു നോക്കിയിരിക്കുന്നൊരു കൊച്ചു കുന്നുമ്പുറം. കൂമൻകൊല്ലിയെന്ന ഇരുണ്ട താഴ്വര. പുറം നാട്ടിൽ നിന്നുവന്ന ഒട്ടേറെ കുടുംബങ്ങൾ അവിടെ താവളമുറപ്പിച്ചു. ആ കാട്ടുമൂലയെ നാടാക്കി മാറ്റി. ഇരുണ്ട താഴ്വര വയലാക്കി മാറ്റി.”[42] ആ കഥയാണ് *‘കൂമൻകൊല്ലി’* എന്ന നോവലിൽ പി. വത്സല പറയുന്നത്. കാടിനെ ആശ്രയിച്ചു കഴിയുന്ന ആദിവാസികളുടെയും അവരെ ചൂഷണം ചെയ്ത് നിലനിൽപ്പിനായി പ്രകൃതിയുമായി മല്ലടി

ക്കുന്ന സവർണരുടെയും കഥയുണ്ടിതിൽ. കൂമൻകൊല്ലിയിൽ കുടിയേറിയവർ "ചതുപ്പിൽ വിത്തെറിയാൻ കറുത്ത തൊലിയുള്ളവരെ വരുത്തി. അവർക്കു ചപ്പു കാപ്പിയും പുകയിലയും കൊടുത്തു. കാരിക്കനെന്ന കോടിത്തുണിയൊന്നു മേടിച്ചുകൊടുത്തു. വയലുകൾ വിളയുന്നതും കാത്ത് അവർ സ്വന്തം ഉമ്മറങ്ങളിൽ ഉടലനങ്ങാതെ, ഉടുപ്പിൽ ചെളിപുരളാതെ, ചേറ്റിൽ കാലൂന്നാതെ കാത്തിരുന്നു. വയലുകളിൽ പൊൻ വിളയുന്നതു കണ്ടു അവരുടെ ഉള്ളം കുളിർത്തു. താഴ്വരയിലേക്ക് പിന്നെയും പിന്നെയും ആളുകൾ വന്നുകൊണ്ടിരുന്നു. പക്ഷേ, ആരും ആ കറുത്ത ചെളിയിൽ വേരൂന്നാൻ ആഗ്രഹിച്ചില്ല."[43] വന്നവർ മിക്കവരും അമ്പലവാസികളായിരുന്നു. കാടിന്റെ മക്കളെ ചൂഷണം ചെയ്തു സ്വന്തം ജീവിതം കെട്ടിപ്പടുത്തവർക്കിടയിൽ ചിലർ കഷ്ടതയനുഭവിക്കുന്ന ആദിവാസികളുടെ ക്ഷേമത്തിനും അവരുടെ അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കാൻ സ്വയം മുന്നോട്ടു വന്നു. മിഷനറി പ്രവർത്തനത്തിന് ഫാദർ ഡാനിയേലച്ചന്റെ നേതൃത്വത്തിൽ എത്തിയ കന്യാസ്ത്രീകൾ, ആദിവാസികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവരിൽ വർഗ്ഗബോധമുണർത്താൻ എത്തിയ ബാലൻ നമ്പ്യാർ, ആദിവാസികൾക്ക് അക്ഷരവിദ്യ പകർന്നുകൊടുക്കുന്ന അനന്തൻ മാസ്റ്റർ, തന്റെ വയലുകൾ ആദിവാസികൾക്ക് പങ്കു കൃഷിക്ക് നൽകാൻ തയ്യാറാകുന്ന അപ്പു... ഇങ്ങനെ ഒട്ടേറെ പേർ അഹോരാത്രം പ്രകൃതിയുമായി മല്ലിട്ടു ജീവിക്കുന്നവരുടെ സമുദ്ധാരണത്തിനുവേണ്ടി പ്രയത്നിക്കുന്നുണ്ട്.

പണിക്കാരെ വെച്ച് വയലിൽ പണിയെടുപ്പിച്ചു ആദിവാസി ഭൂമിയിൽ ആധിപത്യം സ്ഥാപിച്ച അമ്പലവാസികളായ കുന്നത്തുകളത്തിലെ കൃഷ്ണനുണ്ണി, ഭാര്യ സുനന്ദ, കേശവഭട്ട്, ഗംഗാധരമാരാർ തുടങ്ങിയവരുടെ ജീവിതാവസ്ഥകൾ വിവരിക്കുന്ന നോവലിന്റെ ആറാം അധ്യായത്തിലാണ് ആദിവാസിയായ വെള്ളിയും അയാളുടെ മകൾ ബന്ദിയും കടന്നുവരുന്നത്. ഇവർ അപ്പുവിന്റെ വയലിൽ പണിയെടുത്ത അടിയാരായിരുന്നു. തെക്കുംകുളം വയലിൽ കൃഷിപ്പണി നിലച്ചതോടെ കുന്നുംപുറത്തു കുടിൽ കെട്ടി താമസമാക്കിയ വെള്ളി ഉപജീവനത്തിന് തൈലപ്പുല്ല് വാറ്റാൻ പഠിച്ചു. റാക്കു വാറ്റി. സ്കൂൾ പഠനം നിർത്തിയ ബന്ദി അതേ സ്കൂളിൽ അടിച്ചു തളിക്കാരിയായി. കൂമൻകൊല്ലിയിലെ ആദിവാസികളെ കഷ്ടതകളിൽ നിന്നും രക്ഷിക്കാനെന്ന പേരിൽ ഡാനിയേലച്ചനും കന്യാസ്ത്രീകളും പുല്ലുമലയിൽ എത്തുന്നതോടുകൂടിയാണ് ആ പ്രദേശത്ത് വികസനം കടന്നുവരുന്നത്. "ആലിക്കയുടെ കടയിൽ ബഞ്ചിലിരുന്ന് ചായകുടിക്കുന്ന വെള്ള

ക്കുപ്പായക്കാരൻ അച്ചനെ കടയുടെ ഓരം ചാരിമറഞ്ഞു നിന്നു വെള്ളി സൂക്ഷി ച്ചുനോക്കി. പുതിയ തമ്പുരാക്കളുടെ വേഷം വെള്ളിക്കും അപരിചിതമാണ്. അവർ വണ്ടി (മോട്ടോർ ബൈക്ക്) യേറി തിരിച്ചുപോകുംവരെ വെള്ളി മറഞ്ഞുനിന്നു."[44] വെള്ളക്കുപ്പായക്കാരെ കണ്ടാൽ മുന്നിൽ വരാൻ പേടിച്ചു നിൽക്കുന്ന ആദിവാ സികൾക്കിടയിലേക്കാണ് ഡാനിയേലച്ചനും കൂട്ടരും മിഷണറി പ്രവർത്തനത്തി നെത്തുന്നത്. ഡാനിയേലച്ചനും കന്യാസ്ത്രീകളും പുല്ലുമലയിൽ കുരിശു സ്ഥാപി ച്ച് ധ്യാനപ്രവർത്തനങ്ങൾ ആരംഭിച്ചതോടെ വെള്ളിക്കും ബന്ദിക്കും താമസം ആനയറയിലേക്ക് മാറ്റേണ്ടി വന്നെങ്കിലും മിഷനറി പ്രവർത്തകരിലൂടെയാണ് ബന്ദി നഗരത്തിലെ പരിഷ്കാരങ്ങൾ പരിചയപ്പെടുന്നത്.

"വെള്ളിയുടെ അകത്ത് ഉപ്പുമാവും പാലും പാകപ്പെടുത്താൻ തുടങ്ങിയപ്പോൾ ഞായറാഴ്ചകൾക്കു കൂടുതൽ മിഴിവുണ്ടായി. അവരുടെ നീണ്ട പകലുകൾ ഞായ റാഴ്ചകളും ഞായറല്ലാത്ത ദിനങ്ങളുമായി പങ്കുവെയ്ക്കപ്പെട്ടു. അതിനു മുമ്പ് അവരുടെ ദിനസരിയിൽ രണ്ടുതരം ദിവസങ്ങളേ ഉണ്ടായിരുന്നു. പണിയുള്ള ദിനങ്ങൾ. പണിയില്ലാത്തവയും. അവയ്ക്കാണെങ്കിൽ ഒരു ക്രമവുമില്ലായിരുന്നു. ഇപ്പോൾ താഴ്വരയിൽ ഒരു കാലക്രമമുണ്ടായി. ഡാനിയേലച്ചൻ ഒരത്ഭുതം തന്നെ![45] "ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം മതപരിവർത്തനം തന്നെയായിരുന്നു. അതു കഴിച്ചു മാത്രമേ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങൾക്ക് സ്ഥാനം നൽകിയിരുന്നുള്ളൂ. ലോകം മുഴുവൻ അതു തന്നെയാണ് നടന്നത്. വയനാട്ടിലെ ആദിവാസികൾക്കി ടയിലും മിഷനറിമാർ മതപരിവർത്തനത്തിനാണ് മുൻതൂക്കം നൽകിയത്."[46] എന്ന് നോവലിസ്റ്റ് തന്നെ പറയുന്നുണ്ട്.

ഡാനിയേലച്ചന്റെ വരവോടെ കൂമൻകൊല്ലിയിൽ വികസനമുണ്ടായി. ക്രിസ്ത്യൻ സഭയുടെ നേതൃത്വത്തിൽ പ്രേമാലയം, അങ്കൺവാടി, വയോജന ങ്ങൾക്കായി നിശാക്ലാസ്, വനിതകൾക്കായി തയ്യൽ പരിശീലനകേന്ദ്രം, പട്ടിണി പാവങ്ങൾക്ക് ഭക്ഷണ വിതരണം തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ ആരംഭിച്ചു. പണിയില്ലാതെ പട്ടിണിയും പരിവട്ടവുമായി വിഷമിക്കുന്ന ആദിവാ സികൾക്ക് ഇതെല്ലാം വലിയ അനുഗ്രഹമായി. "ആനയറയിലെ അടിയാക്കുട്ടി കൾ ചൊറിപിടിച്ചു കരഞ്ഞപ്പോൾ അവർ കാളിന്ദി കടന്ന്, വയലുകൾ മുറിച്ചു കുന്നുകയറി വന്നു. ചൊറിപിടിച്ചളിഞ്ഞ കുട്ടികളെ പൊക്കിയെടുത്ത് ഉമ്മവെച്ചു

അവർ. പെൺകുട്ടികളുടെ തലമുടി തടവി. അമ്മമാരുടെ ദുഃഖങ്ങൾ ചോദിച്ചറിഞ്ഞു."[47] താഴ്‌വരയിലെ അടിയാളന്മാരുടെ, കുറിച്യരുടെ, കുറുമരുടെ എന്നല്ല ദരിദ്രരായ മേലാളരുടെപോലും പ്രധാന അവയവം വയറാണെന്ന് ഫാദർ ഡാനിയേലിനും അന്തോണിക്കും ബോധ്യമായി. ഈ ബോധ്യമാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ആദിവാസികൾക്കായുള്ള ക്ഷേമ പദ്ധതികൾക്കും മുന്നിട്ടിറങ്ങാൻ അവരെ പ്രേരിപ്പിച്ചത്.

കൂമൻകൊല്ലിയിലെ അടിയാക്കുട്ടികളും കുറിച്യകുട്ടികളും നമ്പീശന്റെ മക്കളുമെല്ലാം അനന്തൻമാസ്റ്ററുടെ ചിറകിൻ കീഴിലിരുന്നാണ് അക്ഷരങ്ങൾ കൊത്തിക്കൊറിച്ചത്. "കുട്ടികൾ പഠിക്കുന്നു എന്നു പറയാൻ ഞാനാളല്ല. പത്തുമണി തുടങ്ങി നാലുമണി വരെ ഞാനവരെ ഇതിനകത്തിരുത്തും. ഹാജർ കണക്ക് കൃത്യമായി സൂക്ഷിക്കും. ലഭിക്കേണ്ട അവകാശങ്ങളെല്ലാം മേടിച്ചുകൊടുക്കും. ലംപ്സം, ഇൻസെന്റീവ് ഇത്യാദി കണക്കു സൂക്ഷിക്കും. രക്ഷിതാക്കളോട് കണക്കു ബോധിപ്പിക്കും. പിന്നെയും സമയമുണ്ടെങ്കിൽ അക്കങ്ങളും അക്ഷരങ്ങളും പഠിപ്പിക്കാൻ നോക്കും."[48] എന്നാണ് അനന്തൻ മാസ്റ്റർ തന്റെ സ്കൂൾ നടത്തിപ്പിനെപ്പറ്റി കന്യാസ്ത്രീകളോട് പറയുന്നത്. കന്യാസ്ത്രീകളുടെ അഭ്യർത്ഥനയിൽ സ്കൂൾ ഷെഡ്ഡിനകത്ത് വയോജനങ്ങൾക്കായി നിശാക്ലാസുകളാരംഭിക്കാനും അനന്തൻ മാസ്റ്റർ അനുമതി നൽകുന്നു.

നാട്ടിലെ കുട്ടികളെയെല്ലാം വായിക്കാറാക്കണമെന്നു അനന്തൻ മാസ്റ്റർക്കും അപ്പുവിനും ആഗ്രഹമുണ്ടായിരുന്നു. പക്ഷേ, ആദിവാസി ഊരിലെ കുട്ടികളുടെ ഭാവി ഇരുണ്ടണഞ്ഞു കിടക്കുന്നതിൽ അനന്തൻ മാസ്റ്റർ ദുഃഖിച്ചു. "എത്ര വിത്തുകൾ ഞാൻ വാരിവിതച്ചു. ഒന്നെങ്കിലും മുളച്ചുയർന്നുവോ? ഉണർന്ന മുകുളെല്ലാം വയൽവരമ്പിലെ ചെളിയിൽ ആണ്ടുപോയില്ലേ? അറിഞ്ഞോ അറിയാതെയോ നാം ചവിട്ടിത്താഴ്ത്തിയില്ലേ?" [49] എന്നാണ് അദ്ദേഹം പരിതപിക്കുന്നത്. ആദിവാസികളുടെ അജ്ഞത മുതലെടുത്ത് അവരെ ചൂഷണം ചെയ്യുന്നതിനോ സ്വന്തം കാര്യങ്ങൾ നേടുന്നതിനോ അദ്ദേഹം ശ്രമിച്ചില്ല.

ചൂഷണങ്ങൾക്കും അനീതിക്കുമെതിരെ ആദിവാസികളായ തൊഴിലാളികളെ സംഘടിപ്പിക്കാനാണ് ബാലൻ നമ്പ്യാർ താഴ്‌വരയിലെത്തുന്നത്. അടിയാരുടെ കുടിലുകളിൽ കയറിയിറങ്ങി അവരുടെ ദുഃഖങ്ങളും പ്രശ്നങ്ങളും മനസ്സിലാക്കി പരിഹാരത്തിനുവേണ്ടി പ്രയത്നിക്കാൻ സദാസന്നദ്ധനായിരുന്നു അദ്ദേഹം. വത്സ

ലയുടെ മറ്റു രണ്ടു നോവലുകളായ *നെല്ല്, ആഗ്നേയം* എന്നിവയിൽ കണ്ട രാഘവൻനായരുടെ പതിപ്പാണ് ബാലൻ നമ്പ്യാർ. അടിയാന്മാരും ദരിദ്രരായ ഭൂവുടമകളും ബാലൻ നമ്പ്യാരുടെ നേതൃത്വത്തിൽ വിശ്വാസമർപ്പിച്ചു. വർഗ്ഗസമരത്തിന്റെ ബാലപാഠം തുടങ്ങി എല്ലാ പാഠങ്ങളും ഉരുവിട്ടു പഠിച്ച ബാലൻ നമ്പ്യാർക്ക് താഴ്വരയിലെ കർഷകരുടെയെല്ലാം ഗതികേടിനെക്കുറിച്ച് ജ്ഞാനമുണ്ടെന്നു വ്യക്തം. പക്ഷേ, “കിട്ടിയ കൂലിയും മേടിച്ച് മിണ്ടാതെ പോകുന്ന പണിക്കാരിൽ താൻ എങ്ങനെ വർഗ്ഗബോധമുണർത്തും.” [50] എന്ന് ഒരു ഘട്ടത്തിൽ അയാൾ വിഷമിക്കുന്നുണ്ട്.

നാലഞ്ചുകൊല്ലം കൊണ്ട് അടിയാരുടെ സ്വഭാവം ചീത്തയാക്കിയത് ഈ ബാലൻനമ്പ്യാരല്ലാതെ മറ്റാരാണ്. ഏതു പണിയും വയ്യ എന്നു പറയാനറിഞ്ഞു കൂടാത്ത അവരിപ്പോൾ ചോദിച്ചാൽ സമാധാനം പറയാതെ ഒഴിഞ്ഞുമാറുന്നു. ഒരു പൗലോസ് ചത്തതുകൊണ്ട് കാര്യമായില്ല. കളകൾ വേറെയും വളരുന്നുണ്ടിവിടെ. എന്നു കൃഷ്ണനുണ്ണിയെപ്പോലുള്ള ജന്മിമാർ അരിശം പൂണ്ടിരുന്നു. പൗലോസ് വത്സലയുടെ തന്നെ *ആഗ്നേയം* എന്ന നോവലിൽ അപ്പുവിന്റെ കൂടെ ആദിവാസികളുടെ സമുദ്ധാരണത്തിനു വേണ്ടി വിപ്ലവപ്രവർത്തനം നടത്തിയ ആളാണ്. അവസാനം പൊലീസ് പിടികൂടി വെടിവെച്ചുകൊല്ലുന്നതോടെ രക്തസാക്ഷിയായി മാറുന്നു. കാട്ടിനുള്ളിൽ നരകജീവിതം വിധിച്ച ആദിവാസികളുടെ അവകാശങ്ങൾക്കായി പോരാടിയ നക്സൽ നേതാവ് വർഗ്ഗീസ് തന്നെയാണ് ആഗ്നേയത്തിൽ പൗലോസായി പ്രത്യക്ഷപ്പെടുന്നത്. വർഗ്ഗീസിന്റെ പ്രവർത്തനങ്ങളെപ്പറ്റി ആദിവാസിനേതാവ് ജാനു അനുസ്മരിക്കുന്നതിങ്ങനെയാണ്: “വർഗ്ഗീസിനെ നമ്മളെ ആളുകളെ എടേല് വലിയ അടുപ്പമുണ്ടായിരുന്നു എന്നു കേട്ടിട്ടുണ്ട്. നമ്മളെ ആൾക്കാരുടെ പ്രയാസങ്ങളെ വർഗ്ഗീസ് നേരിട്ടുവന്നു അറിയുമായിരുന്നു. നമ്മളെ എടലേ ആൾക്കാരുടെ കുടികളില് ജീവിക്കാനും അങ്ങനത്തെ രീതിയിൽ അടുത്തു പെരുമാറാനും നിക്കുമായിരുന്നു വർഗ്ഗീസെന്നു കേട്ടിട്ടുണ്ട്. അതല്ലാതെ, നമ്മളെ ജന്മിമാര് കൂലി അളന്നിരുന്നത് മുളങ്കുറ്റിയിലായിരുന്നു. അത് ലിറ്ററില് അളന്നു കൊടുക്കണമെന്ന് പറഞ്ഞിട്ട് ജന്മീനക്കൊണ്ട് തന്നെ അളന്നു കൊടുപ്പിച്ചിട്ടുണ്ടെന്നു കേട്ടിട്ടുണ്ട്. അതുകൊണ്ടൊക്കെ വർഗീസിനെ നമ്മളെ കൂട്ടത്തിൽ വലിയ ഇഷ്ടമായിരുന്നു. വർഗ്ഗീസിന്റൊന്നിച്ച് പ്രവർത്തിച്ചിരുന്ന ആൾക്കാര് നമ്മളെ എടേല് ഉണ്ടായിരുന്നു. നമ്മള് വർഗ്ഗീസിനെ കണ്ടിട്ടില്ല.” [51]

ബാലൻ നമ്പ്യാർ താഴ്‌വരയിൽ വന്നതുകൊണ്ടാണ് കളപ്പുരകളിൽ നിന്നു കള്ളനാഴികൾ അപ്രത്യക്ഷമായതെന്ന് *കൂമൻകൊല്ലി*യിൽ നോവലിസ്റ്റ് പറയുന്നു. "അയാൾ അടിയാക്കുടിലുകളിൽ കയറിയിറങ്ങി അവരുടെ ദുഃഖങ്ങൾ അലിവോടെ കേട്ടു. അവരുടെ കുഞ്ഞുങ്ങൾക്കു ഗ്രഹണിയും ചെങ്കണ്ണും ട്രക്കോമയും ബാധിച്ചപ്പോൾ മേലങ്ങാടിയിൽ കൊണ്ടുപോകാൻ നിർദ്ദേശം നൽകി. സ്വന്തം പോക്കറ്റിൽ നിന്നു വണ്ടിക്കൂലി നല്കി."[52]

അടിയാൻ പട്ടിണി കൊയ്യുകയും മേലാളർ കടം കൃഷി ചെയ്യുകയും ചെയ്യുന്ന വിചിത്രമായ താഴ്‌വരയിൽ വർഗ്ഗസമരത്തിന്റെ വിത്തുതേടിയാണ് ബാലൻനമ്പ്യാർ വന്നത്. കൂമൻകൊല്ലിയിൽ പട്ടിണിമരണം സംഭവിച്ചുവന്ന വാർത്ത പത്രങ്ങളിലൂടെ പുറംലോകം അറിഞ്ഞതിനെതുടർന്നു ബാലൻനമ്പ്യാർ സംഘടനാ പ്രവർത്തനത്തിനു കൂമൻകൊല്ലിയിൽ നിയോഗിക്കപ്പെട്ടു. ആദിവാസികളായ കാളനും ചുണ്ടെലിയും ചത്തപ്പോൾ അവർ പട്ടിണികൊണ്ടാണു മരിച്ചതെന്നു ബാലൻനമ്പ്യാർ പുഴക്കരയിലെ യോഗത്തിൽ വിളിച്ചു പറഞ്ഞു. ചത്തവരുടെ കുടുംബാംഗങ്ങൾക്ക് വേണ്ടി ബാലൻനമ്പ്യാർ സഹായമഭ്യർത്ഥിച്ചു. ബാലൻനമ്പ്യാർ പ്രതീക്ഷിച്ചതിലുമധികം നെല്ലും കായ്കറികളും അലിയുടെ മുറ്റത്ത് സംഭാവനയായി കുമിഞ്ഞുകൂടി. പട്ടിണികിടക്കുന്ന ആദിവാസികൾക്ക് മരുന്നല്ല, ഭക്ഷണമാണ് ആദ്യം വേണ്ടതെന്ന ബോധ്യമുണ്ടായിരുന്നു അദ്ദേഹത്തിന് സർക്കാർ പദ്ധതിയായ മെഡിക്കൽ ക്യാംപ് സഫലമാക്കാൻ അതിൽ പങ്കെടുക്കുന്നവർക്ക് ബാലൻനമ്പ്യാർ വലിയൊരു സദ്യയൊരുക്കുകയും ചെയ്യുന്നുണ്ട്.

ഗ്രാമത്തിൽ പുരോഗതി ഉണ്ടായത് പൗലോസിനെപ്പോലെയുള്ളവരുടെ ശ്രമഫലമാണെന്ന് പ്രദേശവാസികൾ തിരിച്ചറിയുന്നു. കൂമൻകൊല്ലിയിലേക്ക് ബസ് സർവ്വീസായി. പൗലോസ്പാറ സ്റ്റോപ്പിലിറങ്ങി ഇടത്തോട്ടിറങ്ങിയാൽ കൂമൻകൊല്ലിയായി. 'പൗലോസ് ഗ്രാമത്തിലെന്നല്ല, ഗ്രാമത്തിനു പുറത്തും ഉണർത്തിവിട്ട ഭയമാണ് ഈ പരുക്കൻ പാത പണിയാൻ നിമിത്തമായതെന്നോർത്ത് അപ്പു ഊറിച്ചിരിച്ചു. ചിന്നമ്മു ബ്രാഹ്മണിയമ്മയുടെ കാലികളെ മേച്ചു നടന്ന കുങ്കൻ എന്ന ആദിവാസി യുവാവ് മുടി ക്രോപ്പു ചെയ്തു വെളുത്ത മുണ്ടെടുത്ത് നടക്കുന്നത് ആദിവാസികൾക്കിടയിൽ പരിഷ്ക്കാരം കടന്നുചെന്നതിന്റെ തെളിവാണ്. "ഇവനെവിടുന്നു കിട്ടി ഈ വെളുത്ത മുണ്ട്? എന്തേ കാടുകെട്ടിയ താടി മീശകൾ വടിച്ചുകളയാൻ തോന്നിയത്? മുടി ഭംഗിയായി ക്രോപ്പ് ചെയ്യാനിവൻ മുപ്പതു

കിലോമീറ്റർ താണ്ടി മേലങ്ങാടിയിൽത്തന്നെ പോയിരിക്കും. അവന്റെ കാതിൽ ചുവന്ന കല്ലുവച്ചൊരു കടുക്കനുണ്ടു മിന്നുന്നു."[53] എന്ന് ചിന്നമ്മു ബ്രാഹ്മണിയമ്മ അത്ഭുതപ്പെടുന്നുണ്ട്.

അടിയാർ പാടത്തെ ജോലിക്കുപുറമെ മരം മുറിക്കാൻ പഠിച്ചു. വണ്ടിയിൽ തടി കേറ്റാൻ പഠിച്ചു. കാടിനു തീവെയ്ക്കാൻ പഠിച്ചു. ഉപജീവനത്തിനാണെ ങ്കിലും കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ആദിവാസികളും സ്വീകരിക്കുകയാ യിരുന്നു. കൂമൻകൊല്ലിയെന്ന കാട്ടു മൂലയിൽ ഉഷാഉതുപ്പിന്റെ പോപ്പ് സംഗീതം കേൾക്കാനായത്, അവിടെ കുടിയേറിപ്പാർത്ത പുറംനാട്ടുകാരുടെ വീട്ടിൽ നിന്നാ ണെങ്കിലും ചുറ്റുമുള്ള ആദിവാസികളിൽ ആധുനിക ലോകത്തെപ്പറ്റിയുള്ള അവ ബോധം സൃഷ്ടിക്കാൻ കുടിയേറ്റക്കാരുടെ സഹവാസം സഹായിച്ചിട്ടുണ്ട്. താൻ വീട്ടുജോലിക്കുപോയ അതിരമ്പുഴയിലെ ടീച്ചറുടെ വീട്ടിൽ നിന്ന് റേഡിയോയിൽ പാട്ടുകേട്ട കഥ പറയുന്നുണ്ട് സി.കെ. ജാനു. "ടീച്ചറിന്റെ വീട്ടിൽ ഒരു പഴയ റേഡിയോ ഉണ്ടായിരുന്നു. ചില ദിവസങ്ങളിൽ അതിൽ പാട്ടു കേൾക്കാൻ കഴി യും. കരച്ചിലും ചിരിയും ഒക്കെ ഉള്ള നാടകങ്ങളും ഉണ്ടാകും. ഇതിനകത്ത് ഇത്രയും ആളുകൾ എങ്ങനെയാണ് ഇരിക്കുന്നതെന്ന് തോന്നിയിട്ടുണ്ട്."[54]

അലിയും അലിയുടെ കടയും കൂമൻകൊല്ലിയിലെ ജീവിതത്തിൽ അവിഭാജ്യ ഘടകമാണ്. അലിക്ക് താഴ്വാരത്തെ മണ്ണിനോടായിരുന്നില്ല പണത്തോടായിരുന്നു കൂടുതൽ സ്നേഹം. അതുകൊണ്ടുതന്നെ കച്ചവട തന്ത്രങ്ങളിലൂടെ ആദിവാസി കളെ പരമാവധി ചൂഷണം ചെയ്തു പണവും സ്വത്തും ഉണ്ടാക്കാൻ അലി മിടുക്ക് കാണിച്ചു. എഴുത്തും വായനയും അറിയാത്ത അലി ക്രമേണ കച്ചവട പ്രമാ ണിയും നിരവധി കെട്ടിടങ്ങളുടെ ഉടമയും മന്ത്രിമാരുടെ സേവകനുമായി വളർന്നു. 'അലിയുടെ മടിശീല തുറക്കാതെ താഴ്വരയിൽ ഒരു ജന്മിക്കും നടാനോ വിത യ്ക്കാനോ കഴിയാതെ വന്നു. അലിയുടെ വളർച്ചയിൽ മോഹിച്ച് നിരവധി മുസ്ലിം കുടുംബങ്ങൾ കൂമൻകൊല്ലിയിൽ കുടിയേറി താമസമാക്കി.

കുട്ട്യസ്സന്റെ വണ്ടിയായിരുന്നു കൂമൻകൊല്ലിയിലെ ആളുകൾക്ക് ബാഹ്യലോ കവുമായി ബന്ധം പുലർത്താനുള്ള ഏക മാർഗ്ഗം. ഗംഗാധരനും ബാലൻനമ്പ്യാരും കൂമൻകൊല്ലിയിൽ വരുന്നതും നാട്ടിലെ കാര്യങ്ങൾ അറിയുന്നതും ആ കാട്ടുമു ക്കിൽ വികസനം കടന്നുവരുന്നതും കുട്ട്യസ്സന്റെ വണ്ടിയിൽ കയറിയായിരുന്നു. "കുട്ട്യസ്സന്റെ വണ്ടിയിലേറി മേലങ്ങാടിയിൽ നിന്നു കൂമൻ കൊല്ലിയിലേക്കും

തിരിച്ചും യാത്ര ചെയ്യാറുള്ള കന്യാസ്ത്രീകൾ താഴ്‌വരയിൽ ജിജ്ഞാസയുടെ വിത്തുകൾ വിതച്ചു. സോയാബീൻ എണ്ണയുടെയും ബർഗർ വീറ്റിന്റെയും നൂതന ഗന്ധം പുല്ലുമലയിൽ നിന്ന് താഴ്‌വരയോളം എത്തി. കന്യാസ്ത്രീകൾ അടിയാ കുട്ടികൾക്ക് പുഴുങ്ങിയ ഗോതമ്പും പാലും വിതരണം ചെയ്തു. ചൊറി പിടിച്ച ളിഞ്ഞ കുട്ടികളുടെ മൂർദ്ധാവിൽ മുകർന്നു. സ്കൂൾ പ്രായം തികഞ്ഞവരെ അക്ഷരം പഠിപ്പിക്കാൻ ശ്രമിച്ചു. അതിൽ പരാജയപ്പെട്ടപ്പോൾ അവരെ തയ്യൽ പഠിപ്പിക്കാൻ തീർച്ചയാക്കി."[55]

കൂപ്പുവേലക്കാർ കാടുവെട്ടിതെളിച്ചതോടെ കൂമൻകൊല്ലിയുടെ ജീവൻ നഷ്ട മായി. വയലുകളിൽ കൃഷി നടത്താതെയായി. കന്നുകാലികളെ പോറ്റാനോ കൃഷി സംരക്ഷിക്കാനോ മേലാളർ മിനക്കെടാതെയായി. പാപനാശിനിയിൽ എത്തുന്ന വർക്ക് പരേതാത്മാക്കൾക്ക് പിണ്ഡം അർപ്പിക്കുക എന്നതിലുപരി താഴ്‌വാര ത്തിന്റെ സൗന്ദര്യം ആസ്വദിക്കലായി മുഖ്യലക്ഷം. വിദ്യാർത്ഥികളും ഗവേഷക ന്മാരും ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും പൊതുജനസേവകരും കൂമൻകൊല്ലി യിൽ വരാൻ തുടങ്ങി. വാഹനങ്ങളുടെ ഇരമ്പൽ കൊണ്ടു മുഖരിതമായ താഴ്‌വര ആലസ്യത്തിൽ ആണ്ടുറങ്ങി. ഉറവകൾ വറ്റിയ വയലുകളിൽ കൃഷി നടത്തുക അസാധ്യമായി. പാടത്ത് പുഞ്ചയിറക്കണമെങ്കിൽ കാളിന്ദിയിൽ അണക്കെട്ടുവര ണമെന്നായി. അതിനുവേണ്ടിയുള്ള വർഷങ്ങളായുള്ള കാത്തിരുപ്പും വിഫലമാ യി. കൃഷിക്ക് മേലാളർ തന്നെ കാവൽ കിടന്നിട്ടും കൃഷ്ണൻ നമ്പീശൻ അടിയാരോടൊപ്പം വയൽ കിളച്ചിട്ടും സത്യനാരായണൻ നമ്പൂതിരി പാടത്തി റങ്ങി ഉഴുതിട്ടും പ്രകൃതിയുടെ താളഭംഗങ്ങൾ അവരുടെയെല്ലാം സ്വപ്നങ്ങളെ തകർത്തുകളഞ്ഞു.

പരിഷ്കൃത സമൂഹത്തിന്റെ സ്വാധീനത്തിൽ ആദിവാസി സംസ്കാരത്തിന്റെ തനിമകൾ പലതും കൈമോശം വന്നിട്ടുണ്ട്. പരമ്പരാഗതമായ ആചാരാനുഷ്ഠാ നങ്ങൾ നിലനിർത്താൻ ശ്രമിക്കുന്ന കാരണവന്മാരും പാരമ്പര്യ രീതികളെ വെല്ലു വിളിക്കുന്ന പുതു തലമുറയും മാറിയ പരിത:സ്ഥിതിയിൽ വ്യക്തമായൊരു നില പാടില്ലാതെ വിഷമിക്കുന്നത് പി. വത്സലയുടെ നോവലുകളിൽ പ്രകടമാണ്. അനാ ചാരങ്ങളെ ചോദ്യം ചെയ്യുന്നവർ തലപൊക്കിയതോടെയാണ് ആദിവാസി സമൂ ഹത്തിൽ തുടർന്നുവന്ന നിരവധി അനാചാരങ്ങളെ യുക്തിബോധത്തോടെ പരി ശോധിക്കാൻ സമുദായാംഗങ്ങൾ പലരും തയ്യാറാകുന്നത്. കാക്കപ്പുല, ആയിരം

കൂട്ടം, ഗദ്ദിക തുടങ്ങിയ പണച്ചെലവേറിയ ചടങ്ങുകൾക്ക് ജീവിത സമ്പാദ്യം മാത്രമല്ല, അടിമപ്പണി ചെയ്യാമെന്ന വ്യവസ്ഥയിൽ പണം കടം വാങ്ങിയും ചെല വഴിച്ചിരുന്നവർ അതിൽ നിന്നെല്ലാം ക്രമേണ ഒഴിഞ്ഞു നിൽക്കുകയും ചടങ്ങു കൾ പേരിനു മാത്രം നടത്തുകയും ചെയ്യുന്നത് ആദിവാസികളുടെ മേലുള്ള മേലാ ളരുടെ ചൂഷണം കുറയ്ക്കാനും ഇടയാക്കി. വിശപ്പടക്കാൻ എന്നതിലുപരി ആചാ രാനുഷ്ഠാനങ്ങൾക്കും ആഘോഷങ്ങൾക്കുമുള്ള പണത്തിനുവേണ്ടി അടിമകളെ പോലെ വയലുകളിലും കാടുകളിലും പണിയെടുത്തിരുന്ന അവസ്ഥയിൽ മാറ്റ മുണ്ടായി. വർഗസമരപഠനങ്ങളിൽ നിന്നു ബോധം ഉൾക്കൊണ്ടു അവകാശ ങ്ങൾക്കായി ശബ്ദിക്കാനും അദ്ധ്വാനത്തിനു തക്കതായ കൂലി ചോദിച്ചു വാങ്ങാനും ഇന്നു ആദിവാസികൾ ശക്തിനേടിയിട്ടുണ്ട്. ജന്മിമാരുടെ ചൂഷണ ത്തിൽ നിന്നും മോചനം തേടി പുറം നാട്ടിൽ പണിതേടിപോയും പുറം നാടു കളിൽ നിന്നു കുടിയേറിപാർത്തവരുമായുള്ള സമ്പർക്കം പുലർത്തിയും ആദി വാസികൾ ഉൾക്കൊണ്ട സാംസ്കാരിക മാറ്റങ്ങൾ നോവലുകൾ വിശദീകരി ക്കുന്നുണ്ട്.

പരമ്പരാഗത ആചാരാനുഷ്ഠാനങ്ങളിൽ കാലത്തിനും ജീവിത സാഹചര്യ ങ്ങൾക്കും അനുസരിച്ച മാറ്റങ്ങൾ വരുത്താനും രോഗചികിത്സക്ക് മന്ത്രവാദങ്ങളെ മാത്രം ആശ്രയിക്കാതെ ആശുപത്രിയിൽ പോകാനും തയ്യാറാകുന്ന മനഃസ്ഥിതി ആദിവാസികൾക്കിടയിൽ ഉണ്ടായത് തിരിച്ചറിവിന്റെയും പുരോഗതിയുടെയും ലക്ഷണമായി കരുതാം. വള്ളിയൂർകാവിൽ വച്ച് ആദിവാസികളെ വിലയ്ക്കു വാങ്ങി അടിമകളാക്കുന്ന സമ്പ്രദായം ഇല്ലാതായതും കാലാകാലം അദ്ധ്വാനി ക്കാനും നരകിച്ചു ജീവിക്കാനും മാത്രം വിധിക്കപ്പെട്ട ആദിവാസികൾ സംഘ ടിത ശക്തിയായി അവകാശങ്ങൾക്കായി പോരാടാനും തയ്യാറാകുന്നത് പി. വ ത്സലയുടേയും മറ്റും രചനകൾ ജനങ്ങളിൽ സൃഷ്ടിച്ച അവബോധങ്ങളുടെ അന ന്തരഫലങ്ങളാണ്.

രണ്ടുകാര്യങ്ങളാണ് *കൂമൻകൊല്ലി* എന്ന നോവലിൽ വത്സല സാധിച്ചിരിക്കു ന്നത്. ഒന്ന്-പരിഷ്കൃത സമൂഹസ്വാധീനം കൊണ്ടു ആദിവാസി സംസ്കാര ത്തിന്റെ തനിമ നഷ്ടപ്പെടുന്നു എന്ന വസ്തുത സമൂഹത്തെ ബോധ്യപ്പെടുത്തുക എന്നത്. കൂപ്പുവേലക്കാർ കാടുവെട്ടി തെളിയിച്ചതോടെ കൂമൻകൊല്ലിയുടെ സ്വത്തം നഷ്ടമായി എന്നാണ് വത്സലയുടെ കാഴ്ചപ്പാട്. പരേതാത്മാക്കൾക്ക്

പിണ്ഡം അർപ്പിക്കാൻ പാപനാശിനിയിൽ എത്തുന്നവരുടെ ലക്ഷ്യം താഴ്‌വാരത്തിന്റെ സൗന്ദര്യം ആസ്വദിക്കലായി മാറി എന്ന് അവർ കരുതുന്നു. വിദ്യാർഥികളും ഗവേഷകന്മാരും ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും പൊതുജനസേവകരുമൊക്കെ *കൂമൻകൊല്ലി*യിൽ എത്താൻ തുടങ്ങിയപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരുന്നത്, നഷ്ടപ്പെടുത്തികൊണ്ടിരുന്നത്, *കൂമൻകൊല്ലി*യിലെ ആദിവാസി സംസ്കാരത്തിന്റെ തനിമയാണ് എന്നു നോവലിസ്റ്റ് കരുതുന്നു.

രണ്ടാമതായി നോവലിസ്റ്റ് സാധിച്ചകാര്യം *നെല്ലി*ൽ തുടങ്ങിവച്ചതും *ആഗ്നേയ*ത്തിൽ ശക്തമാക്കിയതുമായ ആദിവാസി സമുദ്ധാരണശ്രമങ്ങൾ *കൂമൻകൊല്ലി*യിൽ ഏതാണ്ട് പൂർത്തിയാക്കാൻ കളിഞ്ഞു എന്നതാണ്. മിഷനറി പ്രവർത്തനങ്ങൾക്കെത്തിയ കന്യാസ്ത്രീകൾ, ബാലൻനമ്പ്യാർ, അനന്തൻമാസ്റ്റർ, അപ്പു തുടങ്ങിയവരുടെ പുരോഗമനപരമായ പ്രവർത്തനങ്ങൾ ആദിവാസികളെ ഉദ്ധരിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ളതായിരുന്നു. മിഷനറി പ്രവർത്തനത്തിലൂടെ ബന്ദി എന്ന കഥാപാത്രം നഗരത്തിലെ പരിഷ്കാരങ്ങൾ പരിചയപ്പെടുന്നതായി നോവലിലുണ്ട്. ക്രിസ്ത്യൻ സഭയുടെ നേതൃത്വത്തിൽ പ്രേമാലയം, അങ്കൺവാടി, വയോജനങ്ങൾക്കായി നിശാക്ളാസ്,വനിതകൾക്കായി തയ്യൽ പരിശീലനകേന്ദ്രം, പട്ടിണിപ്പാവങ്ങൾക്ക് ഭക്ഷണവിതരണം തുടങ്ങിയവ ആദിവാസികളെ പരിരക്ഷിക്കുന്നതിന്റെ, പരിഷ്കരിക്കുന്നതിന്റെ ഭാഗമായിട്ടുള്ളതായിരുന്നു. ബാലൻ നമ്പ്യാർ താഴ്‌വരയിൽ വന്നതുകൊണ്ടു കളപ്പുരകളിൽ നിന്നു കള്ളനാഴികൾ അപ്രത്യക്ഷമായി എന്നു നോവലിസ്റ്റ് പറയുന്നത് ആദിവാസിസമൂഹം മാനസികമായി വളർന്നുകഴിഞ്ഞു എന്നതിനു തെളിവാണ്. കഥാപാത്രങ്ങളുടെ പ്രവർത്തനങ്ങളിലൂടെയും സംഭാഷണങ്ങളിലൂടെയും ആദിവാസി സമൂഹത്തെ ഉണർത്താനുള്ളനോവലിസ്റ്റിന്റെ സാംസ്കാരിക ധർമ്മം *കൂമൻകൊല്ലി*യിൽ ഒട്ടുമുക്കാലും വിജയിച്ചിരിക്കുന്നു എന്നു പറയാം. *കൂമൻകൊല്ലി*യിലെ ആദിവാസിസമൂഹം ഉണർന്നു കഴിഞ്ഞു.ചൂഷണങ്ങളെ തിരിച്ചറിഞ്ഞു, പ്രതികരിക്കാനും സംഘടിക്കാനും കഴിവുള്ളവരായി തീർന്നു.

*നെല്ലി*ൽ (1972)ആദിവാസി സമൂഹത്തിന്റെ ജീവിത-സംസ്കാരങ്ങളുടെ പൂർണ ചിത്രമുണ്ട്.അവരെ ഉദ്ധരിക്കാനുള്ള ശ്രമം അതിൽ നോവലിസ്റ്റ് ആരംഭിക്കുകയും ചെയ്തു. *ആഗ്നേയ*(1974)ത്തിൽ എത്തിയപ്പോൾ ആദിവാസിസമുദ്ധാരണ പരിശ്രമങ്ങൾ ശക്തിയുള്ളതായി തീർന്നു. *കൂമൻകൊല്ലി*യിൽ(1984)ആദിവാസി

കൾ പരിഷ്കരിക്കപ്പെട്ടു, മുഖ്യധാരയിൽ എത്തിക്കഴിഞ്ഞു. *ആഗ്നേയ*ത്തിന്റെ രചനകഴിഞ്ഞു പത്തുവർഷത്തോളം വേണ്ടിവന്നു *കൂമൻകൊല്ലി*യിൽ സമൂഹസമുദ്ധാരണപ്രവർത്തനങ്ങൾ രൂപപ്പെടുത്തിയെടുക്കാൻ. അതുകൊണ്ടു *കൂമൻകൊല്ലി*യിലെ സമുദ്ധാരണപ്രവർത്തനങ്ങൾക്ക്  ശക്തിയും ആർജവവും ഏറി. പി.വത്സലയുടെ ആദിവാസി സമുദ്ധാരണ പരിശ്രമങ്ങളുടെ ക്രമാനുഗതമായ വളർച്ചയും പരിസമാപ്തിയും *നെല്ല്, ആഗ്നേയം, കൂമൻകൊല്ലി* എന്നീ നോവലുകളിൽകാണാം.

# കുറിപ്പുകൾ

1. കലാകൗമുദി. നാരായനുമായുള്ള അഭിമുഖം. ലക്കം 1607, ജൂൺ 2006.
2. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.
3. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.
4. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.
5. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 13.
6. നെല്ല്. പി. വത്സല. പു. 184.
7. കലാകൗമുദി. നാരായനുമായുള്ള അഭിമുഖം. ലക്കം 1607, ജൂൺ 2006.
8. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.
9. നെല്ല്. പി. വത്സല. പു. 33.
10. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 13.
11. നെല്ല്. പി. വത്സല. പു. 56.
12. നെല്ല്. പി. വത്സല. പു. 96.
13. നെല്ല്. പി. വത്സല. പു. 219
14. നെല്ല്. പി. വത്സല. പു. 123.
15. നെല്ല്. പി. വത്സല. പു. 32.
16. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.
17. നെല്ല്. പി. വത്സല. പു. 303.
18. നെല്ല്. പി. വത്സല. പു. 27
19. നെല്ല്. പി. വത്സല. പു. 28
20. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 56.
21. നെല്ല്. പി. വത്സല. പു. 28
22. നെല്ല്. പി. വത്സല. പു. 148

23. നെല്ല്. പി. വത്സല. പു. 73

24. നെല്ല്. പി. വത്സല. പു. 102.

25. നെല്ല്. പി. വത്സല. പു. 305.

26. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.

27. നെല്ല്. പി. വത്സല. പു. 302.

28. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.

29. ആഗ്നേയം പി. വത്സല. പു. 184.

30. ആഗ്നേയം പി. വത്സല. പു. 167.

31. ആഗ്നേയം പി. വത്സല. പു. 157.

32. ആഗ്നേയം പി. വത്സല. പു. 179.

33. ആഗ്നേയം പി. വത്സല. പു. 171.

33. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.

34. ആഗ്നേയം പി. വത്സല. പു. 29.

35. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.

36. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.

37. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 23.

38. ആഗ്നേയം പി. വത്സല. പു. 79.

39. ആഗ്നേയം പി. വത്സല. പു. 185.

40. ആഗ്നേയം പി. വത്സല. പു. 163.

41. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.

42. കൂമൻകൊല്ലി ആമുഖം.

43. കൂമൻകൊല്ലി ആമുഖം.

44. കൂമൻകൊല്ലി. പി. വത്സല. പു. 42.

45. കൂമൻകൊല്ലി. പി. വത്സല. പു. 46.

46. അനുബന്ധം. പി. വത്സലയുമായുള്ള അഭിമുഖം.

47. കൂമൻകൊല്ലി. പി. വത്സല. പു. 91.

48. കൂമൻകൊല്ലി. പി. വത്സല. പു. 123.

49. കൂമൻകൊല്ലി. പി. വത്സല. പു. 49.

50. കൂമൻകൊല്ലി. പി. വത്സല. പു. 70.

51. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 46.

52. കൂമൻകൊല്ലി. പി. വത്സല. പു. 148

53. കൂമൻകൊല്ലി. പി. വത്സല. പു. 24

54. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 19.

55. കൂമൻകൊല്ലി. പി. വത്സല. പു. 128.

അധ്യായം മൂന്ന്

# മാവേലിമന്റം:
# ആദിവാസികളുടെ സ്വപ്നം

വയനാട്ടിലെ ആദിവാസികൾ പാടിയും പറഞ്ഞും കേൾപ്പിച്ച പഴംകഥകളും പാട്ടുകളും ശേഖരിച്ച്, അവ പശ്ചാത്തലമാക്കി കെ.ജെ. ബേബി രചിച്ച നോവലാണ് *മാവേലിമന്റം.* 1991 ലാണ് ഇത് പ്രസിദ്ധീകരിച്ചത്. അതായത് വത്സലയുടെ കൂമൻകൊല്ലി പ്രസിദ്ധീകരിച്ച് ഏഴ് വർഷത്തിനു ശേഷം. വള്ളിയൂർകാവിലെ മാതപ്പെരുമനിൽ നിന്ന് ലഭിച്ച കഥകളും തിരുനെല്ലിയിലെ ഗൊജ്ജ പൊട്ട പെരുമനുംമുത്തയും പാടിക്കേൾപ്പിച്ച പൊലപ്പാട്ടുകളും മരണപ്പാട്ടുകളുംനോവലിന്റെ അന്തഃസത്തയായും ആദിവാസി ജീവിതത്തിലേക്കുള്ള മാർഗ്ഗദർശകങ്ങളായും മാറുന്നു. അടിമകളാകാത്ത പുതിയൊരു ജീവിതലോകംസ്വപ്നം കാണാൻ ഈ പാട്ടുകളും കഥകളും അവരെ സഹായിച്ചിരുന്നു.

"പഴയൊരു മിത്തിൽ (അനുബന്ധം കാണുക) ഉറങ്ങുന്ന ചരിത്രത്തെ പുറത്തെടുക്കുകയും ആ നഷ്ടകാലത്തിന്റെ പുനഃസൃഷ്ടിക്ക് പരോക്ഷമായി പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ് *മാവേലിമന്റ*ത്തിന്റെ ഘടന. അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണമാണ് '*മാവേലിമന്റ*'ത്തിന്റെ കേന്ദ്രചലനം."[1] "വയനാട്ടിലെ അടിയാന്മാരുടെയും പണിയരുടെയും മിത്തുകളിൽ നിന്ന് അവന്റെ മോചനമാർഗ്ഗം കണ്ടെത്തുന്ന കൃതിയാണിത്. ആദിവാസികളുടെ രക്ഷയ്ക്കായി വന്നെത്തുന്ന ഒരു കിനാവാണ് *മാവേലിമന്റ*ത്തെക്കുറിച്ചുള്ള സങ്കൽപ്പം. അത് നോവലിന്റെ പേരായിതന്നെ കെ. ജെ. ബേബി തിരഞ്ഞെടുത്തിരിക്കുന്നു."[2] വയനാട്ടിലെ ആദിവാസികളിൽ ഒരു വിഭാഗമാണ് അടിയോർ. അടിയോർ പല മന്റങ്ങളായാണ് അറിയപ്പെടുന്നത്. മന്റം എന്നാൽ ഗോത്രം. സ്ഥലനാമങ്ങളോടോ ജന്മി ഗൃഹങ്ങളോടോ ബന്ധപ്പെട്ടാണ് മന്റങ്ങളുടെ പേരുകൾ. തിരുനെല്ലി മന്റം, ബട്ടാക്ക്മന്റം, കച്ചലുമന്റം, പുതാർമന്റം, കല്ലിലുമന്റം, കാളക്കോട്മന്റം, പുത്തൂർമന്റം എന്നിങ്ങനെ. ഇതുകളിൽ നിന്നും വ്യത്യസ്തമായി മാവേലിക്കാലം നിറഞ്ഞ ഒരു പുതിയ മന്റം കെട്ടിപ്പടുക്കാൻ ശ്രമിക്കുക

യാണ് ഇതിൽ. അതുകൊണ്ടാണ് *മാവേലിമന്റം* എന്ന് പേർ.

അടിയോർ എന്ന ആദിവാസി വിഭാഗത്തിന്റെ ആവിർഭാവത്തെകുറിച്ചുള്ള ഐതിഹ്യത്തിൽ മാവേലിതെയ്യം എന്ന രാജാവ് ഒരുകാലത്ത് നാടു ഭരിച്ചിരുന്നതായി പറയുന്നുണ്ട്. അതുതന്നെയാണ് കെ.ജെ. ബേബിയുടെ മാവേലിമന്റ സങ്കൽപ്പം. നമ്മുടെ മാവേലിത്തമ്പുരാന് അവരുടെ ആദിമൂപ്പനുമായി ബന്ധമുണ്ട്. ആദിവാസികൾ ആരുടെയും അടിമകളല്ലാതിരുന്ന പഴയ കാലത്തെ ഓർത്തെടുക്കുന്ന രീതിയിലാണ് നോവൽ ചിത്രീകരണം. ജാതികളും ഉപജാതികളും ഇല്ലാതിരുന്ന കാലമായിരുന്നു അത്. അന്ന് കാടുവെട്ടിവിളവിറക്കുന്നതും വിളവെടുക്കുന്നതും കൂട്ടമായിട്ടായിരുന്നു. സ്വകാര്യ സ്വത്തവകാശം എന്നസങ്കൽപ്പമേയില്ല. എല്ലാവരും സമന്മാർ. നോവലിലെ ജെവരപ്പെരുമൻ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്ന കഥയിലൂടെയാണ് മാവേലിത്തമ്പുരാന്റെ ഐതിഹ്യം കേൾക്കുന്നത്.

വർണ്ണ ജാതി വ്യവസ്ഥകളുടെ വരവോടെ ആദിവാസികൾക്കിടയിലെ സാഹോദര്യവും ഒത്തൊരുമയും നഷ്ടമായി. തമ്പുരാക്കന്മാരുടെയും നാടുവാഴികളുടെയും അടിമകളായി മാറിയ ആദിവാസികൾക്ക് സ്വാതന്ത്ര്യവും അഭിമാനവും എന്നേക്കുമായി നഷ്ടമാകുകയായിരുന്നു.

തമ്പുരാക്കൾക്ക് അടിമകളും പോത്തുകളും ഒരുപോലെയായിരുന്നു. പോത്തുകളെപ്പോലെ തമ്പുരാൻ പറയുന്ന പണിയെടുക്കുക, ഒക്കൽ കുറ്റിയിൽ കെട്ടിയ പോത്തുകളെ പോലെ നരകിച്ച് ജീവിക്കുക. ഇതായിരുന്നു പണിയരുടെയും അടിയരുടെയും വിധി. ഉച്ചയ്ക്ക് പണികയറാൻ കൂക്കിയ മേനോക്കി അടിമയായ കൈപ്പാടനോട് പോത്തിനോടെന്നോളം 'നീ ആട്ന്നെന്തേലും കടിച്ചുതിന്നോ'[3] എന്നു പറയുന്നത് അടിമയെ കന്നുകാലിയെ പോലെ കരുതുന്ന വ്യവസ്ഥിതിക്ക് തെളിവാണ്.

എട്ട് ഉറുപ്പികയ്ക്കാണ് കൈപ്പാടൻ എന്ന അടിമയെ അമ്പുനായർ എന്ന ഉടമ സുബ്ബരായ പട്ടർക്ക് പണയം വെച്ച ചരിത്ര സംഭവത്തിൽ ആരംഭിക്കുന്ന നോവൽ തമ്പുരാക്കന്മാർ തങ്ങളുടെ കൃഷിയിടങ്ങളിൽ പണിയെടുക്കുന്നവരെ കന്നുകാലികളെ പോലെ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്ന അടിമകാലത്തേയ്ക്ക് വായനക്കാരനെ കൂട്ടിക്കൊണ്ട് പോകുന്നു. കൈപ്പാടനെ എട്ട് ഉറുപ്പികയ്ക്ക് പണയം വെച്ചതുമായി ബന്ധപ്പെട്ട വയനാട് തുക്കിടി മുൻസിഫ് കോടതിയുടെ

വിധികല്പന ഇതിനു തെളിവായി നോവലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നു. (അനുബന്ധം നോക്കുക) "വിൽക്കപ്പെടുകയും പണയം വെക്കപ്പെടുകയും ചെയ്യുന്ന മേനോക്കിമാർ തെളിച്ച വഴിയെ ഒരു തമ്പുരാൻ പാടത്തുനിന്നും മറ്റൊരു തമ്പുരാൻ പാടത്തേയ്ക്ക് ചൂരലടികൊണ്ട് വ്രണം വന്ന കാലുമായി നടക്കേണ്ടിവരുന്ന കൈപ്പാടന്മാരുടെ ദൈന്യത്തിന്റെയും അനാവിഷ്കൃതമായ രോഷത്തിന്റെയും കഥയാണ്"[4] കെ.ജെ. ബേബി പറയുന്നത്.

അധികാരികൾ ദൈവങ്ങളെ കാട്ടി ഭയപ്പെടുത്തിയും മറ്റുമാണ് കാടിന്റെ മക്കളെ അടിമകളാക്കിയത്. അവർക്ക് മരണാനന്തരവും അടിമകളായി തന്നെ ജീവിക്കേണ്ടിവരുമെന്ന് പറഞ്ഞ് വിശ്വസിപ്പിക്കുകയാണ് അധികാരിവർഗ്ഗം. അടിമകൾ ജീവിതത്തിൽ മാത്രമല്ല, സ്വപ്നങ്ങളിലും പുനർജ്ജന്മ സങ്കൽപ്പങ്ങളിലും അസ്വാതന്ത്ര്യത്തിന്റെയും ഭീതിയുടെയും ചങ്ങലക്കെട്ടുകൾ പേറേണ്ടിവരുന്ന വർഗ്ഗമായി മാറുന്ന കഥകൂടിയുണ്ട് *മാവേലിമന്റ*ത്തിൽ.

'ചൂറ എറിന്റേ' എന്നപേരിൽ വയനാട്ടിലെ അടിയോർക്കിടയിൽ നിലവിലുണ്ടായിരുന്ന ഒരാചാരത്തെ കൂട്ടുപിടിച്ചാണ് നോവലിസ്റ്റ് വികാരോജ്ജ്വലമായ ആദിവാസിക്കഥ അവതരിപ്പിക്കുന്നത്. (വയനാട്ടിലെ അടിയോർക്കിടയിൽ പ്രായമായവർ മരിച്ചാൽ ശവം ചുടലയിലേക്കെടുക്കും മുമ്പ് സമ്പാദ്യങ്ങൾ വല്ലയിടത്തും പാത്തുവെച്ചിട്ടുണ്ടോ എന്ന് തപ്പിനോക്കും. വീടിന്റെ മുളപ്പൊത്തിലും ഉടുമുണ്ടിന്റെ തലയ്ക്കലും തോൽച്ചീര (ചെറിയ സഞ്ചി)ക്കകത്തുമെല്ലാം പരിശോധിക്കും. പൈസയോ മറ്റോ കിട്ടിയാൽ അത് സ്വന്തക്കാർക്ക് അവകാശപ്പെട്ടതല്ല. ആ കിലുങ്ങുന്ന സമ്പാദ്യവും അതിലടങ്ങിയിരിക്കുന്ന സ്വപ്നവും മൂപ്പൻ കൈയിലൊതുക്കി പിടിക്കും. ശവം ചുടലയിലേക്ക് എടുക്കും മുമ്പേ ഏതെങ്കിലും ഒരു സമയത്ത് മൂപ്പനത് മുകളിലേയ്ക്ക് വലിച്ചെറിയും. മിക്കവാറും നേരത്തെ കണ്ണുവെച്ചിരിക്കുന്ന കുട്ടികൾക്കാവും ഇതുകിട്ടുക. ഈ ആചാരത്തിനാണ് 'ചൂറ എറിന്റേ' എന്നു പറയുന്നത്)

ഏറെ കാലത്തെ പ്രയത്നങ്ങളുടെയും അലച്ചിലുകളുടേയും ഫലമായാണ് കെ.ജെ. ബേബി ആദിവാസികളെ കുറിച്ചുള്ള കഥകളും പാട്ടുകളും പഴയരേഖകളും കണ്ടെടുത്തത്. അവയെ ഉപദാനങ്ങളാക്കിയും തീക്ഷ്ണമായ ഭാഷ ഉപയോഗിച്ചും അവതരിപ്പിക്കുകയാണ് നോവലിൽ. ആദിവാസികളുടെ ദുരിതങ്ങളും പ്രതിസന്ധികളും സമത്വസുന്ദരമായ *മാവേലിമന്റ*ത്തിലേക്ക് തിരിച്ചുവരാനുള്ള

വെമ്പലും ഹൃദ്യമായി ചിത്രീകരിക്കുന്നുണ്ട് *മാവേലിമന്റ*ത്തിൽ. വർണ്ണ ജാതി വ്യവസ്ഥകളുടെ വരവോടെയും നാഗരികമായ ഇടപെടലുകൾക്കിടയിലും അന്യമായിക്കൊണ്ടിരിക്കുന്ന ഗോത്രസംസ്കൃതിയെ രക്ഷിക്കാനുള്ള ശ്രമം കൂടിയുണ്ട് രചനയ്ക്ക് പിന്നിൽ. മേലാളർ അടിച്ചേൽപ്പിക്കുന്ന ദുരിതങ്ങൾക്കിടയിലും സ്വന്തം ഭാഷയും സംസ്കാരവും കൈവിട്ടുപോകാതെ നിലനിർത്താനുള്ള ജെവരപ്പെരുമൻ എന്ന കഥാപാത്രത്തിന്റെ തീവ്രാഭിലാഷം നോവലിസ്റ്റ് വ്യക്തമാക്കുന്നു.

സുബ്ബരായ പട്ടർക്ക് പണയപ്പെട്ടകൈപ്പാടൻ "തമ്പുരാക്കന്മാർക്ക് അയിത്തമുണ്ടാക്കാത്തത്ര ദൂരത്ത് മരത്തിന് മറഞ്ഞ് മുട്ടുവരെയുള്ള മുണ്ടുടുത്ത്, തലയിൽ കാട്ടുവള്ളിപോലും കെട്ടാതെ"[5] നിൽക്കുന്ന രംഗം അന്നത്തെ സാമൂഹ്യ വ്യവസ്ഥിതികളുടെ നേർക്കാഴ്ചയാണ്. അടിമയുടെ എടച്ചിലളക്കാനുള്ള മേനോക്കിയുടെ കൈയിലെ വടി കൈപ്പാടന്റെ പുറത്ത് ആഞ്ഞുപതിക്കുമ്പോൾ കൈപ്പാടനൊപ്പം പുളഞ്ഞുപോകുന്നത് അടിമവർഗ്ഗം മുഴുവനുമാണ്. അടിമയുടെ അദ്ധ്വാനശേഷി പരമാവധി ഊറ്റിയെടുക്കുന്ന തരത്തിലാണ് തമ്പുരാന്റെയും കാര്യസ്ഥനായ മേനോക്കിയുടെയും തന്ത്രങ്ങൾ. മേനോക്കി പാറമേൽ കയറിനിന്ന് കൂകിയാൽ അടിമകളായ ആണും പെണ്ണും വയലിൽ പണിക്കിറങ്ങുന്നു. പിന്നെ ഉച്ചകൂക്ക്. അതുകേട്ടാൽ അടിമകൾക്ക് തീറ്റയും വിറകും തേടി കാട്ടിൽ പോകാം. കാട്ടിൽ നിന്ന് കിട്ടുന്ന എന്തെങ്കിലും തിന്ന് വിശപ്പടക്കാം. മേനോക്കിയുടെ അടുത്ത കൂക്കുകേട്ടാൽ വീണ്ടും പാടത്തിറങ്ങണം. പിന്നെ ഇരുട്ടായാലേ പണി നിർത്തി കരകേറാനൊക്കൂ. പകലത്തെ കഠിനാദ്ധ്വാനത്താൽ ക്ഷീണിതരാകുന്ന അടിമകൾക്ക് സ്വസ്ഥമായി ഉറങ്ങാനും സൗകര്യമില്ലായിരുന്നു. നടുനിവർത്തി കിടക്കാൻ കഴിയില്ല. സ്ത്രീപുരുഷഭേദമില്ലാതെ കുട്ടികളും യുവാക്കളും വൃദ്ധരും കൂടിക്കുഴഞ്ഞ് കിടക്കും. പണിക്കാരായ സ്ത്രീപുരുഷന്മാർ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നത് പോലും മേനോക്കിയുടെ ആജ്ഞ അനുസരിച്ചാണ്. അവിവാഹിതകളായ അടിമപ്പെണ്ണുങ്ങളെ തമ്പുരാക്കന്മാർ ബലാൽസംഗം ചെയ്ത് ഗർഭിണികളാക്കി അവർക്ക് വിൽക്കാനും വാങ്ങാനുമുള്ള അടിമകളുടെ എണ്ണം കൂട്ടി. തമ്പുരാന്റെ ലോകം വലുതാക്കാൻ അടിമക്കുഞ്ഞുങ്ങൾ പെറ്റുപ്പെരുകണമെന്ന അധികാരിയുടെ കുതന്ത്രം ഈവക പ്രവൃത്തികളുടെ പിന്നിലുണ്ടായിരുന്നു.

"ഇന്നലെ തമ്പുരാൻ എന്നെ വിളിച്ച് ചോദിച്ചതെന്താന്നറിയോ? അല്ലടാ കിട്ടാ പണിച്ചികളുടെ ബയറുരുണ്ടോന്ന്! കോളയാട്ടന്ന് ആൾ ബന്നത്രേ. അവര്ക്ക് അടി

മകള്യോ അടിമക്കുട്ടികള്യോ ബേണത്രേ. വല്ല്യ തമ്പുരാനേട്ന്നാ കൊടുക്കാ? കമ്പനിക്കാര്ടെ തോട്ടൊണ്ടാക്ക്ണ മലകളിലേക്ക് എത്ര അടിമകളെ കിട്ട്യാലും ബേണത്രേ. വല്ല്യ തമ്പുരാനേട്ന്നാ കൊടുക്കാ? ഞാനിന്നലെ പോകുമ്പം പറഞ്ഞിട്ടല്ലേ പോയത്. പെട്ടെന്നെല്ലാരും നല്ല ഏല്ക്കൊന്ന് ചവിട്ടിൻ. (ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക. കന്നുകാലികൾ, കോഴികൾ മുതലായവ സംയോഗം ചെയ്യുന്നതിന് ചവിട്ടുക എന്നു പറയും) അധികം പിടീം ബലീം ഒന്നും വേണ്ടാ. ഞാളാടെ ഒണ്ടാകും. ആടെ കേക്കണം ഹായ്, ഹായ് ന്നുള്ള ചെത്തം. ഇല്ലേ ഞാനിങ്ങെത്തും."[6] എന്ന മേനോക്കിയുടെ ആജ്ഞകേട്ട് ജോലിത്തളർച്ചക്കിടയിലും മനസ്സില്ലാമനസ്സോടെ ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ ആദിവാസികൾ നിർബന്ധിതരാകും. തമ്പുരാൻ ലോകം വലുതാക്കാൻ അടിമക്കുഞ്ഞുങ്ങളെ പെറ്റുകൂട്ടേണ്ടിവന്ന അമ്മമാരുടെ ദുരിതങ്ങൾ കണ്ട് പേടിച്ച ജെവനിയും ഈരയും ചമ്പിയും 'തമ്പുരാൻ ലോകം വലുതാക്കാനായി ഒറ്റകുഞ്ഞുങ്ങളെയും പെറൂലാ'ന്ന് സത്യം ചെയ്തിരുന്നുവെങ്കിലും ജോഗി മൂപ്പനിലൂടെ വിവരമറിഞ്ഞ അമ്പു തമ്പുരാൻ ചമ്പിയെയും ജെവനിയെയും ഒക്കൽക്കറ്റകൾക്കിടയിൽവെച്ചും ഈരയെ പത്തായപ്പുരയിലെ ഇരുട്ടിൽവെച്ചും പിഴപ്പിച്ചു ഗർഭിണികളാക്കി.

തമ്പുരാക്കന്മാർ ഭക്ഷണം കഴിക്കുമ്പോൾ അടിമകൾ കാഴ്ചപ്പാടകലെയൊന്നും കാണരുതെന്നാണ് നിയമം. അടിമകളുടെ കൊതികൊണ്ട് തമ്പുരാക്കളുടെ കുടലിൽ പുണ്ണ് പിടിക്കുമെന്നായിരുന്നു ഇതിന് പറഞ്ഞിരുന്ന ന്യായം. അതുകൊണ്ടാണ് കാട്ടിൽ കമ്പനി പടയാളികളെ കണ്ടകാര്യം ജെവരനും കൂട്ടരും ഓടിവന്ന് പറയാനൊരുങ്ങിയപ്പോൾ ചോറുതിന്നുകയായിരുന്ന കരടിത്തമ്പുരാൻ അവരോട് തിരിഞ്ഞുനിൽക്കാൻ പറഞ്ഞ് ചോറുമുഴുവൻ 'വെട്ടിവിഴുങ്ങിയത്.'

കാട് നിറയെ പഴശ്ശിപ്പടയുടെയും കമ്പനി പടയുടെയും ആൾക്കാരുണ്ടായിരുന്ന കാലം കാടിന്റെ മക്കളായ കുറിച്യനും അടിയാനുമൊന്നും പേടികൊണ്ട് പുറത്തിറങ്ങിയിരുന്നില്ല. വിശന്നപ്പോൾ വീടിനു പുറത്തിറങ്ങി കിഴങ്ങുമാന്താനും വിറകെടുക്കാനും പോലും അവർ ഭയന്നു. കാട്ടിൽ നിറയെ കിഴങ്ങും പഴങ്ങളും ഉണ്ടായിട്ടും അവർ വിശന്നിരുന്നു. പഴശ്ശിയെ പിടിക്കാൻ വന്ന കമ്പനിപ്പട കാട്ടിലെ അടിമപ്പെണ്ണുങ്ങളെ മാനഭംഗപ്പെടുത്തി. ഒട്ടേറെ ആദിവാസികളെ വെടിവെച്ചുകൊന്നു.

അടിമകൾക്ക് മാവേലിമന്റ സങ്കൽപ്പം സമത്വസുന്ദരമായ ഗതകാല സൗഭാഗ്യ

ങ്ങൾ തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയായിരുന്നുവെങ്കിൽ തമ്പുരാക്കന്മാർക്ക് 'മാവേലി' ബ്രിട്ടീഷു സായിപ്പായിരുന്നു. സായിപ്പിനെ പ്രീതിപ്പെടുത്തി കൂടുതൽ അധികാരങ്ങൾ കൈക്കലാക്കാൻ അമ്പുനായർ മോഹിക്കുന്നു. പണയം വെയ്ക്കപ്പെട്ട കൈപ്പാടന്റെ വികാരവിചാരങ്ങളിലും സ്വപ്നങ്ങളിലുമാണ് ജെവരപ്പെരുമൻ ഈരയ്ക്ക് പറഞ്ഞുകൊടുത്ത പഴംകഥയിലെ മാവേലിമന്റം തെളിയുന്നത്. "ഒന്നിച്ചു പണിയെടുത്തും കിട്ടുന്നത് പങ്കിട്ടും മനുഷ്യർ സമഭാവനയോടെ കഴിഞ്ഞിരുന്ന പ്രാകൃത കമ്യൂണിസത്തിന്റെ ഐതിഹാസിക രൂപകമാണത്."[7] കള്ളത്തമ്പുരാന്റെ കോട്ടയിൽ നിന്ന് ഒളിച്ചോടാൻ കൊതിച്ച അടിമകളുടെ മന്റകാർന്നോന്മാരായിരുന്നു മേലോരച്ചനും കീയോർത്തിയും. അവർ തക്കം കിട്ടിയപ്പോൾ കരിപ്പൂര് കോട്ടയിൽനിന്ന് ഒളിച്ചോടി. ദിവസങ്ങളോളം ഭയന്നുവിറച്ചുള്ള ഓട്ടത്തിനൊടുവിൽ അവർ എത്തിയത് പാക്കത്തപ്പന്റെ കോട്ടയിൽ. തിറവാളുവീശി പാക്കത്തപ്പൻ മേലോരച്ചനെയും കീയോർത്തിയെയും അടിമകളാക്കി. (വയനാട്ടിലെ കുറുവ ദ്വീപിനടുത്തായി ഇന്നും പാക്കത്ത് കോട്ടയുണ്ട്.) പിന്നീടവർക്ക് അടിമത്വത്തിൽനിന്ന് രക്ഷനേടാൻ കഴിഞ്ഞില്ല. അവരിൽനിന്ന് തമ്പുരാക്കൾക്കായി കുറേ അടിമക്കുഞ്ഞുങ്ങളുണ്ടായി. അവരോടൊപ്പം അടിമകളുടെ ലോകവും വളർന്നു. പാക്കത്തെ കുളത്തിൽ വെള്ളം പൊങ്ങിയാണ് കീയോർത്തിയെ കാണാതാവുന്നത്.

"ഒളിച്ചോടുന്ന അടിമകൾ പിടിക്കപ്പെട്ടാൽ കഠിനശിക്ഷാവിധികളാണ് തമ്പുരാക്കന്മാർ വിധിച്ചിരുന്നത്. കൈകാൽ നഖങ്ങൾക്കിടയിൽ ഇല്ലിമുള്ളുകളടിച്ചു കയറ്റും. മുഖത്ത് കരിന്തേളിനെക്കൊണ്ട് കുത്തിക്കും. ചുടലയിൽ ഒറ്റക്ക് കെട്ടിയിടും. ഒറ്റപ്പോത്തിനൊപ്പം നുകത്തിന് വെച്ചുകെട്ടി അടിച്ച് നിലമുഴുവിക്കും."[8] പഴശ്ശിപ്പടയ്ക്ക് അമ്പും വില്ലും കൊടുത്തുവെന്ന കുറ്റത്തിനു ബ്രിട്ടീഷ് പട്ടാളം പിടികൂടിയ കുറിച്യർക്കുള്ള ശിക്ഷയും മൃഗീയമായിരുന്നു. "പഴശ്ശിപ്പടയ്ക്ക് അമ്പും വില്ലും കൊടുത്തവരെ ഓരോരുത്തരെയായി വിളിക്കും. ഒക്കൽകുറ്റിൽ കൈവെക്കാൻ പറയും. എന്റെ ജെവരാ, കണ്ണു തുറന്നാലും അടച്ചാലും തെറിച്ചുവീഴുന്ന വിരലുകളും കാറിച്ചയും ചോരയുമാണ്. കുറുമരുടെ കയ്യേലും കാലേലും ഇല്ലിമുള്ളുകൾ അടിച്ചുകേറ്റും. വയസ്സുചെന്ന അമ്മമാരുടെ മേത്ത് മക്കളെക്കൊണ്ട് അതുമിതും ചെയ്യിക്കും. കട്ടുറുമ്പിന്റെ കൂട്ടിൽ ഓരോരുത്തരെ കെട്ടിയിടും. ചിലരെ ഉയിരോടെ ചിതയിലേക്ക് വലിച്ചെറിയും.

അടിമയായ കൈപ്പാടൻ ഒളിച്ചോടിപ്പോയ കുറ്റത്തിന് അയാളുടെ അച്ഛൻ ജെവരപ്പെരുമന് തമ്പുരാൻ ഊരുവിലക്ക് കൽപ്പിക്കുന്നതായി നോവലിൽ പറയുന്നു. തമ്പുരാന്റെ ആൾക്കാരായ മേനോക്കിയും കൂട്ടരും കൈപ്പാടന്റെ വീട്ടിൽ കയറി ജെവരപ്പെരുമനെ മൃഗീയമായി മർദ്ദിക്കുകയും 'ഇവനൊരൊറ്റ ഒന്ന് തീയോ തീറ്റയോ കൊടുത്തൂടാ, ഇവനോട് ഒറ്റ ഒരുവനും മിണ്ടിക്കൂടാ' എന്ന ആജ്ഞ പുറപ്പെടുവിക്കുകയും ചെയ്തു.

മേലോരച്ചനും കീയോർത്തിയും ഒളിച്ചോടിയത് പോലെ, ഭവിഷ്യത്തുകൾ അറിഞ്ഞിട്ടും, കൈപ്പാടനും ഈരയും ഒളിച്ചോടി. തമ്പുരാക്കളുടെ കണ്ണും കാതും എത്താത്ത, തമ്പുരാക്കൾക്ക് തങ്ങളെ വാങ്ങാനും വിൽക്കാനും പറ്റാത്ത, ഒരിടമായിരുന്നു അവരുടെ ലക്ഷ്യം. ജീവിക്കാനായി മാത്രം കൃഷിചെയ്യുക. തമ്പുരാക്കൾക്കായി കുഞ്ഞുങ്ങളെ നൊന്ത് പെറേണ്ടിവരുന്ന കാലത്തിനറുതി. ഏതൊരടിമയുടെയും ഉള്ളിലുള്ള മോഹമായിരുന്നു അവർക്കും.

മരിച്ചാലും ഇതുപോലെ കഷ്ടതകൾ നിറഞ്ഞ തമ്പുരാന്റെ ലോകത്തുതന്നെ എത്തുമെന്ന പേടി അവരെ ഏറെ അലട്ടിയിരുന്നു. അത്തരം ലോകത്തുനിന്ന് കള്ളനിയമങ്ങളും നുണക്കഥകളുമില്ലാത്ത ലോകത്തേയ്ക്ക് അവർ മനസ്സുകൊണ്ട് പറന്നു. പിടിക്കപ്പെടുമോ എന്നു ഭയപ്പെട്ട് ദിവസങ്ങളോളം കാട്ടിൽ അലഞ്ഞു. അവസാനം കൈപ്പാടനും ഈരയും എത്തിപ്പെടുന്നത് സ്വന്തക്കാരുടെ അടുത്തേയ്ക്ക് തന്നെ. തിരിച്ചെത്തിയ അവർ അടിമത്തമില്ലാത്ത നഷ്ടലോകത്തെ വീണ്ടെടുക്കുന്നതിനായി സ്വപ്നം കണ്ട് തുടികൊട്ടിപ്പാടുന്നു. എല്ലാ നൊമ്പരങ്ങളും പാട്ടിൽ ലയിപ്പിച്ച് സ്വയം ആനന്ദം കണ്ടെത്തുകയാണവർ.

പൗരാണികമായ ഗോത്രസംസ്കാരത്തിന്റെ പ്രതിഫലനം മാവേലിമന്റത്തിലെ ജെവരപ്പെരുമൻ എന്ന കഥാപാത്രത്തിൽ കാണാം. അയാൾ പറയുന്ന കഥകളിലൂടെയും തുടികൊട്ടിപ്പാട്ടിലൂടെയും ഗതകാല സ്മരണകളിലൂടെയുമാണ് നോവലിലെ കഥ വികസിക്കുന്നത്. ആദിവാസികൾ കാലങ്ങളായി നേരിടുന്ന ദുരിതങ്ങളും സഹനജീവിതവും ജെവരപ്പെരുമന്റെ വാക്കുകളിലൂടെയാണ് കൈപ്പാടനും ഈരയും അടങ്ങുന്ന സമൂഹം മനസ്സിലാക്കുന്നത്. പഴശ്ശിക്കും ബ്രിട്ടീഷുകാർക്കുമിടയിൽ ഭയപ്പെട്ട് കഴിയുകയും ഇരുകൂട്ടർക്കും വേണ്ടി വഴികാട്ടാനും പൊരുതി മരിക്കാനും വിധിക്കപ്പെടുകയും ചെയ്തു ബലിമൃഗങ്ങളാകേണ്ടിവന്ന ആദിവാസികളുടെ രക്തം പുരണ്ട കഥകളും അടിമത്തത്തിന്റെ നീണ്ട രാത്രിയിൽ തകർന്നു

പോകുന്ന ബന്ധങ്ങളുടെയും സ്വപ്നങ്ങളുടെയും പൂക്കാലപ്പാട്ടുകളുടെയും പുത്തൻതുടിച്ചൊല്ലുകളുടെയും കഥകളും ജെവരപ്പെരുമനിലൂടെ പ്രകാശിതമാകുന്നു.

അടിമയായ ആദിവാസിയുടെ ജീവിതം മുഴുവൻ തമ്പുരാനുവേണ്ടിയുള്ള കാവൽനിൽക്കലായിരുന്നു. "വിത്ത് മുക്കി പൊത്തിക്കഴിഞ്ഞാൽ അത് കിളുക്കും വരെ കാവൽ നിൽക്കണം. പിന്നെ വിത്ത് ഉറുമ്പുതിന്നാതിരിക്കാൻ, പാടത്ത് വിത്തിട്ടാൽ പ്രാവ് പെറുക്കാതിരിക്കാൻ, ഞാറ് പൊങ്ങിയാൽ പന്നി ചപ്പാതിരിക്കാൻ, ഞാറ് നട്ടാൽ വെള്ളക്കേട് വരാതിരിക്കാൻ, കതിര് വന്നാൽ ചാഴി കുടിക്കാതിരിക്കാൻ, പാലുറച്ചാൽ ആറ്റക്കിളികൾ കൊയ്യാതിരിക്കാൻ, പിന്നെ വിള നശിപ്പിക്കാൻ വരുന്ന ആനയെ അകറ്റാൻ."[9] ഇങ്ങനെ വർഷം മുഴുവൻ ഒരിക്കലും തീരാത്ത പണി നൽകി കീഴാളരെ തങ്ങളുടെ കാൽക്കീഴിൽ തളച്ചിടുകയായിരുന്നു തമ്പുരാക്കന്മാർ.

അടിമകളെ കൂടുതൽ പണിയെടുപ്പിക്കാനുള്ള തമ്പുരാക്കളുടെ ബുദ്ധിയാണ് 'കമ്പളം' എന്നപേരിൽ അറിയപ്പെട്ടിരുന്ന ആചാരം. കമ്പളത്തിന്റെ അന്ന് പണിക്കാർ വയലിൽ ഇറങ്ങിയാൽ ആട്ടവും പാട്ടുമാണ്. അതിൽ ലയിച്ച് എല്ലാം മറക്കുന്ന അടിമകൾ ആവേശലഹരിയിൽ പണിയെടുക്കുന്നു. 'ഒരുതരം പണിയാട്ടം'. പത്താളുകൾ പത്ത് ദിവസംകൊണ്ട് ചെയ്യുന്ന പണി അഞ്ചു ദിവസം കൊണ്ട് ചെയ്യിക്കുക. അതിനായി അവരുടെ ആചാരത്തുടിയെ വയലിലേക്കെടുപ്പിക്കുക. അതാണ് കമ്പളത്തിൽ നടന്നിരുന്നത്. വയലിൽ വിത്തുവിതച്ച്, വളർന്ന്, കതിരായി, മണിയായി തമ്പുരാന്റെ അറയിലെത്തിക്കുന്നതിനിടയിൽ അടിമകൾ സഹിക്കുന്ന കഷ്ടതകളും നോവുകളുമെല്ലാം തീക്ഷ്ണമായി തന്നെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. അതിനായി പ്രകൃതിയെയും കഥാപാത്രങ്ങളാക്കുന്നു.

ആദിവാസികൾക്കിടയിൽ പ്രചരിച്ചിരുന്നതും അവർ ജീവിതത്തിന്റെ അർത്ഥം പൊലിപ്പിച്ചെടുത്തതുമായ പാട്ടുകളും കഥകളും ഉപയോഗിച്ചാണ് കെ.ജെ. ബേബി *'മാവേലി മന്റം'* തീക്ഷ്ണമായ വൈകാരികാനുഭൂതിയാക്കി മാറ്റുന്നത്. അടിമത്തത്തിൽനിന്നും നിത്യജീവിതത്തിലെ ദുരിതങ്ങളിൽനിന്നും രക്ഷനേടി സമത്വസുന്ദരമായ ജീവിത സാഹചര്യങ്ങളിൽ എത്താൻ ആഗ്രഹിക്കുന്നവരാണ് ആദിവാസിസമൂഹം. ജാതിയും മതവും ഉച്ചനീചത്തങ്ങളൊന്നുമില്ലാത്ത ലോകത്ത് കാടിന്റെ ഉടമകളായി കഴിഞ്ഞ ഭൂതകാലം തിരിച്ചു ലഭിക്കാൻ അവർ

കൊതിക്കുന്നു. നോവലിലെ ജെവരപ്പെരുമന്റെ വിമോചന സ്വപ്നങ്ങൾ അടിയാരുടെ മുഴുവൻ പ്രത്യാശയാണ്.

നിഷ്കളങ്കരായ ആദിവാസികൾക്ക് സ്വന്തമായി ഉണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങളും പഴയകാല ജീവിതത്തിന്റെ സൗന്ദര്യവും നിലനിൽക്കണമെന്നാണ് നോവലിസ്റ്റിന്റെയും താത്പര്യം. വയനാട്ടിലെ അടിയോക്കിടയിൽ ഉണ്ടായിരുന്ന 'ചൂറ എറിന്റേ' എന്ന ഒരാചാരത്തെ അവതരിപ്പിച്ച് നോവൽ ആരംഭിക്കുന്നത് ഈ ആഗ്രഹത്തിന്റെ പ്രതിഫലനമാണ്. പഴയതലമുറ കരുതിവെച്ച പഴംപാട്ടുകളും കഥകളും ഐതിഹ്യങ്ങളും ശേഖരിച്ച് അതിനെ ഉദാത്തവത്കരിക്കുന്ന രീതിയിലാണ് നോവലിലെ ആദിവാസി ജീവിതം ചിത്രീകരിക്കുന്നത്. ആദിവാസി ജീവിതത്തിന്റെ സാംസ്കാരിക തനിമയും അഭിലാഷങ്ങളും ശക്തിയും ചോർന്നുപോകാതെ നോവലിൽ അവതരിപ്പിക്കാൻ കെ.ജെ. ബേബി ശ്രമിച്ചു.

ആദിവാസി ഭൂമിയിൽ നടന്ന കൈയേറ്റങ്ങളും കുടിയേറ്റക്കാർ ആദിവാസികളെ അടിമകളാക്കി മാറ്റിയതും നോവലിൽ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു. സ്വകാര്യസ്വത്തവകാശമോ ജാതി  മത വേർതിരിവുകളോ ഇല്ലാതെ സ്വസ്ഥമായി ജീവിച്ചിരുന്ന സമൂഹം അടിമകളാക്കപ്പെട്ട സാഹചര്യങ്ങളെ ഐതിഹ്യത്തിന്റെ കൂട്ടുപിടിച്ചാണ് നോവലിസ്റ്റ് വിവരിക്കുന്നത്. കള്ളവും ചതിയുമില്ലാതെ കാടും കൃഷിയും ജീവിതവും പങ്കിട്ട് കഴിഞ്ഞിരുന്ന ആദിവാസികൾക്കിടയിലേയ്ക്ക് പുറം നാടുകളിൽ നിന്ന് എത്തിയ കുടിയേറ്റക്കാർ അധികാരശക്തിയായി മാറുന്നു. കുടിയേറ്റക്കാരായി എത്തിയവർ ആർത്തിപൂണ്ട കള്ളത്തമ്പുരാക്കന്മാരാണെന്ന് തിരിച്ചറിയാനുള്ള ബുദ്ധി, കാപട്യങ്ങളില്ലാത്ത ആദിവാസി സമൂഹത്തിന് ഉണ്ടായിരുന്നില്ല. കള്ളത്തമ്പുരാക്കളെ ഹൃദയം തുറന്നിരുത്തിയവർ വലിയൊരുവിപത്തിലേക്കുള്ള വഴിതുറന്നിടുകയായിരുന്നു. ആദിവാസികളുടെ അജ്ഞതയെയും വിശ്വാസങ്ങളെയും ചൂഷണം ചെയ്ത് തമ്പുരാക്കൾ അവരുടെ ഭൂമിയും ആത്മാർത്ഥതയും തട്ടിയെടുത്തു. സ്വന്തം നിലനിൽപ്പിനും ആദിവാസികളെ എക്കാലവും വരുതിയിൽ നിർത്താനും മേലാളർ മെനഞ്ഞുണ്ടാക്കിയ തന്ത്രങ്ങളിൽ പലതും പിന്നീട് ആദിവാസികളുടെ ആചാരാനുഷ്ഠാനങ്ങളായി മാറുകയായിരുന്നു. അവയിലൊന്നാണ് മാളി. ആദിവാസികളെ കാലാകാലം അടിമകളാക്കി പേടിപ്പിച്ചുനിർത്താൻ തമ്പുരാക്കൾ മാളിയെന്ന ദുർദേവതയെ കൂട്ടുപിടിച്ചിരുന്നു. "കറുത്ത കണ്ണുകാട്ടി, ചുവന്ന നാവും നീട്ടി, ഇരുമൂടലും മൂടി. അത്പാ

ഞ്ഞുവന്നു. മാളിയെക്കണ്ട് നമ്മുടെ കാർന്നോന്മാരുറക്കെ കരഞ്ഞ് പോയി. അവർ ബൈരപ്പെട്ടാരു (പേടിച്ചുറക്കെ നിലവിളിച്ചു.)"[10] ഈ മാളിയെ ആദിവാസികൾ പിന്നീട് തങ്ങളുടെ ഇഷ്ടമൂർത്തിയാക്കി പൂജിക്കുകയും ആരാധിക്കുകയും ചെയ്തു. എതിർക്കാൻ ശ്രമിച്ചവരെ തമ്പുരാക്കൾ ഭിന്നിപ്പിച്ചും ദൈവശിക്ഷയുടെ പേരുപറഞ്ഞ് പേടിപ്പിച്ചും വശത്താക്കി. അടിമകളെ കൊണ്ട് പണിയെടുപ്പിക്കാൻ തമ്പുരാക്കൾ വാളും കുന്തവും വീശി പേടിപ്പിച്ചിരുന്നു. "വാളുംകുന്തോം കൊണ്ട് പറ്റാത്ത പണിക്ക് തമ്പുരാക്കള് മാളിയെ (ദൈവം) ഇറക്കി. ഒരു കയ്യില് ചോര യിറ്റ്ണ വാളുപിടിച്ച ദൈവത്തെ (മാളിയെ) കണ്ട് മന്റമക്കള് പേടിച്ചെണീറ്റ് തമ്പു രാക്കളുടെ അടിമകളായി. തമ്പുരാക്കളെന്തു പറഞ്ഞാലും അനുസരിക്കുന്ന അടി മകളായി, പണിയരായി, അടിയോരായി. ഓരോരോ വയലുകളിലേയ്ക്കും മലക ളിലേയ്ക്കും തമ്പുരാക്കൾക്കായി മാറിമാറിപ്പോയി."[11] ചത്തുകഴിഞ്ഞാൽ എത്തി പ്പെടുന്ന കീയുലോകത്ത് (പരലോകത്ത്) തങ്ങളെ അടക്കിഭരിക്കുന്ന കരടിത്ത മ്പുരാനും അമ്പുത്തമ്പുരാനും ഉണ്ടാകുമെന്ന് പറഞ്ഞ് പേടിപ്പിക്കാനും മേലാ ളർ ശ്രമിച്ചിരുന്നു.

അടിമകളായ ആദിവാസികളുടെ ജീവിതം ദുരിതപൂർണ്ണമാക്കിയത് മേലാള രുടെ അധികാരദുർവിനിയോഗമാണ്. 'നമ്മുടെ സമയങ്ങളെല്ലാം തമ്പുരാന്റേതാ ണ്. രാത്രിയും പകലും ഈ ജന്മവും അടുത്ത ജന്മവും നമ്മളെന്ത് ചെയ്യണ മെന്ന് തമ്പുരാനാണ് തീരുമാനിക്കുന്നത് എന്ന കൈപ്പാടന്റെ വാക്കുകളിൽ ആദി വാസി സമൂഹം അനുഭവിച്ചിരുന്ന ദയനീയമായ അസ്വാതന്ത്ര്യം വെളിവാക്കു ന്നു. 'നമ്മളെന്ത് ചെയ്യണന്ന് നമുക്കൊറപ്പിക്കാനാവൂല്ലാ, തമ്പുരാൻ തീരുമാനി ക്കുന്നു. നമ്മളത് ചെയ്യുന്നു. ആതീർപ്പുകൾക്കപ്പുറംകടക്കാൻ ഒരടിമയെയും ഒരു തമ്പുരാനും വിടില്ല.' എന്ന മുത്തയുടെ പരിഭവത്തിലും ഇക്കാര്യം വ്യക്തമാണ്. തമ്പുരാനെ മാത്രമല്ല തമ്പുരാന്റെ എടത്തിലെ വൈദ്യൻ ചാമിയെ പോലും അടി മകൾക്ക് പേടിയായിരുന്നു. കാലികളെ പോലെ വിൽക്കാനും വാങ്ങാനും പണ യം വെക്കാനും പറ്റുന്ന അടിമകളായ ആദിവാസികൾക്ക് മേലാളരുടെ സർവ്വാ ധിപത്യം ഒടുങ്ങാത്ത കഷ്ടതകൾ അടിച്ചേൽപ്പിച്ചു. എന്തിനും ഏതിനും മേലാ ളന്റെ അനുവാദം വേണമായിരുന്നു. രാപ്പകൽ പാടത്ത് കഠിനമായി അദ്ധ്വാനി ക്കുന്നവർക്ക് കാര്യസ്ഥരുടെ പീഡനവും അനുഭവിക്കേണ്ടിവന്നു. അടിമകൾ ഒളി ച്ചോടി പോകാതിരിക്കാൻ കാവലാളുകളുമുണ്ടാകും.

ആദിവാസികളുടെ ജീവിതസംസ്കാര രീതികൾ വളരെ കുറച്ചുമാത്രമാണ് നോവലിൽ വെളിപ്പെടുന്നത്. "വർത്തമാനകാലത്തിൽ വയനാട്ടിലെ ഒരു ആദിവാസി അനുഭവിക്കുന്ന പ്രശ്നങ്ങളൊന്നും സത്യസന്ധമായല്ല ബേബിയുടെ രചനയിലുള്ളത്. ആദിവാസി സ്ത്രീകളുടെയും വയനാടൻ പരിസ്ഥിതിയുടെയും വർത്തമാന കാലാവസ്ഥയിൽ നിന്ന് കെ. ജെ. ബേബിയുടെ രചനകൾ മുഖം തിരിക്കുന്നു. ആദിവാസികൾ അഭിമുഖീകരിക്കുന്ന കാലിക പ്രശ്നങ്ങളോട് ഈ കൃതി വേണ്ടവിധം പ്രതികരിക്കുന്നില്ല. കയറിപ്പോകാൻ ഒരു കുറ്റിക്കാടുപോലുമില്ലാത്ത വയനാട്ടിലെ ആദിവാസിയുടെ ജീവിതം മുന്നിലുള്ളപ്പോൾ തന്നെയാണ് ചരിത്രത്തിലേക്ക് പിന്തിരിഞ്ഞ് കെ. ജെ. ബേബി രചന നിർവഹിച്ചത്. കൃഷി ചെയ്യാൻ പോയിട്ട് ഒരു കൂര വെയ്ക്കാനുള്ള ഭൂമി പോലും ആദിവാസിക്ക് ഇല്ലാതാക്കിത്തീർത്ത കുടിയേറ്റത്തിന്റെ പ്രശ്നങ്ങളും നോവലിൽ കടന്നുവരുന്നില്ല."[12]

പുരാവൃത്തത്തെ അധികരിച്ച് കെ.ജെ.ബേബി നോവൽ രചിച്ചത് ഒന്നരനൂറ്റാണ്ട് മുമ്പുള്ള സംഭവത്തെ പശ്ചാത്തലമാക്കിയാണ്. ഇത് നോവലിന്റെ പരിമിതിയായാണ് വിലയിരുത്തപ്പെടേണ്ടത്. *മാവേലിമന്റ്*ത്തിലെ കൈപ്പാടൻ, ജെവരപ്പെരുമൻ, ഈര, കമ്പി, മുത്ത, ചമ്പി, ജെവനി എന്നീ ആദിവാസികഥാപാത്രങ്ങളെല്ലാം അനുഭവിക്കുന്ന ജീവിതദുരിതങ്ങൾ ഇന്നത്തെ ആദിവാസിസമൂഹം നേരിടുന്ന പ്രശ്നങ്ങളിൽ നിന്നും തികച്ചും ഭിന്നമാകുന്നത് അതുകൊണ്ടുതന്നെയാണ്. നോവലിൽ ആദിവാസികളുടെ കൈവിട്ടുപോയ പഴയകാലത്തെക്കുറിച്ചുള്ള നിനവുകളും നഷ്ടസൗഭാഗ്യങ്ങളെ വീണ്ടെടുക്കാനുള്ള തീവ്രാഭിലാഷവുമാണ് പ്രകടമാകുന്നത്. ആദിവാസികൾ അവരുടെ പഴമ്പാട്ടുകളിലും തുടിച്ചൊല്ലുകളിലും ഭാഷയിലും ഉറങ്ങിക്കിടക്കുന്ന സമ്പന്നമായ സംസ്കാരത്തെ തലോലിച്ചുകഴിയുകയും വരാനിരിക്കുന്ന നല്ല നാളുകളെ സ്വപ്നം കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നവർ മാത്രമാണെന്ന ധാരണയാണ് നോവൽ സൃഷ്ടിക്കുന്നത്. ജന്മിമാരുടെ കീഴിൽ അടിമകളായി കഴിയേണ്ടി വന്ന ആദിവാസികളുടെ ദയനീയാവസ്ഥ വളരെ ശക്തമായിത്തന്നെയാണ് കെ.ജെ.ബേബി അവതരിപ്പിക്കുന്നത്. എന്നാൽ നോവൽ പ്രസിദ്ധീകരിച്ച കാലത്തോ, ഇന്നോ ആദിവാസികൾക്ക് ഇത്ര ദുസ്സഹമായ അടിമത്തം അനുഭവിക്കേണ്ടി വന്നതായി പറയാനാവില്ല. നോവലിലെ പ്രധാനകഥാപാത്രമായ കൈപ്പാടൻ എന്ന അടിമയെ അമ്പുനായർ എന്ന ഉടമ സുബ്ബരായപട്ടർക്ക് പണയം വച്ചത് 1834 ലാണ്. ഈ സംഭത്തിൽ നിന്നാണ് കഥ ആരംഭിക്കുന്നതും വികസിക്കുന്നതും.

അതേസമയം കുടിയേറ്റക്കാരും ജന്മിമാരും ചേർന്ന് ആദിവാസികളെ നിസ്വരും അടിമകളുമാക്കി മാറ്റിയപ്പോൾ അതിൽ നിന്നു രക്ഷപ്പെട്ടു ദുരിതങ്ങളൊഴിഞ്ഞ പുതുലോകത്തേക്ക് എത്തിപ്പെടാനുള്ള മോഹം അവരിൽ ഉണർത്തുന്നതിൽ നോവലിസ്റ്റ് വിജയിച്ചതായി കാണാം.അധീശത്തിനെതിരെ സംഘടിക്കാനും അനീതികൾക്കെതിരെ പോരാടാനും പുതിയൊരു ലോകത്തിന്റെ പിറവിക്കായി പ്രവർത്തിക്കാനും അവർക്ക് പ്രചോദനം നൽകുന്നുണ്ട് കെ.ജെ.ബേബി.

പ്രധാനമായും അവർ അടിമകളായി കഴിയേണ്ടിവന്നപ്പോൾ അനുഭവിച്ച പ്രയാസങ്ങളെയാണ് ഇതിൽ വിവരിക്കുന്നത്. അതിനായി ആദിവാസികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന പഴയപാട്ടുകളും കഥകളും അവരുടെ ഭാഷാ പ്രയോഗങ്ങളും നോവലിസ്റ്റ് ഉപയോഗിച്ചിരിക്കുന്നു. മാവേലിമന്റത്തിൽ കാണുന്ന ആദിവാസികളുടെ ചില പാട്ടുകളും ആചാരങ്ങളും ഭാഷാപ്രയോഗങ്ങളും മാതൃകയായി താഴെ കൊടുക്കുന്നു:

### 3.1. പാട്ടുകൾ

അടിയോരുടെ കാർണവന്മാരായ മേലോരച്ചനുംകീയോര്ത്തിയും ചേർന്ന് പശുക്കളെ മേയ്ക്കുമ്പോൾ പാടിയിരുന്ന പാട്ട് ജെവരപ്പെരുമനും കൈപ്പാടനും ചേർന്ന് ഓർത്തെടുക്കുന്നത് പുതുതലമുറയിലെ ആദിവാസികൾക്ക് ആവേശമേകുന്നു.

മേലോരച്ചൻ:

"എട്ടുകൊട്ടാഗേ എരുമയും കാലിയോ

എവിടേക്ക് മവ്വിയാ ആട്ടുവാമവ്വിയാ?

കീയോര്ത്തി:

പാക്കത്തപ്പന്റെ ബെള്ളീയമലേക്ക്

ലാട്ട് തവണ്ണായ ലാട്ട് തവണ്ണായ (2)"

മേലോരച്ചൻ:

ക്വാങ്മൂ കൊടിയൂ നോക്ക്ത്ത മവ്വിയാ

ഇമ്മത്ത ബണ്ണായ ഇമ്മത്തബണ്ണായാ

എന്നേലി മവ്വിയാ ക്വാങ്കുമുകിളേപ്പോ

പ്രാവി ബദിലു് കിളേപ്പുമുലവ്വിയാ?

കീയോർത്തി:

പ്രാവിച്ചെടിച്ചെടിയെ

നാറിയോ ബൻറോനോ

പാക്കത്തെപ്പന്റെ ബെള്ളീയൂ പാരേയു

ഓടീലെടുത്താവാലണ്ണായലണ്ണായാ.

എന്ന പാട്ട്പാടി പാക്കത്തപ്പന്റെ മലയിൽ പശുക്കളെ മേയ്ക്കുന്ന ഇവർ ഇരുവരും വെള്ളിക്കുളത്തിൽ വെള്ളംകയറി മുങ്ങിമരിക്കുന്നതായാണ് ചിത്രീകരിച്ചിരിക്കുന്നത്.

മൃതദേഹം കുഴിച്ചിടാൻ പണിയർ ആചാരപ്രകാരം കുഴിവെട്ടുന്നരീതിയും പഴയപാട്ടുശകലത്തിലുണ്ട്.

"കാലുക്കു ബെട്ടുത്ത മണ്ണതിലേക്ക് ബെച്ചു

തിലേക്ക് ബെട്ടുത്ത മണ്ണുകാലുക്കുബെച്ചു

ഇടബരി ബെട്ടുത്ത മണ്ണു ബലബരിവെച്ചു

ബലബരി ബെട്ടുത്ത മണ്ണു ഇടബരിബെച്ചു (3)

### 3.1.1. മരണപ്പാട്ട്

ഔവ്വാ ഇഞ്ചെലാമാ

ഇത്തന ജിനാത്തേക്കു

നടാന്തേയിങ്ങാണെ പോനേനിങ്ങാണെ

ഇത്തന ജിനാത്തേക്കു

തിന്റയേ കുടിച്ചയേ

എങ്ങാണേ മറാപ്പോ?

ചൊട്ട കൈ ബീഗി

വെണ്ണക്കയ്യെറിഞ്ചു ബരുവടേക്ക്ലാമാ-എന്റമ്മേ

തട്ടിയതറീച്ച വെള്ളിയ കോലമീല്.

ഉള്ളേപ്പ്ടേക്ക് ലാമാ... എന്റെ പൊന്നേയ്

ചന്തേത്തി ചതിച്ചേന് ലാമാ

ഇനി എങ്ങാണേ മറാപ്പോമാ...

ഇഞ്ചെ കട്ടാ സുഖാത്തിന്റെ ആളു മോലേമു

ബന്തെത്തുവാ കാണിലാമാ...

ഇഞ്ചെമധുമ മംഗലത്തിന്റെ ആളു മോലേമു

ബന്തേന്റുലാമാ... എന്റമ്മേ...

ഏതു പല്ലേ ബൂന്തേന്റുലാമാ....

ഏതു പല്ലേ പോനേന്റുലാമാ..."

## 3.1.2. ഒക്കൽ പാട്ട്

ഏരരാ... ഏരേയ...

ഏരരാ.... ഏരേയ്....

ഓഹോ.... ഹോ....

എരുതേയ് കുട്ടനേയ്.....

നേരത്തേ പുല്ലുക്കോ ബെള്ളത്തേക്കോ പോവാ

നേരായിപ്പോയാ....

നടാക്കടാ.... കുട്ടനേയ്.....

നേരാ...........

സമയാ.....യിപ്പോയാ.....

നാലുമലേക്കോ പുല്ലുക്കോ ബെള്ളത്തേക്കോ...

പോവാ...

വേഗാ.... നടാക്കടാ....

കുട്ടനേയ്....

ഓ.... ഓ....

നമാക്കിലാവാ..........

പുല്ലോ നെല്ലോ ബേറ് ബേറ് തിരിച്ചേ....

നാലുമലേക്കോ പുല്ലോ പടലോ.....

ബലിച്ചേ തിന്മാ....

ബലിഞ്ചേ നടാത്തിരാ....

ഏയ്... യേ....

ഓ...... ഓ..... ഓ..... ഓ......

## 3.1.3. കമ്പളപ്പാട്ട്

കാപിരി മക്കള കമ്പളകാമാ

ആരുമിലേലി ബഞ്ചേയ്

ചന്ദ്രപഗവാനു,

ചൂര്യപഗവാനു,

ഇപ്പിമലെ ഉത്തെപ്പൻ

ഇപ്പിമലെ ഉത്തമ്മെ

മലേ മലേത്തെയ്യം

ശാവണ്ടി കൂവണ്ടി,

പാക്കോം തരിപാക്കോം

കോലായിക്കുണ്ടിലിപാക്കോം

കോടിക്കാംപറ്റി മൂലക്കാംപറ്റി

ഏയ്..... ഓ..... ഏയ്..... ഓ......

ഏയ്.....ഏയ്...... ഏയ്.....

ഏയ്..... ഓ.... ഏയ്..... ഓ.....

ഏയ്..... ഏയ്..... ഏയ്.......

### 3.1.4. താരാട്ടുപാട്ട്

ബാവോം ബാവോം ബാവോം

മോളുകുട്ടി ബാവോം

അമ്മയിലാമാ പെരിപ്പാണും

നാട്ടിനടുവാണും പോയുള

ബാവോം ബാവോം ബാവോം

ബാവോം ബാവോം ബാവോം

### 3.1.5. ആട്ടക്കളിപ്പാട്ട്

'ബലിയ ബലിയ ആശാമി നിറേ ബല്ല്യ,

പൂമിയാമു നിറേ ബല്ല്യ.

ചന്ദ്രാരു പഗാമാരു നിറേ ബല്ല്യ,

ചൂര്യാരു പാഗാമാരു നിറേ ബല്ല്യ,

ആചാത്തി ഉദിച്ച മീനുബെള്ളീമു നിറേ ബല്ല്യ

പൂമി മുളച്ച പുല്ലു പൂടാമു നിറേബല്ല്യ....'

മരണപ്പാട്ട്, ഒക്കൽപ്പാട്ട്, ആട്ടക്കളിപ്പാട്ട്... ഇങ്ങനെ ആദിവാസി ജീവിതത്തിന്റെ താളം ചിട്ടപ്പെടുത്തുന്നതിലെല്ലാം പാട്ടുകൾക്ക് വലിയ സ്ഥാനമുണ്ട്.

## 3.2. ഭാഷാ പ്രയോഗങ്ങൾ

ഭാഷാ പ്രയോഗത്തിന്റെ വികാരതീവ്രതയാണ് *മാവേലിമന്റ*ത്തിലെ ആദിവാസികഥയ്ക്ക് കരുത്തേകുന്ന പ്രധാനഘടകം. ആദിവാസി മൂപ്പന്മാരിൽനിന്നും കാരണവന്മാരിൽനിന്നും വയനാട്ടിലെ മറ്റുപലരിൽ നിന്നും സ്വാംശീകരിച്ച ഭാഷാ പ്രയോഗങ്ങൾ കെ.ജെ. ബേബി സമർത്ഥമായി നോവലിൽ ഉപയോഗിച്ചിട്ടുണ്ട്. “പുറത്താക്കപ്പെടുകയും മുതുകുപൊള്ളിക്കപ്പെടുകയും ചെയ്ത ആദിമ ജനതയുടെ സ്ഥല സ്വപ്നത്തെ ഐതിഹ്യത്തിന്റെയും മിത്തിന്റെയും ഭാഷയിൽ ആവിഷ്കരിച്ചുകൊണ്ടാണ് *മാവേലിമന്റം* നോവൽ ചരിത്രത്തിൽ സ്വന്തം ഇടം കണ്ടെത്തുന്നത്.”

മാവേലിമന്റത്തിൽ ആദിവാസികളുടെ പ്രാകൃത ഭാഷയുടെ പ്രയോഗം ധാരാളമായി കാണാം. മേലോരച്ചനും കീയോർത്തിയും തമ്മിലുള്ള സംഭാഷണങ്ങൾ മിക്കതും പാട്ടുരൂപത്തിലാണ്. ജെവരപ്പെരുമനും കൈപ്പാടനും ചേർന്ന് അത് പുനരാവിഷ്കരിക്കുന്നുണ്ട് നോവലിൽ. ആദിവാസികളുടെ അക്കാലത്തെ സംസാരഭാഷ അതേപോലെ ഉപയോഗിക്കുന്നത് വായനക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമുണ്ടാകുമെന്നതിനാലാവും നോവലിലെ കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ ഏറെക്കുറെ സംസ്കരിച്ച രൂപത്തിലാക്കിയത്. എങ്കിലും ചിലയിടങ്ങളിൽ തനി ആദിവാസി പദപ്രയോഗങ്ങൾ കാണുന്നു. ഉദാഹരണങ്ങൾ ചുവടെ.

| | |
|---|---|
| പേയ് | - പിശാച് |
| കൊരവ | - ചതുപ്പുനിലം |
| ഉറാങ്കിക്കോ | - ഉറങ്ങിക്കോ |
| ചൊടല | - ശ്മശാനം |
| പച്ചകീക്കി | - പച്ചയിറച്ചി |
| കീയൂലോകം | - പരലോകം |
| ചിന്തെ | - ചേല (സാരി) |
| കുന്റ് | - കുന്ന് |
| മുട്ടമ്മാർ | - ചെറുപ്പക്കാർ |

ഇളേവ - അനിയത്തി

പെരിയാട്ടി - വൃദ്ധകൾ

പെരുവൻ - വൃദ്ധൻ

ബായ്ബറഞ്ഞില്ല - ഒന്നും പറഞ്ഞില്ല.

മാളി - ദൈവം

പരാപ്പി - ഭൂമി

മോറ് - മുഖം

കുള്ള് - വീട്

### 3.3. ആചാരങ്ങൾ

വയനാട്ടിലെ അടിയോർക്കിടയിൽ നിലനിന്നിരുന്ന ചില ആചാര സവിശേഷ തകളെ കുറിച്ചും നോവലിൽ പരാമർശമുണ്ട്. അവയിൽ ചിലത് ചൂണ്ടിക്കാണി ക്കുന്നു.

### 3.3.1. ചൂറ എറിന്റേ

മൃതദേഹം ചുടലയിൽ എത്തിക്കുന്ന സമയത്ത് മരിച്ചയാളുടെ സമ്പാദ്യം മൂപ്പൻ മുകളിലേക്ക് വലിച്ചെറിയുന്ന ചൂറ എറിന്റേ എന്ന ചടങ്ങ് നോവലിന്റെ ആമുഖ മായി പരാമർശിക്കുന്നുണ്ട്.

### 3.3.2. കമ്പളം

പത്താളുകൾ ചേർന്ന് പത്തുദിവസം കൊണ്ടുചെയ്തുതീർക്കേണ്ട ജോലി പത്താളെക്കൊണ്ടു തന്നെ അഞ്ചുദിവസം കൊണ്ട് ചെയ്തുതീർക്കാൻ വേണ്ടി യാണ് തമ്പുരാക്കന്മാർ കുമ്പളനാട്ടി നടത്തിയിരുന്നത്. തുടിയും കുഴലും വയ ലിലേക്ക് എടുപ്പിച്ച് കുറച്ച് ആളുകളെ തുടിയടിക്കാനും കുഴലൂതാനും ഏർപ്പാടാ ക്കും. ബാക്കിയുള്ളവർ ആ ശബ്ദം കേട്ട് സ്വയം മറന്നു ജോലി ചെയ്യുന്നു.ജെവ രന്റെ വാക്കുകളിൽ കുമ്പഴത്തിനു നമ്മൾ പണിയുകയല്ല, ആടുകയാണ്. ഒരു തരം പണിയാട്ടം എന്നു തന്നെ അതിനെ വിളിക്കാം.

### 3.3.3. പേരിടൽ കർമ്മം

ആദിവാസി കുട്ടികൾക്ക് അക്കാലത്ത് പേരിട്ടിരുന്നത് തമ്പുരാക്കളായിരുന്നു. ജെവരനും മുത്തയും കുട്ടിയെ കരടിത്തമ്പുരാന്റെ അടുക്കൽ പേരിടാൻ കൊണ്ടു വരുന്ന രംഗം നോവലിലുണ്ട്. 'തമ്പുരാൻ കുഞ്ഞിനെ ആകെയൊന്ന് നോക്കി. വലതുകൈയിലെ പാടുകണ്ട് കരടിതമ്പുരാൻ അടിമക്കുഞ്ഞിന് പേരിട്ടു. കൈപ്പാടൻ.

### 3.3.4. ഉണ്ടക്കട

അടിയോരിലെ വൃദ്ധകൾ അനുഷ്ഠിച്ചുവന്നിരുന്ന ഉണ്ടക്കട എന്ന ആചാരത്തെക്കുറിച്ചും നോവലിൽ പറയുന്നു. പ്രായം ചെന്ന സ്ത്രീകൾ അവരുടെ കൊഴിയുന്ന മുടിയിഴകൾ ശേഖരിച്ചു വെയ്ക്കുന്നതിനെയാണ് 'ഉണ്ടക്കട' എന്നു പറയുന്നത്. അമ്മമാർ മരിച്ചാൽ ഉണ്ടക്കട പെൺമക്കൾക്ക് കിട്ടുന്നു. പെൺമക്കൾ അത് അവരുടെ തലമുടിക്കുള്ളിലാക്കി കൊണ്ടുനടക്കും. അവരുടേത് അടുത്ത തലമുറയ്ക്ക് ലഭിക്കും.

### 3.4. ഭക്ഷണ രീതി

കാട്ടുകിഴങ്ങുകളായിരുന്നു ആദിവാസികളുടെ പ്രധാന പോഷകാഹാരം. അതിൽ പ്രധാനം നൂറക്കിഴങ്ങും. നൂറക്കിഴങ്ങ് തേടി കാട്ടിൽ അലയുന്നത് ആദിവാസി സ്ത്രീകളുടെയും കുട്ടികളുടെയും ദിനചര്യകളിൽ പ്രധാനപ്പെട്ടതായിരുന്നു. ഈ കിഴങ്ങിന്റെ മാഹാത്മ്യത്തെകുറിച്ച് നോവലിൽ വിവരിക്കുന്നുണ്ട്. നൂറക്കിഴങ്ങ് ചുട്ടുതിന്നാൽ ക്ഷീണമെല്ലാം മാറി ആരോഗ്യം വീണ്ടെടുക്കാമെന്ന് ആദിവാസികൾ വിശ്വസിച്ചിരുന്നു. നാരക്കിഴങ്ങും നൂറക്കിഴങ്ങും തിന്നാണ് നമ്മുടെ കാർണോന്മാരും നമ്മളും തമ്പുരാമ്പാടം വലുതാക്കിക്കൊണ്ടിരിക്കുന്നതെന്ന് കൈപ്പാടൻ പറയുന്നു. ആദിവാസികളുടെ പാട്ടുകളും ഭാഷാപ്രയോഗങ്ങളും ആചാരങ്ങളും വിശ്വാസങ്ങളുമൊക്കെ നോവലിൽ വേണ്ടത്ര ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. അവ നോവലിൽ ഒരു ആദിവാസി സംസ്കാരത്തിന്റെ സാന്നിധ്യം ഉളവാക്കുന്നു.

ആദിവാസികളെ എക്കാലവും അടിമകളാക്കിവെയ്ക്കുന്ന തമ്പുരാന്റെ ലോകത്ത് നിന്ന് രക്ഷപ്പെടാനുള്ള മോഹമാണ് 'മാവേലിമന്റം' വീണ്ടും പുലരു

ന്നതായുള്ള സങ്കൽപ്പത്തിലേയ്ക്ക് അടിയാരെ കൊണ്ടുപോകുന്നത്. സുബ്ബരായ പട്ടർക്ക് പണയം വെയ്ക്കപ്പെട്ട കൈപ്പാടൻ ഈരയെയും കൂട്ടി ഒളിച്ചോടിപ്പോകുന്നത് തമ്പുരാക്കളുടെ കണ്ണെത്താത്ത സ്വതന്ത്ര ലോകത്തേയ്ക്കാണ്. അവരുടെ കനവുകളിലൂടെയാണ് ആദിവാസികളുടെ സ്വാതന്ത്ര്യവാഞ്ഛ എത്ര ശക്തമാണെന്ന് അറിയുന്നത്.

"ജീവിതം മുഴുവൻ പുതിയ തുടിച്ചൊല്ലുകൾ തേടിയലഞ്ഞവനാണ് കൈപ്പാടൻ. പണയപ്പെട്ടുപോയ സ്ഥലത്തും വെറും അടിമയായി നിൽക്കാനവൻ തയ്യാറല്ലായിരുന്നു. കാടുകയറി മേലുകൊണ്ടും മനസ്സുകൊണ്ടും തമ്പുരാൻ ലോകത്തെയവൻ നിരാകരിക്കുന്നു."[13]

പരമ്പരാഗതമായി അനുഭവിച്ചു പോരുന്ന കഷ്ടതകളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും ആദിവാസികളെ അല്പമെങ്കിലും മോചിപ്പിക്കാൻ നോവലിസ്റ്റ് ശ്രമം നടത്തുന്നതായി *മാവേലിമന്റ*ത്തിൽ കാണാം. കമ്പനിപ്പട്ടാളത്തിനു വേണ്ടി കാട്ടിൽ തോട്ടം ഉണ്ടാക്കുന്ന പണിക്ക് തമ്പുരാക്കളുടെ കണ്ണുവെട്ടിച്ച് ഓടിപ്പോന്ന നിരവധി അടിമകളുണ്ടായിരുന്നു. അവിടുത്തെ ജോലി, തമ്പുരാൻപാടത്തേതിനെക്കാൾ അദ്ധ്വാനം കുറഞ്ഞതാണെന്ന് കണ്ടെത്തിയത് കൈപ്പാടനെപ്പോലെ പലരെയും തോട്ടപ്പണിയിലേക്ക് ആകർഷിച്ചു. ഉപ്പുംകറീം കൂട്ടി ചോറ്, കൂലിയായി അരിയും ഉപ്പും വാങ്ങാം. കാശു വേണമെങ്കിൽ അതും കിട്ടും. കാശ്കൊടുത്താൽ എന്തുവേണമെങ്കിലും വാങ്ങാൻ കിട്ടും. കമ്പനിക്കുന്നിൽ കാൽമുട്ടിന് കീഴേക്ക് തുണി ഇറക്കിയുടുത്താലും കുഴപ്പമില്ല. പുതയ്ക്കാനും ഉടുക്കാനും തുണിയും ലഭിക്കും. തൊഴിലുടമകളായ സായ്പന്മാർ തൊഴിലാളികളെ വെറും പോത്തുകളായി കാണുന്നില്ല. കമ്പനിക്കാർ അടിമകച്ചവടം അവസാനിപ്പിക്കുവാൻ പോകുന്നുവെന്ന അറിവും ഈ സാഹചര്യത്തിൽ ആദിവാസികൾക്ക് ഏറെ ആശ്വാസം പകരുന്നതായി മാറുന്നു. കാടിനെയും കരടിയെയും പേടിക്കാതെ, ഉപ്പും കറീം കൂട്ടി ചോറ് തിന്ന് അദ്ധ്വാനത്തിനു തക്കതായ കൂലിയും വാങ്ങി സ്വസ്ഥമായി കഴിയാമെന്ന മോഹമാണ് പലരെയും തമ്പുരാൻ ലോകത്തുനിന്നു ഒളിച്ചോടാൻ പ്രേരിപ്പിച്ചത്.അതിനുള്ള അവസരമൊരുക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നത് ആദിവാസികളെ ചൂഷണവിമുക്തമാക്കാനുള്ള യത്നത്തിന്റെ ഭാഗമായിട്ടുവേണം കാണാൻ.

കൈപ്പാടൻ ഒളിച്ചോട്ടത്തിനിടയിൽ കാട്ടിൽവെച്ച്കണ്ടുമുട്ടുന്ന കൊമ്പൻ മൂപ്പൻ

ജന്മിമാരുടെ സർവാധികാരത്തിനും മുഷ്കിനും എതിരെ പോരാടാനുള്ള അടിമകളായ ആദിവാസികളുടെ ആഗ്രഹത്തിന്റെ പ്രതീകമാണ്. ജന്മിമാരുടെ അനധികൃത സ്വത്തുക്കൾ കൊള്ളയടിച്ച് പാവപ്പെട്ടവർക്ക് നൽകുകയാണ് മൂപ്പൻ സ്വീകരിച്ച വഴി. മൂപ്പന്റെ കാട്ടിൽ ജാതിയും മതവുമില്ല. വലുപ്പച്ചെറുപ്പങ്ങളില്ല. എല്ലാരും ഒരേ പോലെ. ഒളിച്ചോട്ടത്തിനിടയിൽ കൈപ്പാടനും ഈരയും കൊമ്പൻ മൂപ്പന്റെ സങ്കേതത്തിൽ എത്തിപ്പെടുന്നത് അവർ ഉൾപ്പെടെയുള്ള ആദിവാസി സമൂഹം സ്വപ്നം കാണുന്ന സോഷ്യലിസ ലോകത്തെ അവതരിപ്പിക്കാനുള്ള വഴിയായാണ് നോവലിസ്റ്റ് കാണുന്നത്.

മേനോക്കിയുടെ ഒരു കൂവലിൽ അല്ലെങ്കിൽ വടിവീശലിൽ ഞെട്ടിത്തരിച്ചു പഞ്ചപുച്ഛമടക്കി എല്ലുമുറിയെ പണിചെയ്തിരുന്ന അടിയനും പണിയനും തമ്പുരാനെ ധിക്കരിച്ച് അടിമലോകത്തുനിന്നു രക്ഷപ്പെടുകയെന്നത് ഓർക്കാൻ പോലും പറ്റാത്തതായിരുന്നു. "തമ്പുരാക്കള് മാളീം വടീം കുന്തോം തോക്കായിട്ടൊക്കെ നടക്കുമ്പം ഇതൊന്നില്ലാത്ത നമ്മളെന്താ ചെയ്യാ"[14] എന്ന പെരുമന്റെ വിചാരവും അവരുടെ നിസ്സഹായാവസ്ഥ വെളിവാക്കുന്നു. അവിവാഹിതകളും അല്ലാത്തവരുമായ അടിമപ്പെണ്ണുങ്ങളെ തമ്പുരാക്കന്മാർ ബലാൽക്കാരം ചെയ്ത് ഗർഭിണികളാക്കുന്നതിനെതിരെ ശബ്ദിക്കാൻ അവർക്കിടയിൽ ആരുമുണ്ടായിരുന്നില്ല. തമ്പുരാക്കൾക്കും കാര്യസ്ഥന്മാർക്കും അത് വികാരശമനം എന്നതിലുപരി അടിമകളുടെ എണ്ണം വർധിപ്പിക്കാനുള്ള ഒരുപാധി കൂടിയായിരുന്നു. അടിമപ്പെണ്ണുങ്ങൾ പെറ്റുകൂട്ടുന്ന അച്ഛനാരെന്നറിയാത്ത കുട്ടികൾ തമ്പുരാൻ പാടത്ത് വളർന്നു അവരുടെതന്നെ പണിയാളരായി മാറുന്നു. മേലാളരുടെ മക്കളെ പ്രസവിക്കുകയില്ലെന്നു ആണയിട്ട ജെവനിയും ഈരയും ചമ്പിയുമെല്ലാം അധികാരമുഷ്കിനുമുന്നിൽ തോറ്റു അവരുടെ കാമവെറിക്ക് വിധേയരാകുന്നു.

കളത്തിൽ നിന്നു ഒളിച്ചോടിയ കൈപ്പാടനെ പിടികൂടാനെത്തിയ അമ്പു തമ്പുരാനും മേനോക്കിയും ജെവരപ്പെരുമനെ മുളവടികൊണ്ട് ചറുപറെ തല്ലിയപ്പോഴും വായിൽ കോലിട്ടു കുത്തിയപ്പോഴും ഉണ്ടക്കട (മുടിച്ചുരുൾ) വായിൽ കുത്തിത്തിരുകിയപ്പോഴും ആരും എതിർക്കാനുണ്ടായിരുന്നില്ല. ജെവരപ്പെരുമനെ തല്ലുന്നതു കണ്ട മന്റമക്കൾ നിലവിളിച്ചുകൊണ്ട് കാട്ടിലേക്കോടി മറയുകയായിരുന്നു. പെരുമന് തീയോ തീറ്റയോ കൊടുക്കുകയോ മിണ്ടുകയോ ചെയ്യരുതെന്ന മേനോക്കിയുടെ ആജ്ഞ ജോഗിമൂപ്പനും കുഞ്ഞനുമെല്ലാം താണുവണങ്ങി സമ്മതി

ക്കുകയും ചെയ്തു. അടിയരുടെ പൂർവ്വികരായ മന്റ കാർന്നോന്മാർ മേലോരച്ഛനും കീയോര്ത്തിയും അടിമത്തം അംഗീകരിക്കാനാകാതെ ഒളിച്ചോടിയ കഥ ആദിവാസികൾ താലോലിക്കുന്ന പഴംപാട്ടുകളിലുണ്ട്. അതിൽനിന്നു ആവേശം ഉൾക്കൊണ്ടാണ് പിൻതലമുറയിലെ കൈപ്പാടനും ഈരയും തമ്പുരാൻ ലോകത്തിന്റെ അസ്വാതന്ത്ര്യങ്ങളിൽനിന്നു രക്ഷപ്പെടുന്നത്. പക്ഷേ ഒളിച്ചോട്ടത്തിന്റെ ദുരിതങ്ങൾ മുഴുവൻ അനുഭവിച്ച് അവർ എത്തിപ്പെടുന്നത് സ്വന്തം തറവാട്ടിലേക്ക് തന്നെയാണ്.

ഇന്നത്തെ ആദിവാസി സമൂഹവും അത്തരമൊരു അവസ്ഥാ വിശേഷത്തിലാണെന്നാണ് നോവലിസ്റ്റ് മാവേലിമന്റുവിനെ കേന്ദ്രമാക്കിയുള്ള പുരാവൃത്തത്തെ കൂട്ടുപിടിച്ച് *മാവേലിമന്റ*ത്തിൽ വിവരിക്കുന്നത്. കാട്ടുവിഭവങ്ങൾ അനുഭവിച്ചും കാടിന്റെ ഉടമസ്ഥാവകാശം ചോദ്യം ചെയ്യപ്പെടാതെ സ്വയം ഏറ്റെടുക്കുകയും ചെയ്തു ജീവിച്ച നല്ലകാലം കൈമോശം വന്നവരാണ് ഇന്നത്തെ ആദിവാസികൾ. നഷ്ടസൗഭാഗ്യങ്ങളെപ്പറ്റിയുള്ള ഓർമ്മകളും വേദനയും പൂർവ്വികരുടെ സുകൃതങ്ങളും അവരുടെ മനസ്സിൽ നൊമ്പരമായി അവശേഷിക്കുന്നു. തമ്പുരാൻ കാലത്തിനും ക്രൂരമായ ജന്മിത്ത സമ്പ്രദായത്തിനും അറുതിയായെങ്കിലും സർക്കാറിന്റെയും ഉദ്യോഗസ്ഥ പ്രമാണിമാരുടെയും കർക്കശ നിയമങ്ങളും അശാസ്ത്രീയമായ പദ്ധതികളും ആദിവാസികളെ കൂടുതൽ പാപ്പരാക്കുകയും അവരുടെ ജീവിതം കൂടുതൽ ദുരിതപൂർണമാക്കുകയും ചെയ്യുന്നു. അടിച്ചമർത്തലുകളെയും ചൂഷണങ്ങളെയും ചോദ്യം ചെയ്യുന്നതിന് പണ്ടുകാലം മുതലുള്ള നിസ്സഹായാവസ്ഥയും അപകർഷതാ ബോധവും അവരെ പിൻതിരിപ്പിക്കുന്നു. ചെറിയൊരു വിഭാഗം മാത്രം കാലക്രമത്തിൽ ആർജ്ജിച്ച സംഘബോധവും ശക്തിയും അനീതികളെ ചെറുക്കാനും ചൂഷണങ്ങളെ ചോദ്യം ചെയ്യാനും അവകാശങ്ങൾക്കായി പോരാടാനും അവരെ പ്രേരിപ്പിക്കുന്നുണ്ട്. ഉള്ളവന്റെ കൈയിലെ സമ്പത്ത് തട്ടിയെടുത്ത് പാവപ്പെട്ടവന് നൽകാനും എതിർത്തു നിൽക്കുന്നവരെ വകവരുത്താനുമുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുന്ന കൈപ്പാടനും ഈരയും ആദിവാസികൾ നക്സൽ പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടരായതിന്റെ സൂചനയാണ്. പോരാട്ടങ്ങളിലൂടെയും ത്യാഗങ്ങളിലൂടെയും കഷ്ടതകളിലൂടെയും പൂർവ്വ കാല സുഖങ്ങളും കാടും കൃഷിഭൂമിയും തിരിച്ചുപിടിക്കാനാണ് ആദിവാസികൾ ഇന്നും നിരന്തരമായ സമരം നടത്തുന്നത്. പഴമയിലേക്ക് തന്നെ തിരിച്ചെത്താനുള്ള ആഗ്രഹവും അതിലുണ്ട്. എന്നാൽ അവിടെ തമ്പുരാക്കന്മാരുടെ ആധിപത്യമോ നിയ

ന്ത്രണങ്ങളോ ഉണ്ടാവരുതെന്നും സ്മൃതികളിൽ താലോലിക്കുന്ന മാവേലിമന്റു വിന്റെ കാലത്തേത് പോലെ സർവ്വതന്ത്രസ്വതന്ത്രരായി കഴിയണമെന്നുമുള്ള തീവ്രാഭിലാഷമാണ് അവരെ മുന്നോട്ട് നയിക്കുന്നത്. "ആ മുന്നേറ്റത്തിൽ പരിഷ്കൃതമായ ഒരു സമൂഹത്തെ അവർ ആഗ്രഹിക്കുന്നില്ല. ഗോത്ര സംസ്കൃതി കൈമോശം വരാതെ സൂക്ഷിക്കാനും പാക്കത്തപ്പന്റെ കഥകളും മഴപ്പാട്ടുകളും പൊലപ്പാട്ടുകളും കുഴലൂത്തും ആട്ടവുമായി ഒത്തൊരുമിച്ചുള്ള ജീവിതം നയിക്കാനുമുള്ള അഭിവാഞ്ചയാണ് മനസ്സിലെന്ന് കെ.ജെ. ബേബി കഥാവതരണത്തിലൂടെ സമർഥിക്കുന്നു."[15]

മണ്ണിനെയും കൃഷിയെയും സ്നേഹിക്കാതെ തമ്പുരാക്കളുടെ ആജ്ഞകൾക്കനുസരിച്ചു മാത്രം പ്രവർത്തിക്കുന്ന യാന്ത്രിക ജീവിതത്തിൽനിന്നും വീണ്ടും മണ്ണിന്റെയും കാടിന്റെയും മക്കളാകാനുള്ള മോഹം ആദിവാസികളുടെ മനസിൽ ശക്തമാണെന്ന് കെ. ജെ. ബേബി നോവലിലൂടെ വ്യക്തമാക്കുന്നു. "വാക്കുകൾകൊണ്ടും വാളുകൊണ്ടും അവരിലുള്ള മനുഷ്യപ്പറ്റ് തല്ലിത്തെറിപ്പിക്കുന്ന, ഭയപ്പെടുത്തി അടിമകളാക്കി ഭരിക്കുന്ന ഉടയോര്ടെ"[16] തടവറയിൽ നിന്നുള്ള മോചനം നേടാനും തമ്പുരാക്കളുടെ ആർത്തിക്കും ആയുധത്തിനും ഇരയാകാതെ, എക്കാലവും തമ്പുരാൻ കുളത്തിലെ തവളകളെപ്പോലെ കഴിയാതെ പഴമയുടെ സുഖത്തിലേക്ക് മടങ്ങിപ്പോകാനുമാണ് അവർ ആഗ്രഹിക്കുന്നത്. തങ്ങളുടേത് മാത്രമായ പാട്ടുകളും കഥകളും ആചാരങ്ങളും നിലനിൽക്കണമെന്ന മോഹമാണ് നോവലിലെ കഥാപാത്രങ്ങളുടെ പ്രധാന മുഹൂർത്തങ്ങളെല്ലാം തെളിയിക്കുന്നത്. "മക്കളേ നിങ്ങൾ വെറും മൃഗങ്ങളല്ലാതാകുന്നു. പാട്ടുകളും കഥകളും ഉണ്ടാക്ക്യ മന്റകാർണോന്മാര്ടെ കാട്ടുതീയിലെ തീനാളങ്ങളാകുന്നു. ഇനിയും പാട്ടുകളുണ്ടാക്കുക. കഥകളുണ്ടാക്കുക. അങ്ങനെയങ്ങനെ മന്റത്തിലെന്നോ കെട്ട് പോയിരുന്ന കഴിവുകളെ മെല്ലെ മെല്ലെയുണർത്തുക."[17] എന്ന ജെവരപ്പെരുമന്റെ വാക്കുകൾ സ്വന്തം സമുദായത്തിലെ പുതുതലമുറയ്ക്കുള്ള ആഹ്വാനം കൂടിയാണ്.

കാലമാറ്റത്തിനിടയിൽ തകർന്നുപോകുന്ന സമുദായ ആചാരങ്ങളെപ്പറ്റിയും ജെവരപ്പെരുമൻ ആശങ്കപ്പെടുന്നുണ്ട്. തങ്ങളുടെ ജീവിതം തകർത്ത തമ്പുരാക്കൾ തന്നെയാണ് ആചാരവിശേഷങ്ങളുടെ പ്രാധാന്യം ഇല്ലാതാക്കിയതെന്ന് അദ്ദേഹം പറയുന്നു: "മന്റം ഒരു കൂട്ടമായിരുന്നു. മന്റത്തിലുള്ള സന്തോഷങ്ങളും കരച്ചിലു

കളും ഓരോ ചിട്ടപ്പെടുത്ത്യ തുടിത്താളത്തിലും പാട്ടുകളിലുമുള്ള അടയാളങ്ങ ളിലാക്കി. ആ അടയാളങ്ങളത്രേം മന്റത്തിലുണ്ടാക്ന്ന വിശേഷങ്ങളറിയിക്കുന്ന ആചാരങ്ങളായി. ആ ആചാരങ്ങൾ നമ്മുടെശീലമായി. ആ ശീലങ്ങളിലാണിപ്പോൾ അവർ കരിമുള്ളുകൾ വിതറുന്നത്. പണ്ട് നമ്മുടെ മന്റത്തിലൊരു പെൺകുഞ്ഞ് തിരണ്ടാൽ നമ്മുടെ ആചാരത്തുടിയടിച്ച് നമ്മൾ സന്തോഷിക്കും. ഹായ് മന്റ ത്തിലാളുകൂട്ടാൻ ഒരാൾകൂടി ഒരുങ്ങിയിരിക്കുന്നു. കരുത്തുള്ള ആണുങ്ങളേ കേട്ടോളിൻ. ഇതാ ഒരാൾകൂടി അവ്വയാകാനൊരുങ്ങിയിരിക്കുന്നു. ഇപ്പോൾ കുളി ക്കല്യാണത്തുടികേട്ട് സന്തോഷിക്കുന്നത് മൻമക്കളോ അതോ തമ്പുരാനോ? തമ്പു രാക്കള് കരുതും അവര്ടെ കാലിക്കൂട്ടത്തിൽ ഒരു പയ്യിനെ കൂടി ചവിട്ടിക്കാറായി രിക്കുന്നു. അതിനൊണ്ടാക്ന്നത് പെണ്ണാണെ വീണ്ടും വീണ്ടും പെറീക്കാം. വിക്കാ നുംവാങ്ങാനും പണയം വെയ്ക്കാനും പറ്റ്ണ അടിമകൾടെ എണ്ണം കൂട്ടാം. തുടീം തുടിച്ചൊല്ലുകളും നമ്മുടെ തന്നെ നമ്മുടെ കാർണോന്മാർ നാളുകളെടുത്ത് ഉണ്ടാ ക്കീതുതന്നെ. പക്ഷേ ഇന്ന്. എപ്പളൊക്കെ എങ്ങനെയൊക്കെ തുടിമുട്ടണമെന്ന് തമ്പുരാക്കൾ തീരുമാനിക്കുന്നു. മുത്ത മരിച്ചുകിടക്കുമ്പം മന്റത്തിന്റെ നൊമ്പരം പറയാൻ തുടിയെ ഉടയോര് സമ്മതിച്ചില്ല. തമ്പുരാക്കളുടെ കാലിക്കൂട്ടത്തിലെ വയസ്സത്തി പശു ചത്തപോലെ അവർ മുത്തയെ മന്റത്തുടിയെത്താത്ത മണ്ണിലെ വിടെയോ കൊഴച്ചുതാത്തി."[18] അടിമ ജീവിതത്തിനിടയിൽ വനവാസത്തിന്റെ സ്വസ്ഥതയും സ്വാതന്ത്ര്യവും നഷ്ടപ്പെട്ടതായി ആദിവാസികൾ പരിതപിക്കുന്നു ണ്ട്. ആരും നിയന്ത്രിക്കാനില്ലാതെ, ഒത്തൊരുമയോടെയും പരസ്പര സഹവർത്തി ത്തത്തോടെയും കഴിഞ്ഞ നല്ലകാലത്തെ കുറിച്ചുള്ള ഓർമകളാണ് ദുരിതങ്ങ ളെയും പ്രതിസന്ധികളെയും തരണം ചെയ്യാൻ അവരെ പ്രേരിപ്പിക്കുന്നത്.

അന്യാധീനപ്പെട്ട സ്വന്തം ജീവിതത്തെയും സംസ്കാരത്തെയും തിരിച്ചെടുക്കാ നുള്ള അദമ്യമായ ആഗ്രഹം ആദിവാസികളുടെ വാക്കിലും പ്രവൃത്തികളിലും കാണാം. 'ഓലയും എഴുത്തും ഇല്ലാതെ നാവിൽ നിന്നും നാവിലൂടെ വളർന്നു വന്ന നമ്മടെ വാക്കുകൾ' നഷ്ടമാകുന്നതിനെ കുറിച്ച് ചാമി എന്ന കഥാപാത്രം പരിതപിക്കുന്നുണ്ട്. ആരെയും നോവിക്കാത്ത, നിഷ്കളങ്കമായ ആദിവാസിക ളുടെ പദപ്രയോഗങ്ങളും കഥകളും പാട്ടുകളും വരുംകാലങ്ങളിൽ കുഞ്ഞുങ്ങളു ടെ നാവിൻ തുമ്പുകളിൽ ഉണ്ടാവുമോ എന്ന ആശങ്കയും അവർക്കുണ്ട്. ആദി വാസികൾക്ക് തനതായ ഗോത്രപാരമ്പര്യങ്ങളോടൊപ്പം മാതൃഭാഷയുടെ കരുത്തും കൈമോശമാകുന്നതിന്റെ സൂചനയാണിത്.

പഴശ്ശിസേനയും കമ്പനിപട്ടാളവും തമ്മിലുണ്ടായ പോരാട്ടങ്ങൾക്കിടയിൽ ഒട്ടേറെ ആദിവാസികൾ ബലിയാടാകേണ്ടിവന്നതും ചരിത്രമാണ്. മേലാളരുടെ വയലുകളിൽ അടിമകളെ പോലെ കഴിഞ്ഞു ക്രൂരമായ പീഡനങ്ങളും ദുരിതജീവിതവും ഏറ്റുവാങ്ങിയത്, സ്ത്രീകൾ വ്യാപകമായ ബലാൽക്കാരത്തിന് ഇരയായത്, തുടങ്ങിയവ ആദിവാസി ചരിത്ര സത്യങ്ങളാണ്. അവിവാഹിതരായ അമ്മമാരാകേണ്ടിവരുന്ന ദുരവസ്ഥ ഇന്നും ആദിവാസിസമൂഹം നേരിടുന്നുണ്ടെന്നു സി കെ ജാനുവിന്റെ ജീവിതകഥയിൽ പരാമർശിക്കുന്നുണ്ട്. “പൊതുസമൂഹത്തിലേത് പോലെ തന്നെ പാർട്ടി പ്രവർത്തകരും നമ്മളെ സമുദായത്തിലെ പെണ്ണുങ്ങളെ എടേല് വളരെയധികം കഷ്ടതകൾ വരുത്തീട്ടുണ്ട്. പാർട്ടിയുടെ ആൾക്കാരുടെ കുട്ടികളെ പ്രസവിക്കേണ്ടിവന്ന എത്രയോ അധികം പേർ തൃശിലേരി, തിരുനെല്ലി ഭാഗങ്ങളിൽ ഉണ്ട്. അച്ഛന്റെ പേര് ചേർക്കാനില്ലാത്ത നൂറുക്കണക്കിനായ കുട്ടികൾ. പട്ടികകളിൽ ഉണ്ട്. അത് പൊതുസമൂഹത്തിന്റെ രീതികളിൽ നിന്ന് ഒട്ടും വ്യത്യസ്തമായിരുന്നില്ല. കല്യാണം ആകാത്ത അമ്മമാരെ ഉണ്ടാക്കിയതിൽ പാർട്ടിക്കും അതിന്റെ പ്രവർത്തകർക്കും വലുതായ ഉത്തരവാദിത്തമുണ്ട്.”[19]

അടിമപ്പണിക്കിടയിൽ ആദിവാസികളെ മേലനക്കി അദ്ധ്വാനിപ്പിക്കാൻ മേലാളർ ഒരുക്കിയ തന്ത്രങ്ങളിലൊന്നാണ് കമ്പളം എന്ന പേരിൽ നടപ്പുണ്ടായിരുന്ന ആചാരം. പണിക്കാരുടെ അദ്ധ്വാനശേഷി പരമാവധി ചൂഷണംചെയ്യുന്ന ഇത്തരം തന്ത്രങ്ങൾ ഇന്ന് വിലപ്പോവില്ലെങ്കിലും ഇന്നത്തെ രാഷ്ട്രീയ പാർട്ടികൾ ആദിവാസികളുടെ സംഘടിതശക്തിയെ ഉണർത്താൻ ബാന്റ്, ചെണ്ട തുടങ്ങിയ വാദ്യങ്ങൾ ഉപയോഗിക്കുന്നത് കമ്പളത്തിന്റെ മറ്റൊരു രൂപമാണെന്ന് പറയാം. രാഷ്ട്രീയ പാർട്ടികളുടെ റാലിക്കും പൊതുയോഗങ്ങൾക്കുമെല്ലാം വാദ്യഘോഷങ്ങൾ ഏർപ്പെടുത്തുന്നത് അണികളുടെ ആവേശം ഉണർത്താനാണല്ലോ.

മേലാളർ അധികാരം കൊണ്ടും കുതന്ത്രങ്ങൾ കൊണ്ടും നിശ്ശബ്ദരും നിസ്വരുമാക്കിയ കീഴാള വർഗ്ഗത്തിന്റെ അപബോധമനസ്സിലെ കനവുകളാണ് *മാവേലി മന്റ*ത്തിൽ തെളിയുന്നത്. അടിച്ചമർത്തപ്പെട്ട സമൂഹം സഹനശക്തിയിലൂടെ ചെറുത്തുനിൽപ്പിനും നഷ്ടസൗഭാഗ്യങ്ങളെ തിരിച്ചെടുക്കുന്നതിനും വേണ്ടിയുള്ള ഊർജ്ജം സംഭരിക്കുന്ന സാംസ്കാരികമായ പരിവർത്തനവും നോവലിൽ പ്രകടമാകുന്നു. അടിമത്തത്തിൽനിന്നു മോചനം നേടാനുള്ള അവരുടെ മോഹങ്ങളും പുരാവൃത്തങ്ങളിൽ അഭയംതേടി ആനന്ദം കൊള്ളാനുള്ള വെമ്പലുമാണ് *മാവേലി മന്റ*ത്തെ ആദിവാസികളുടെ തിരിച്ചറിവുകളുടെ ഭൂമികയാക്കുന്നത്.

അടിമകളായി കഴിയാനുള്ള വൈമനസ്യവും കാനനവാസത്തിന്റെ സ്വാത ന്ത്ര്യത്തെ കവർന്നെടുക്കുന്ന വ്യവസ്ഥിതികളോടുള്ള എതിർപ്പും ആദിവാസികൾ എന്നും പ്രകടമാക്കിയിട്ടുണ്ട്. കാലക്രമത്തിൽ അവർ സംഘടിതശക്തിയായതും കുടിയേറ്റങ്ങൾക്കും കുടിയൊഴിപ്പിക്കലിനും എതിരെ പ്രക്ഷോഭത്തിനിറങ്ങിയതും ഇതിന്റെ അടയാളങ്ങളാണ്. കഠിനാദ്ധ്വാനവും നരകയാതനയും നിറഞ്ഞ തമ്പു രാൻ ലോകത്തുനിന്ന് രക്ഷപ്പെടാനുള്ള ആദിവാസികളുടെ മോഹം അതിന്റെ തീവ്രതയോടെ തന്നെ *മാവേലിമന്റ*ത്തിൽ പ്രതിഫലിക്കുന്നു. തമ്പുരാക്കളുടെ കണ്ണുംകാതും എത്താത്ത ഇത്തിരി സ്ഥലം തമ്പുരാക്കൾക്ക് വാങ്ങാനും വിൽക്കാനും കയ്യെത്താത്ത ഒരിടം, അതായിരുന്നു ജീവിതകാലം മുഴുവൻ അടി മകളാക്കപ്പെട്ട ആദിവാസികളുടെ മോഹം.

നഷ്ടപ്പെട്ട സമത്വസുന്ദരമായ പഴയ കാലത്തെ വീണ്ടെടുക്കാനുള്ള ആഗ്രഹ ങ്ങളാണ് ആദിവാസികളുടെ കനവുകളിൽ നിറയെ. സമ്പന്നമായ മിക്ക സംസ്കാ രങ്ങളുടെയും ഉറവിടം നദീതടങ്ങളാണെന്നിരിക്കെ പുതിയൊരു സംസ്കാരത്തിന് തുടക്കം കുറിക്കാൻ പ്രയത്നിക്കുന്ന കൈപ്പാടനും ഈരയും കേളപ്പനും ചിരു തേയിയുമെല്ലാം വയനാട്ടിലെ പനമരം പുഴക്കരയിൽ പുതിയ ജീവിതം ആരംഭി ക്കുന്നതായി സ്വപ്നം കാണുന്നു. തമ്പുരാക്കളുടെ കണ്ണും കാതും എത്താത്ത സ്ഥലം, നല്ലൊരു പുഴത്തീരം, ജീവിക്കാനായി മാത്രം കൃഷി, തമ്പുരാക്കൾക്കായി കുഞ്ഞുങ്ങളെ നൊന്ത് പേറേണ്ടിവരുന്ന കാലത്തിനറുതി, ഈ ജന്മം മുഴുവൻ എന്തുചെയ്യണമെന്ന് സ്വന്തമായി തീരുമാനിക്കാൻ പറ്റുന്ന ലോകം, ഇതൊക്കെ യായിരുന്നു ആദിവാസികളുടെ മോഹം. ഈ മോഹം യാഥാർത്ഥ്യമാകുന്നതിന് വേണ്ടിയാണ് ആദിവാസികൾ ഇന്നും സംഘടിത ശക്തിയായി പോരാടി കൊണ്ടി രിക്കുന്നത്.

കേവലമായ ഒരു ആദിവാസി ജീവിതാഖ്യാനമല്ല മാവേലിമന്റം. ആദിവാസി സമൂഹത്തെ പരമ്പരാഗതമായി നിലനിർത്തുന്ന സാംസ്കാരിക ഘടകങ്ങൾ ഏതൊക്കെ എന്ന് കണ്ടറിഞ്ഞ് അവയുടെ വ്യാഖ്യാനാത്മകമായ ആവിഷ്കാര ത്തിലൂടെ കെ. ജെ. ബേബി ആദിവാസി ജീവിത ചിത്രീകരണം സാധിച്ചിരിക്കു ന്നു. ആദിവാസി സമൂഹത്തിൽ ഉറച്ചുപോയ പുരാവൃത്തങ്ങൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, ചൊൽപ്പാട്ടുകൾ, സവിശേഷ ഭാഷാ പ്രയോഗങ്ങൾ തുടങ്ങിയവ അവരുടെ ജീവിത ചിത്രീകരണത്തിന് ഉപാദാനങ്ങളായി നോവലിസ്റ്റ് സ്വീകരി

ച്ചിരിക്കുന്നു. വത്സലയുടെ നോവലുകളിൽ ആദിവാസികളുടെ ജീവിത ചിത്രീകരണത്തിന് ഇത്തരത്തിലുള്ള ഉപാദാന വിഭവങ്ങൾ വേണ്ടത്ര സ്വീകരിക്കപ്പെട്ടിട്ടില്ല. രണ്ടുപേരുടെയും ആദിവാസി ജീവിതചിത്രീകരണത്തിലുള്ള വ്യത്യാസം അതാണ്.

ആദിവാസി ജീവിത ചിത്രീകരണമല്ല കെ. ജെ. ബേബിയുടെ മുഖ്യമായ ലക്ഷ്യം. ആ ചിത്രീകരണത്തിലൂടെ അവർ അനുഭവിക്കുന്ന ദുരന്തങ്ങളും ചൂഷണങ്ങളും അനാവരണം ചെയ്തുകാണിക്കുകയും അവയിൽ നിന്നുള്ള മോചനം അനിവാര്യമാണെന്നു നിശ്ചയിക്കുന്ന ആദിവാസി സമൂഹത്തെ അവതരിപ്പിക്കുകയും ചെയ്യുന്നു നോവലിസ്റ്റ്. കാലികളെപ്പോലെ വിൽക്കുകയും വാങ്ങുകയും ചെയ്യപ്പെടുന്നവർ. കാര്യസ്ഥന്മാരുടെ ക്രൂര പീഡനങ്ങൾക്ക് വിധേയരാകുന്നവർ, ദുരന്തങ്ങൾ സഹിക്കാൻ വയ്യാതെ ഒളിച്ചോടേണ്ടി വരുന്നവർ, ഭക്ഷണം കഴിക്കാനും ഉറങ്ങാനും ഇണചേരാൻ പോലും മേലാളരുടെ അനുവാദത്തിന് വിധേയരായവർ, അടിമകളുടെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ മേലാളന്മാരുടെയും അവരുടെ കാര്യസ്ഥന്മാരുടെയും കുട്ടികളെ പെറ്റുകൂട്ടേണ്ടി വന്നവർ -ഇവരൊക്കെ മാവേലിമന്റത്തിലെ ആദിവാസികളുടെ ഇടയിലുണ്ട്. ഈ നിലയിലുള്ള ക്രൂരതകളും ചൂഷണങ്ങളും സഹിക്കവയ്യാതെ വന്ന ആദിവാസികളുടെ മനസ്സിൽ ചെറുത്തുനിൽപ്പും നഷ്ടസൗഭാഗ്യങ്ങളെ തിരിച്ചു പിടിക്കാനുള്ള വെമ്പലും രൂപം കൊള്ളുന്നതായി നോവലിൽ കാണാം. മോചനം അനിവാര്യമാണെന്ന നിശ്ചയദാർഢ്യം മാവേലിമന്റത്തിലെ ആദിവാസികൾക്കിടയിൽ കണ്ടുതുടങ്ങി. അത്തരത്തിലുള്ള ഒരു ആദിവാസി സമൂഹത്തെയാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

അടിമകളല്ലാത്ത ആദിവാസി സമൂഹത്തെ, ഒരു പുതിയ ജീവിതക്രമത്തെ, മാവേലിമന്റത്തിലെ ആദിവാസികൾ സ്വപ്നം കാണുന്നുണ്ട്. സമത്വം സ്വപ്നം കാണുന്ന ആദിവാസികളെയും സ്വപ്നം സാക്ഷാത്കരിക്കാൻ പോരാടുന്ന സംഘടിത ശക്തിയെയും മാവേലിമന്റത്തിൽ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. ആദിവാസികളുടെ സ്വപ്നവും അതിന്റെ സാക്ഷാത്കാരവുമാണ് ഈ നോവലിലെ കേന്ദ്രവസ്തു എന്നു പറയാം.

# കുറിപ്പുകൾ

1. ആമുഖം. മാവേലിമന്റം. സച്ചിദാനന്ദൻ (മൂന്നാം പതിപ്പ്) 1999. പു. 8, 9.
2. വത്സലയുടെ സ്വന്തം വയനാട്. ഡോ. പി. എ. പുഷ്പലത, പു. 30. കേരള സാഹിത്യ അക്കാദമി, തൃശൂർ 2008.
3. മാവേലിമന്റം. കെ. ജെ. ബേബി. പു. 17
4. ആമുഖം. മാവേലിമന്റം. സച്ചിദാനന്ദൻ, പു. 6.
5. മാവേലിമന്റം. കെ. ജെ. ബേബി. പു. 15
6. മാവേലിമന്റം. കെ. ജെ. ബേബി. പു. 38
7. ആമുഖം. മാവേലിമന്റം. സച്ചിദാനന്ദൻ, പു. 6.
8. മാവേലിമന്റം. കെ. ജെ. ബേബി. പു. 78
9. മാവേലിമന്റം. കെ. ജെ. ബേബി. പു. 23.
10. മാവേലിമന്റം. കെ. ജെ. ബേബി. പു. 32
11. മാവേലിമന്റം. കെ. ജെ. ബേബി. പു. 29
12. വത്സലയുടെ സ്വന്തം വയനാട്. ഡോ. പി. എ. പുഷ്പലത, പു. 37.
13. വത്സലയുടെ സ്വന്തം വയനാട്. ഡോ. പി. എ. പുഷ്പലത, പു. 33.
14. മാവേലിമന്റം. കെ. ജെ. ബേബി. പു. 164.
15. അനുബന്ധം. കെ. ജെ. ബേബിയുമായുള്ള അഭിമുഖം.
16. മാവേലിമന്റം. കെ. ജെ. ബേബി. പു. 164.
17. മാവേലിമന്റം. കെ. ജെ. ബേബി. പു. 125.
18. മാവേലിമന്റം. കെ. ജെ. ബേബി. പു. 123.
19. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 43.

അധ്യായം നാല്

# ആദിവാസികളുടെ സംസ്കാരം നാരായന്റെ നോവലുകളിൽ

അടിമത്തരഹിതമായ ഒരു ജീവിതക്രമത്തെ സ്വപ്നം കാണുന്ന ആദിവാസി സമൂഹത്തെയാണ് കെ. ജെ. ബേബി *മാവേലിമന്റ*ത്തിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞുവല്ലോ. ഒരു ആദിവാസി എഴുതിയ നോവലുകളിൽ ആദിവാസികൾ എങ്ങനെ, ഏതു നിലയിൽ അവതരിപ്പിക്കപ്പെടുന്നു എന്നുള്ള നിരീക്ഷണമാണ് ഈ അദ്ധ്യായത്തിൽ നിർവഹിച്ചിരിക്കുന്നത്. ആദിവാസികളെക്കുറിച്ച് ഒരാദിവാസിതന്നെ എഴുതിയ കൃതികൾ എന്ന നിലയിൽ നാരായന്റെ നോവലുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. മലയരയൻ എന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട നാരായൻ താൻ ഉൾപ്പെട്ട സമൂഹത്തിന്റെ ജീവിതം പശ്ചാത്തലമാക്കി മറ്റുപലരും എഴുതിയ കൃതികൾ പലതും തെറ്റിദ്ധാരണാജനകവും അടിസ്ഥാനരഹിതവുമാണെന്ന അഭിപ്രായക്കാരനാണ്. ആദിവാസികളുടെ ജീവിതത്തെയും സംസ്കാരത്തെയും കുറിച്ച് ജനങ്ങൾക്കിടയിലെ തെറ്റിദ്ധാരണ നീക്കാനും യാഥാർത്ഥ്യം ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് താൻ ഗ്രന്ഥരചനയിൽ ഏർപ്പെട്ടതെന്ന് നാരായൻ പറയുന്നു. (അനുബന്ധം നോക്കുക) സിനിമയിലും, ടി വിയിലും ചില പ്രസിദ്ധീകരണങ്ങളിലുമൊക്കെ കാണുന്ന ആദിവാസിക്കഥകൾക്ക് സത്യവുമായി പുലബന്ധം പോലുമില്ലെന്നാണ് നാരായൻ പറയുന്നത്. സ്വന്തം ജീവിതാനുഭവങ്ങളെതന്നെ നോവൽ രൂപത്തിൽ അവതരിപ്പിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. സ്വന്തം സമുദായത്തെക്കുറിച്ച് നോവലിസ്റ്റായ നാരായൻ ഊറ്റം കൊള്ളുന്നുണ്ട്. “എന്റെ പൂർവികർ നിർഭാഗ്യവാന്മാരായിരുന്നു. പക്ഷേ, ഞങ്ങൾ എന്നും അദ്ധ്വാനികളാണ്, മറ്റുള്ളവരെ വിശ്വസിക്കുന്നവരാണ്. നൂറു ശതമാനവും മലയുടെ മക്കൾ, മലയുടെ അരചന്മാർ. ഞങ്ങളെ അപരിഷ്കൃതരെന്ന് വിളിച്ചത് മറ്റുള്ളവരാണ്. പരിഷ്കാരം അങ്ങനെയാണല്ലോ. മലയോരത്തു വീടുകെട്ടി, മണ്ണിൽ വിയർപ്പൊഴുക്കി ജീവിക്കുന്നവനും സുന്ദരമായ ഉടയാടകളില്ലായിരിക്കാം, മനം മയക്കുന്ന, ചതിനിറഞ്ഞ വാചകശൈലി

ഇല്ലായിരിക്കാം. എങ്കിലും ഞങ്ങൾക്ക് ഞങ്ങളുടേതായ നല്ല ജീവിത സമ്പ്രദായങ്ങളുണ്ട്. കാലപ്പഴക്കത്തിൽ പലതും കൈമോശം വന്നിട്ടുണ്ടെന്ന് സമ്മതിക്കുന്നു. എന്നാലും അവയെല്ലാം മികച്ചതു തന്നെയാണ്."[1] ആദിവാസികളുടെ സവിശേഷമായ ജീവിത സമ്പ്രദായങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, അന്ധവിശ്വാസങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, ഗോത്ര ജീവിതത്തിൽ നിന്ന് ആധുനികതയിലേക്കുള്ള മാറ്റത്തിന്റെ വിവിധ ഘട്ടങ്ങൾ, പരിഷ്കൃതസമൂഹവുമായി സമരസപ്പെടാനുള്ള ശ്രമത്തിൽ നഷ്ടമാകുന്ന ആദിവാസി സംസ്കാര തനിമകൾ, ഗോത്ര സംസ്കൃതിയും ആധുനിക രീതികളും തമ്മിലുള്ള സംഘട്ടനം എന്നിവയെല്ലാം നാരായന്റെ *കൊച്ചരേത്തി* (1998), *ഊരാളിക്കുടി* (1999), *വന്നല* (2006) എന്നീ നോവലുകളിൽ തെളിയുന്നുണ്ട്. ഇവയെക്കുറിച്ചുള്ള നിരീക്ഷണങ്ങളാണ് ഈ അദ്ധ്യായത്തിൽ നിർവഹിച്ചിരിക്കുന്നത്.

## 4.1. കൊച്ചരേത്തി

മലയോരത്ത് ചട്ടി, കലം, ഉണക്കമീൻ, പുകയില, കോറത്തുണി തുടങ്ങിയവ ചുമന്നുകൊണ്ടുവന്ന് തീവിലയ്ക്ക് വിറ്റ് കുരുമുളക്, കശുവണ്ടി, കാപ്പിക്കുരു എന്നിവയൊക്കെ കുറഞ്ഞ വിലയ്ക്ക് പകരം വാങ്ങി കൊള്ളലാഭമടിച്ചിരുന്ന നടന്നു കച്ചവടക്കാർ- അവർ ചെറുപ്പക്കാരായ അമ്മമാരെ വിളിച്ചിരുന്ന പേരാണ് കൊച്ചരേത്തി. കേരളത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ അങ്ങിങ്ങു ചിതറിക്കിടക്കുന്ന മലയോരങ്ങളിൽ കൊച്ചരേത്തിമാർ ഇന്നും ജീവിച്ചിരിക്കുന്നതായി നാരായൻ പറയുന്നു. *'കൊച്ചരേത്തി'* ഒരു കൊച്ചരേത്തിയുടെ മകനായ ഞാനെഴുതിയത് ആരെയും അനുകരിച്ചിട്ടല്ല. ഇത് എന്റെ സ്വന്തമാണ്. എനിക്കു തോന്നിയ ശൈലിയിൽ എന്ന് ആമുഖമായി പറഞ്ഞ് മറ്റു ഗോത്ര വിഭാഗങ്ങളിൽ നിന്ന് പല രംഗങ്ങളിലും താരതമ്യേന ഉയർന്നു നിൽക്കുന്നവരെന്ന് അവകാശപ്പെടുന്ന മലയരയന്മാരുടെ ജീവിതവും സാംസ്കാരിക തനിമയുമാണ് *'കൊച്ചരേത്തി'* യിൽ നോവലിസ്റ്റ് വിവരിക്കുന്നത്.

"മലയരയന്മാർ പരമ്പരാഗതമായി കൃഷിക്കാരായിരുന്നു. ഏലവും കുരുമുളകുമാണ് അവർ പ്രധാനമായും കൃഷി ചെയ്തിരുന്നത്. കാച്ചിൽ, ചേമ്പ് എന്നിവയും കൃഷിചെയ്തിരുന്നു. ഈ കാർഷികോൽപ്പന്നങ്ങൾ കച്ചവടക്കാർക്ക് നൽകിയാണ് മലയരയന്മാർ അവർക്ക് ആവശ്യമുള്ള പാത്രങ്ങൾ, വീട്ടുപകരണങ്ങൾ,

പണിയായുധങ്ങൾ, തുണിത്തരങ്ങൾ മുതലായവ വാങ്ങിയിരുന്നത്."[2] "മൂപ്പെത്താതെ കൊഴിഞ്ഞുവീഴുന്ന കുരുമുളക് - ചീര - ഓരോ കൊടിയുടേയും ചുവട്ടിലുണ്ട്. പെറുക്കി ഉതിർത്ത് ഉണക്കിവെച്ചാൽ ചട്ടി, കലം, ചുട്ടിക്കരയൻ, ഉണക്കമീൻ-എന്തെങ്കിലുമൊക്കെ വാങ്ങാം."[3] കൃഷി ഉപജീവനമാക്കിയിരുന്ന മലയരന്മാരിൽ മിക്കവരും ഇങ്ങനെയാണ് ദൈനംദിന ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്. അരയന്റെ തോട്ടത്തിൽ കുരുമുളകിന്റെയും കാപ്പിക്കുരുവിന്റെയുമൊക്കെ വിളവെടുപ്പു സമയങ്ങളിൽ നാട്ടിൽ നിന്നു കച്ചവടക്കാർ മലകയറിയെത്തും. ഉപ്പു മുതൽ കർപ്പൂരംവരെയുള്ള സാധനങ്ങൾ തലച്ചുമടായി കൊണ്ടുവന്ന് വീടുകൾ തോറും കയറിയിറങ്ങിയാണ് അവരുടെ കച്ചവടം. *'കൊച്ചരേത്തി'* എന്ന നോവലിന്റെ പേരുതന്നെ ഇത്തരം കച്ചവടവുമായി ബന്ധപ്പെട്ടതാണെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. പുറത്തുനിന്നുള്ള കച്ചവടക്കാരുടെ തട്ടിപ്പും അധികവില ഈടാക്കലും മനസ്സിലാക്കി, മലയിലെ അരയന്മാർ തങ്ങളുടെ കാർഷികോൽപ്പന്നങ്ങൾ ദൂരെയുള്ള പട്ടണങ്ങളിൽ കൊണ്ടുപോയി വിൽക്കാനും ആവശ്യസാധനങ്ങൾ വാങ്ങിക്കൊണ്ടുവരാനും തുടങ്ങിയതോടെയാണ് സാധനങ്ങൾ തലച്ചുമടായി കൊണ്ടുവന്നുവിൽക്കുന്ന പഴയ രീതി ഇല്ലാതായത്. അതോടെ മാറ്റക്കച്ചവടവും അവസാനിച്ചു.

കച്ചവടക്കാരിൽ നിന്നും കുടിയേറ്റ-അധികാരിവർഗ്ഗങ്ങളിൽ നിന്നും നിരന്തരം അനുഭവിച്ചുകൊണ്ടിരുന്ന ചൂഷണങ്ങൾക്ക് അറുതി വരുത്താൻ നാരായൻ അവതരിപ്പിക്കുന്ന കഥാപാത്രമാണ് *'കൊച്ചരേത്തി'*യിലെ കൊച്ചുരാമൻ. മലയരയസമുദായത്തിൽ പെട്ട കൊച്ചുരാമനിലൂടെയാണ് മലയോര വാസികളുടെ ഉയർച്ചയ്ക്ക് നാരായൻ ശ്രമിക്കുന്നത്. ആദിവാസികളെക്കുറിച്ച് ആദിവാസി എഴുതിയ നോവലിൽ സമുദായത്തിന്റെ ഉയർച്ചയ്ക്കും ചൂഷണങ്ങളിൽ നിന്നുള്ള മോചനത്തിനും രംഗത്തിറങ്ങുന്നത് ആദിവാസിതന്നെയാണെന്ന വസ്തുത എടുത്തു പറയേണ്ടതുണ്ട്. "കൊച്ചുരാമൻ പുളിയൻ മലക്കാരനാണ്. അവൻ കൊച്ചായിരുന്നപ്പോൾ അവന്റെ അപ്പനും അമ്മയും മരിച്ചു. വൈദ്യനായ ചിറ്റപ്പൻ കൊച്ചുകൊച്ചിന്റെ കൂടെയായിരുന്നു പിന്നെ അവൻ വളർന്നത്. ചിറ്റപ്പൻ അവനെ ചികിൽസ പഠിപ്പിച്ചു. എവിടെച്ചെന്നാലും നാലാളറിയണം. ശ്ലോകങ്ങളും വിശദീകരണങ്ങളും കേട്ടുപഠിച്ചു. പച്ചമരുന്നുകൾ കണ്ടറിഞ്ഞും ചവച്ചുനോക്കിയും ചേരുവകളുണ്ടാക്കാൻ പഠിച്ചു. മുറിവ്, ഉളുക്ക്, വയറൊഴിച്ചിൽ, കൊടിഞ്ഞി തുടങ്ങി പല രോഗത്തിനും അവന് ഫലപ്രദമായ ഒറ്റമൂലികളറിയാമായിരുന്നു."[4]

സമുദായ ആചാരങ്ങളെ അവഗണിച്ചുള്ള പെണ്ണുകാണലും കല്യാണവുമാണ് കൊച്ചുരാമന് നാട്ടുകാർക്കിടയിൽ തന്റേടിയുടെയും വിപ്ലവകാരിയുടെയും പരിവേഷം ചാർത്തിക്കൊടുക്കുന്നത്. “വളയില്ലക്കാരനായ കൊച്ചുരാമന് പൂതാനിയില്ലക്കാരിപ്പെണ്ണുതന്നെ വേണം വിവാഹം കഴിക്കാൻ. പണ്ടൊക്കെ ഇല്ലം മാറി കല്യാണമില്ല. അരയന്മാർ നാല് ഇല്ലങ്ങളായാണ് കഴിഞ്ഞിരുന്നത്. വളയില്ലം, പൂതാനിയില്ലം, മൊടലക്കാട്ടില്ലം, നെല്ലിപ്പുള്ളി ഇല്ലം. ഇതുകൂടാതെ വലിയ കുറ്റങ്ങൾ ചെയ്തതിന്റെ പേരിൽ ജാതിയിൽ നിന്നും പുറത്താക്കപ്പെട്ടവർക്കായി ചൊക്കയില്ലം എന്ന ഒരില്ലം കൂടി ഉണ്ടായിരുന്നതായി ഇട്ട്യാതി നോവലിൽ വിവരിക്കുന്നുണ്ട്. മലയരയർക്കിടയിൽ വിവാഹാലോചന രക്ഷിതാക്കൾ തമ്മിൽ വേണമെന്നാണ് വ്യവസ്ഥ. രക്ഷിതാക്കൾ പറഞ്ഞ് ഇണങ്ങന്മാർ ആരെങ്കിലും പെണ്ണു ചോദിക്കണം. തരാമെന്ന് പെണ്ണിന്റെ അപ്പനാങ്ങളമാർ സമ്മതിക്കണം. പെണ്ണിന് ഒരു മുറച്ചെറുക്കനുണ്ടെങ്കിൽ മോഹിച്ചിട്ടു കാര്യമില്ല. വിവാഹച്ചടങ്ങിന്റെ സമയത്ത് മാത്രമേ വധൂവരന്മാർക്ക് തമ്മിൽ കാണാനുള്ള അവസരം ലഭിച്ചിരുന്നുള്ളു.”[5]

വിവാഹം സംബന്ധിച്ച് മലയരയരുടെ ഇടയിലുണ്ടായിരുന്ന ഇത്തരം വ്യവസ്ഥകൾ ലംഘിച്ചാണ് കൊച്ചുരാമൻ വെളിച്ചപ്പാടായ ഇട്ട്യാതിയുടെ മകൾ കുഞ്ഞിപ്പെണ്ണിനെ സ്വന്തമാക്കുന്നത്. ഇട്ട്യാതിയുടെ വീടിനടുത്ത് പലതവണ ചുറ്റിത്തിരിഞ്ഞു നടന്ന കൊച്ചുരാമൻ അപ്പനോടൊപ്പം കുഞ്ഞിപ്പാളയുമായി പോകുമ്പോഴാണ് കുഞ്ഞിപ്പെണ്ണിനെ കണ്ട് ഇഷ്ടപ്പെടുന്നത്. ആരും കാണാതെ തക്കം നോക്കി അവളുമായി സംസാരിച്ചു കെട്ടാനുറയ്ക്കുകയും ചെയ്യുന്നു. വകയിലൊരു മുറച്ചെറുക്കനായ നാരായണന്റെ വൃത്തികേടുകളിൽ അതൃപ്തനായ കുഞ്ഞിപ്പെണ്ണിന്റെ സഹോദരൻ കുഞ്ഞാദിച്ചൻ പെങ്ങളുടെ ഇഷ്ടം മനസ്സിലാക്കി അവളെ കൊച്ചുരാമന് വിവാഹം കഴിച്ചുകൊടുക്കാൻ തീരുമാനിക്കുന്നതും സമുദായാചാരങ്ങൾക്ക് വിരുദ്ധമായിരുന്നു.

“കുഞ്ഞായിച്ചാ, നമ്മക്കൊരു മൊറയൊണ്ട്, നമ്മളായിട്ട് അതു തെറ്റിക്കണോ.....? എന്ന അച്ഛൻ ഇട്ട്യാതിയുടെ ചോദ്യത്തിന് “ഓ.... ഇപ്പളെന്നാ മൊറ....? അപ്പനു പറ്റീല്ലെന്നുപറ-” എന്നു പറഞ്ഞാണ് കുഞ്ഞാദിച്ചൻ വ്യവസ്ഥിതികളെ ചോദ്യം ചെയ്യുന്നത്.....” സമൂദായത്തിലെ ഇല്ലങ്ങളെക്കുറിച്ച് മകന് വിശദീകരിച്ചുകൊടുത്തപ്പോൾ “വെല്യ വെല്യ കുറ്റങ്ങളൊക്കെ ചെയ്താ ജാതീന്നു മാറ്റി

നിർത്തും. അങ്ങനെ പൊറത്തായവരാ ചൊക്കയില്ലക്കാർ. ഇപ്പളാരാ ഇതൊക്കെ നോക്കണത്......" എന്നുപറയുന്ന ഇട്ട്യാതിക്കുമറിയാം പഴയ ആചാരവ്യവസ്ഥക ളൊന്നും ആരും അതേപടി അനുസരിക്കുന്നില്ലെന്ന്. കാലവും പരിഷ്ക്കാരങ്ങളും ആദിവാസികൾക്കിടയിലെ ആചാരാനുഷ്ഠാനങ്ങൾക്ക് മാറ്റം വരുത്തിയതിന്റെ സൂചനകളാണിത്.

എവിടെ ചെന്നാലും നാലാളറിഞ്ഞ് ആദരിക്കണമെങ്കിൽ കയ്യിലെന്തെങ്കിലും വിദ്യയുണ്ടായിരിക്കണമെന്നു കൊച്ചുരാമൻ മനസ്സിലാക്കിയിരുന്നു. ചെറുപ്പം മുത ലുള്ള ഈ പരിഷ്ക്കാര ബോധം  മലയർക്കിടയിൽ പ്രമാണിയാകാൻ അദ്ദേ ഹത്തെ സഹായിക്കുകയും ചെയ്യുന്നു. കുഞ്ഞിപ്പെണ്ണിന് മേലാകെ ചൊറിഞ്ഞു പൊന്തിയപ്പോൾ ചികിത്സിക്കാൻ ഓടിയെത്തി, പച്ചമരുന്നുകൊണ്ട് അസുഖം മാറ്റിയതും കേളയുടെ വാതക്കുരു മാറ്റിയതും കൊച്ചുരാമന്റെ മിടുക്കുകൊണ്ടാ ണെന്ന് ജനം അംഗീകരിച്ചു. ഈറ്റച്ചൂട്ടുകത്തിച്ചു ഒറ്റയാനെ വിരട്ടിയോടിച്ച, തോക്കുകൊണ്ടു കുടിലുകളിലുള്ളവർക്ക് ആത്മധൈര്യം പകർന്ന കൊച്ചുരാമനെ പ്രതിസന്ധിഘട്ടങ്ങളിൽ ആർക്കും അഭയം പ്രാപിക്കാവുന്ന ഒരു നേതാവിന്റെ മട്ടിലാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്.

"കുറച്ചു വിദ്യാഭ്യാസം കൂടിയുണ്ടെങ്കിൽ അരയന്മാർ ആരുടെയും പിന്നിലല്ല, സാമൂഹ്യമായ ഒരധ:പതനവും അവർക്കില്ല. അരോഗ്യദൃഢഗാത്രരായ പ്രകൃതി യുടെ മക്കളാണ്" അവരെന്ന് നാരായൻ സ്വന്തം സമുദായത്തെ ഉയർത്തിക്കാ ണിക്കുന്നുണ്ട്. സമുദായത്തിന്റെ ഉയർച്ചക്ക് വിദ്യാഭ്യാസം അനിവാര്യമാണെന്ന ബോധം അവർക്കിടയിൽ തന്നെ ഉണ്ടായിരുന്നു. കണക്കു കൂട്ടാൻ അറിയാത്ത മലയരയാരെ പുറത്തു നിന്നുള്ള കച്ചവടക്കാർ പലതരത്തിലും പറ്റിച്ചിരുന്നു. കണ ക്കറിയാത്ത കുഞ്ഞു മുണ്ടനെയും മകനെയും പരീത് മുതലാളി പറ്റിക്കുന്നത് നോവലിൽ കാണാം.

എല്ലുമുറിയെ പണിയെടുക്കുന്ന പാവങ്ങളായ അരയന്മാരെ തൂക്കവും കണക്കുമറിയാത്തതിന്റെ പേരിൽ എല്ലാവരും പറ്റിച്ചിരുന്നു. കള്ളത്രാസും കഴി ഞ്ചിക്കോലും കൊണ്ട് മറ്റുള്ളവരെപ്പോഴും അവരെ പറ്റിക്കും. കുരുമുളകു കച്ചവ ടത്തിനെത്തിയ കുരുവിള കുഞ്ഞമ്മത്, പരീത് എന്നിവരെല്ലാം തൂക്കവും അളവും കുറച്ചു കാണിച്ച് അരയരെ പറ്റിച്ച് ലാഭമുണ്ടാക്കിയിരുന്നു. പണം കടംകൊടു ക്കുന്ന കുഞ്ഞാമു മുതലാളിയും കടക്കാരനായ ഹസനും ആദിവാസികളെ പറ്റി

ക്കുന്നവരാണ്. തുണിക്കച്ചവടക്കാരനായി എത്തുന്നു കരിം റാവുത്തരും അരയന്മാരെ പറ്റിച്ച് ലാഭമുണ്ടാക്കിയിട്ടുണ്ട്. അരയരുടെ തോട്ടത്തിലെ കുരുമുളകിന് തുച്ഛമായ വില നൽകി ബലപൂർവം പറിച്ചെടുക്കുന്ന പപ്പൻപിള്ളയും ആദിവാസികളെ ചൂഷണം ചെയ്യുന്നവരിൽ ഒരാളാണ്.

വിദ്യാഭ്യാസം ഇല്ലാത്തതിനാൽ തന്റെ സമുദായക്കാർ അനുഭവിക്കുന്ന ദുരിതങ്ങളും എഴുത്തും വായനയും പഠിച്ചാലുള്ള ഗുണവും ശരിക്കും മനസ്സിലാക്കിയിരുന്നു കൊച്ചുരാമൻ. അതുകൊണ്ടാണ് കണ്ടത്തിൽ കൃഷ്ണപ്പിള്ളയെന്ന പൊതുകാര്യ പ്രവർത്തകൻ ആദിവാസി ഊരിലെ കുട്ടികളെ പഠിപ്പിക്കാൻ കൊച്ചുപിള്ളനാശാനെ പറഞ്ഞയച്ചപ്പോൾ മറ്റൊന്നും ആലോചിക്കാതെ പള്ളിക്കൂടം ഏർപ്പാടാക്കി മലയിലെ കുട്ടികളെ എഴുത്തുപഠിപ്പിക്കാൻ കൊച്ചുരാമൻ സൗകര്യം ഒരുക്കിക്കൊടുക്കുന്നത്. കൊച്ചുരാമനും ആശാനും ചേർന്ന് പല വീടുകളിലും കയറിയിറങ്ങി അഞ്ചുമുതൽ പതിനഞ്ചുവരെ പ്രായമുള്ള കുട്ടികളെ എഴുത്തിനിരുത്താൻ കണ്ടെത്തി. കൊച്ചുരാമന്റെ പറമ്പിൽത്തന്നെ ഓലഷെഡ്ഡ് പണിത് സരസ്വതീവിലാസം കളരി ആരംഭിച്ചു. വെറ്റിലയും പാക്കും ദക്ഷിണവാങ്ങി, ആശാൻ കുട്ടികളുടെ നാവിൽ സ്വർണമോതിരം കൊണ്ട് ആദ്യാക്ഷരം കുറിച്ചു. അരിയിൽ കുട്ടികളുടെ വിരൽ പിടിച്ച് ഹരിശ്രീ എഴുതിച്ചു. ഓലയിൽ നാരായംകൊണ്ട് എഴുതി കുട്ടികളെ അക്ഷരം പഠിപ്പിച്ചു. നിലത്തെഴുത്തും കണക്കും പഠിച്ച കുട്ടികളെ ആശാന്റെ നിർദ്ദേശപ്രകാരം അകലെ ഗ്രാമത്തിലുള്ള സ്കൂളിൽ ചേർത്തു. ഏഴാം ക്ലാസ്സ് ജയിച്ചാൽ എന്തെങ്കിലും ജോലികിട്ടുമെന്ന പ്രതീക്ഷയും ആശാൻ അവർക്ക് നൽകിയിരുന്നു.

'പഠിച്ചാൽ നിങ്ങളൊക്കെ നന്നാവും. ഏഴുവയസ്സു തികഞ്ഞ എല്ലാ കുട്ടികളെയും സർക്കാർ പള്ളിക്കൂടത്തിൽ ചേർക്കണം. ആരെയും പേടിക്കേണ്ട. മക്കളൊക്കെ കപ്പയും ചേമ്പും നട്ട് നല്ല മരംകേറികളായാൽപ്പോര, പഠിച്ചു മിടുക്കരായി നല്ലവേഷങ്ങളണിഞ്ഞ്, സർക്കാർ ജോലിയിലൊക്കെക്കയറണം.' എന്നിങ്ങനെയുള്ള ഉപദേശങ്ങളും പ്രോൽസാഹനവും നാരായൺ കൊച്ചുപിള്ള ആശാനിലൂടെ സമുദായാംഗങ്ങൾക്ക് നൽകുന്നു. പഠിച്ചു വലുതായി സർക്കാർ പണി നേടി നാരായൺ സ്വന്തം ജീവിതം അവർക്കൊരു മാതൃകയാകുകയും ചെയ്തു.[6] മുളകും, പാക്കുമൊക്കെ തോന്നിയതുപോലെ വിൽക്കരുത്. റൊക്കം വില വാങ്ങാനും പഠിക്കണം. പണം കിട്ടിയാൽ പട്ടക്കടയിലും ഷാപ്പിലുമൊന്നും കേറ

രുത്. കുടിക്കണമെങ്കിൽ കുപ്പിയോടെ മേടിച്ച് വീട്ടിൽ കൊണ്ട് പോയ്ക്കോ... തന്നെ കണ്ടു പരാതികൾ പറയാനും അഭിപ്രായങ്ങൾ ആരായാനും എത്തുന്ന അരയരോട് കൃഷ്ണപ്പിള്ളയുടെ ഉപദേശങ്ങളും സ്വന്തം സമുദായം വഴിതെറ്റി പോകാതെ നേരായവഴിക്ക് ഉയർച്ചയിൽ എത്തണമെന്ന നോവലിസ്റ്റിന്റെ ആഗ്ര ഹത്തിൽ നിന്നും ഉടലെടുക്കുന്നതാണ്.

വിദ്യാഭ്യാസം നേടിയതിൽ നിന്നു കിട്ടിയ അറിവും തന്റേടവുമാണ് അനാചാ രങ്ങളെ എതിർക്കാനും സർക്കാർ ജോലി നേടാനും കൊച്ചുരാമന്റെ മകൾ പാർവ്വ തിയെ പ്രാപ്തയാക്കുന്നത്. 'തിരണ്ടശേഷം പെൺകുട്ടികൾ സ്കൂളിൽ പോകാൻ പാടില്ലെന്ന കുഞ്ഞിപ്പെണ്ണിന്റെ തടസ്സവാദങ്ങൾ വകവയ്ക്കാതെ പാർവ്വതി തുടർന്നു പഠിക്കാൻപോയാൽ സമുദായക്കാർക്കിടയിൽ നിലവിലുണ്ടായിരുന്ന ആചാരങ്ങളോടുള്ള വെല്ലുവിളിയായി. കോളജിൽ പഠിച്ചുപാസ്സായി എറണാകു ളത്ത് സെൻട്രൽ എക്സൈസ് വകുപ്പിൽ ജോലി നേടുന്ന പാർവ്വതിയിലൂടെയാ ണ് മലയടിവാരത്ത് ഒതുങ്ങിക്കഴിഞ്ഞിരുന്ന അരയൻമാർക്കിടയിൽ പുറംലോക സമ്പർക്കം വരുത്തിയ പരിഷ്ക്കാരങ്ങൾ ആവിഷ്ക്കരിക്കുന്നത്. സർക്കാർ ജോലി ക്കാരിയായ പാർവ്വതി പരിഷ്ക്കാരിയായി തിരിച്ചെത്തുമ്പോൾ അമ്മ കുഞ്ഞി പ്പെണ്ണ് അൽപം നീരസത്തോടെ നോക്കിക്കാണുന്നത് നോവലിൽ ചിത്രീകരി ക്കുന്നുണ്ട്. "മിനുമിനുത്ത് കുന്നുപോലുള്ള മുടിചുറ്റിക്കെട്ടി പിന്നുകുത്തിയതാ ണ്. കാലിൽ വെള്ളിക്കൊലുസും സ്വർണ്ണവരകളുള്ള ചെരിപ്പുകളും, ഇടതുക യ്യിൽ കറുത്ത ചരടുള്ള സ്വർണ്ണവാച്ച്, മോതിരം. പണമെല്ലാം ഇതൊക്കെ വാങ്ങി ച്ചെലവാക്കുന്നതാണ്. മകൾ ഒരു രാജകുമാരിയെപ്പോലുണ്ട്."[7] നഗരത്തിൽ താമ സമാക്കിയ അവളുടെ ജീവിതനിലവാരവും ഉയർന്നതായിരുന്നു. ഹോസ്റ്റലിൽ താമസത്തിനു വാടക, താമസത്തിനും ഭക്ഷണത്തിനും ആഫീസ്സിൽപ്പോകാനും വരാനും വണ്ടിക്കൂലി. ഉച്ചയൂണ്, എണ്ണ, സോപ്പ്, പൗഡർ, പേസ്റ്റ്, അലക്ക് പിന്നെ ഇടയ്ക്കൊരു സിനിമ, എനിക്കു ഡ്രസ്സുമേടിക്കേണ്ടെ എന്ന പാർവതിയുടെ സംസാരം ഇതിന് തെളിവാണ്. 1998-ൽ പ്രസിദ്ധീകരിച്ച *കൊച്ചരേത്തി* നോവ ലിൽ വർണിക്കുന്ന ആദിവാസിയുവതിയുടെ പരിഷ്കൃത രൂപമാണിത്. അക്കാ ലത്തുതന്നെ അവർ നഗരത്തിലെ സ്ത്രീകളെപ്പോലെ അണിഞ്ഞൊരുങ്ങാനും വരുമാനത്തിനനുസരിച്ച് പരിഷ്കൃത ജീവിതം നയിക്കാനും ആരംഭിച്ചിരുന്നുവെ ന്നതിനു തെളിവു കൂടിയാണിത്.

അതേസമയം ട്രൈബൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും താമസിച്ചു പഠിച്ച ആദിവാസി കുട്ടികൾ പലരും വഴിതെറ്റി. രക്ഷിതാക്കളുടെ പ്രതീക്ഷകൾക്ക് വിരുദ്ധമായി സ്വന്തം വഴി സ്വീകരിച്ചതായും നോവലിൽ പറയുന്നു. പഠിച്ചു ഉദ്യോഗം ലഭിച്ചവർ; പോറ്റി വളർത്തിയ അച്ഛനമ്മമാരെ മറന്ന് സ്വന്തം ഇഷ്ടംപോലെ ജീവിക്കുന്നതിന് പാർവ്വതി എന്ന കഥാപാത്രം ഉദാഹരണമാണ്. വിദ്യാഭ്യാസം ലഭിച്ച പാർവ്വതി സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ പ്രകടിപ്പിക്കുന്നതും കീഴ്‌വഴക്കങ്ങളെ ലംഘിച്ചുകൊണ്ട് പത്മനാഭനെ വിവാഹം കഴിക്കുന്നതും ചിത്രീകരിക്കുമ്പോൾ ആധുനികതയിലേക്ക് പ്രവേശിക്കുന്ന മലയരയന്മാരെയാണ് നാരായൻ അവതരിപ്പിക്കുന്നത്.

അരയന്മാർ കൃഷി ചെയ്തുണ്ടാക്കിയ മുളക് കുഞ്ഞുണ്ണിപ്പിള്ളയും കൂട്ടരും അനധികൃതമായി പറിക്കാൻ വന്നപ്പോൾ ചെറുപ്പക്കാർ ഒറ്റക്കെട്ടായി നിന്നു നേരിടുന്നതും കൊച്ചുരാമന്റെ വീട്ടിൽ യോഗം ചേർന്നു ശരിതെറ്റുകൾ വിശകലനം ചെയ്യുന്നതും ആദിവാസികൾക്കിടയിൽ ഉടലെടുത്ത സംഘബോധത്തിനു തെളിവാണ്. കാടും മലയും അവർക്കു സ്വന്തമായിരുന്നുവെങ്കിലും മലവെട്ടി കൃഷിയൊരുക്കാൻ കൊച്ചുരാമൻ ഈച്ചരങ്കാണിക്ക് ഇറച്ചിയും ചാരായവും കൈക്കൂലികൊടുക്കുന്നതും കൊച്ചുരാമൻ ബൗണ്ടറി വെട്ടിനു നിർദ്ദേശം നൽകാനെത്തുന്ന ഹെഡ്ഗാർഡിനും അനുയായികൾക്കും കൃഷിക്കാർ തേൻ, ഇഞ്ച, അവൽപ്പൊതി, ചാരായം, ഇറച്ചി, ആനക്കൊമ്പ്, പന്നിത്തേറ്റ മുതലായവ കാണിക്കവെയ്ക്കുന്നതും അക്കാലത്തും കാര്യം നേടാൻ വേണ്ടി കൈക്കൂലി കൊടുക്കുകയെന്ന സമ്പ്രദായം ആദിവാസികളിൽപ്പോലും ഉണ്ടായിരുന്നുവെന്നതിന്റെ സൂചനയാണ്. 'കണ്ടമാനം കാടുവെട്ടരുത്, മൃഗങ്ങളെ കൊല്ലരുത്, വനവിഭവങ്ങൾ ശേഖരിച്ചു കൃത്യമായി റേഞ്ചാഫീസിൽ എത്തിക്കണം,' എന്നിങ്ങനെയുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ കൽപ്പനകൾ ശിരസാവഹിക്കാനും അരയന്മാർ തയ്യാറായിരുന്നു.

തോട്ടം നിർമ്മാണത്തിനും മറ്റുമായി റോഡ് വെട്ടുന്നതിന് അരയന്മാരുടെ പറമ്പിലുള്ള മരങ്ങൾ സർക്കാർ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വെട്ടിമാറ്റാൻ തുടങ്ങിയതോടെ എതിർപ്പും സംഘട്ടനങ്ങളും പോലീസ് ഇടപെടലും ഉണ്ടാകുന്നു. പോലീസിനെ ഉപയോഗിച്ചു ജന്മിമാർ ആദിവാസികളെ ക്രൂരമായി മർദ്ദിച്ചത് അവരിലെ സംഘബോധത്തെ വീണ്ടും ഉണർത്തുന്നതായിരുന്നു. കൊച്ചു

രാമന്റെ നേതൃത്വത്തിൽ യുവാക്കൾ കൃഷ്ണപ്പിള്ളയെ കണ്ടു തങ്ങളുടെ ദയനീയാവസ്ഥ വിശദീകരിക്കുകയും പോലീസ് കേസ്സിൽ നിന്നു രക്ഷനേടുകയും ചെയ്യുന്നുണ്ട്. തങ്ങൾ അധികാരവർഗ്ഗത്തിനു വെറുതെ കീഴടങ്ങിക്കൊടുക്കുകയില്ലെന്നു സ്വന്തം ശക്തിയാലും മറ്റുള്ളവരുടെ സഹായത്താലും അവകാശങ്ങൾ സംരക്ഷിക്കുമെന്നുമുള്ള വിളംബരം കൂടിയാണത്.

"ഹതഭാഗ്യരുടെ കുട്ടികളിൽ സുഭിക്ഷമായിട്ടുള്ളത് ദാരിദ്ര്യം. മലയരയൻ ജനിക്കുന്നതു മറ്റുള്ളവരെപ്പോലെയല്ലെന്നുണ്ടോ.....? ജീവിതം അവനൊരേറ്റുമുട്ടലാണ്. ഒരിക്കലും വിജയിക്കാതെ, എന്നും തോറ്റ് വേദനിക്കാൻ മാത്രം വിധിയുള്ള സമരം"[8] എന്ന അരയന്മാർക്കിടയിലെ വിചാരഗതികൾക്ക് മാറ്റം വരുത്തുന്നതായിരുന്നു കൊച്ചുരാമൻ, കുഞ്ഞാദിച്ചൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ.

മതപരിവർത്തനമെന്ന ലക്ഷ്യത്തോടെ മിഷനറി പ്രവർത്തകർ മലയരുടെ ആവാസസ്ഥലങ്ങളിൽ എത്തിയത് നിർബന്ധിതമതമാറ്റത്തിന്നും സമുദായാംഗങ്ങൾ തമ്മിലുള്ള വിദ്വേഷങ്ങൾക്കും ഇടയാക്കി. അരയക്കുടിലുകൾ കയറിയിറങ്ങിയ മിഷനറി പ്രവർത്തകർ "കേട്ടോ കാർന്നോരെ... സഹോദരിമാരേ..... നിങ്ങളും കുടുംബത്തോടെ ഞങ്ങളോടൊപ്പം ചേരണം. ഞങ്ങൾ ഇനിയും വരും. മേലുകാവിലും ഇരുവാപ്രയിലുമൊക്കെ ഒരൊറ്റ അരയന്മാരില്ല. എല്ലാവരും മാമോദിസ മുങ്ങി വിശ്വാസികളായി."[9] എന്ന് പറഞ്ഞു എല്ലാവരെയും മതം മാറ്റത്തിന് പ്രേരിപ്പിച്ചു.

പുറംലോകവുമായുള്ള ഇടപെടലുകളും വിദ്യാഭ്യാസ ബോധവത്ക്കരണവും പരിഷ്കാരഭ്രമവും ആദിവാസികൾക്കിടയിൽ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. കാലങ്ങളായി സമുദായത്തിൽ തുടർന്നുവരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ അവരുടെ ഇടയിൽ തന്നെ എതിർപ്പുണ്ടായത് ഇതിന്റെ ലക്ഷണമാണ്. മന്ത്രവാദിയായ ഇട്ട്യാതിയുടെ മകൻ കുഞ്ഞാദിച്ചൻ തന്നെയാണ് കൊച്ചരേത്തിയിൽ അന്ധവിശ്വാസങ്ങൾക്കെതിരെ ശബ്ദിക്കുന്നത്. അച്ഛന്റെ കാർമികത്വത്തിൽ വീട്ടിൽ മറുതയ്ക്ക് കോഴി നിവേദ്യചടങ്ങ് നടത്തുമ്പോൾ 'ഇതൊന്നും സമുദായാചാരമല്ല ചില ആളുകൾ ചെയ്തുപോരുന്നതാണ്. എന്ന നിസംഗതയിൽ ഒഴിഞ്ഞുമാറി നിൽക്കുന്നു കുഞ്ഞാദിച്ചനോട് കൊച്ചുരാമൻ രഹസ്യമായി ചോദിച്ചു.

"അളിയനു വല്ലതും തോന്നുന്നൊണ്ടോ....? അപ്പനൊന്നു ചാകട്ടെ, ഞാനെല്ലാം കെളച്ചു കോരി തോടെ ഒഴുക്കും....."[10] എന്നായിരുന്നു കുഞ്ഞാദിച്ചന്റെ കോപത്തോടെയുള്ള മറുപടി.

### 4.1.1 ഭാഷ

വിദ്യാഭ്യാസം നേടാൻ കഴിഞ്ഞത് മലയയരയന്മാർക്കിടയിൽ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ടെങ്കിലും അവരുടെ സംഭാഷണ ശൈലിയിൽ ചില പ്രാകൃത ലക്ഷണങ്ങൾ മായാതെ നിൽക്കുന്നുണ്ട്. 'ഞങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം കൊണ്ട് മാച്ചു കളയാൻ കഴിഞ്ഞിട്ടില്ലാത്ത ശൈലികൾ ഇന്നുമുണ്ട്. അത് ഞങ്ങളുടെ സ്വന്തമാണ്. പക്ഷേ മറ്റുള്ളവർക്ക് എളുപ്പം മനസ്സിലാക്കാവുന്നതേയുള്ളൂ. മനസ്സിലാക്കാൻ പറ്റാത്ത ഒന്നും തന്നെ ഈ കഥയിൽ ചേർത്തിട്ടില്ല.' എന്ന് നോവലിസ്റ്റ് ആമുഖമായി പറയുന്നു. എങ്കിലും അച്ചമ്മിളിച്ചോ (അച്ഛൻ വിളിച്ചോ), ഇഞ്ഞിയും ഞാമ്മതി (ഇനിയും ഞാൻ മതി) ഞാമ്മന്നില്ല (ഞാൻ വരുന്നില്ല) എന്നിങ്ങനെ പ്രാദേശിക ഭാഷാഭേദം പോലെ ചില പ്രയോഗങ്ങൾ നോവലിലെ കഥാപാത്രങ്ങളുടെ സംഭാഷണത്തിൽ കടന്നുവരുന്നുണ്ട്.

പി. വത്സലയുടെയും കെ.ജെ. ബേബിയുടെയും നോവലുകളിൽ മേലാളരുടെ അടിമകളായി ദുരിത ജീവിതം നയിക്കേണ്ടിവന്ന ആദിവാസികൾ മോചനത്തിനായി ആഗ്രഹിക്കുകയും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്ത കഥയാണ് അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ നാരായന്റെ *'കൊച്ചരേത്തി'*യിൽ ആരുടെയും അടിമകളല്ലാതിരുന്ന മലയന്മാരുടെ കഥയാണ്. സ്വന്തം ഭൂമിയിൽ കൃഷി ചെയ്ത് ഉപജീവനം നേടാനുള്ള സാഹചര്യങ്ങൾ അവർക്കുണ്ടായിരുന്നുവെങ്കിലും വനം വകുപ്പുകാരുടെയും പുറത്തുനിന്നുള്ള കച്ചവടക്കാരുടെയും ജന്മിമാരുടെയും പോലീസുകാരുടെയും ചൂഷണങ്ങൾ നേരിടേണ്ടി വന്നു. ഈ ദയനീയാവസ്ഥയിൽ നിന്ന് രക്ഷനേടാൻ അരയസമൂഹത്തെ വിദ്യാഭ്യാസത്തിലൂടെയും സംഘടിതരാകാനുള്ള ആഹ്വാനത്തിലൂടെയും അനീതികളെ ചെറുക്കാനുള്ള ബോധവത്കരണത്തിലൂടെയും ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമമാണ് നാരായൻ *'കൊച്ചരേത്തി'*യിൽ നടത്തിയത്.

## 4.2. ഊരാളിക്കുടി

കാട്ടിനുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന ഊരാളികൾ എന്ന ആദിവാസി സമൂഹത്തിന്റെ കഥയാണ് നാരായന്റെ രണ്ടാമത്തെ നോവലായ *'ഊരാളിക്കുടി'*യിൽ പറയുന്നത്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമിടയിൽ പ്രകൃതിയോട് ഇണങ്ങി ജീവിച്ചിരുന്ന ഊരാളിമാർ മുതലാളിമാരുടെ ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കുമെതിരെ സംഘടിക്കുന്നതും പരിഷ്കൃത സമൂഹത്തിന്റെ സ്വാധീനത്തിൽ പുതിയ ജീവിതം കെട്ടിപ്പടുക്കുന്നതുമാണ് നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. 'കൊമ്പിടിഞ്ഞി' എന്ന സാങ്കല്പിക മലയോരകാട്ടുപ്രദേശത്തു നടക്കുന്ന കഥയാണിത്. കൊമ്പിടിഞ്ഞി ഒരു പ്രത്യേക സ്ഥലമല്ലെന്നും, അതെവിടെയുമാകാം എന്നുമാണ് നോവലിസ്റ്റു തന്നെ പറയുന്നത്. ഊരാളികളുടെ ജീവിതരീതികളും ആചാരാനുഷ്ഠാനങ്ങളും അന്ധവിശ്വാസങ്ങളും വിവരിക്കുന്ന നോവലിൽ മലയോരത്തെ കുടിയേറ്റങ്ങളും അതുമൂലം ആദിവാസി കുടുംബങ്ങൾക്കുണ്ടാകുന്ന ദുരിതങ്ങളും, പ്രതിസന്ധികളെ തരണം ചെയ്യുമ്പോൾ അവർ അനുഭവിക്കുന്ന പ്രയാസങ്ങളും വിഷയമാക്കുന്നു.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും തേയ്മാനം സംഭവിച്ച ഭൂതകാലയളവിനെ അടിസ്ഥാനമാക്കിയാണ് നോവലിന്റെ ആരംഭം. 'ബലഹീനമായത് ശക്തമായതിനു വളമാകണം. പ്രകൃതിനിയമം. ഒരു കുടിയും അവിടത്തെ ഊരാളികളും നശിച്ച്, നശിപ്പിച്ച്, കടന്നുകയറ്റ സംസ്കാരം വളർന്നു ശക്തിപ്രാപിക്കുന്ന കഥകൂടിയാണ് *ഊരാളിക്കുടി* എന്ന്' നാരായൻ തന്നെ സാക്ഷ്യപ്പെടത്തുന്നു. എന്നാൽ പഠനവിഷയമായ മുൻനോവലുകളിൽ നിന്നു വ്യത്യസ്തമായി *ഊരാളിക്കുടി*യിൽ ഒരു കഥാപാത്രവും നായകനോ നായികയോ ആയി രംഗത്തു വരുന്നില്ലെങ്കിലും ചാരൻ എന്ന കഥാപാത്രം സമുദായത്തെ ഉദ്ധരിക്കാൻ ശ്രമിക്കുന്നവനാണ്. സമുദായത്തിൽ നിലനിന്നിരുന്ന ആചാരാനുഷ്ഠാനങ്ങളുടെ വിവരണങ്ങളിലൂടെയാണ് നോവലിലെ കഥ വികസിക്കുന്നത്.

ഒരിടത്തും സ്ഥിരമായി താമസിക്കുന്നവരായിരുന്നില്ല ഊരാളിമാർ. കന്നിമണ്ണിൽ മാത്രമേ അവർ കൃഷിചെയ്തിരുന്നുള്ളൂ. അതിനാൽ വർഷംതോറും പുതിയ കാടുകൾ വെട്ടിത്തെളിച്ച് ചുട്ടെരിച്ച് ആവശ്യമുള്ള കൃഷിചെയ്യും. വിളവെടുപ്പു കഴിഞ്ഞാൽ വെട്ടാൻ തൊട്ടടുത്ത് കാടില്ലെങ്കിൽ അവിടെ വിട്ടുപോകും. അവനവന് ആവശ്യമായ കൃഷിസ്ഥലം സ്വന്തമായി വെട്ടിത്തെളിക്കുകയാണ് പതിവ്. കൃഷി

നല്ല വിളവുതന്നാൽ അത് സൂക്ഷിച്ചുവെക്കുകയും തീരുംവരെ അല്ലലറിയാതെ കഴിഞ്ഞു കൂടുകയും ചെയ്യും. വീട്ടിൽ സ്ത്രീകൾ ഗർഭിണികളാകുമ്പോഴും കനത്ത കാലവർഷം വരുമ്പോഴുമാണ് അവർക്ക് ഏറെ വേവലാതി. *ഊരാളി ക്കുടി* നോവലിൽ പശ്ചാത്തലമായുള്ള കൊമ്പൊടിഞ്ഞിയിലെ മിക്ക ഊരാളി മാരും കുരുമുളകും കാപ്പിയും കൃഷിചെയ്തിരുന്നു. കാടിളക്കി വേട്ടയാടി ചുട്ട ഇറച്ചിയും കള്ളും കുടിച്ചു മദിക്കുമ്പോൾ ഊരാളികൾ ഭാവിയെപ്പറ്റി ഓർത്ത് വേവലാതിപ്പെടാറില്ല.

മാറിമാറി കാടുവെട്ടിയുള്ള കൃഷികൊണ്ട് വനമേഖല ചെറുതാകാൻ തുടങ്ങി. കാട്ടുവിഭവങ്ങളുടെ ലഭ്യതക്കുറവ് ഊരാളികളുടെ ജീവിതസുഭിക്ഷതയ്ക്ക് മങ്ങ ലേൽപ്പിച്ചു. കൃഷിയില്ലാത്തവന് കച്ചവടക്കാർ കടം കൊടുക്കാതെയായി. കുരു മുളക് പറിക്കാൻ പോകുന്ന പണിക്കാരന് ഒരുമരം കയറിയാൽ ഒരു മടിമുളകും, കാപ്പി പറിച്ചാൽ ഒരു പിടികുരുവും കൂലിയായിക്കിട്ടും. അത് ഉണക്കി കച്ചവട ക്കാരന് കൊടുത്താണ് അരി, പുകയില തുടങ്ങിയ അവശ്യ സാധനങ്ങളും അത്യാ വശ്യത്തിന് രൂപയും വാങ്ങുന്നത്. കച്ചവടക്കാർ പലപ്പോഴും കണക്കറിയാത്ത പണിക്കാരെ പറ്റിക്കും. എത്ര കുരുമുളകും കാപ്പിയും കൊടുത്താലും പറ്റു പുസ്ത കത്തിൽ അവസാനം കണക്കു കൂട്ടുമ്പോൾ പണം കച്ചവടക്കാരന് കൊടുക്കാ നുണ്ടാകും. കുടിയിൽ വരുന്ന കച്ചവടക്കാർ തങ്ങളെപ്പറ്റിക്കുന്നതായി മനസ്സിലാ ക്കിയ *ഊരാളിക്കുടി* നോവലിലെ ചാരനും വെള്ളാനും അവരുമായുള്ള ഇടപാട് നിർത്തി മുളകും കാപ്പിയും തേനുമെല്ലാം മാറാപ്പാക്കി മലകയറി നാട്ടിലിറങ്ങി കച്ചവടം നടത്തുന്നുണ്ട്. കൂപ്പിലെ പണിക്ക് മുതലാളി കൂലിയായി നിശ്ചയിക്കു ന്നത് കഞ്ഞിക്ക് അരിയും തിന്നാൻ ഉണക്കക്കപ്പയുമാണ്.

കൂപ്പിലെ പണിക്ക് പോകുന്ന ഊരാളികളും ചൂഷണങ്ങൾക്ക് വിധേയരായിരു ന്നു. ഒരുദിവസം ജോലിചെയ്താൽ അവർക്ക് കൂലിയായി കിട്ടിയിരുന്നത് കഞ്ഞി ക്കുള്ള അരിയും ഉണക്കക്കപ്പയുമാണ്. റേഞ്ചരാണ് പണിയെടുപ്പിക്കുക. മുത ലാളിയിൽ നിന്ന് ഒരു പണിക്കാരന് പത്തുരൂപ കൂലിയും ഏഴുരൂപ ചെലവിനും എന്ന കണക്കിൽ റേഞ്ചർ പണം വാങ്ങുമ്പോഴും പണിക്കാർക്ക് ഒന്നും കൊടു ക്കാറില്ല.

കച്ചവടക്കാരും മുതലാളിമാരും മറ്റും പറ്റിക്കുന്നതിലെ പ്രയാസങ്ങൾ നേരിട്ട് അനുഭവിച്ചറിഞ്ഞവരാണ് മലയോരത്തെ അരയ കുടുംബങ്ങൾ. ഇത്തരം ചൂഷ

ണങ്ങളിൽ നിന്ന് വരും തലമുറയെങ്കിലും രക്ഷപ്പെടണമെന്ന് ചിന്തിച്ച *ഊരാളി ക്കുടി*യിലെ ചാരൻ കൊമ്പൊടിഞ്ഞിയിലെ കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ തയ്യാറാകുന്നു. കൊമ്പുകുത്തിയിലെ കച്ചവടക്കാരനിൽ നിന്ന് കുട്ടികൾക്കാവ ശ്യമായ പഠനോപകരണങ്ങളും വസ്ത്രങ്ങളും വാങ്ങി. മുളകും കാപ്പിയും കൊടു ക്കാമെന്നു പറഞ്ഞാണ് ഇവയെല്ലാം കടം വാങ്ങിയത്. പള്ളിക്കൂടത്തിൽ പോയി പഠിക്കുന്ന കുട്ടികൾക്ക് സർക്കാർവക പണം ലഭിക്കുമെന്ന വിവരവും രക്ഷിതാ ക്കൾക്ക് കുട്ടികളെ സ്കൂളിലയച്ച് പഠിപ്പിക്കാൻ പ്രേരണയായി.

പള്ളിക്കൂടത്തിൽ പോയി പഠിച്ചാൽ കുട്ടികൾ പിഴച്ചുപോകുമെന്നും പെൺകു ട്ടികളെ ആരെങ്കിലും തട്ടിക്കൊണ്ടുപോകുമെന്നുമൊക്കെയുള്ള തടസ്സവാദങ്ങ ളെല്ലാം അവഗണിച്ചാണ് ചാരനും വെള്ളാനുമൊക്കെ കുട്ടികളെ സ്കൂളില യക്കുന്നത്. "ഊരാളിക്കുട്ടികളെ സ്കൂളിൽ ചേർക്കാൻ അധ്യാപകന് ഏറെ പ്രയാ സപ്പെടേണ്ടിവന്നു. ഒരേപേരിൽ നാലഞ്ചുപേർ. ചോമനെ സോമനാക്കി. കോരനെ ഗോപിയാക്കി. തെയ് ദേവിയായി. വീടിനടുത്തുള്ള പാറയും വലിയ മരവുമൊക്കെ അടയാളമാക്കി വീട്ടുപേരുകളുണ്ടാക്കി."[11] നോവലിസ്റ്റിന്റെ യഥാർഥപേര് നാരാ യണൻ എന്നായിരുന്നു. മലയോരഗ്രാമത്തിലെ പ്രൈമറി സ്കൂളിൽ ചേർന്നപ്പോൾ ക്ലാസ്സിൽ ഒട്ടേറെ നാരായണന്മാർ. വ്യത്യസ്തത വരുത്താൻ ഹെഡ്മാസ്റ്ററാണ് നാരായണനെ 'നാരായൻ' എന്നു മാറ്റിയത്. (നാരായനുമായുള്ള അഭിമുഖത്തിൽ നിന്ന്.) കാട്ടുജാതിക്കാരായ കുട്ടികൾ ക്ലാസ്സിൽ നിലത്തിരിക്കാൻ ഒരുങ്ങിയപ്പോൾ ടീച്ചർ അവരെ പിടിച്ചു ബഞ്ചിലിരുത്തി. നല്ല നിറവും പുത്തൻ വസ്ത്രങ്ങളുമു ള്ളവർ കാട്ടുജാതിക്കാരെ അടുത്തിരിക്കാൻ സമ്മതിച്ചില്ല.

ഊരാളിക്കുട്ടികളെ മറ്റുള്ളവർ വെറുപ്പോടെ നോക്കി. അവർ സ്കൂൾവളപ്പിലും ഒറ്റപ്പെട്ടാണ് കഴിഞ്ഞിരുന്നത്. കാണാൻ ചന്തമുള്ളവരെ, നല്ല വസ്ത്രങ്ങളുടു ത്തവരെ അവർ നോക്കിനിന്നു. പള്ളിക്കൂടത്തിൽ പോകുന്ന മക്കൾ പല രക്ഷി താക്കൾക്കും തലവേദനയായിരുന്നു. നല്ല വസ്ത്രം വാങ്ങിക്കൊടുക്കാൻ കുട്ടി കൾ ശാഠ്യം പിടിച്ചു. തുണി അലക്കാൻ സോപ്പുവേണം. എണ്ണതേച്ച് കുളിച്ച് മുടിചീകണം കുട്ടികൾ പാഠപുസ്തകത്തിലെ കാര്യങ്ങളെപ്പറ്റി സംശയം വല്ലതും ചോദിച്ചാൽ പറഞ്ഞുകൊടുക്കാൻ അറിയാതെ അച്ഛനമ്മമാർ വിഷമിച്ചു.

പഠനത്തിൽ ക്ലാസ്സിലെ മറ്റുകുട്ടികൾക്കൊപ്പമെത്താൻ കഴിയാതിരുന്ന കാട്ടു ജാതിക്കാരായ കുട്ടികളെ അദ്ധ്യാപകർ അവഗണിച്ചു. അദ്ധ്യാപകരുടെ ശിക്ഷാ

വിധികളും അവഹേളനവും മറ്റു കുട്ടികൾക്കിടയിൽ താഴ്ന്നവരാണെന്ന ബോധവും ഊരാളിക്കുട്ടികളെ സ്കുൾ പഠനത്തിന് നിരുൽസാഹപ്പെടുത്തി. ക്രമേണ സ്കൂളിൽ പോകുംവഴി കാടുകയറി അലഞ്ഞു നടക്കുന്ന കുട്ടികളുടെ എണ്ണം കൂടിവന്നു. പലരും പരീക്ഷയിൽ തോറ്റ് ഇടയിൽവെച്ച് പഠനം നിർത്തി. പലരും കൂലിപ്പണിപോലും കിട്ടാതെ തെക്കുവടക്കു അലഞ്ഞു നടന്നു.

സഹോദരിമാരെ അന്യോന്യം കൈമാറുന്ന കൈമാറ്റ വിവാഹരീതിയാണ് ഊരാളികൾക്കിടയിൽ നിലവിൽ ഉണ്ടായിരുന്നത്. "പകരം കൊടുക്കാൻ പെണ്ണുണ്ടെങ്കിലേ ഒരച്ഛന് മകനുവേണ്ടി മറ്റൊരു വീട്ടിൽ നിന്ന് പെണ്ണ് ചോദിക്കാൻ അർഹത ഉണ്ടായിരുന്നുള്ളൂ. പെങ്ങളില്ലാത്തവന് പെണ്ണു കിട്ടുകയില്ല. ആങ്ങളയില്ലാത്ത പെണ്ണിനും വിവാഹം നടക്കാൻ പ്രയാസം. അങ്ങനെയുള്ളവരുടെ വിവാഹം കുടിയിലെ കാണിക്കാരനാണ് (ഊരു മൂപ്പൻ) തീരുമാനിക്കുക."[12]

ഊരാളികളുടെ വിവാഹച്ചടങ്ങുകൾ ലളിതമാണ്. *ഊരാളിക്കുടി* നോവലിൽ കോന്നന്റെ മകൾ കരിച്ചിയും കൊലുമ്പന്റെ മകൻ ചാരനും തമ്മിലുള്ള വിവാഹം നോവലിസ്റ്റ് വിവരിക്കുന്നുണ്ട്. "പറഞ്ഞുറച്ച ദിവസം കൊലുമ്പനും ഭാര്യ വെള്ളച്ചിയും മകൻ ചാരനുമായി കോന്നന്റെ വീട്ടിലെത്തി ചാരൻ പുതിയൊരു മുണ്ടാണ് ഉടുത്തിരിക്കുന്നത്. കുളിച്ച ലക്ഷണവും. കോന്നനും മകൻ തേനനും കൂടി അവരെ സ്വീകരിച്ചു. കുടിക്കാൻ കൊടുത്തു. പാക്ക് തിന്നാൻ കൊടുത്തു. വെള്ളച്ചി കുളിച്ചുവന്ന മകളുടെ മുടിവാരി ഇടതുവശം ചരിച്ചുകെട്ടി. കഴുത്തിൽ നിരനിരയായ കല്ലുമാലകളിട്ട് മാറു മറച്ചു. മുട്ടിനു താഴെയിറങ്ങുന്ന മുണ്ടുടുപ്പിച്ചു. മറ്റൊന്നു മാറുമറച്ച് തുമ്പുകൾ പുറകോട്ടിട്ടു. അമ്മയോടൊപ്പം വന്ന അവളുടെ വലതു കൈപിടിച്ച് കോന്നൻ ചാരന്റെ കയ്യിൽ കൊടുത്തു. "കൊണ്ടുപോ, പോയി ചീവിച്ചോ...." മനസ്സുനിറഞ്ഞ ഏച്ചി, മകളുടെ കയ്യിൽ ഒരു അരിവാൾ കൊടുത്തു. സ്ത്രീധനം. എല്ലാവരും കൂടിയിരുന്ന്, ചുട്ടകിഴങ്ങും അവലും തിന്നു. കള്ളു പകർന്നു കുടിച്ചു. മുറുക്കിത്തുപ്പി.

"അപ്പാ...., അമ്മേ...., ഞങ്ങളു പോണു..." ചാരൻ പെണ്ണിന്റെ മാതാപിതാക്കളോട് അനുവാദം ചോദിച്ചിറങ്ങി."[13]

വിവാഹം കഴിഞ്ഞ് മാസങ്ങൾക്കുള്ളിൽ പെണ്ണും ചെറുക്കനും സ്വന്തം കുടിൽകെട്ടി മാറിത്താമസിക്കണമെന്നാണ് ഊരാളികൾക്കിടയിലെ സമ്പ്രദായം. "ചാരൻ വിവാഹം കഴിച്ചു നാലഞ്ചുമാസമായപ്പോൾ ഒരുദിവസം അച്ഛൻ ചാരനെ

വിളിച്ചു. കയ്യിൽ ഒരു വാക്കത്തി നൽകിയശേഷം ഇഷ്ടമുള്ള സ്ഥലം തിരഞ്ഞെടുത്ത് കാടുവെട്ടി, കുടിൽ കെട്ടി താമസിക്കാൻപറയുന്നു. അരിവാളുമായി കരിച്ചിയും കൂടെയിറങ്ങി. കയ്യിൽ വാക്കത്തിയും അരിവാളും മാത്രം. ഉടുതുണിക്ക് മറുതുണിയില്ല. വിശപ്പ് മാറ്റാൻ കാട്ടിലെ കിഴങ്ങും തോട്ടിലെ വെള്ളവും മാത്രം. ആന, കടുവ മുതലായ വന്യമൃഗങ്ങൾ അടുക്കാൻ പറ്റാത്തതെന്ന് തോന്നിയ ഇല്ലിത്തുറുവിലാണ് അവർ കുടിൽ കെട്ടിയത്. തൊട്ടടുത്തുതന്നെ കരിച്ചിക്ക് തീണ്ടൽ, പ്രസവ സമയങ്ങളിൽ താമസിക്കാനുള്ള മാടവും (പാട്ടുപുര) കെട്ടിയുണ്ടാക്കി."[14]

വിചിത്രമായ ഒട്ടേറെ ആചാരങ്ങൾ അനുഷ്ഠിച്ചിരുന്ന ഊരാളികൾക്കിടയിൽ ഏറ്റവും ക്രൂരമായ ഒന്നാണ് ഗർഭിണികളും തീണ്ടാരിപ്പെണ്ണുങ്ങളും വീട്ടിൽ നിന്നു മാറി ഒറ്റക്ക് പാട്ടുപുരയിൽ കഴിയണമെന്നത്. ഈ രണ്ട് അവസരങ്ങളിലും സ്ത്രീകൾ ഒറ്റയ്ക്ക് ഭക്ഷണം പാകം ചെയ്ത് കഴിയണം. പ്രസവസമയത്ത് ആരും സഹായിക്കാൻ വരില്ല. അങ്ങനെ ചെയ്യുന്നത് ആചാരവിരുദ്ധമായിരുന്നു. അതിനുള്ള ശിക്ഷകൈകാലുകൾ വരിഞ്ഞുകെട്ടി കുത്തൊഴുക്കുള്ള ആറ്റിലെറിയലാണ്. അങ്ങനെ പലരെയും കൊന്നിട്ടുണ്ടെന്നും പേറ്റുമാടത്തിൽ കിടന്ന പെണ്ണിനെയും കുഞ്ഞിനെയും കടുവ കടിച്ചുകീറിത്തിന്നിട്ടുണ്ടെന്നും ഊരാളികൾ വിശ്വസിക്കുന്നു.

"ചാരന്റെ ഭാര്യ കരിച്ചിക്ക് പ്രസവമടുത്തപ്പോൾ അമ്മയും അമ്മായിയമ്മയും നീലിയും ചേർന്ന് അവളെ പേറ്റുമാടത്തിലാക്കി. സകല ദൈവങ്ങളെയും വിളിച്ച് വാതിലടച്ചു. മകളുടെ മനസ്സ് വിറച്ചുപിടയുന്നെണ്ടെന്ന് ഏച്ചിക്ക് അറിയാം. 'എഞ്ചെമാക്ക് ഒന്നും വരുത്തല്ലേ മുത്തി......' ഉള്ളുരുകിയ പ്രാർത്ഥനയോടെ മടിച്ചും വിറച്ചും ആ അമ്മ, പതുക്കെ പിന്തിരിഞ്ഞു. ചാരൻ വാക്കത്തിയുമായി, പാട്ടുമാടം നോക്കി കല്ലിനുമുകളിൽ കാവലിരുന്നു. കാതുകൾ വട്ടം പിടിച്ച്, മല മുത്തി, കാർന്നോരേ, കരിച്ചിയെ രക്ഷിക്കണേ..... എന്നു പിറുപിറുത്തു. കുട്ടിയുടെ കരച്ചിൽ കേട്ടപ്പോഴാണ് ഉണർന്നത്. കരച്ചിൽകേട്ട് ഓടിയെത്തിയ ഏച്ചി പാട്ടുമാടത്തിന്റെ വാതിൽ തുറന്നുനോക്കി. മകൾ ചരിഞ്ഞു കിടന്നു കുഞ്ഞിനു മുലകൊടുക്കുന്നു. പക്ഷെ അമ്മയ്ക്ക് അകത്ത് കയറാൻ പാടില്ല. കുട്ടിയെ തൊടരുത്. അമ്മ കടന്നുവരില്ലെന്ന് കരിച്ചിക്ക് അറിയാം. ദൂരെമാറി കല്ലിനുമുകളിൽ തന്നെയും മകനെയും പ്രതീക്ഷിച്ചിരിക്കുകയാണ് ചാരൻ. തൈതലിനിടയിലൂടെ

കരിച്ചി എത്തിനോക്കും. ഒന്നിങ്ങുവന്നെങ്കിൽ. ഇപ്പോൾ വരില്ലെന്നോർത്തപ്പോൾ കണ്ണുകൾ നിറഞ്ഞു."[15]

*ഊരാളിക്കുടി*യിലെ വെളുപ്പി ഈ ദുരാചാരത്തിന് ബലിയാടാകേണ്ടിവന്ന കഥാപാത്രമാണ്. "അവൾ നൊന്തു പ്രസവിച്ച ആദ്യകുട്ടി പ്രസവസമയത്ത് ആരുടെയും സഹായം ലഭിക്കാത്തതിനെത്തുടർന്ന് മരിച്ചു. പൊക്കിൾക്കൊടി വേർപ്പെടുത്തി, അവൾക്കുതന്നെ കുട്ടിയുടെ ശവം മറവുചെയ്യേണ്ടിവന്നു. അതാണ് ആചാരവും കീഴ്‌വഴക്കവും. ഊരിലുള്ളവർ അതിന് കാരണം കണ്ടെത്തിയത് വെളുമ്പിക്ക് അന്യപുരുഷനുമായി അവിഹിതബന്ധമുണ്ടെന്നും അവളുടെ ദേഹത്ത് പിശാചുകൂടിയിട്ടുണ്ടെന്നുമാണ്. രണ്ടും തെറ്റാണെന്ന് തെളിയിക്കാൻ അവൾക്കായില്ല. തന്തയും തള്ളയും അവളെ ഉപേക്ഷിച്ചു. ഒറ്റക്ക് താമസിച്ച അവൾ രണ്ടാമതും ഗർഭിണിയായി. പ്രസവവേദന തുടങ്ങിയപ്പോൾ അറിഞ്ഞെത്തിയ പെണ്ണുങ്ങൾ, മന്ത്രവാദി (പിലാത്തി) ഓതിക്കൊടുത്ത കരിയും ചാരവും അവളുടെ വയറ്റിൽ പുരട്ടി പേറ്റുമാടത്തിലാക്കി വാതിലടച്ചു പോന്നു. പേറ്റുനോവുകൊണ്ട് പുളഞ്ഞ അവൾ ആരുടെയും തുണയില്ലാതെ, പ്രസവത്തിൽ മരിച്ചു."[16]

പ്രസവം കഴിഞ്ഞാലും പതിന്നാലു ദിവസം ആരും സഹായിക്കാനില്ലാതെ കുട്ടിയെ പരിചരിച്ചും സ്വന്തമായി ഭക്ഷണം തയ്യാറാക്കി കഴിച്ചും പാട്ടുപുരയിൽ തന്നെ കഴിയണമെന്നാണ് നിബന്ധന. "പതിനാലാം ദിവസം അമ്മയും അമ്മായിയമ്മയും നീലിയും പാട്ടുമാടത്തിൽ കയറി കരിച്ചിയെയും കുട്ടിയെയും കുളിപ്പിച്ചു. അന്നുമാത്രമാണ് അച്ഛന് (ചാരന്) കുട്ടിയെ കാണാൻ കഴിയുന്നത്."[17]

പെണ്ണ് തീണ്ടാരിയായാലും പാട്ടുപുരയിൽ ഒറ്റയ്ക്ക് കഴിയണം. ഇക്കാലത്ത് (ഏഴു ദിവസം) പുരുഷനെ തീണ്ടുകപോലും ചെയ്യരുത്. ഈ ദുരാചാരമാണ് മാണിക്യന്റെ മകൾ മാധവിയെകൊലക്ക് കൊടുക്കുന്നത്. തീണ്ടാരിയായി മാടത്തിൽ ഒറ്റക്ക് കഴിയുകയായിരുന്ന അവളെ കുട്ടപ്പനും രാഘവനും ചേർന്ന് രാത്രി ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തുകയായിരുന്നു.

ഗർഭിണികളും തീണ്ടാരിപ്പെണ്ണുങ്ങളും പാട്ടുപുരയിൽ പരസഹായമില്ലാതെ ബുദ്ധിമുട്ടി ദുരിതങ്ങളെ സ്വയം നേരിടേണ്ടിവരുന്ന ക്രൂരമായ ആചാരത്തിനെതിരെ *ഊരാളിക്കുടി*യിലെ കരിച്ചി എന്ന കഥാപാത്രം പ്രതിഷേധം പ്രകടിപ്പിക്കുന്നുണ്ട്. പ്രസവിച്ചു കിടക്കുന്ന കരിച്ചി "ഇതാരുടെ ശാപമാണ്. കടിഞ്ഞൂൽ പ്രസവിച്ച ഭാര്യയെയും കുഞ്ഞിനെയും കാണാൻ സമ്മതിക്കാത്ത ദുരാചാരം."[18] എന്നു

പരിതപിക്കുന്നു. അമ്മപെങ്ങന്മാരെ കൊല്ലാൻ കൊടുക്കുന്ന ഇത്തരം ദുരാചാര ങ്ങൾ നിറുത്തണമെന്ന് കുടിച്ചനും ആവശ്യപ്പെടുന്നുണ്ട്.

നഗരപരിഷ്ക്കാരങ്ങളോടുള്ള ഭ്രമം ആദിവാസികൾക്കിടയിൽ വരുത്തിയ മാറ്റ ങ്ങൾ പലതും അവർക്ക് തന്നെ ദോഷമായിഭവിച്ചതും നോവലിസ്റ്റ് കഥാഘടന യിൽ വിവരിക്കുന്നുണ്ട്. "ഊരാളിക്കുടിയിലെ ചെറുപ്പക്കാർ പലരും വൃത്തിയായി വസ്ത്രം ധരിക്കാൻ ശീലിച്ചു. പാറയിലും മരച്ചുവടുകളിലും ഒത്തുകൂടി. നാട്ടു വർത്തമാനം പറഞ്ഞിരുന്നു. ബീഡിയും, കഞ്ചാവും വലിച്ചും, ശീട്ടുകളിച്ചും സമയം പോക്കി. പെൺമക്കൾ അച്ഛനമ്മമാരെ അനുസരിക്കാതെ നടന്നു. പ്രേമി ക്കാനും പ്രേമകഥകളെന്നപേരിൽ കല്ലുവച്ച നുണകൾ പറയാനും പഠിച്ചു. അവർ അനുസരണയില്ലാത്തവരായി വളർന്നു. യുവാക്കൾക്കൊപ്പം ഓടിപ്പോകാൻ തയ്യാ റായി. ഒന്നിനോടും ബഹുമാനമില്ലാതെ, ആചാരങ്ങളെയും പാരമ്പര്യങ്ങളെയും അവഹേളിക്കുന്ന കൂട്ടമായെന്ന് മറ്റുള്ളവരെക്കൊണ്ട് പറയിച്ചു."[19] സമുദായ ആചാ രങ്ങളെ വെല്ലുവിളിച്ചാണ് കരിച്ചിയുടെ പോറ്റുമകളായ പാറുക്കുട്ടിയും കോരന്റെ മകൻ ചന്ദ്രനും സോമന്റെ സഹായത്തോടെ ഊരിൽ നിന്ന് ഒളിച്ചോടിയത്.

പുറത്തുനിന്നുള്ളവരുടെ കുടിയേറ്റങ്ങൾ ആദിവാസി ജീവിതരീതികളിൽ മാറ്റം വരുത്തിയ മറ്റൊരു ഘടകമാണ്. *ഊരാളിക്കുടി*യിൽ കച്ചവടക്കാരനായി എത്തിയ കുഞ്ഞുവർക്കിയാണ് ആദിവാസി ഭൂമിയിൽ കയ്യേറ്റത്തിന്റെ തുടക്കക്കാരൻ. റോഡ്വക്കിൽ താൽക്കാലിക മാടംകെട്ടി ബീഡി, സിഗരറ്റ്, മുറുക്കാൻ കച്ചവടം തുടങ്ങിയ അയാൾ പിന്നീട് കഞ്ചാവ്, ചാരായ വിൽപ്പനക്കാരനായി. കടയുടെ സമീപത്ത് വാഴയും മരച്ചീനിയും നട്ടുപിടിപ്പിച്ച് ഭൂമി കയ്യേറാനും ആരംഭിച്ചു. പിന്നീടെത്തിയ ഓനാച്ചൻ, കാണിക്കാരനായ (മൂപ്പൻ) എരവിമുത്തനെ സ്വാധീ നിച്ച് നാലഞ്ചേക്കർ സ്ഥലം കൈക്കലാക്കി. നൂറു രൂപയ്ക്കും, ഒരു കണ്ണിപൊക ലയ്ക്കും, ഒരു കുപ്പി ചാരായത്തിനുമാണ് എരവി മുത്തൻ ഈ സ്ഥലമത്രയും ഓനാച്ചന് കൊടുത്തത്. "ഒരു കുപ്പി റാക്കിനും നല്ല കുറച്ച് പുകയിലക്കും ഒരു സാരിക്കും വേണ്ടി ഭൂമി വിട്ടുകൊടുത്തവരാണ് അധികവും"[20] എന്ന് സി. കെ. ജാനു ജീവിതകഥയിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കാണിക്കാരൻ സ്ഥലം വിറ്റ തോടെ ഊരിലെ പലരും സ്വന്തം അധീനതയിലുള്ള സ്ഥലം തുഛമായ വിലയ്ക്ക് വിൽക്കാൻ തുടങ്ങി. കാര്യം സാധിക്കാനായി ഉദ്യോഗസ്ഥർക്ക് കൈക്കൂലി നൽകി.

ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും എതിരായ രോഷം സമുദായത്തിലെ ചില

ചെറുപ്പക്കാരെ വിപ്ലവകാരികളാക്കുകയും ചെയ്തിട്ടുണ്ട്. ഊരാളിക്കുടിയിലെ സോമൻ അതിന് ഉദാഹരണമാണ്. കൂലികുറച്ചു നൽകി കാലങ്ങളായി തങ്ങളെ പറ്റിക്കുന്ന റേഞ്ചറെ എതിരിടാൻ സോമൻ വാക്കത്തിയെടുക്കുന്നത് വിപ്ലവം കൊതിക്കുന്ന ചെറുപ്പക്കാരുടെ തുണയോടെയാണ്. അവസാനം ഊരുവാസികൾക്കെല്ലാം ദ്രോഹം മാത്രം ചെയ്ത കുട്ടിച്ചന്റെ കണ്ണുകൾ കുത്തിപ്പൊട്ടിക്കുമ്പോൾ സോമൻ, വലിയൊരു മോചനത്തിനു വഴിതുറക്കുകയായിരുന്നു.

ഊരാളികളുടെ ജീവിതരീതികളും ആചാരാനുഷ്ഠാനങ്ങലും അന്ധവിശ്വാസങ്ങളും വിവരിക്കുന്നതോടൊപ്പം മലയോരത്തെ കുടിയേറ്റങ്ങളും അവ മൂലമുണ്ടാകുന്ന ദുരിതങ്ങളും പ്രതിസന്ധികൾ തരണം ചെയ്യുമ്പോൾ ഊരാളികൾ നേരിടുന്ന ബുദ്ധിമുട്ടുകളും *ഊരാളിക്കുടി* എന്ന നോവലിൽ നാരായൻ ആഖ്യാനം ചെയ്യുന്നുണ്ട്. ഊരാളികൾക്കിടയിലെ ദുരാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും ഭീകരത നോവലിസ്റ്റ് വിവരിക്കുന്നുണ്ട്. സ്വസമുദായത്തിലെ ചൂഷണങ്ങൾ, അന്ധവിശ്വാസങ്ങൾ, ദുരാചാരങ്ങൾ, കുടിയിറക്കലുകൾ തുടങ്ങിയവയെ പ്രതിരോധിക്കുകയാണ് ഈ നോവലിലൂടെ നാരായൻ സാധിച്ചത്. കരീച്ചിയുടെ പ്രതിഷേധം നോവലിസ്റ്റിന്റെ പ്രതിഷേധമായിട്ടാണ് കാണേണ്ടത്. ചുരുക്കത്തിൽ *ഊരാളിക്കുടി*യിലൂടെ സ്വസമുദായ പരിഷ്ക്കരണമാണ്, സമുദ്ധാരണമാണ് നാരായൻ നിർവഹിച്ചിരിക്കുന്നത് എന്ന് കരുതാം.

## 4.3. വന്നല

മുൻ അധ്യായങ്ങളിൽ പഠനവിഷയമാക്കിയ നാരായന്റെ *കൊച്ചരേത്തി, ഊരാളിക്കുടി* എന്നീ നോവലുകളിലേതുപോലെ, അദ്ദേഹത്തിന്റെ തന്നെ *വന്നല* എന്ന നോവലിലും ആദിവാസി സമൂഹത്തിന്റെ സംസ്കാരസവിശേഷതകൾ തന്നെയാണ് കഥാപശ്ചാത്തലം. *കൊച്ചരേത്തി* നോവലിൽ നാരായൻ ആവിഷ്കരിച്ച സ്വസമുദായമായ അരയന്മാർതന്നെയാണ് *വന്നല*യിലും പ്രത്യക്ഷപ്പെടുന്നത്. എന്നാൽ *കൊച്ചരേത്തി*യിൽ നിന്നു വ്യത്യസ്തമായി അരയസമുദായം നൂറ്റാണ്ടുകൾക്കുമുമ്പ് പാലിച്ചിരുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും *വന്നല*യിൽ കൂടുതലായി കടന്നുവരുന്നു. സമുദായാംഗങ്ങൾ ഗോത്രമര്യാദകൾ പാലിച്ചും പരസ്പരസഹവർത്തിത്തത്തിലും ജീവിച്ചുപോന്ന പഴയകാലമാണ് ഈ നോവലിൽ തെളിഞ്ഞുനിൽക്കുന്നത്. സ്വന്തം സമുദായത്തിലെ ആചാരാനുഷ്ഠാനങ്ങൾ,

അവ ആദിവാസികളുടെ ജീവിതത്തെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട്, കാലമാറ്റം ഉൾക്കൊള്ളാൻ അവർ എത്രത്തോളം ശ്രമിച്ചിട്ടുണ്ട്, ആ ശ്രമങ്ങളും സംഘടിത മനോഭാവങ്ങളും ആദിവാസികളുടെ ജീവിതരീതികളിൽ എത്രത്തോളം പരിഷ്കാരം വരുത്തിയിട്ടുണ്ട് എന്നീ കാര്യങ്ങളും *വന്നല*യിൽ കടന്നുവരുന്നു.

വളർച്ച പൂർത്തിയാകാതെ വിളഞ്ഞുപോകുന്ന നെല്ലിനെയാണ് വന്നല എന്നു പറയുക. അത് നെന്മണിയും പതിരുമല്ലാത്ത, രണ്ടിനും ഇടയിലെ ചാവ എന്നു പറയുന്ന സാധനമാണ്. കാടിന്റെ മക്കളായ ആദിവാസികൾ സ്വന്തം ജീവിതായോധങ്ങളുടെ ബലത്തിൽ ശക്തിയാർജ്ജിക്കാൻ ശ്രമിക്കുകയും പരിപൂർണവിജയത്തിലെത്തിച്ചേരാനാകാതെ വിഷമിക്കുകയും ചെയ്യുന്ന സമകാലീന അവസ്ഥയാണ് വന്നല എന്ന പ്രതീകത്തിലൂടെ നോവലിസ്റ്റ് വിവരിക്കുന്നത്. സാമൂഹികപരിഷ്ക്കാരങ്ങളുടെ സ്വാധീനങ്ങൾക്കിടയിലും സാമുദായികത്തനിമ നിലനിർത്താൻ ശ്രമിക്കുന്ന ഒരു വിഭാഗം മനുഷ്യരുടെ കഥയാണിതിൽ. പഴമയെ പൂർണമായും കൈയൊഴിയാതെയും പുതുമകളെ അതേപടി ജീവിതത്തിൽ പകർത്താൻ കഴിയാതെയും നിൽക്കുന്ന ആദിവാസികൾ നേരിടുന്ന വിഷമസ്ഡിയാണ് *വന്നല* എന്ന നോവലിലെ കഥാതന്തു.

"മുഖ്യധാരാസംസ്കാരത്തിൽ ജീവിക്കുന്ന നമുക്കു പരിചയമുള്ള പ്രദേശമല്ല വന്നല ആവിഷ്ക്കരിക്കുന്നത്. നാരായൻ വന്നലയിൽ വിവരിക്കുന്ന കഥകൾ ഒരു ജനതയുടെ ജീവിതഗാഥയാണ്. ഇല്ലിക്കൂട്ടങ്ങളും ഏറുമാടങ്ങളും തേനീച്ചക്കൂടുകളും, വിഷപ്പാമ്പുകളും, വനജന്തുക്കളും മാത്രമല്ല, ഗോത്ര ആചാരങ്ങളും അനുഷ്ഠാനങ്ങളും ജീവിത ചര്യകളും അധിനിവേശത്തിന്റെ സാംസ്ക്കാരിക ചിഹ്നങ്ങളും കൂടിച്ചേരുന്ന ഒരു വനപ്രദേശത്തേയ്ക്കാണ് നാരായൻ വായനക്കാരെ നയിക്കുന്നത്."[21]

വന്യമൃഗങ്ങളുടെ ശല്യമൊഴിവാക്കാൻ സമതലങ്ങൾ വിട്ടാണ് മലയരയർ കുടുംബസമേതം കാട്ടിൽ വസിച്ചിരുന്നത്. കാർഷികാവശ്യങ്ങൾക്കും രക്ഷയ്ക്കുമായി അവർ മൃഗങ്ങളെയും വളർത്തി. ഭൂമിക്ക് ഉടമസ്ഥരില്ലാത്തതിനാൽ ആരും പ്രത്യേക അതിരുകൾ സ്ഥാപിച്ചിരുന്നില്ല. എവിടെ കൃഷിചെയ്യണം, കൃഷി പരിപാലനം തുടങ്ങിയ കാര്യങ്ങളെല്ലാം കരക്കാർ കൂട്ടം ചേർന്നാണ് തീരുമാനിച്ചിരുന്നത്. കുലദേവതയാണ് ഗോത്രമര്യാദകളും അനുഷ്ഠാനങ്ങളും നിശ്ചയിച്ച് അതനുസരിച്ച് ജീവിക്കാൻ ചട്ടങ്ങളുണ്ടാക്കിയത്. "ഒരാണ് ഒരുപെണ്ണുമായി മാത്രമേ

ഇണചേരാവൂ. അവൾ അമ്മയോ, കൂടപ്പിറപ്പോ ആകരുത്. പെണ്ണുങ്ങൾ അപ്പൻ, ആങ്ങള ഇവരുമായും ഇണചേരാൻ പാടില്ല. ഒരേ മാതാപിതാക്കളുടെ മക്കൾ തമ്മിലും സഹോദരിമാരുടെയോ സഹോദരന്മാരുടെയോ മക്കൾ തമ്മിലും കല്യാണവും ഇണചേരലും പാടില്ല. തരുണന്മാർ ആയുധപ്രയോഗങ്ങളിൽ നിപുണരാകണം."[22] തുടങ്ങിയ മുറകളും മര്യാദകളും കുലദേവതയുടെ ആജ്ഞകളായിട്ടാണ് ഓരോ ഇല്ലക്കാരും സ്വീകരിച്ചിരുന്നത്.

കഥക്കിടയിൽ മലയരുടെ സംസ്കാര തനിമകൾ ഓരോന്നായി നോവലിസ്റ്റ് വിവരിക്കുന്നുണ്ട്. വീട് ഉണ്ടാക്കിയാൽ താമസത്തിന് മുമ്പ് മൂത്താശാരിക്ക് ദക്ഷിണയും വെള്ളംകുടിയും വെയ്ക്കണമെന്ന് മലയരയർക്കിടയിൽ ആചാരമുണ്ടായിരുന്നു. ഇല്ലെങ്കിൽ വീട്ടിൽ സുഖമായി കഴിയാൻ പറ്റില്ലെന്നാണ് വിശ്വാസം. ആദ്യം എല്ലാവരും ചേർന്ന് കാരണവർക്കാണ് പുരകെട്ടുന്നത്. പുരയോട് തൊടാത്തമട്ടിൽ നെല്ലുകുത്താൻ ഒരപ്പെരയും പെണ്ണിന് തീണ്ടാരിയാകുമ്പോൾ കഴിയാൻ ഈറ്റപ്പുരയും കെട്ടിയുണ്ടാക്കും. തറയും മേൽക്കൂരയും പൂർത്തിയാക്കിയശേഷം ഉയരത്തിനൊപ്പം ഈറ്റകൾ അടുത്തടുത്ത് നാട്ടിയും വിലങ്ങിയും ഇരുപുറവും കുഴമണ്ണും ചെറുകല്ലുകളും വച്ച് ചുമരുണ്ടാക്കുന്നു. ആന കുത്തിയാൽ കൊമ്പ് അകത്തേക്കു തുളഞ്ഞു കയറും, ഊരിയെടുക്കാൻ വിഷമിക്കും. വീടിന് ഒന്നും പറ്റുകയില്ല. പനത്തടി വെട്ടിക്കുഴിച്ച തോണിയിൽ വെള്ളം നിറച്ച് മൂപ്പുള്ള കൊള മാവിൻ തൊലിചതച്ചിട്ടുണ്ടാകുന്ന പശവെള്ളം ഒഴിച്ചാണ് തറയിലെ മണ്ണ് തല്ലി ഉറപ്പിക്കുന്നത്. ചുമരിൽ പശവെള്ളം ചേർത്ത് കുഴമ്പാക്കിയ പുറ്റു മണ്ണുതേച്ച് കല്ലുകൊണ്ടുരച്ച് മിനുപ്പാക്കും.

കൃഷി നശിപ്പിക്കാൻ എത്തുന്ന കാട്ടുപന്നിയെയും മറ്റും ഓടിച്ചു തലക്കടിച്ചു കൊന്നശേഷം ഇറച്ചി പങ്കിട്ടെടുക്കുന്ന സമ്പ്രദായം മലയർക്കിടയിൽ ഉണ്ടായിരുന്നു. ഏറ്റവും നല്ല മാംസക്കഷണം ഉപ്പും മുളകും ചേർക്കാതെ ഈറ്റക്കോലിൽ കോർത്തു ചുട്ടെടുത്ത് കൂവയിലത്തുണ്ടിൽ വച്ച് ആരും ചവിട്ടി നടക്കാത്ത ഒരൊഴിഞ്ഞ കോണിൽ ശുചിയാക്കിയ സ്ഥലത്ത് കാർന്നോർമാർക്ക് വച്ചുകൊടുക്കുന്ന പതിവും ഉണ്ടായിരുന്നു.

ഗോത്രാചാരങ്ങൾ പാലിച്ചു നിഷ്കളങ്കരായി കഴിഞ്ഞിരുന്ന അരയർക്ക് നിരവധി ചൂഷണങ്ങൾക്ക് വിധേയരാകേണ്ടി വന്നു. അരയന്മാർ എല്ലുമുറിയെ അധ്വാനിച്ചുണ്ടാക്കുന്ന കുരുമുളകും മറ്റും തുച്ഛവിലയ്ക്ക് വാങ്ങിയും കബളിപ്പിച്ചും

മുതലാളിമാർ പണമുണ്ടാക്കി. തൂക്കവും കണക്കും അറിയാത്തവർ മുതലാളിമാരുടെ വാക്കിൽ വിശ്വസിച്ച് കിട്ടുന്ന വിലയ്ക്ക് വിളയെല്ലാം അവർക്ക് നൽകും. കച്ചവടക്കാരുടെ ചൂഷണം മനസ്സിലാക്കിയ ചിലർ ഏലം, കുരുമുളക് എന്നിവ മാറാപ്പുകെട്ടി സംഘമായി തലയിലേറ്റി ദൂരെയുള്ള ചന്തസ്ഥലത്ത് കൊണ്ടുപോയി വിറ്റിരുന്നു. കാട്ടിലൂടെയുള്ള യാത്രക്കിടയിൽ മീനപ്പുലയരെയും പിടിച്ചുപറിക്കാരെയും പേടിക്കണം. വിലപേശാനറിയാതെ കിട്ടുന്ന വിലക്ക് ചരക്കുകൾ വിറ്റൊഴിവാക്കി വീട്ടിലേക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങി മടങ്ങുകയാണ് ഇവർ ചെയ്തിരുന്നത്.

മീനപ്പുലയൻ തൊട്ട് അശുദ്ധമാക്കിയതൊന്നും മലയരയൻ ഉപയോഗിക്കാറില്ല. ഏലം, കുരുമുളക് എന്നിവ ദൂരെയുള്ള ചന്തയിൽ കൊണ്ടുപോയിവിറ്റ് വീട്ടുസാമാനങ്ങളുമായി വരുന്ന അരയന്മാരെ കാട്ടിനുള്ളിൽ വച്ച് മീനപ്പുലയർതൊട്ട് അശുദ്ധമാക്കുന്ന സംഭവങ്ങൾ നാരായന്റെ *'വന്നല'*യിൽ വിവരിക്കുന്നുണ്ട്. "പുലയൻ തൊട്ട് അശുദ്ധമാക്കിയാൽ സാധനങ്ങളെല്ലാം വഴിയിൽ ഉപേക്ഷിച്ചു പോകേണ്ടിവന്ന മലയന്റെ അവസ്ഥ ദയനീയമായിരുന്നു. അയിത്തം തീർക്കാൻ അവർ കണ്ട പോംവഴി അറബി മന്ത്രങ്ങൾ അറിയുന്ന ഒരു നാലാം വേദക്കാരൻ (മുസൽമാൻ) വന്നും മന്ത്രം ചൊല്ലി മീനപ്പുലയൻ തൊട്ട സാധനങ്ങൾ മൂന്നു തവണ വെള്ളത്തിൽ മുക്കി നൽകുകയായിരുന്നു. ഉപ്പ്, പുകയില, ഉണക്കമീൻ തുടങ്ങിയ സാധനങ്ങൾ വെള്ളത്തിലിട്ടാൽ ഉപയോഗശൂന്യമാകുമെന്നതിനാൽ അതെല്ലാം ഉപേക്ഷിച്ചു പോകുകയേ നിർവാഹമുണ്ടായിരുന്നുള്ളൂ."[23] പുലയൻ തീണ്ടിയ പെണ്ണിനെ കൂട്ടത്തിൽ നിന്ന് പുറത്താക്കിയിരുന്നു. "തീണ്ടലേറ്റവളെ തീണ്ടിയവൻ ആട്ടിത്തെളിച്ചു കൊണ്ടുപോകും. കൂട്ടരുമൊത്ത് അനുഭവിക്കും. അതിനുമുമ്പോ ഇടയിലോ എങ്ങനെയെങ്കിലും ചത്തില്ലെങ്കിൽ അവളെ തീണ്ടിയവൻ പാണ്ടിയിൽ കൊണ്ടുപോയി വിൽക്കും."[24]

മലയോരങ്ങളിൽ താമസിക്കുന്നവർ വിളയിച്ചെടുക്കുന്ന വിഭവങ്ങളുടെ ആറിലൊന്ന് കരം കൊടുക്കണമെന്ന വ്യവസ്ഥ മലയരയന്മാർക്ക് ഏറെ ദുരിതങ്ങൾക്ക് ഉണ്ടായിരുന്നു. പ്രമാണിമാരും ചില സ്ഥലങ്ങളിൽ കച്ചവടക്കാരുമായിരുന്നു കരം പിരിവുകാരായത്. പതിവുതെറ്റാതെ കരം പിരിവുകാരൻ എത്തിച്ചുകൊടുക്കണമെന്നാണ്. അല്ലെങ്കിൽ കുംഭം അവസാനത്തോടെ കരം പിരിവുകാർ മലയിലെത്തി കരം നൽകാത്തവരിൽ നിന്ന് എല്ലാം പിടിച്ചെടുക്കും. നികുതി അടയ്ക്കാത്ത

വരെ മൃഗീയമായി മർദ്ദിക്കൽ, പച്ചമാംസം തീറ്റിക്കൽ, വീടിന് തീ വെയ്ക്കൽ, പെണ്ണുങ്ങളെ പിടിച്ചു ഹീനജാതിക്കാർക്ക് നൽകൽ തുടങ്ങിയ പീഡന മുറകളും ഉണ്ടായിരുന്നു.

പണിയെടുക്കാറായ പുരുഷന്മാർക്കും മുലവന്ന പെണ്ണിനും രണ്ടു ചക്രം വീതം കരം നൽകണം. പുരുഷന്മാരുടേതിന് തലക്കരമെന്നും പെണ്ണുങ്ങൾക്ക് മുലക്കര മെന്നുമാണ് പറഞ്ഞിരുന്നത്. കരമളന്നാലും പിന്നെയും പിടിച്ചുപറിക്കുന്ന അധി കാരികളുടെ ക്രൂരതയിൽ കടുത്ത പ്രതിഷേധമുള്ളവരായിരുന്നു അരയരെങ്കിലും മറുത്തുപറയാൻ ആരും ധൈര്യം കാണിച്ചിരുന്നില്ല. "യാതൊരു കരവും തരി ല്ലെന്ന്..." കൊള്ളക്കാരനായ രാജാവിന്റെ മുഖത്തുനോക്കിപ്പറയണം. അയാൾക്ക് മനസ്സിലാകുന്നത് ആയുധങ്ങളുടെ മൂർച്ചയാണ്. കരമളക്കുകയില്ലെന്നു പറഞ്ഞാൽ ഉണ്ടാകുന്ന ആക്രമങ്ങളെ എല്ലാവരും ചേർന്നു എതിർക്കുക. വാക്കുകൊണ്ടല്ല പ്രവൃത്തിയിലൂടെ. പക്ഷെ തന്റെ കൂട്ടർ എല്ലാം സഹിച്ചു ചാവുകയല്ലാതെ സംഘ മാവുകയില്ല. ഗോത്രവീര്യം ആർക്കുമില്ല. താൻ പ്രമാണികളെയുള്ളു" എന്നു നാരാ യൻ സ്വന്തം സമുദായത്തിന്റെ ദയനീയതയിൽ പരിതപിക്കുന്നു.

മതപരിവർത്തനമാണ് (വേദം കൂടൽ) മലയരയരുടെ ജീവിത രീതികളിൽ ഏറെ മാറ്റങ്ങളുണ്ടാക്കിയ മറ്റൊരു പ്രധാനഘടകം. വേദക്കാര് മലയിലെത്തി പലരെയും മതം മാറ്റത്തിന് നിർബന്ധിച്ചിരുന്നു. വേദക്കാർ ചില വീടുകൾ കയ്യേറി കുരിശു സ്ഥാപിച്ചു. വേദത്തിൽ കൂടിയാൽ അന്നുതന്നെ കന്നുകാലിയിറച്ചി തീറ്റിക്കുമെ ന്നായിരുന്നു ധാരണ. അങ്ങനെയുള്ളവരെ പിന്നീട് കുടുംബത്തിൽ കൂട്ടാൻ അര യർ തയ്യാറായില്ല. മതപരിവർത്തനത്തിന് നിർബന്ധിച്ച് എത്തുന്നവരുടെ ശല്യം ഇല്ലാതാക്കാനും കുടുംബങ്ങൾ തമ്മിൽ ഭിന്നിച്ചു പോകാതെ ഒരൊത്തൊരുമ ഉണ്ടാക്കുന്നതിനുമാണ് അരയ കുടുംബങ്ങൾ കൊച്ചാദിച്ചന്റെ വീട്ടിൽ എല്ലാ മാസവും ഒന്നാം തിയ്യതി കൂട്ടം കൂടാൻ (യോഗം) തീരുമാനിച്ചത്. സ്വജാതിക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ, കുടുംബങ്ങളിലെ മരണം, വിവാഹം തുടങ്ങിയ പ്രധാനസംഭവങ്ങൾ യോഗത്തിൽ ചർച്ചാവിഷയമായി.

ബാഹ്യശക്തികളുടെ കടന്നാക്രമങ്ങളെ ചെറുത്തുതോൽപ്പിക്കാനുള്ള കരുത്ത് അരയൻമാർക്കിടയിൽ ഉണ്ടാക്കാൻ ഒന്നാം തിയതിയിലെ കൂട്ടത്തിന് കഴിഞ്ഞി രുന്നില്ലെങ്കിലും വനംവകുപ്പുകാരുടെ പീഡനത്തിനെതിരെ ശബ്ദമുയർത്താനുള്ള സംഘബോധം അവർക്കിടയിൽ ഉണർന്നിരുന്നു. അധികാരികളുടെയും കച്ചവട

ക്കാരുടെയും നിരന്തര ചൂഷണങ്ങളിൽ നിന്നും പീഡനങ്ങളിൽ നിന്നും സമുദായത്തെ രക്ഷിക്കാനുറച്ച ചിലർ തിരുവനന്തപുരത്തുപോയി അവശജനോദ്ധാരണ കമ്മീഷണറെക്കണ്ട് കാര്യങ്ങളും സങ്കടങ്ങളും ബോധിപ്പിക്കുന്നു. ദിവാനെ കണ്ട് സങ്കടപരിഹാരം തേടുന്നു. ഇതിനെ തുടർന്നാണ് ആദിവാസികൾ ഉൾപ്പെടുന്ന ഡയറക്ടർ ബോർഡുമായി അഖില തിരുവിതാംകൂർ മലഅരയമഹാസഭ രജിസ്റ്റർ ചെയ്തത്.

അരയ കുടുംബങ്ങൾക്കിടയിൽ എല്ലാമാസവും ഒന്നാം തിയ്യതിയിലെ നാട്ടുകൂട്ടങ്ങൾ ഹിന്ദുമഹാസഭക്കാരുടെ കരയോഗങ്ങളായി മാറി. ഹിന്ദു മഹാസഭക്കാരുമായുള്ള അടുപ്പത്തിലൂടെ അവരുടെ ദൈവങ്ങളുടെ പേരുകളും അരയൻമാർക്കിടയിലും വ്യാപിച്ചു. പതുക്കെയാണെങ്കിലും മഹാസഭയുടെ പ്രവർത്തനം മലയോരങ്ങളിലും വനമേഖലകളിലും കടന്നുകയറിക്കൊണ്ടിരുന്നു. പോരായ്മകൾ ഉണ്ടായിരുന്നുവെങ്കിലും മതപരിവർത്തകരുടെ വെല്ലുവിളികൾ ഫലപ്രദമായി ചെറുക്കാൻ മഹാസഭയ്ക്കും കരയോഗങ്ങൾക്കും കഴിഞ്ഞു.

കാലം ആദിവാസികളുടെ ജീവിതത്തിൽ വരുത്തിയമാറ്റം നാരായൻ എടുത്തു പറയുന്നുണ്ട്. “ഇപ്പോൾ മലയിൽ എല്ലാവർക്കും, ആവശ്യത്തിനുവേണ്ടതു പലതുമുണ്ട്. സോപ്പും കാരവും വന്നതോടെ ആരും മുഷിഞ്ഞതും കീറിയതുമായ തുണികളുടുത്തു നടക്കാറില്ല. അലക്കാൻ ചീവക്കായും ചോനക്കുരുവും തേടി ആരും കാട്ടിൽ തിരയാറില്ല. പക്ഷെ സമാധാനമില്ല. മുതിർന്നവരുടെ ആശങ്കകൾ അവഗണിക്കാവുന്നതല്ല അവർക്ക് ചരിത്രത്തിന്റെ പിൻബലവുമുണ്ട്. പുത്തൻ തലമുറ അത് വകവയ്ക്കുന്നില്ല. പരിഹാസവും.”[25]

മുൻ അധ്യായങ്ങളിൽ പഠന വിധേയമാക്കിയ നോവലുകളിലെല്ലാം പരിഷ്കൃത ജീവിതസ്വാധീനം ആദിവാസികളുടെ ജീവിതത്തിൽ കുറേയേറെ ദോഷങ്ങൾ അടിച്ചേൽപ്പിക്കുന്നതായി പറയുന്നുണ്ട്. ആദിവാസികളുടെ ജീവിത ഉയർച്ചകൾക്ക് വിദ്യാഭ്യാസം കൂടിയേ കഴിയൂ എന്ന ബോധം വന്നലയിലും നാരായൻ വ്യക്തമാക്കുന്നുണ്ട്. ആദിവാസിക്കുട്ടികൾക്ക് വിദ്യാരംഭംകുറിച്ച് അക്ഷരം പഠിപ്പിക്കാനെത്തുന്ന ഒരാശാനെ വന്നലയിലും കാണാം. അക്ഷരം തീയാണ്. ഇരുട്ടിനെ മറയ്ക്കുന്ന പ്രകാശം. എന്ന ബോധം മലയനിൽ സൃഷ്ടിക്കുന്ന നോവലിസ്റ്റ് സ്വസമുദായത്തിലെ കുട്ടികളെ അക്ഷരം പഠിപ്പിച്ച് ഉദ്ബുദ്ധരാക്കാൻ ഏറെ മോഹിക്കുന്നുണ്ട്. മലയൻ കുടിക്കു പോയിട്ടുവന്നപ്പോൾ സ്ലെയിറ്റും കല്ലു

പെൻസിലും കൊണ്ടുവന്നു മരുമകൾ കൊച്ചുട്ടിക്ക് നൽകി. “ഈ വീട്ടിലെ ഒറ്റെണ്ണം അക്ഷരം പടിച്ചിട്ടില്ല. അതൊരു വെല്യ കുറച്ചിലാ. തങ്കയെയും കണാരനെയും എയ്താൻ പഠിപ്പിക്കൂ.....” എന്നുപറയുന്നത് ഈ മോഹത്തിന്റെ ബഹിർസ്ഫുരണമാണ്. “അക്ഷരമാണ് ഏറ്റവും ശക്തിയുള്ള ദൈവം. അക്ഷരമറിയുന്നവർ മഹത്വമുള്ള ജാതിയും. അക്ഷരങ്ങൾ നമുക്ക് സ്വാധീനത്തിലായാൽ വലിയ നേട്ടമാകും......” എന്നു രാമൻ സഭായോഗത്തിൽ അംഗങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ട്.

അനുഭവങ്ങളുടെ തീവ്രതയും സത്യസന്ധതയും നാരായന്റെ നോവലുകളിൽ ആദിവാസി ജീവിതത്തിന്റെ പ്രതിഫലനം കൂടുതൽ തെളിമയുള്ളതാക്കുന്നുണ്ട്. സ്വന്തം സമുദായത്തിന്റെ സവിശേഷമായ ആചാരങ്ങളും ജീവിതരീതികളും പ്രതിപാദിക്കുകയും ചെയ്യുന്ന നോവലിൽ കാലമാറ്റത്തിൽ അവയ്ക്കുണ്ടായ അപചയങ്ങളും പരിഷ്ക്കാരങ്ങളും വിവരിക്കുകയും ചെയ്യുന്നുണ്ട്. മുമ്പ് പ്രതിപാദിച്ച മൂന്നു നോവലുകളിലും ആദിവാസികളിൽ ഒരാളായി കാര്യങ്ങളെയും സംഭവങ്ങളെയും വിലയിരുത്തുകയും കഥാപാത്രങ്ങളെ തിരഞ്ഞെടുക്കുകയും അവരിലൂടെ സവിശേഷമായ ഒരു ജീവിതസംസ്കാരത്തിന്റെ ശ്രേഷ്ഠതകളും അധ:പതനവും ചിത്രീകരിക്കുകയുമാണ് നാരായൻ ചെയ്യുന്നത്.

തീണ്ടാരി, ഗർഭകാലം എന്നീ സമയങ്ങളിൽ ആദിവാസി സ്ത്രീകൾ അനാചാരത്തിന്റെ പേരിൽ അനുഭവിച്ചിരുന്ന കഷ്ടതകളും ഇല്ലാതായിട്ടുണ്ട്. ഇന്ന് മിക്കവരും പ്രസവത്തിന് ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. എങ്കിലും യാഥാസ്ഥിതികരായ ചില ആദിവാസികുടുംബങ്ങൾ ഇപ്പോഴും ക്രൂരമായ ആചാരങ്ങൾ മുറുകെ പിടിക്കുന്നുണ്ട്. ജീവനും ജീവിതത്തിനും പ്രയാസം സൃഷ്ടിക്കുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഉപേക്ഷിക്കണമെന്ന വിപ്ലവബോധം പരിഷ്ക്കാരികളായ ആദിവാസികൾ പ്രകടമാക്കിയതിന് നാരായന്റെ നോവലുകളിലെ ഒട്ടേറെ കഥാപാത്രങ്ങൾ ഉദാഹരണമാണ്. സമുദായ ആചാരത്തിന് വിരുദ്ധമായ കുറ്റങ്ങൾ ചെയ്യുന്നവരെ പുറത്താക്കൽ ആദിവാസികൾക്കിടയിൽ നടപ്പുണ്ടായിരുന്നുവെങ്കിലും അവസരോചിതമായ ചിലവാദങ്ങൾ ഉന്നയിച്ചു അത്തരം വ്യവസ്ഥകളെ മറികടക്കാൻ അവർ തന്നെ ശ്രമിച്ചിരുന്നു. *'കൊച്ചേരത്തി'*യിൽ കൊച്ചുരാമനും കുഞ്ഞിപ്പെണ്ണും തമ്മിലുള്ള വിവാഹം നടത്തുന്നത് ഇല്ലം മാറിയുള്ളതാകയാൽ ആചാരവിരുദ്ധവും വിശ്വാസത്തിന് എതിരുമായിരുന്നു. എന്നിട്ടും വ്യവ

സ്ഥിതികൾക്ക് നേരെ കണ്ണടച്ച് അവരുടെ വിവാഹം നടത്താൻ പെൺവീട്ടുകാർ തയ്യാറാകുന്നു.

മന്ത്രവാദത്തിന് ആദിവാസി ജീവിതത്തിൽ പ്രമുഖസ്ഥാനമുണ്ടായിരുന്നു. എന്നാൽ ഇത്തരം സമ്പ്രദായങ്ങൾ നിരർഥകവും പ്രയോജനരഹിതവുമാണെന്ന് വാദിച്ച് എതിർക്കുന്നവർ നാരായന്റെ നോവലുകളിൽ കാണാം. വളരെ പരസ്യമായി നടത്തിയിരുന്ന മന്ത്രവാദക്രിയകൾ പലതും കാലക്രമത്തിൽ ആദിവാസികൾക്കിടയിൽ നിന്ന് മാഞ്ഞുപോകുകയും മന്ത്രവാദികൾ രഹസ്യമായി മാത്രം വീട്ടുകാരുടെ ആവശ്യപ്രകാരം കർമ്മങ്ങൾ ചെയ്തു കൊടുക്കുന്ന അവസ്ഥ ഉണ്ടാകുകയുമായിരുന്നു.

അക്ഷരാഭ്യാസവും രാഷ്ട്രീയപരമായ അവബോധവും ആദിവാസികൾക്കിടയിൽ വലിയ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. മുതലാളിമാരുടെയും കച്ചവടക്കാരുടെയും ചൂഷണങ്ങൾ തിരിച്ചറിഞ്ഞ് അതിനെതിരെ സംഘടിക്കാനും അവകാശങ്ങൾക്കായി ഒറ്റക്കെട്ടായി പോരാടാനും അവരെ പ്രാപ്തരാക്കിയതും ഈ മാറ്റങ്ങളാണ്. ജോലിക്ക് തക്കതായ കൂലി ചോദിച്ചുവാങ്ങാനും കാർഷിക ഉൽപ്പന്നങ്ങൾക്ക് ശരിയായ വിപണികണ്ടെത്താനും അവർ പ്രാപ്തരായി. ആദിവാസി ക്ഷേമങ്ങൾക്കായി സർക്കാർ നടപ്പാക്കിയ പദ്ധതികൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും ഉന്നതവിദ്യാഭ്യാസത്തിലൂടെ സർക്കാർ ജോലി അടക്കമുള്ള ഉപജീവനമാർഗങ്ങൾ കണ്ടെത്താനും ആദിവാസികൾ തയ്യാറായി. *കൊച്ചരേത്തി*യിലെ പാർവ്വതിക്ക് പഠിച്ചു പാസായി എറണാകുളത്ത് സെൻട്രൽ എക്സൈസ് വകുപ്പിൽ ജോലി ലഭിക്കുന്നതായി നോവലിസ്റ്റ് പറയുന്നുണ്ട്. എന്നാൽ ട്രൈബൽ സ്കൂളുകളിലും ഹോസ്റ്റലിലും താമസിച്ചു പഠിച്ച ആദിവാസിക്കുട്ടികൾ പലരും വഴിതെറ്റി, രക്ഷിതാക്കളുടെ പ്രതീക്ഷകൾക്ക് വിരുദ്ധമായി സ്വന്തം വഴി സ്വീകരിച്ചതായും നോവലിൽ പറയുന്നു. അത് പരിഷ്കൃതസമൂഹത്തിന്റെ സ്വാധീനം ആദിവാസികൾക്കിടയിൽ ചില ദുരനുഭവങ്ങൾക്ക് കാരണമായതിന്റെ തെളിവുകളാണ്. കാർഷിക വൃത്തികൊണ്ടുമാത്രം മാറിയ പരിതസ്ഥിതിയിൽ ഉപജീവനം സാധ്യമല്ലെന്ന തിരിച്ചറിവിലാണ് ആദിവാസികൾ പലരും കൂലിപ്പണി അടക്കമുള്ള ജോലിക്ക് പുറം നാടുകളിൽ ജോലിക്ക് പോയത്. വിളവെടുപ്പിനനുസൃതമായി വിവിധ സ്ഥലങ്ങളിലേക്ക് മാറിത്താമസിക്കുന്ന രീതിക്ക് അവസാനമാകുകയും സ്ഥിരതാമസത്തിന് അവർ നിർബന്ധിതരാകുകയും ചെയ്തു. പുറം ജോലി

കളിലൂടെ മറ്റുള്ള ജനവിഭാഗങ്ങളുമായി ഇടപെടാനും അവരുടെ വസ്ത്രധാരണമട ക്കമുള്ള ജീവിത രീതികൾ പകർത്താനുള്ള പ്രേരണ ആദിവാസികൾക്കിടയിൽ ഉണ്ടാകുകയും ചെയ്തു. സർക്കാറിന്റെ വനനിയമങ്ങളും ആദിവാസി ഭൂനിയമ ങ്ങളും വനസംരക്ഷണ നിയമങ്ങളും അവരുടെ ജീവിത രീതികളിൽ വൻമാറ്റ ത്തിന് ഇടയാക്കിയ കാരണങ്ങളാണ്.

ആദിവാസികൾ പുറംലോകത്തിന് അന്യമായ ഒരുജനവിഭാഗമായി അകറ്റി നിർത്തപ്പെട്ടതിന്റെ പ്രധാനകാരണം അവർക്കിടയിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണെന്നു നാരായന്റെ *വന്നല* എന്ന നോവൽ വെളിപ്പെടുത്തു ന്നു. നോവലിലെ അരയന്മാരുടെ ജീവിതചിത്രീകരണവും അവരുടെ ജീവിത ചുറ്റുപാടുകളും മുകളിൽപ്പറഞ്ഞ കാരണത്തെ ബലപ്പെടുത്തുന്നു. കുലദേവത നിശ്ചയിച്ച സമുദായമര്യാദകൾ അണുവിടതെറ്റാതെ ജീവിതത്തിൽ പാലിക്കാൻ ബാധ്യസ്ഥരാണെന്ന മനോഭാവം അവരെ പ്രാകൃതമായ അവസ്ഥയിൽതന്നെ തളച്ചിട്ടുവെന്നതിനു *വന്നല*യിൽ വിവരിക്കുന്ന ആദിവാസികളുടെ ആചാരാനു ഷ്ഠാനങ്ങൾ തെളിവാണ്. പുലയരും മലയരും തമ്മിൽ പുലർത്തിയിരുന്ന അയി ത്തം സമുദായത്തിലെ കുടുംബങ്ങളിൽ ഏറെ ദുരിതങ്ങൾക്ക് കാരണമായിട്ടു ണ്ട്. കാർഷികവൃത്തി ഉപജീവനമാക്കിയ മലയരയർക്ക് മുതലാളിമാരിൽനിന്നും കച്ചവടക്കാരിൽ നിന്നും നിരന്തരം അനുഭവിക്കേണ്ടി വന്ന ചൂഷണങ്ങൾ,സ്വന്തം സ്ഥലത്ത് കൃഷിചെയ്യുന്നതിനു പ്രമാണിമാർക്ക് കരം കൊടുക്കേണ്ടി വരുന്ന അവസ്ഥ, മതപരിവർത്തനം, വനംവകുപ്പ് ഉദ്യോഗസ്ഥരുടെ പീഡനങ്ങൾ... ഇങ്ങനെ മലയരയന്മാരുടെ ജീവിതം ദുരിതപൂർണമാക്കിയ ഒട്ടേറെ ഘടകങ്ങൾ നോവലിൽ തെളിഞ്ഞുവരുന്നതു കാണാം. *കൊച്ചരേത്തി*യിലേതുപോലെ ആദി വാസികൾക്കിടയിലെ പ്രയാസങ്ങൾക്ക് അറുതിവരുത്താൻ പ്രധാനമായും വേണ്ടത് അവർക്കായി വിദ്യാഭ്യാസസാഹചര്യം ഒരുക്കുകയാണെന്ന് *വന്നല*യിലും നോവ ലിസ്റ്റ് ആഹ്വാനം നൽകുന്നു.

*കൊച്ചരേത്തി, ഊരാളിക്കുടി, വന്നല* എന്നീ മൂന്നു നോവലുകളിലും തനിക്ക് പരിചിതമായ ആദിവാസി ജീവിതാവസ്ഥകളെയാണ് നാരായൻ അവതരിപ്പിക്കു ന്നത്. വിദ്യാഭ്യാസത്തിനും ഉപജീവനത്തിനുമായി ആദിവാസികൾക്ക് പുറംലോ കവുമായി ബന്ധം പുലർത്തേണ്ടിവന്നു. ആദിവാസികൾ ആധുനികലോകത്തെ പരിഷ്കാരങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്താൻ ആരംഭിച്ച കാലഘട്ടം *കൊ*

*ച്ചരേത്തി* എന്ന നോവലിൽ തെളിയുന്നു. ആദിവാസികൾ എത്തിപ്പെട്ട മാറിയപ രിതസ്ഥിതികളും പരിഷ്കാരങ്ങൾക്കിടയിലും അവർ അനുഭവിക്കുന്ന ആന്തരി കസംഘർഷങ്ങളും ഈ നോവലിൽ തെളിയുന്നു. കൃഷിയെ ആശ്രയിച്ചു ജിവി ച്ചിരുന്ന ഊരാളിമാർ പ്രകൃതിയോടും മല്ലിട്ടും പ്രതിസന്ധികൾ തരണം ചെയ്തും കഴിയുന്നതാണ് *ഊരാളിക്കുടി*യിൽ ചിത്രീകരിക്കുന്നത്. ഊരാളിമാരുടെ നിഷ്ക ളങ്കതയും അജ്ഞതയും മുതലെടുത്ത് ജന്മിമാരും മുതലാളിമാരും അവരെ ചൂഷണം ചെയ്യുന്നുമുണ്ട്. പ്രാകൃത ജീവിതത്തിന്റെ നരകതുല്യമായ അവസ്ഥ കൾ ആദിവാസിസമൂഹത്തെ എത്രത്തോളം അലോസരപ്പെടുത്തിയിരുന്നുവെന്നു *വന്നല* കാണിച്ചുതരുന്നു. കാട്ടുപ്രദേശങ്ങളിലും മലയോരങ്ങളിലും കഴിയുന്ന ആദിവാസികളെക്കുറിച്ചുള്ള ഒട്ടേറെ വസ്തുതകൾ വായനക്കാരെ ബോധ്യപ്പെ ടുത്തുന്നതോടൊപ്പം അവഗണിക്കപ്പെട്ടു കിടക്കുന്ന ആദിവാസിസമൂഹങ്ങളെ സമു ദ്ധരിച്ച് മുഖ്യധാരയിലേക്ക് കൊണ്ടുവരണമെന്ന ആഗ്രഹം സഫലമാക്കുന്നതിനും നോവൽ രചനയെ നാരായൻ ഉപാധിയാക്കിയതായി പറയാം. കാലങ്ങളായി അനു ഭവിച്ചുകൊണ്ടിരിക്കുന്ന ചൂഷണങ്ങളും പ്രയാസങ്ങളും ഇല്ലാതാക്കുന്നതിന് ആദി വാസികൾ സംഘടിതശക്തിയായി പോരാടണമെന്നും വിദ്യാഭ്യാസത്തിലൂടെ കരുത്താർജ്ജിച്ച് ജിവിതം കരുപ്പിടിപ്പിക്കണമെന്നുമുള്ള ആഹ്വാനം *കൊച്ച രേത്തി, ഊരാളിക്കുടി, വന്നല* എന്നീ നോവലുകളിൽ കാണാം.

# കുറിപ്പുകൾ

1. കൊച്ചരേത്തി, നാരായൻ. ആമുഖം. പു. 7.
2. അനുബന്ധം. നാരായനുമായുള്ള അഭിമുഖം.
3. കൊച്ചരേത്തി, നാരായൻ. പു. 76.
4. കൊച്ചരേത്തി, നാരായൻ. പു. 11.
5. കൊച്ചരേത്തി, നാരായൻ. പു. 13.
6. തപാൽ വകുപ്പിൽ ഗുമസ്തനായിരുന്നു നാരായൻ. 1963 ൽ തപാൽ വകുപ്പിൽ ജോലി കിട്ടിയപ്പോഴാണ് നാരായൻ മലയിറങ്ങുന്നത്.
7. കൊച്ചരേത്തി, നാരായൻ. പു. 13.
8. കൊച്ചരേത്തി, നാരായൻ. പു. 112.
9. കൊച്ചരേത്തി, നാരായൻ. പു. 124.
10. കൊച്ചരേത്തി, നാരായൻ. പു. 52.
11. ഊരാളിക്കുടി. നാരായൻ. പു. 66.
12. ഊരാളിക്കുടി. നാരായൻ. പു. 13.
13. ഊരാളിക്കുടി. നാരായൻ. പു. 16.
14. ഊരാളിക്കുടി. നാരായൻ. പു. 21.
15. ഊരാളിക്കുടി. നാരായൻ. പു. 36.
16. ഊരാളിക്കുടി. നാരായൻ. പു. 40.
17. ഊരാളിക്കുടി. നാരായൻ. പു. 37.
18. ഊരാളിക്കുടി. നാരായൻ. പു. 36.
19. ഊരാളിക്കുടി. നാരായൻ. പു. 79.
20. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 37

21. എന്തുകൊണ്ട് ആദിവാസി സാഹിത്യം, വന്നലയുടെ അവതാരിക ഡോ. പി. കെ. പോക്കർ. പു. 12.

22. വന്നല. നാരായൻ പു. 32.

23. വന്നല. നാരായൻ പു. 45.

24. വന്നല. നാരായൻ പു. 47.

25. വന്നല. നാരായൻ പു. 114.

അധ്യായം അഞ്ച്

# മാറ്റങ്ങളുടെ തുരുത്തിൽ

പി.വത്സല, കെ.ജെ.ബേബി, നാരായൻ എന്നിവരുടേതായി മുൻ അദ്ധ്യായങ്ങളിൽ പഠനവിധേയമാക്കിയ *നെല്ല്, ആഗ്നേയം, കൂമൻകൊല്ലി, മാവേലിമന്റം, കൊച്ചരേത്തി, ഊരാളിക്കുടി, വന്നല* എന്നീ നോവലുകളിലെ ആദിവാസി സംസ്കാരത്തെയും ജീവിതരീതികളെയും ആദിവാസി സമൂഹം കാലമാറ്റത്തിൽ ഉൾക്കൊണ്ട പരിഷ്കാരങ്ങളെയും ഒരു താരതമ്യ പഠനത്തിന് വിധേയമാക്കുകയാണ് ഈ അദ്ധ്യായത്തിൽ. ആദിവാസികളുടെ ജീവിതരീതിയിൽ കാലക്രമത്തിലുണ്ടായ മാറ്റങ്ങൾക്ക് ഹേതുവായ ഘടകങ്ങൾ, മാറ്റങ്ങൾ അവരുടെ ജീവിത രീതികളെയും സംസ്കാര സവിശേഷതകളെയും എത്രത്തോളം ബാധിച്ചു, ആദിവാസി സമൂഹം മുൻകാലങ്ങളിൽ നേരിട്ടതും വർത്തമാനകാലത്ത് നേരിടുന്നതുമായ പ്രശ്നങ്ങളെന്തെല്ലാം, ആദിവാസി പ്രശ്നങ്ങളോടുള്ള സർക്കാറിന്റെ സമീപന രീതികൾ എന്നീ കാര്യങ്ങൾ മുൻപറഞ്ഞ നോവലുകളിലെ കഥാപശ്ചാത്തലങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനാണ് ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നത്.

മറ്റു ജനവിഭാഗങ്ങളുമായി കൂടുതൽ ബന്ധം സ്ഥാപിക്കാതെ സ്വന്തമായി ഉപജീവനമാർഗ്ഗങ്ങൾ സ്വീകരിച്ച പ്രത്യേക സമൂഹമായിട്ടാണ് ആദിവാസികളെ കണക്കാക്കിയിരുന്നത്. പുറം ലോകത്തെ പരിഷ്ക്കാരങ്ങൾ ഏറെയൊന്നും സ്വാധീനിക്കാതെ താഴ്വാരങ്ങളിലും വനപ്രദേശങ്ങളിലും ഒതുങ്ങികൂടുകയായിരുന്നു ഈ വർഗ്ഗക്കാർ. വനഭൂമിയിലെ വ്യാപകമായ കൈയേറ്റങ്ങളും നാട്ടുപ്രദേശങ്ങളിലെ ജനങ്ങളുമായുള്ള സമ്പർക്കവും കാരണം ഇവരുടെ ജീവിത രീതികളിലും ആചാരാനുഷ്ഠാനങ്ങളിലും ഒട്ടേറെ മാറ്റങ്ങളുണ്ടായി. ആചാരാനുഷ്ഠാനങ്ങളിലുണ്ടായ താളഭംഗങ്ങളും സാമൂഹിക പരിഷ്ക്കാരങ്ങളുടെ കടന്നു കയറ്റങ്ങളും ഗോത്രവർഗ്ഗക്കാരുടെ ജീവിത രീതികളെ കാര്യമായി ബാധിച്ചിട്ടുണ്ട്. മാറ്റങ്ങൾക്കിടയിലും ഗോത്ര സംസ്കാര തനിമകൾ നിലനിർത്താനുള്ള ശ്രമങ്ങളും നടക്കു

ന്നുണ്ട്. പരമ്പരാഗതവും സമകാലികവുമായ രീതിവിശേഷങ്ങളിലേക്കും സമൂഹത്തിന്റെ മുഖ്യ ധാരയിലേക്കും ആദിവാസികളെ കൊണ്ടെത്തിച്ച വഴികൾ പലതാണ്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

1. ജന്മി-കുടിയാൻ-വ്യവസ്ഥയുടെ ഭാഗമായ സ്വകാര്യസ്വത്തവകാശം
2. സർക്കാറിന്റെ വനനയം
3. ജൈവവൈവിധ്യ സംരക്ഷണ പദ്ധതികൾ
4. ജലസേചനപദ്ധതികൾ
5. കച്ചവടക്കരാറുകൾ
6. കാലഗതിക്കനുസരിച്ചുണ്ടായ ഗതാഗത സൗകര്യങ്ങൾ
7. കച്ചവടബന്ധങ്ങൾ
8. മതപരിവർത്തനം
9. വിദ്യാഭ്യാസ സൗകര്യങ്ങൾ
10. സർക്കാർ ജോലി

ആദിവാസി വിഭാഗങ്ങൾക്കിടയിൽ പൊതുവിലുള്ള ചില സ്വഭാവ സവിശേഷതകൾ അവശേഷിക്കുന്നുണ്ടെങ്കിലും പരിഷ്ക്കാരങ്ങളുടെ സ്വാധീനവും അധികാരത്തിന്റെ കൈയേറ്റവും അവരുടെ സാമൂഹ്യ ഘടനയിൽ വരുത്തിയ മാറ്റം വലുതാണ്. മുതലാളിത്തവും സാമ്രാജ്യത്വവും ചേർന്ന് ഭൂവിഭാഗങ്ങളെ കൊള്ളയടിച്ചപ്പോൾ അതിന് കൂടുതൽ ഇരയായത് വനവിഭാഗങ്ങളെയും കാർഷിക വൃത്തിയെയും ആശ്രയിച്ചു ജീവിച്ചിരുന്ന ആദിവാസികളാണ്. ജനപ്പെരുപ്പം, നഗരവത്ക്കരണം, ആധുനിക സാങ്കേതിക വിദ്യകളുടെ കടന്നുകയറ്റം, വിഭവ ലഭ്യതയിലെ കുറവ് എന്നിവയും അവരുടെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചു. മുമ്പ് പ്രാകൃത സംസ്കാരത്തിന്റെ പേരിൽ മുഖ്യധാരയിൽ നിന്ന് അകന്നു കഴിഞ്ഞ ആദിവാസികളെ ഇന്ന് ആധുനിക സമൂഹത്തിൽ നിന്ന് വേർതിരിച്ചു നിർത്തുന്ന പ്രധാന ഘടകം വിദ്യാഭ്യാസ-സാമ്പത്തിക, സാങ്കേതിക രംഗങ്ങളിലെ പിന്നോക്കാവസ്ഥയാണ്.

## 5.1. സ്വകാര്യസ്വത്തവകാശവും കുടിയിറക്കലും

കേരളത്തിലെ ആദിവാസികൾ പൂർണ്ണമായും വനത്തെ ആശ്രയിച്ചായിരുന്നു ജീവിച്ചിരുന്നത്. ആഹാരം, മരുന്ന്, വീടുനിർമ്മാണസാമഗ്രികൾ തുടങ്ങി എല്ലാം അവർക്ക് കാട്ടിൽ നിന്നു തന്നെ ലഭിച്ചിരുന്നു. പ്രകൃതിയെ ആശ്രയിച്ചുള്ള ഒരു സാമൂഹിക-സാമ്പത്തിക ജീവിത ക്രമമായിരുന്നു അവരുടേത്. പ്രാകൃതരെന്ന വേർതിരിവിൽ കാടുകളിലും മലമടക്കുകളിലും ഒതുങ്ങി കൂടിയവർക്ക് വിശാല മായ വനപ്രദേശങ്ങളും സുലഭമായ വനവിഭവങ്ങളും സമൃദ്ധമായ ജീവിതത്തിന് ഉപകാരപ്പെടുന്നതായിരുന്നു. വനഭൂമിയിൽ കൃഷിചെയ്തും ഫലമൂലാദികൾ ശേഖ രിച്ചും അവർ കഴിഞ്ഞുകൂടി. ആരുടെയും അടിമകളല്ലാതെ സ്വന്തമായി കാടു വെട്ടി വിത്തിറക്കി. വിളയെടുത്ത് സമത്വസുന്ദരമായ മന്റങ്ങളായി ആദിവാസി കൾ കഴിഞ്ഞിരുന്ന കാലത്തെപ്പറ്റി കെ.ജെ ബേബിയുടെ *മാവേലിമന്റ*ത്തിൽ വിവ രിക്കുന്നുണ്ട്.

"പുഴയിൽ നിന്ന് വെള്ളം തിരിച്ച് കൃഷി നനയ്ക്കാനറിയാമായിരുന്നു അവർക്ക്. കൂട്ടായി പണിചെയ്തും വിളയെടുത്തും ഉള്ളതിൽ പങ്ക് എല്ലാവർക്കും പങ്കിട്ടും കഴിഞ്ഞവരായിരുന്നു അവർ....."[1] '*വന്നല*'യിൽ കാടുകളിലും മേടുകളിലും അല ഞ്ഞുനടന്ന മലയരയന്മാർ പിന്നീട് അലച്ചിൽ മതിയാക്കി കാടുവെട്ടി കൃഷിയി റക്കി സ്ഥിരതാമസമാക്കിയത് നോവലിസ്റ്റ് നാരായൻ പരാമർശിക്കുന്നുണ്ട്. വിശാ ലമായ കൃഷിയിടങ്ങൾ ഒരുക്കി സമീപത്തെ ഉയരമുള്ള മരങ്ങളിൽ ഏറുമാടങ്ങൾ കെട്ടി താമസമാക്കിയവർക്ക് സ്വകാര്യസ്വത്തവകാശം എന്ന സങ്കൽപ്പമില്ലായിരു ന്നു.

"ഈ കാണാവുന്ന മലകളെല്ലാം ഉൾപ്പെട്ട ഭൂമി കാരിക്കോട്ടുരാജാക്കന്മാരുടെ കീഴിലായിരുന്നു. അന്നൊക്കെ അരയന്മാരും രാജാവും തമ്മിൽ നല്ല ബന്ധമായി രുന്നുവെന്നും"[2] *കൊച്ചരേത്തി*യിൽ പറയുന്നു. പിന്നീട് മലയോരങ്ങളിൽ താമ സിക്കുന്നവർ വിളയിച്ചെടുക്കുന്ന വിഭവങ്ങളുടെ ആറിലൊന്ന് രാജാവിന് കര മായി കൊടുക്കണമെന്ന വ്യവസ്ഥയുണ്ടായി. വത്സലയുടെ *നെല്ല്, കൂമൻകൊല്ലി* എന്നീ നോവലുകളിലെത്തുമ്പോൾ ആദിവാസികൾക്ക് കൃഷി ഭൂമിയിലുള്ള അധി കാരം നഷ്ടപ്പെട്ട് അവർ ഭൂജന്മിമാരുടെ അടിമകളായി മാത്രം മാറിയ ചിത്രമാണ് കാണുന്നത്. *കൊച്ചരേത്തി*യിൽ ഇട്ട്യാതി തന്റെ കൈവശമുണ്ടായിരുന്ന ഭൂമി മകനും മരുമകനുമായി വീതിച്ചു കൊടുക്കുന്നതായി പറയുന്നുണ്ട്. അതേസ

മയം മരുമകൻ കൊച്ചുരാമന് വേണമെങ്കിൽ തൊട്ടുകിടക്കുന്ന വനഭൂമി വെട്ടി ത്തെളിയിച്ചെടുക്കാനുള്ള അവകാശവും നൽകുന്നുണ്ട്.

നാട്ടുരാജാക്കന്മാരും ജന്മിമാരും കുടിയേറ്റക്കാരും ബ്രിട്ടീഷുകാരും വിവിധ കാലങ്ങളിലായി കാടുകയറി വന്ന് വനവിഭവങ്ങൾ കൊള്ളയടിക്കാനും വനഭൂമി യിൽ ആധിപത്യം സ്ഥാപിക്കാനും തുടങ്ങിയതോടെ സ്വകാര്യസ്വത്തുടമ വ്യവ സ്ഥയില്ലാതിരുന്ന ഒരുകാലത്ത് ആദിവാസികൾ സ്വന്തമെന്നു കരുതി ജീവിച്ചി രുന്ന വനപ്രദേശങ്ങളിൽ നിന്നും താഴ്വാരങ്ങളിൽ നിന്നും ഒഴിഞ്ഞുപോകാൻ തുടങ്ങി. ഒഴിഞ്ഞുപോകാൻ വിസമ്മതിച്ചവരെ കയ്യൂക്കുകാട്ടി കുടിയേറ്റക്കാർ ഭീഷ ണിപ്പെടുത്തിയും മർദ്ദിച്ചും ആട്ടിപ്പായിച്ചു. സർക്കാർ ഉദ്യോഗസ്ഥരും ഇതിന് കൂട്ടു നിൽക്കുകയായിരുന്നു. നാട്ടുരാജാക്കന്മാരുടെയും മറ്റും ശിങ്കിടികളോടൊപ്പം കാടു കയറിവന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥർ ആദിവാസികളുടെ ഭൂമിയിലുണ്ടായിരുന്ന മരങ്ങൾക്ക് നമ്പറിട്ടും ഭൂമിയിൽ അധികാരക്കല്ലുകൾ നാട്ടിയും പലയിടങ്ങളിൽ നിന്നും അവരെ കൂട്ടത്തോടെ കുടിയൊഴിപ്പിക്കുകയായിരുന്നു.

"ആദിവാസി വനഭൂമിയിലേക്ക് ആദ്യം സംഘടിതമായ കൈയേറ്റം നടത്തി യത് ബ്രിട്ടീഷുകാരായിരുന്നു. തടിക്കുവേണ്ടിയായിരുന്നു ഇത്. അവർ വെട്ടിവെ ളുപ്പിച്ച ഭൂമി പിന്നീട് നാണ്യവിളത്തോട്ടങ്ങളാക്കി. പിന്നെ നാടുവാഴികൾക്ക് തീറെ ഴുതി. സ്വകാര്യസ്വത്തുടമസ്ഥതാ വ്യവസ്ഥകൊണ്ടുവന്നത് ആദിവാസി ഭൂമിയി ലേക്കുള്ള ആദിവാസികളല്ലാത്തവരുടെ കൈയേറ്റത്തിന് വേഗം കൂട്ടി. അവശേ ഷിച്ച വനങ്ങൾ റിസർവ് വനങ്ങളായും വന്യജീവി സങ്കേതങ്ങളായും പ്രഖ്യാപി ക്കപ്പെട്ടു. ജലസേചനപദ്ധതികൾ, അണക്കെട്ടുകൾ വൈദ്യുതി ലൈനുകൾ, റോഡുകൾ തുടങ്ങിയ വികസനപദ്ധതികൾ സർക്കാർ നടപ്പാക്കിയത് ആദിവാ സികളുടെ ഭൂമി വൻതോതിൽ കൈയേറിക്കൊണ്ടായിരുന്നു. പ്രകൃതിയുടെ സമ്പ ദ്വ്യവസ്ഥക്ക് ഇണങ്ങി ജീവിച്ചിരുന്ന ആദിവാസികൾ വനഭൂമിയിൽ നിന്ന് തുണ്ടു ഭൂമിയിലേക്കും സ്വകാര്യസ്വത്തുടമ വ്യവസ്ഥയിലേക്കും പണസമ്പദ് വ്യവസ്ഥ യിലേക്കും മാറ്റപ്പെട്ടു. തുണ്ടുഭൂമിയിലേക്ക് ഒതുക്കപ്പെട്ട ആദിവാസികളുടെ ഭൂമിയാണ് പിന്നീട് ചെറുകിട കൈയേറ്റക്കാർ സ്വന്തമാക്കിയത്. അങ്ങനെ ആദി വാസികൾ ഭൂരിഭാഗവും ഒരുതുണ്ടു ഭൂമിപോലുമില്ലാതെ, മറവുചെയ്യാൻ ശ്മശാനം പോലുമില്ലാത്ത അവസ്ഥയിലേക്ക് മാറ്റപ്പെട്ടു."[3]

വനത്തിലെ സുഗന്ധവ്യഞ്ജനങ്ങളിൽ ആകൃഷ്ടരായി കേരളത്തിലെത്തിയ

ഡച്ചുകാരും പോർച്ചുഗീസുകാരും സാമൂതിരി, കൊച്ചിരാജാക്കളുമായി വ്യാപാരക്കരാറുണ്ടാക്കിയതും വനവിഭവങ്ങളെ ആശ്രയിച്ചു ജീവിച്ചിരുന്ന ആദിവാസികൾക്ക് വിനയായി. 1800 മുതൽ തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങൾ രാജഭരണം വഴിയും നേരിട്ടും ബ്രിട്ടീഷുകാർ കൈവശപ്പെടുത്തിയിരുന്നു. മൈസൂർ സുൽത്താൻമാർ തുടങ്ങിവയ്ക്കുകയും പിന്നീട് ബ്രിട്ടീഷുകാർ നടപ്പാക്കിയതുമായ സ്വകാര്യവനവൽക്കരണനിയമം ഏറെ ബാധിച്ചത് ആദിവാസികളെയാണ്. ബ്രിട്ടീഷുകാരുടെ കൂട്ടാളികളായ ജന്മിമാരും വനഭൂമിയിൽ ഉടമസ്ഥാവകാശം സ്ഥാപിച്ചു. ബ്രിട്ടീഷുകാരുടെയും നാടുവാഴികളുടെയും ചൂഷണത്തിന് നിരന്തരം വിധേയരായ ആദിവാസികൾക്ക് പുതിയ ആവാസസ്ഥലങ്ങൾ തേടി വനഭൂമിയിൽ നിന്ന് കുടിയിറങ്ങേണ്ടിവന്നു.

പല കാലഘട്ടങ്ങളിലായി വയനാട്ടിലെത്തിയ ക്രിസ്ത്യാനികൾ, കർണാടകയിലെ ജൈനമതാനുയായികളായ കർഷകർ, കോട്ടയം രാജാക്കന്മാരുടെ ആശ്രിതർ, മുസ്‌ലീം കച്ചവടക്കാർ തുടങ്ങി വിവിധ വിഭാഗക്കാരുടെ സംഘടിത കുടിയേറ്റങ്ങളാണ് തദ്ദേശീയരായ ഗോത്രസമുദായങ്ങളെ ഓരങ്ങളിലേക്ക് തള്ളിമാറ്റിയത്. ആദിവാസികൾ ഭൂരഹിതരും നിർധനരുമായി തീരാൻ പ്രധാനമായും വഴിയൊരുക്കിയതും ഈ സാഹചര്യങ്ങളാണ്. ഭൂമിയിൽ നിന്ന് കൃത്യമായ കരംപിരിക്കലും ഉടമസ്ഥാരീതിയും നടപ്പാക്കിയതോടെ പാപ്പരായ ജനങ്ങളും ബ്രിട്ടീഷുകാരോടൊപ്പം വനം കൈയേറി. ഇതോടെ ഭൂമി പണയപ്പെടുത്തൽ, വിൽക്കൽ തുടങ്ങിയ കൈമാറ്റങ്ങളും ആരംഭിച്ചു. അട്ടപ്പാടിയിലും മറ്റും ഊരുമൂപ്പന്മാർക്ക് ആദിവാസികളിലുള്ള സ്വാധീനം ഉപയോഗിച്ചാണ് പലരും ഭൂമി തട്ടിയെടുത്തത്. ആദിവാസിക്ക് 100 രൂപയും പുകയിലയും ചാരായവും നൽകി ഭൂമി കൈയേറിയവരും ഏറെയുണ്ട്. വിശപ്പകറ്റാനും രോഗചികിത്സയ്ക്കും ഗൃഹനിർമ്മാണത്തിനുമെല്ലാം ഭൂമിവിറ്റു പണം ഉണ്ടാക്കിയ എത്രയോ ആദിവാസികളുണ്ട്.

*'ഊരാളിക്കുടി'* എന്ന നോവലിൽ കച്ചവടക്കാരനായി കൊന്നപ്പാറയിലെത്തിയ കുഞ്ഞുവർക്കി ആദിവാസി ഭൂമിയിൽ വളരെ വിദഗ്ദ്ധമായി കൈയേറ്റം നടത്തുന്നത് വിവരിക്കുന്നുണ്ട്. പിന്നീട് താഴ്‌വാരത്തിലെത്തുന്ന ഓനാച്ചൻ നൂറു രൂപയും ഒരു കണ്ണിപൊകലയും ഒരു കുപ്പി ചാരായവും നൽകിയാണ് എരവി മുത്തനിൽ നിന്ന് നാലഞ്ചേക്കർസ്ഥലം കൈവശമാക്കുന്നത്. *കൊച്ചരേത്തി*യിൽ അസുഖം ബാധിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ച കൊച്ചുരാമന്റെ ചികിൽസക്കായി ഭാര്യ

കുഞ്ഞിപ്പെണ്ണ് ഒരു കടലാസിൽ ഇടതുകൈയുടെ വിരൽ പതിച്ചിട്ട് പത്രോസു നാനാരോടു പണം വാങ്ങി. കൊച്ചുരാമന്റെ പേരിലുള്ള സ്ഥലം തീറെഴുതിക്കൊടുത്തായിരുന്നു ഈ പണമിടപാട്.

കുടിയേറ്റക്കാരെ അനുകരിച്ച് ആദിവാസികളും നാണ്യവിള കൃഷികളിലേക്ക് തിരിഞ്ഞത് മറ്റൊരു തിരിച്ചടിയായിരുന്നു. ചെലവുകൂടിയ നാണ്യവിളകൃഷി നടത്താൻ ഇവർക്ക് വ്യക്തികളിൽ നിന്നും പണമിടപാടു സ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങേണ്ടിവന്നു. വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ഒട്ടേറെ പേർക്ക് സ്വന്തം കിടപ്പാടം പോലും നഷ്ടമായിട്ടുണ്ട്. കാപ്പി, കുരുമുളക് കൃഷിയിൽ സംഭവിച്ച നഷ്ടം നികത്താൻ കൃഷിസ്ഥലത്തെ വലിയ മരങ്ങൾ വെട്ടി വിൽക്കാൻ പ്രേരിപ്പിച്ചു. ആദിവാസി ആവാസമേഖലയിൽ നെൽകൃഷി കുറഞ്ഞു പകരം വാഴ, കവുങ്ങ് എന്നിവ വച്ചുപിടിപ്പിക്കാൻ ആരംഭിച്ചത് ഭക്ഷ്യസുരക്ഷിതത്വത്തെ പ്രതികൂലമായി ബാധിച്ചു.

## 5.2. മതപരിവർത്തനം

ആദിവാസികൾക്ക് പ്രത്യേക മതമോ ജാതിയോ ഇല്ലായിരുന്നുവെങ്കിലും ആചാരാനുഷ്ഠാനങ്ങളിൽ ആദികാലം മുതൽ ഹൈന്ദവ രീതികളോടായിരുന്നു അടുപ്പം. കൂട്ടായും ഉള്ളത് പങ്കിട്ടെടുത്തുമുള്ള ജീവിതത്തിനിടയിൽ ജാതി/മത വിഭാഗീയതകൾ അവരെ ബാധിച്ചിരുന്നില്ല. വിശപ്പടക്കാൻ വനവിഭാഗങ്ങളെ ആശ്രയിച്ചു കഴിഞ്ഞിരുന്ന ഇവർക്ക് പുറംലോകവുമായി കൂടുതൽ സമ്പർക്കമില്ലാതിരുന്നതും ഇത്തരം തരംതിരിവുകളെക്കുറിച്ചുള്ള അജ്ഞതകൾക്ക് കാരണമായി. എന്നാൽ വനഭൂമിയിന്മേലുള്ള ഉടമസ്ഥാവകാശം നഷ്ടമാകുകയും ഉപജീവന മാർഗ്ഗങ്ങൾ ദുരിതപൂർണ്ണമാകുകയും ചെയ്തതോടെ ആദിവാസികൾക്ക് നിലനിൽപ്പിനുവേണ്ടി കുടിയേറ്റക്കാരെയും ബാഹ്യലോകത്തെയും ആശ്രയിക്കേണ്ടിവന്നു. ന്യൂനപക്ഷസമൂഹമായ ക്രിസ്തുമതം സ്വീകരിച്ചാൽ നിരവധി ആനുകൂല്യങ്ങൾ കിട്ടുമെന്ന വാഗ്ദാനങ്ങളിൽ ആകൃഷ്ടരായി അവരിൽ ഒട്ടേറെപേർ ക്രിസ്തുമത പരിവർത്തനത്തിന് തയ്യാറായി. ഗിരിവർഗ്ഗക്കാർ ഒരുപോലെ ചൂഷണത്തിനും അടിമത്വത്തിനും വിധേയരായിരുന്നുവെങ്കിലും മലഅരയരാണ് കൂടുതലും ക്രിസ്ത്യൻ മിഷണറിമാരുടെ സഹായം തേടിയെത്തിയത്. "ഈ മതപരിവർത്തനം സംരക്ഷണം കൊടുക്കാമെന്നോ സാമ്പത്തിക സഹായം നൽകാ

മെന്നോ ഉള്ള പ്രലോഭനത്തിലല്ല നടന്നത്. മറിച്ച് ചൂഷണത്തിന്റെ നടുവിലും അവരിൽ വേദനയും കഷ്ടപ്പാടുകളും സഹിക്കാനുള്ള ശക്തിയും ക്ഷമയും ഉണ്ടാക്കി, മരണത്തിന്റെയും മരണാനന്തര ജീവിതത്തിന്റെയും അർത്ഥത്തെ ബോധ്യപ്പെടുത്തുകയായിരുന്നു അവരുടെ പ്രധാന ഉദ്ദേശ്യം. മതപരിവർത്തനം അവർ ഫലവത്താക്കുന്നത് വിദ്യാഭ്യാസത്തിലൂടെയും മറ്റു സാമൂഹ്യ-സാമ്പത്തിക പരിപാടികളിലൂടെയുമാണ്. മതം മാറിയാലും തങ്ങളുടെ മക്കളെ വിദ്യാസമ്പന്നരാക്കണം എന്നതായിരുന്നു ആദിവാസികളുടെ പ്രധാന ഉദ്ദേശ്യം."[4]

'*വന്നല*'യിൽ മല അരയന്മാർ പലരും മതപരിവർത്തനത്തിന് വിധേയരായതായി പറയുന്നുണ്ട്. വേദക്കാര് മലയിലെത്തി മതംമാറ്റത്തിന് നിർബന്ധിച്ചിരുന്നു. ചില ആദിവാസി വീടുകൾ കൈയേറി കുരിശു സ്ഥാപിച്ചു ക്രിസ്തുമതവിശ്വാസം അടിച്ചേൽപ്പിക്കാനും ശ്രമമുണ്ടായി.

'*കൂമൻകൊല്ലി*'യിൽ വെള്ളിയുടെ വീട് ഡാനിയേലച്ചനും കന്യാസ്ത്രീകളും ചേർന്നു മതപ്രചാരണത്തിനുള്ള കേന്ദ്രമാക്കി മാറ്റുന്നുണ്ട്. *കൂമൻകൊല്ലി*യിലെ ആദിവാസികളുടെ കഷ്ടപ്പാടുകൾ തീർക്കാനെന്നു പറഞ്ഞാണ് അവർ എത്തുന്നത്. ആഴ്ചയിലൊരിക്കൽ ഡാനിയേലച്ചൻ വണ്ടയോടിച്ചു അടിയാന്മാരുടെ ഗ്രാമത്തിൽ കയറിയിറങ്ങി. തേൻ കിട്ടുമ്പോൾ മാത്രം കാടിറങ്ങിവരാറുള്ള കൂറുമർപോലും ഞായറാഴ്ചകളിൽ ഡാനിയേലച്ചന്റെ കരുണരസം പൂണ്ട പ്രസംഗം കേൾക്കാനും വെള്ളിയുടെ വീടുമുറ്റത്തു സ്ഥാപിച്ച മരക്കുരിശു കാണാനുമായി എത്തി. പ്രാർത്ഥനയിൽ പങ്കെടുക്കാനെത്തുന്നവർക്ക് ഉപ്പുമാവും പാലും വിതരണം ചെയ്തു. താഴ്വാരത്ത് പ്രേമാലയവും അങ്കൺവാടിയും സ്ഥാപിച്ചത് ഡാനിയേലച്ചനും കൂട്ടരുമായിരുന്നു. "കുട്ട്യസ്സന്റെ വണ്ടിയിലേറി മേലങ്ങാടിയിൽ നിന്ന് കൂമൻകൊല്ലിയിലേയ്ക്കും തിരിച്ചും യാത്രചെയ്യാറുള്ള കന്യാസ്ത്രീകൾ താഴ്വരയിൽ എന്നും ജിജ്ഞാസയുടെ വിത്തുകൾ വിതച്ചു. സോയാബീൻ എണ്ണയുടെയും ബർഗർ വീറ്റിന്റെയും നൂതനഗന്ധം പുല്ലുമലയിൽ നിന്ന് താഴ്വരയോളം എത്തി. കന്യാസ്ത്രീകൾ അടിയാക്കുട്ടികൾക്കു പുഴുങ്ങിയ ഗോതമ്പും കലക്കിയ പാലും വിതരണം ചെയ്തു. ചൊറിപിടിച്ചളിഞ്ഞ കുട്ടികളുടെ മൂർദ്ധാവിൽ മുകർന്നു. സ്കൂൾ പ്രായം തികഞ്ഞവരെ അക്ഷരം പഠിപ്പിക്കാൻ ശ്രമിച്ചു. അതിൽ പരാജയപ്പെട്ടപ്പോൾ അവരെ തയ്യൽ പഠിപ്പിക്കാൻ തീർച്ചയാക്കി."[5]

*കൊച്ചരേത്തി*യിൽ കുഞ്ഞപ്പനും കുടുംബവും ജ്ഞാനസ്നാനം മുങ്ങി മതം

മാറിയതായി വിവരിക്കുന്നു. കുഞ്ഞപ്പയുടെ പേര് ദാനിയേലെന്ന് മാറ്റുകയും ചെയ്തു. മലയോരത്ത് പെന്തക്കോസ്തുകാർ വന്നു മതപ്രചാരണം നടത്തുന്നതായും നോവലിൽ പറയുന്നു. എന്നാൽ ദൈവം എല്ലാവർക്കും കൂടി ഒന്നേയുള്ളൂ. മതവും ജാതിയുമൊക്കെ മനുഷ്യനുണ്ടാക്കിയതാണ്, ക്രിസ്ത്യാനിയായതുകൊണ്ട് പ്രത്യേകിച്ച് ഗുണമൊന്നുമില്ലെന്നും പറയുന്ന ആശാന്റെ വാദം ശരിയാണെന്നു മനസ്സിലാക്കി പലരും ക്രിസ്തുമതം സ്വീകരിക്കാൻ തയ്യാറാകുന്നില്ല.

"1847-50 കാലത്ത് കോട്ടയത്തെ മേലുകാവിൽ പ്രൊട്ടസ്റ്റന്റ് പള്ളിയിൽ റവ. ഫാ. ഹെൻട്രി ബേക്കർ ജൂനിയർ കുറച്ചു മലയരന്മാരെ മതപരിവർത്തനം നടത്തിയിരുന്നു. എന്നാൽ കത്തോലിക്കക്കാർ മതപരിവർത്തനം ചെയ്തവരെ അംഗീകരിക്കാൻ തയ്യാറായിട്ടില്ല. മതപരിവർത്തനം ചെയ്തവരും അല്ലാത്തവരും തമ്മിൽ പൊരുത്തക്കേടുകളുണ്ടായി."[6] "ഹെൻട്രി ബേക്കർ ജൂനിയർ മിഷണറിയുടെ പ്രവർത്തനങ്ങളുടെ ഫലമായാണ് 1848 മുതൽ 1878 വരെയുള്ള കാലയളവിൽ മലഅരയർ മതപരിവർത്തനത്തിന് വിധേയരായത്. എന്നാൽ മല അരയരെ പല വിധത്തിൽ ചൂഷണം ചെയ്തുകൊണ്ടിരുന്ന താഴേക്കിടയിലുള്ള സർക്കാർ ഉദ്യോഗസ്ഥരും മുസ്ലീം വിഭാഗങ്ങളും ഈ സുവിശേഷ പ്രവർത്തനത്തെ എതിർക്കാൻ തുടങ്ങി. കാരണം മല അരയർ ക്രിസ്ത്യനികളാവുകയും വിദ്യാഭ്യാസം നേടുകയും ചെയ്താൽ അവർക്ക് കൂടുതൽ ചൂഷണം ചെയ്യാൻ സാധിക്കുകയില്ലെന്ന വിചാരമായിരുന്നു ഈ എതിർപ്പിനുപിന്നിൽ. സുവിശേഷ പ്രവർത്തനങ്ങൾക്കൊപ്പം മിഷണറി സ്കൂളുകളും പള്ളികളും സ്ഥാപിച്ചിരുന്നു."[7]

ചാരിത്ര്യദോഷമുള്ള കുറിച്ച്യസ്ത്രീയെ പ്രസവത്തോടെ സമുദായത്തിൽ നിന്ന് ഭ്രഷ്ടയാക്കിയിരുന്നു. ഇവരിൽ പലരും ക്രിസ്തുമതത്തിൽ അഭയം തേടി. കുറിച്യർക്കിടയിലെ മതപരിവർത്തനത്തിന്റെ പ്രധാനകാരണം ഇതാണ്. ക്രിസ്തുമതം സ്വീകരിച്ച മലയരന്മാരിൽ പലരും സർക്കാർ ജോലിയിൽ പ്രവേശിച്ചത് മലയരയൻ എന്ന ജാതിപേരിൽ തന്നെയായിരുന്നു. വിദ്യാഭ്യാസത്തിന്റെയും സർക്കാർ ജോലിയുടെയും ആനുകൂല്യം നേടാൻ മലയരയനെന്നും മറ്റുള്ള കാര്യങ്ങൾക്ക് ക്രിസ്ത്യാനിയെന്നും ഭാവിക്കുന്നവരെ *കൊച്ചരേത്തി*യിൽ നോവലിസ്റ്റ് കളിയാക്കുന്നുണ്ട്. മലയരയൻ എന്ന വ്യാജസർട്ടിഫിക്കറ്റുണ്ടാക്കി ജോലിയിൽ കയറിയവരെയും നാരായൻ നോവലിൽ പരാമർശിക്കുന്നുണ്ട്.

വനപ്രദേശങ്ങളിലെയും മലയോരങ്ങളിലെയും മിഷണറി പ്രവർത്തനങ്ങൾ ആദിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും അവർക്ക് വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്നതിലും വലിയ പങ്കുവഹിച്ചതായികാണാം. ആദിവാസി വിഭാഗങ്ങൾക്കിടയിൽ ക്രിസ്ത്യാനികൾ സ്വാധീനം ശക്തമാക്കുന്നതിന് തടയിടാനാണ് ഹിന്ദുസംഘടനകൾ പ്രവർത്തനം ആരംഭിച്ചത്. വനവാസി, കല്യാൺമഞ്ച് പോലുള്ള സംഘടനകൾ രൂപവത്ക്കരിച്ച് ആദിവാസികളെ ഹൈന്ദവവൽക്കരിക്കാനുള്ള ശ്രമങ്ങൾ അവരുടെ ഭാഗത്തുനിന്നുണ്ടായി. മലഅരയ കുടുംബങ്ങൾക്കിടയിൽ എല്ലാമാസവും ഹിന്ദുമഹാസഭക്കാരുടെ കരയോഗം ചേരുകയും അവർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് പരിഹാരം തേടരുകയും ചെയ്തതായി *'വന്നല'*യിൽ പറയുന്നുണ്ട്. ക്രിസ്ത്യൻ മതപരിവർത്തനം വ്യാപകമാകുന്നത് തടയാൻ ഇത്തരം കരയോഗങ്ങളുടെ പ്രവർത്തനം സഹായിച്ചതായി നോവലിസ്റ്റ് ചൂണ്ടിക്കാട്ടുന്നു.

വിദ്യാഭ്യാസമില്ലായ്മയും അക്ഷരം പഠിക്കുന്നതിനുള്ള അസൗകര്യങ്ങളും ആദിവാസികളുടെ പിന്നോക്കാവസ്ഥയ്ക്ക് പ്രധാനകാരണമായിരുന്നു. അരോഗദൃഢഗാത്രരായ പ്രകൃതിയുടെ മക്കൾക്ക് സാമൂഹ്യമായ ഒരധ:പതനവും ഇല്ലെന്നും കുറച്ചു വിദ്യാഭ്യാസം കൂടിയുണ്ടെങ്കിൽ അവർ ആരുടെയും പിന്നിലല്ലെന്നുമുള്ള തിരിച്ചറിവ് അവർക്ക് തന്നെ ഉണ്ടായിരുന്നതായി നാരായൻ *'കൊച്ചരേത്തി'*യിൽ പറയുന്നുണ്ട്. എഴുത്തും വായനയും അറിയുന്ന *കൊച്ചരേത്തി*യിലെ പാർവ്വതി, *നെല്ലി*ലെ കുറുമാട്ടി, *ഊരാളിക്കുടി*യിലെ പാറുക്കുട്ടി എന്നീ കഥാപാത്രങ്ങൾ വ്യവസ്ഥാപിത രീതികളെ ചോദ്യം ചെയ്ത് സ്വന്തം അസ്തിത്വം പ്രഖ്യാപിക്കുന്ന ഉജ്ജ്വലകഥാപാത്രങ്ങളായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത്. കാട്ടുപ്രദേശങ്ങളിലും താഴ്വാരങ്ങളിലും കഴിഞ്ഞിരുന്ന ആദിവാസിക്കുട്ടികൾക്ക് അക്ഷര പഠനത്തിനുള്ള സൗകര്യങ്ങൾ വളരെ കുറവായിരുന്നതും മാതാപിതാക്കളുടെ അനാസ്ഥയും വിദ്യാഭ്യാസത്തിന് തടസ്സമായി. ആദിവാസി കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതിൽ ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങൾക്ക് വലിയ പങ്കുണ്ട്. ആദിവാസികൾ അക്ഷരങ്ങളും കണക്കും പഠിക്കാൻ ആരംഭിച്ചതോടെ ഏറെ വർഷങ്ങളായി അവർ അനുഭവിച്ച ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും നിയന്ത്രണങ്ങളുണ്ടായി.

ആദിവാസികളെ സാക്ഷരരാക്കുന്നതിൽ സർക്കാർ ഒട്ടേറെ പദ്ധതികൾ നട

പ്പാക്കിയിരുന്നു. 1990 ഡിസംബറിൽ ആദിവാസി സാക്ഷരതാപ്രവർത്തനങ്ങളെക്കുറിച്ച് സംസ്ഥാനതല സെമിനാർ നടത്തി മലയാള മാധ്യമത്തിൽ അവർക്ക് വിദ്യാഭ്യാസം നൽകാൻ തീരുമാനമുണ്ടായി. ഇതേ തുടർന്ന് 1991 സെപ്തംബറിൽ തിരുവനന്തപുരം ചെട്ടിയാംപാറവച്ച് ആദിവാസി സാക്ഷരതാ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നു. പദ്ധതികളെക്കുറിച്ച് വേണ്ടത്ര ധാരണയില്ലാത്തതിനാൽ ആദ്യമൊന്നും ആദിവാസികൾ അക്ഷരപഠനത്തെ ഗൗരവമായി എടുത്തിരുന്നില്ലെങ്കിലും പിന്നീട് ക്ലാസ്സുകളിൽ സജീവമായി പങ്കെടുത്ത് എഴുതാനും വായിക്കാനും പഠിക്കുകയും ലോകത്തെക്കുറിച്ച് അറിവു നേടുകയും ചെയ്തു. പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിലൂടെ 1993-ൽ ആദിവാസികളിൽ 80.71% പേരും സാക്ഷരത നേടിയതായി സർക്കാർ പ്രഖ്യാപനം ഉണ്ടായി. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ സർക്കാർ ആരംഭിച്ച ട്രൈബൽ സ്കൂളുകളും ആദിവാസികളുടെ വിദ്യാഭ്യാസപുരോഗതിക്ക് സഹായകമായി. സ്കൂളിനു സമീപത്തെ ഹോസ്റ്റലിൽ തന്നെ താമസിച്ചു പഠിക്കുന്ന കുട്ടികൾ ദൈനംദിനജീവിതത്തിന്റെ എല്ലാവശങ്ങളും അവിടെ നിന്നു തന്നെയാണ് കണ്ടുംകേട്ടും വായിച്ചും മനസ്സിലാക്കുന്നത്. വീട്ടിൽ നിന്ന് ഏറെ അകലെ പഠിക്കുന്നതുകാരണം മാതാപിതാക്കളെ കൃഷികാര്യങ്ങളിലോ കന്നുകാലികളെ മേയ്ക്കാനോ സഹായിക്കാൻപോയി പഠനം ഇടയ്ക്ക് വെച്ച് നിന്നുപോകുന്നത് ഒഴിവാക്കാനും കഴിയും. ശാസ്ത്രീയമായ പ്രാഥമിക വിദ്യാഭ്യാസത്തിന് മുമ്പ് സൗകര്യം കിട്ടാതിരുന്ന കുട്ടികളും ട്രൈബൽ സ്കൂളുകളിൽ പഠിക്കാൻ വരുന്നതുമൂലം വ്യത്യസ്തമായ പ്രായപരിധിയിൽപ്പെട്ടവരാണ് ഒരേ ക്ലാസ്സിൽ ഉണ്ടാകുക. ഇത് ട്രൈബൽ സ്കൂളിന്റെ ഒരു പോരായ്മയാണ്. മറ്റു സ്കൂളുകളിൽ പരിഷ്ക്കാരികളായ കുട്ടികൾക്കൊപ്പമിരുന്ന് പഠിക്കുമ്പോൾ അപകർഷതാബോധത്താൽ ആദിവാസി കുട്ടികൾക്ക് പഠനത്തിൽ വേണ്ടത്ര ശോഭിക്കാൻ കഴിയുന്നില്ലെന്നതും വസ്തുതയാണ്.

## 5.3. സർക്കാർ പദ്ധതികളും മാറിയ ജീവിതസാഹചര്യങ്ങളും

കേരളത്തിലെ ആദിവാസിസമൂഹത്തെ ഇരുണ്ട ഭൂഖണ്ഡമായ ആഫ്രിക്കയോടാണ് കെ. പാന്നൂർ വിശേഷിപ്പിച്ചത് *(കേരളത്തിലെ ആഫ്രിക്ക)*. ആദിവാസികളുടെ ആവാസസ്ഥലങ്ങളായ കാട്ടിലും താഴ്വാരങ്ങളിലും ഉള്ളവരും പുറം ലോക

ത്തുള്ളവരുമായി തികച്ചും വ്യത്യസ്ത ജീവിത സാഹചര്യങ്ങളുള്ള മനുഷ്യസമൂഹങ്ങൾ നിലനിന്നിരുന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ വിശേഷണം.

ബ്രിട്ടീഷുകാരുടെയും ജന്മിമാരുടെയും കച്ചവടക്കാരുടെയും ഭൂമി കൈയേറ്റങ്ങളും നിരന്തരമായ ചൂഷണങ്ങളും മൂലം കാടിന്റെ മേലുള്ള അവകാശം ക്രമേണ നഷ്ടമായ ആദിവാസികൾ നിലനിൽപ്പിനുവേണ്ടി വനഭൂമി ഉപേക്ഷിച്ചു തൊട്ടടുത്ത പ്രദേശങ്ങളിലേക്ക് ഉപജീവനം തേടി എത്തുന്നതോടെയാണ് അവരുടെ പ്രത്യേക ലോകത്തെക്കുറിച്ചും ദുരിതങ്ങളെക്കുറിച്ചും പുറംലോകത്തെ പലരും അറിയുന്നത്. കാട്ടിനുള്ളിൽ ജീവിതം ദുർഘടമായതോടെ ആദിവാസികൾ പലരും ഭക്ഷണവും തൊഴിലുംതേടി പുറത്തെത്തുകയായിരുന്നു. കാട്ടിനുള്ളിലേക്ക് തിരിച്ചുപോകാനാകാതെ ആൾതാമസമില്ലാത്ത പ്രദേശങ്ങളിൽ കുടിൽ കെട്ടി താമസിക്കാനും തുടങ്ങി. അപരിഷ്കൃതരായ ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള സർക്കാറിന്റെയും സന്നദ്ധ സംഘടനകളുടെയും ശ്രമത്തിനിടയിൽ അവരുടെ അമൂല്യവും പരമ്പരാഗതവുമായ ഔഷധ ജ്ഞാനവും കൃഷിരീതികളും വനവിഭവ ലഭ്യതകളും പുറം ലോകം മനസ്സിലാക്കുകയും ഇതെല്ലാം കൈമോശം വന്നതിന്റെ പേരിൽ ആദിവാസികൾ ഏറെ ദുരിതങ്ങൾ അനുഭവിക്കുകയും ചെയ്തു. വനസംരക്ഷണം, വന്യമൃഗസംരക്ഷണം തുടങ്ങിയ നിയമങ്ങളിലൂടെ സർക്കാർ ആദിവാസികളുടെ അവകാശങ്ങൾ തട്ടിയെടുക്കുകയും സ്വന്തം ആവശ്യത്തിന് അവർ വനാന്തരങ്ങളിൽ നിന്നും മറ്റുമായി കണ്ടെടുത്ത ആരോഗ്യപച്ച, നൂറക്കിഴങ്ങ് തുടങ്ങിയ അപൂർവ്വ പച്ചമരുന്നുകൾ ആഗോളവിപണിയിലെ കച്ചവടച്ചരക്കാക്കി മാറ്റുകയും ചെയ്തു.

വനവിഭാഗങ്ങളിന്മേലുള്ള അവകാശം നഷ്ടമായതോടെ അവശ്യസാധനങ്ങൾക്കായി ആദിവാസികൾക്ക് പുറംലോകത്തെ ആശ്രയിക്കേണ്ടിവന്നു. അവർ ഉപയോഗിച്ചിരുന്ന ഗൃഹോപകരണങ്ങൾ, വസ്ത്രങ്ങൾ, എന്നിവയിൽ മാറ്റംവന്നു. ഇത് ക്രമേണ ജീവിത രീതികളിലുള്ള മാറ്റത്തിനും ഇടയാക്കി. “ആന്തരികമായ ഉൾപ്രേരണകളേക്കാൾ ബാഹ്യമായ സാന്നിധ്യമാണ് ആദിവാസിഗോത്ര സമൂഹങ്ങളിൽ ചലനങ്ങൾ ഉണ്ടാക്കിയത്. വനാതിർത്തികളും ഗോത്രസീമകളും ലംഘിച്ചുകൊണ്ടുള്ള ആധുനിക നാഗരികതയുടെ കടന്നു വരവായിരുന്നു അതിൽ പ്രധാനം.”[8] ആദിവാസികൾ കൃഷിചെയ്യാൻ പഠിച്ചതോടെ അവരുടെ ഭക്ഷണരീതികളും ജീവിത രീതികളും മാറി. അവർ ഉപയോഗിച്ചിരുന്ന മൺപാത്രങ്ങളുടെയും

മുളംകുറ്റികളുടെയും സ്ഥാനത്ത് ലോഹപാത്രങ്ങളായി. ട്രൈബൽ സ്കൂളുകളിൽ ആദിവാസിക്കുട്ടികളുടെ ഊരും, പേരും, ഭാഷയും, വേഷവും ചര്യകളുമെല്ലാം പുനർനിർമ്മിക്കപ്പെട്ടു.

പുറത്തെ ലോകത്തിനും ഇരുണ്ടതാഴ്വരയ്ക്കുമിടയിൽ അദൃശ്യമായ പാലം പണിത മുരളി എന്ന കഥാപാത്രം *കൂമൻകൊല്ലി*യിലുണ്ട്. ഇത്തരം വ്യക്തികളിലൂടെയും ആദിവാസികളുടെ ആവാസസ്ഥലങ്ങളിലേയ്ക്ക് പരിഷ്ക്കാരം കടന്നുവന്നു. കാടുകെട്ടിയ താടി മീശകൾ വടിച്ചുകളഞ്ഞ് മുടി ഭംഗിയായി ക്രോപ്പുചെയ്യാൻ *കൂമൻകൊല്ലി*യിലെ കുങ്കൻ എന്ന കഥാപാത്രം മുപ്പതുകിലോമീറ്റർ താണ്ടി മേലങ്ങാടിയിൽ പോയിരുന്നു. വന്നലയിലെ തങ്കപ്പൻ തന്റെ വീട് കെട്ടി മേയുന്നതിനു പകരം ഓടിടണമെന്ന് നിർബന്ധം പിടിക്കുന്നതും പുറംലോകപരിഷ്ക്കാരം സ്വാധീനിച്ചതിന്റെ തെളിവാണ്. വെള്ളമുണ്ടും കുപ്പായവും ഇട്ട് വരുന്ന ആളുകളെ കണ്ടാൽ ഓടി കാടിനകത്ത് ഒളിച്ചുനിൽക്കുന്നവരായിരുന്നു പണ്ടത്തെ ആദിവാസികൾ. ഇന്ന് പരിഷ്കൃത മനുഷ്യരെപ്പോലെ അവരും ഫാഷൻ വസ്ത്രങ്ങൾ ധരിക്കാൻ തുടങ്ങിയിട്ടുണ്ട്. പുറം ലോകവുമായുള്ള സമ്പർക്കവും വനങ്ങളിലും മറ്റും കൂട്ടമായി ജീവിച്ചിരുന്ന അവസ്ഥയിൽ നിന്ന് ചെറിയ കുടുംബങ്ങളായി വേറിട്ടു ജീവിക്കാൻ തുടങ്ങിയതും ആദിവാസികളുടെ സംസ്ക്കാരത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. ആദിവാസി സ്ത്രീകൾക്ക് സമൂഹത്തിലുണ്ടായിരുന്ന സ്ഥാനത്തിൽ മാറ്റം വന്നു. പണ്ട് ആദിവാസി സമൂഹത്തിൽ സ്ത്രീക്കും പുരുഷനും തുല്യസ്ഥാനമായിരുന്നു. പുരുഷന്മാർ മദ്യത്തിന് അടിമപ്പെട്ട് അലസരായി മാറിയതോടെ സ്ത്രീകൾക്ക് കുടുംബത്തിൽ ഉത്തരവാദിത്വങ്ങളുണ്ടായി. അവർ കൂലി വേലയ്ക്ക് പോയിത്തുടങ്ങി. വെള്ളവും വിറകും തേടി ദൂരസ്ഥലങ്ങളിൽ അലഞ്ഞു. ആദിവാസി വികസന പദ്ധതികളുടെപേരു പറഞ്ഞെത്തിയ ഉദ്യോഗസ്ഥരും കുടിയേറ്റക്കാരും കച്ചവടക്കാരും സ്ത്രീകളെ ലൈംഗികമായി ചൂഷണം ചെയ്തിരുന്നു. ചൂഷണത്തിനു വിധേയരായവരും ഭൂമി നഷ്ടപ്പെട്ട് പട്ടിണിയിലായവരുമായ സ്ത്രീകൾ സ്വന്തം ശരീരം വിൽക്കാൻ തയ്യാറായി. "ഒരു നുള്ള് പൊകയിലയ്ക്കും ഒരു കല്ലുമാലയ്ക്കും വയറ് നിറച്ച് ഭക്ഷണത്തിനും വേണ്ടി കുഞ്ഞുങ്ങളെ പ്രസവിക്കേണ്ടിവന്നവർ നിരവധിയുണ്ട് ആദിവാസികൾക്കിടയിൽ."[9] എന്ന് ആദിവാസികളുടെ നേതാവായ സി. കെ. ജാനു തന്നെ സമ്മതിക്കുന്നുണ്ട്. ഇങ്ങനെയാണ് ആദിവാസികൾക്കിടയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം കൂടിയത്.

“കുടിലിനു ചുറ്റുമുള്ള ഭൂമി കാലങ്ങളായി തെനവിതച്ചും പയറ് നട്ടും തുവരപി ടിപ്പിച്ചും എള്ളു വിതച്ചും നമ്മള് ഉപയോഗിക്കുമായിരുന്നു. അച്ഛനപ്പൂപ്പന്മാരൊക്കെ കാട് വീശിയും കുറ്റിക്കാട് വെട്ടി പുനം തീയിട്ട് ചുട്ട് തെന വിതച്ച് മണ്ണ് കിളച്ച് പാകമാക്കിക്കഴിഞ്ഞാൽ ജന്മിമാരും കുടിയേറ്റക്കാരും വന്ന് നമ്മളെ ആണുങ്ങളെ തോളിൽ കൈയിട്ട് എന്തെങ്കിലും പറഞ്ഞ് റാക്ക് കൊടുത്തും അല്ലെങ്കിൽ ചെറിയ പണം കാട്ടിയും അവരുടെ പേരിലാക്കും. ഭൂമിക്ക് നമ്പറുകളും കടലാസും വേണ്ടി വന്നിട്ടില്ലാത്ത നമ്മളെ ആൾക്കാര് അവരുടേതാക്കിയ അതേ ഭൂമിയില് വീണ്ടും കഷ്ടപ്പെട്ട് കൃഷി വിളയിച്ചു. ജന്മിമാർക്ക് കൊടുക്കണം. വിശപ്പ് മാറ്റാൻ കൂലിയും തികയില്ല. കടയില് കിട്ടുന്ന സാധനങ്ങൾ കഴിച്ചു തുടങ്ങിയത് അങ്ങനത്തെ സമ്പ്ര ദായത്തിലാണ്. റേഷൻ കടയിലേയ്ക്ക് അരിക്കും ഗോതമ്പിനും പോകേണ്ടിവ ന്നു. റേഷൻ കാർഡും വോട്ടർ പട്ടികയും കുടിക്ക് നമ്പറുകളും ഉണ്ടായി. മുളകും തുവരയും പയറും കടേന്ന് വാങ്ങി കടയിലും കടക്കാരാകും. പണത്തിന്റെ അധി കമായ ആവശ്യങ്ങളുണ്ടായി. പനി വന്നാൽ മരുന്നു വാങ്ങണമെന്നായി. കുത്തി വയ്പ്പുകളും മരുന്ന് ചീട്ടുപടികളും ഉണ്ടായി. നമ്മളെ കുഞ്ഞുകുട്ടികൾ നാല് വരെയും അഞ്ച് വരെയും പഠിച്ച് കാടിനെയും മണ്ണിനെയും വെറുത്തു.”[10]

ചൂഷണങ്ങൾക്കും അവഗണനക്കുമെതിരേ ആദിവാസികൾ സംഘടിച്ച് പ്രക്ഷോഭരംഗത്തിറങ്ങിയതോടെയാണ് അവരുടെ ക്ഷേമത്തിനും പുനരധിവാ സത്തിനുമായി സർക്കാർ നിരവധി വികസനപദ്ധതികൾ കൊണ്ടുവന്നത്. കെ. ജയചന്ദ്രൻ, നക്സലൈറ്റ് വർഗീസ്, സി.കെ. ജാനു, ഗീതാനന്ദൻ തുടങ്ങിയവ രുടെ പ്രവർത്തനങ്ങൾ ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തി. ആദിവാസി ദളിത് സമരസമിതി, ദേശീയ ആദി വാസി ഫെഡറേഷൻ, അയ്യങ്കാളിപ്പട, ആദിവാസി ഗോത്രമഹാസഭ, ഹിൽഡ, സോളിഡാരിറ്റി, ആദിവാസി വികസന പ്രവർത്തനസമിതി, തുടങ്ങിയ സംഘട നകളുടെ പോരാട്ടങ്ങൾ ആദിവാസികളിൽ അവകാശ ബോധത്തിനും സംഘ ടിത പ്രക്ഷോഭങ്ങൾക്കും ഇടയാക്കി. ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ഇനിയും ശാശ്വത പരിഹാരം ഉണ്ടാക്കാൻ ഇവരുടെ പ്രവർത്തനങ്ങൾക്കായിട്ടി ല്ലെങ്കിലും, അടിസ്ഥാനപ്രശ്നങ്ങൾ പുറം ലോകത്തെ അറിയിക്കുന്നതിൽ വിജ യിച്ചിട്ടുണ്ട്.

2001-ൽ പട്ടിണിമൂലം കേരളത്തിൽ 32 ആദിവാസികൾ മരിച്ചത് നമ്മുടെ

സമൂഹം ഏറെ ചർച്ച ചെയ്ത വിഷയമാണ്. ഈ സംഭവത്തിന് 17 കൊല്ലം മുമ്പ് 1984-ൽ പ്രസിദ്ധപ്പെടുത്തിയ പി. വൽസലയുടെ *കൂമൻകൊല്ലി* നോവലിലും ഇത്തരം പട്ടിണി മരണം നടന്നതായി കാണാം. എന്നാൽ അതെല്ലാം അപൂർവ്വ മായൊരു രോഗംമൂലമാണെന്ന് വരുത്തിത്തീർക്കുകയായിരുന്നു സർക്കാർ. ആദി വാസികൾ പട്ടിണി മൂലം കൂട്ടത്തോടെ മരിച്ചതോടെ സർക്കാറിന്റെ അനാസ്ഥ ക്കെതിരെ ആദിവാസി ദളിത് സമരസമിതി തിരുവനന്തപുരത്ത് ശക്തമായ പ്രക്ഷോഭങ്ങൾ നടത്തി. 48 ദിവസം നീണ്ട ആ സമരം ആദിവാസികളുടെ അവസ്ഥ അധികാരി വർഗ്ഗത്തിനെ ബോധ്യപ്പെടുത്തുന്നതിൽ വിജയിച്ചു.

ആദിവാസി ദളിത് സമരസമിതിയുടെ നേതൃത്വത്തിൽ സി. കെ. ജാനു നയിച്ച പ്രക്ഷോഭങ്ങളുടെ ഫലമായി ഭൂരഹിതരായ ആദിവാസികുടുംബങ്ങൾക്ക് അഞ്ചേ ക്കർ വരെ ഭൂമിനൽകാൻ സർക്കാർ സമ്മതിച്ചു. അവർ അഭിമുഖീകരിക്കുന്ന പ്രശ്ന ങ്ങൾക്ക് പരിഹാരം കാണാനും ക്ഷേമപ്രവർത്തനങ്ങൾക്കുമായി ഒട്ടേറെ നിർദ്ദേ ശങ്ങളും പദ്ധതികളുമുണ്ടായി. ടി. മാധവമേനോൻ ചെയർമാനായി ആദിവാസി മാസ്റ്റർ പ്ലാൻ കമ്മിറ്റി രൂപവത്ക്കരിച്ചു. ജപ്പാന്റെ ധനസഹായത്തിൽ 230 കോടി രൂപയുടെ ആദിവാസിക്ഷേമ പദ്ധതികൾ നടപ്പാക്കാനും തീരുമാനിച്ചിരുന്നു.

ആദിവാസികളുടെ ജീവിതനിലവാരം ഉയർത്താനെന്ന പേരിൽ നടപ്പാക്കുന്ന പദ്ധതികൾക്കായി സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അവർക്ക് എതിരായ പണസമ്പദ് വ്യവസ്ഥയെ അടിച്ചേൽപ്പിക്കുന്നതായിരുന്നു. ക്ഷേമ പദ്ധതികൾ മിക്കതും അഴിമതികളിലും ഉദ്യോഗസ്ഥമേധാവിത്വങ്ങളിലും തകർന്നു. പ്രക്ഷോ ഭകാരികൾക്ക് സർക്കാർ ഉറപ്പു നൽകിയ ഭൂമിവിതരണം പോലുള്ള മിക്ക വാഗ്ദാ നങ്ങളും പാലിക്കപ്പെട്ടില്ല. വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വനാന്തരങ്ങ ളിൽ എത്തിയവർ ആദിവാസി സ്ത്രീകളെ ലൈംഗികചൂഷണത്തിന് വിധേയരാ ക്കി. ഭൂമിനഷ്ടപ്പെട്ട് പട്ടിണിയിലായവർ വ്യഭിചാരം തുടങ്ങിയ സദാചാര വിരുദ്ധ പ്രവർത്തനങ്ങളിലേക്ക് വലിച്ചിഴക്കപ്പെടുകയായിരുന്നു. ട്രൈബൽ ഹോസ്റ്റലുക ളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി എത്തിയ യുവജനങ്ങൾ ആധുനിക ജീവിത ത്തിന്റെ സ്വാധീനം മൂലം ഊരു സംവിധാനങ്ങളും ഗോത്രവ്യവസ്ഥകളും പാലി ക്കാതെയായി.

തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ വോട്ട് നിർണ്ണായക ഘടകമായതിനാൽ ന്യൂന പക്ഷമായ ആദിവാസികളുടെ പ്രധാനപ്രശ്നങ്ങൾ മിക്ക രാഷ്ട്രീയ പാർട്ടികളും

കൈയൊഴിഞ്ഞു. തിരഞ്ഞെടുപ്പുകളെ തങ്ങളുടെ രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് അനുസൃതമായി ഉപയോഗിക്കുന്നതിലും ആദിവാസികൾക്ക് പൂർണ്ണമായും വിജയിക്കാനായില്ല. ആദിവാസികളുടെ പരമ്പരാഗതമായ രാഷ്ട്രീയ സാമൂഹിക വ്യവസ്ഥകൾ സ്വാർത്ഥ താൽപ്പര്യങ്ങളോടുകൂടിയ രാഷ്ട്രീയ ഇടപെടലുകൾ തകർത്തു. പരമ്പരാഗത നേതൃസംവിധാനമായ ഊരുമൂപ്പൻ സ്ഥാനം ഏതാണ്ട് തകർക്കപ്പെടുകയും ചെയ്തു. ചില രാഷ്ട്രീയ പാർട്ടികൾ തിരഞ്ഞെടുപ്പുകാലങ്ങളിലും മറ്റും ശക്തിതെളിയിക്കാൻ ആദിവാസികളെ കൂട്ടത്തോടെ ജാഥയിലും സമ്മേളനങ്ങളിലും പങ്കെടുപ്പിക്കുന്നതും സാധാരണയാണ്. *കൊച്ചരേത്തി* നോവലിൽ തൊടുപുഴ മണപ്പുറത്ത് കോൺഗ്രസ് മഹാസമ്മേളനം നടന്നതും പ്രസംഗം കേൾക്കാൻ കൊച്ചുരാമനും കൂട്ടരും പോയതും വിവരിക്കുന്നുണ്ട്. അത് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചപ്പോഴുണ്ടായ ദേശസ്നേഹത്തിന്റെയും ആവേശത്തിന്റെയും ഭാഗമായിരുന്നു. അടുത്ത കാലത്താണ് രാഷ്ട്രീയ പാർട്ടികളുടെ ശക്തി തെളിയിക്കുന്നതിന് ആദിവാസികളുടെ പങ്കാളിത്തം പ്രധാന ഘടകമാകുന്നത്. "വോട്ടെടുപ്പ് വരുമ്പോ ജയിക്കാൻ വേണ്ടി നമ്മളെ ആളുകളെ അധികമായി വോട്ടർമാരാക്കുകയായിരുന്നു. നമ്മളെ ആളുകൾക്ക് വീട്ടുപേരും അച്ഛന്റെ പേരും ചേർക്കുന്ന രീതിയൊക്കെ അങ്ങനെ ഉണ്ടായതാണ്. എന്നു മാത്രമല്ല പൊതു സമൂഹത്തിന്റെ ആൾക്കാര് നമ്മളെ എന്നും പണിയെടുക്കേണ്ടവർ ആയിട്ടാണ് കണ്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ നമ്മളെ ആൾക്കാരെ പാർട്ടിക്ക് ആവശ്യം വരുന്നത് ജാഥയിൽ പോകാനും സമ്മേളനം കൂടാനും. വോട്ടിന്റെ സമയത്തും ഒക്കയേ ഉള്ളൂ...."[11]

സർക്കാറിന്റെ ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനിടയിലും ചൂഷണവും പ്രാരാബ്ധങ്ങളും തുടർന്നു. കുടുംബാസൂത്രണ പദ്ധതികളിൽ ലക്ഷ്യം തികയ്ക്കാനായി ഉദ്യോഗസ്ഥർ ആദിവാസി സ്ത്രീകളെ ധാരാളമായി പ്രേരിപ്പിച്ചിരുന്നു. ഇവർ വന്ധ്യംകരണ ശസ്ത്രക്രിയക്ക് വൻതോതിൽ വശംവദരായത് ആദിവാസികളുടെ വംശനാശത്തിനും ഇടവരുത്തിയിട്ടുണ്ട്. ആദിവാസികളെയോ അവരുടെ യഥാർത്ഥ പ്രശ്നങ്ങളെയോ മനസ്സിലാക്കാതെയായിരുന്നു സർക്കാറിന്റെ പല ക്ഷേമപദ്ധതികളും. അധികൃതരുടെ അശാസ്ത്രീയമായ ആസൂത്രണങ്ങൾ കാരണം മിക്ക പദ്ധതികളും ഫലവത്തായില്ല. പദ്ധതികൾ നടപ്പാക്കുന്നതിലെ രാഷ്ട്രീയ ഇഛാശക്തിയില്ലായ്മയും ആദിവാസികൾക്ക് ദോഷകരമായി. "കിട്ടുന്നകാശ് കള്ളുകുടിച്ചു തീർത്താൽ ആദിവാസികൾ

എങ്ങനെ നേരയാകും' എന്നാണ് ആരുടെയും പ്രതികരണം. "ആണും പെണ്ണും കള്ളുകുടിക്കും. നമുക്കുപോലും അജ്ഞാതമായ സാമൂഹ്യധാരയിലേക്ക് ആദിവാസികളെ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമമാണ്. കുളിച്ചു വെടിപ്പായി അങ്ങാടിയിലിറങ്ങി പത്രപാരായണം നടത്തി കൃഷിയും കാര്യങ്ങളും നോക്കി കഴിയുക എന്ന അവസ്ഥയിലേക്ക് ആദിവാസി സമൂഹത്തെ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമം നടക്കുന്നു. എന്നാൽ ഇപ്പോഴും ആദിവാസിയുടെ കണ്ണ് അവന്റെ ജന്മഗേഹമായ കാടിന്റെ പച്ച എവിടെയെന്നു തിരയുകയാണ്. കാട്ടിൽ നിന്നിറങ്ങി നാട്ടുകാരുടെ മുന്നിൽ നഗ്നനായി നിൽക്കുന്ന അനുഭവമാണ് ആദിവാസിയുടെത്. ഇത് നാണക്കേടായി കരുതി നമ്മുടെ മന്ത്രിമാർ മാറിമാറിവന്നു നഗ്നനായ ആദിവാസിയെ മുണ്ടുടുപ്പിക്കുന്നു. പക്ഷെ ഒന്നും അവന്റെ അരയിൽ ഉറയ്ക്കുന്നില്ല. എല്ലാം ഊർന്നു താഴെ പതിക്കുകയാണ്."[12]

ആദിവാസികൾക്ക് ഉപജീവനമാർഗ്ഗം നൽകാനെന്ന പേരിൽ കോഴിയും ആടും പശുവും വിതരണം ചെയ്യുന്ന പദ്ധതി മിക്കയിടങ്ങളിലും പരാജയപ്പെടുകയായിരുന്നു. ഇത്തരം പദ്ധതികൾക്ക് ചെലവഴിക്കുന്ന കോടിക്കണക്കിനുരൂപ അവരുടെ കുട്ടികൾക്ക് ശരിയായ വിദ്യാഭ്യാസത്തിനും ജോലി ലഭ്യതയ്ക്കും വിനിയോഗിച്ചാൽ ആദിവാസികൾ ഇന്ന് അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമാകും. അവരുടെ ജീവിതസാഹചര്യങ്ങൾക്ക് അനുസൃതമായ പദ്ധതികൾ നടപ്പാക്കാനും ഇതിനായി അവർക്കിടയിൽ നിന്നുള്ള ഉദ്യോഗസ്ഥരെതന്നെ ഉത്തരവാദപ്പെടുത്തുകയും ചെയ്യുന്നത് ഈ രംഗത്തെ തിരിമറികൾക്കും അഴിമതികൾക്കും തടയിടാൻ സഹായകമാകും.

സ്വന്തമായുണ്ടായിരുന്ന കൃഷിയിടങ്ങളും വാസസ്ഥലങ്ങളും നഷ്ടപ്പെട്ട ഗോത്രവർഗ്ഗക്കാരുടെ അവസ്ഥ ഏറെ ദയനീയമാണ്. പലതരത്തിലുള്ള വിവേചനങ്ങൾക്കും ചൂഷണത്തിനും വിധേയമായിക്കൊണ്ടിരിക്കുന്ന ഇവർ അകൽച്ചയുടെയും അനിശ്ചിതത്വത്തിന്റെയും നടുവിലാണ് കഴിയുന്നത്. വികസനത്തിന്റെ പേരിൽ ആദിവാസികൾ വാസസ്ഥലങ്ങളിൽ നിന്ന് കുടിയിറക്കപ്പെടുന്നത് നിത്യസംഭവമായി മാറിയിരിക്കുന്നു. പ്രത്യേക തൊഴിൽ സാമർഥ്യമില്ലാത്ത ഈ വർഗ്ഗത്തിന് തകർന്നുകൊണ്ടിരിക്കുന്ന കാർഷികമേഖല മാത്രമായിരുന്നു പ്രധാന ആശയം. എന്നാൽ ഈ രംഗത്തെ ഭൂമി, മൂലധനം, സാങ്കേതിക വിദ്യകൾ എന്നിവ അവർക്ക് അന്യമായതോടെ നിലനിൽപ്പിനായി ആശയിച്ചിരുന്ന ഉപജീവനമാർഗ്ഗ

ങ്ങളിൽ നിന്ന് ആദിവാസികൾ പിൻതള്ളപ്പെട്ടു. കൃഷിഭൂമി നഷ്ടമായതോടെ ആദിവാസികൾ കർഷകത്തൊഴിലാളികളായും കൂലിത്തൊഴിലാളികളായും തരം താഴ്ത്തപ്പെടുകയായിരുന്നു. മാറിയ പരിത:സ്ഥിതിയിൽ വിദ്യാഭ്യാസസൗകര്യം ലഭിച്ച പുതുതലമുറയിൽപ്പെട്ട ആദിവാസികൾ സർക്കാർ ഉദ്യോഗങ്ങളിൽ കയ റിപ്പറ്റാൻ തുടങ്ങിയിട്ടുണ്ടെങ്കിലും ഭൂരിഭാഗവും സാമ്പത്തിക പരാധീനതകൾ കാരണം ഉന്നത പഠനരംഗത്ത് എത്തിപ്പെടുന്നില്ല.

"ആഗോളവത്ക്കരണവും ഉദാരവത്ക്കരണവും ആദിവാസിസമൂഹത്തിന് ഏൽപ്പിച്ചിരിക്കുന്ന ആഘാതം വലുതാണ്. പട്ടിണി മരണങ്ങളും രോഗപീഡകളും അവരെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. പണസമ്പദ്വ്യവസ്ഥയുടെ കടന്നുവരവും തുല്യതയില്ലാത്ത കൊടുക്കൽ വാങ്ങലുകളും ആദിവാസികൾക്ക് പണത്തിന്റെ ആവശ്യകത വർധിപ്പിച്ചു. ഇത് പലിശയ്ക്ക് പണം വാങ്ങുന്നതിലേക്ക് അവരെ നയിച്ചു. പണം സൂക്ഷിച്ചുവയ്ക്കൽ ശീലമില്ലാത്ത അവരിൽ നിന്ന് മദ്യം, പുക യില, സിനിമ എന്നിവയിലൂടെ കുടിയേറ്റക്കാർ തന്നെ തിരിച്ചുപിടിച്ചു. ആദ്യം പണത്തിന് പകരമായി നാണ്യവിളകൾ പണയം നൽകിയ ആദിവാസികൾ പിന്നീട് ഭൂമി തന്നെ നിസാരവിലയ്ക്ക് പണയം നൽകാനും ആരംഭിച്ചു. അവശേ ഷിച്ച ഭൂമികൂടി നഷ്ടമാകാൻ ഇത് വഴിയൊരുക്കി."[13]

വ്യത്യസ്ത സംസ്കാരങ്ങളുടെ അധിനിവേശം കൊണ്ടാകാം ആദിവാസിക ളുടെ വളർച്ച മുരടിച്ചു പോകുന്നത്. ആദിവാസി ഭൂമികളിൽ ഉണ്ടായ സംഘടിത കുടിയേറ്റങ്ങളുടെ ഫലമായി ഉരുത്തിരിഞ്ഞ ഒരു സങ്കരസംസ്കാരമാണ് ഇന്ന് അവർക്കിടയിലുള്ളത്. തദ്ദേശവാസികളായ ഗോത്രജനതയുടെ തനതു സംസ്കാ രവും സ്വാശ്രിത ജീവിതഘടനയും അവർ സ്വതന്ത്രമായി താമസിച്ചിരുന്ന വിസ്തൃ തവന പ്രദേശങ്ങളും അവരുടെ ആത്മാഭിമാനംപോലും കുടിയേറ്റങ്ങളുടെ ഇര ച്ചുകയറ്റത്തിൽ അന്യമായി. അവർ ഇന്ന് സ്വന്തം ഭൂമിയിൽ അഭയാർഥികളെ പ്പോലെ അതിജീവനം തേടി ഉഴലുകളാണ്.

ആധുനിക സമൂഹം താലോലിക്കുന്ന പൊള്ളയായ നാഗരിക സംസ്കാരത്തി ന്റെയും വികസനത്തിന്റെയും വ്യവസായവത്ക്കരണത്തിന്റെയും സങ്കീർണമായ സാമ്പത്തിക ഘടകങ്ങളുടെയും കടന്നു കയറ്റവും ഉദ്ധാരണ പദ്ധതികളുടെ ഉൾക്കാഴ്ചയില്ലാത്ത ഔദ്യോഗിക സമീപനവും ആദിവാസികളുടെ ജീവിതഘട നയെ തന്നെ തകിടം മറിച്ചുകൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം

ആദിവാസികളെ ഉദ്ധരിക്കാൻ നടന്ന ശ്രമങ്ങളെല്ലാം ഫലത്തിൽ അവരുടെ വർഗ്ഗപരമായ സവിശേഷതകളെതന്നെ തുടച്ചു നീക്കാനാണ് ഇടയാക്കുന്നത്. സ്വന്തം മാതൃഭാഷപോലും അവരിൽ നിന്ന് അപഹരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. പരിഷ്കരണയത്നങ്ങളും ഔദാര്യപ്രകടനങ്ങളുമെല്ലാം അവരെ അപകർഷതയിലേക്ക് ചവുട്ടി താഴ്ത്തി കൊണ്ടിരിക്കുന്നു.

ദുർബലമായ ജനവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതികളുടെയും പട്ടികവർഗ്ഗങ്ങളുടെയും വിദ്യാഭ്യാസവും സാമ്പത്തികവുമായ താൽപ്പര്യങ്ങളെ പ്രത്യേകം ശ്രദ്ധയോടെ പ്രോത്സാഹിപ്പിക്കേണ്ടതും സാമൂഹികമായ അനീതിയിൽ നിന്നും എല്ലാതരത്തിലുള്ള ചൂഷണത്തിൽ നിന്നും അവരെ രക്ഷിക്കേണ്ടതുമാണെന്ന് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നുണ്ടെങ്കിലും നിയമപ്രകാരമുള്ള നടപടികളുടെ അഭാവം ഈ ജനസമൂഹത്തിന് ഇന്നും ശാപമായി അവശേഷിക്കുന്നു. വനം കൈയേറ്റത്തെ തുടർന്ന് വനമേഖലയിൽ നിന്ന് പുറത്താക്കപ്പെട്ട ആദിവാസികളെ ബദൽ ജീവിതാവസ്ഥയിലേക്ക് കൊണ്ടുവരുന്നതിൽ സർക്കാറും സമൂഹവും പരാജയപ്പെട്ടു.

ആശയ വിനിമയത്തിലെ തടസ്സങ്ങൾ കാരണം സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് ഒറ്റപ്പെടൽ, വിവിധ തരത്തിലുള്ള ചൂഷണങ്ങൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സർക്കാറിന്റെ ആദിവാസി ക്ഷേമപ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ആദിവാസികൾ ഉൾപ്പെടുന്ന ദുർബലവിഭാഗങ്ങളെ സംരക്ഷിക്കേണ്ടത് സംസ്ഥാനങ്ങളുടെ ചുമതലയാണെന്ന ബോധ്യത്തിൽ സർക്കാർ തലത്തിൽ നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ ഉദ്ദേശിച്ച ഫലം നേടിയതായി അവകാശപ്പെടാനുമാകില്ല.

ഇന്ന് ആദിവാസി ദളിത് സമരസമിതി, ആദിവാസി ഗോത്രമഹാസഭ, ആദിവാസിക്ഷേമസമിതി, ആദിവാസി കോൺഗ്രസ് തുടങ്ങിയ സംഘടനകളിലൂടെ അന്യാധീനമായ ഭൂമി തിരിച്ചുകിട്ടുന്നതിനും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുമുള്ള പോരാട്ടങ്ങളിലാണ് ആദിവാസി സമൂഹം. നൂറ്റാണ്ടുകൾക്ക് മുമ്പ് സമ്പന്നമായൊരു സംസ്കാരത്തിന് വിത്ത്പാകുകയും നിരവധി സവിശേഷതകൾകൊണ്ട് മാനവചരിത്രത്തെ സമ്പന്നമാക്കുകയും ചെയ്ത ഗോത്രവർഗം മാറിവരുന്ന അധികാര ശക്തികളോടും സംസ്കാര വിശേഷങ്ങളോടും എതിരിടാൻ പ്രാപ്തിയില്ലാതെ അധ:പതിച്ചുകൊണ്ടിരിക്കുകയാണ്. ആധുനിക-നാഗരിക സംസ്കാര

ത്തിന്റെ ഭീകരാവസ്ഥയെ സാന്ത്വനിപ്പിക്കാനുള്ള ഒരുപായം മാത്രമായിട്ടാണ് ആദി വാസി സംസ്കാരം അവശേഷിക്കുന്നത്.

*'നെല്ലു'* മുതൽ *'വന്നല'*വരെയുള്ള കൃതികളിൽ ആദിവാസി സമൂഹങ്ങളിൽ കാലം വരുത്തിയ മാറ്റങ്ങൾ വായിക്കാനാകും. 1972-ൽ പ്രസിദ്ധീകരിച്ച *നെല്ലിൽ* നിന്നു 2006-ൽ പുറത്തിറക്കിയ *'വന്നല'*യിലെത്തുമ്പോൾ 34 വർഷത്തെ ഇടവേ ളയുണ്ട്. ഇക്കാലയളവിൽ ആദിവാസികൾക്കിടയിലുണ്ടായ മാറ്റങ്ങൾ ഏറെയാ ണ്. വെള്ളവസ്ത്രം ധരിച്ചവരെ കണ്ടാൽ ഓടിയൊളിക്കുന്ന അപരിഷ്കൃതരും കാനനവാസികളുമായിരുന്ന ആദിവാസികൾ പുറം ലോകത്തെത്തിയും അവി ടുത്തെ ജനങ്ങളുമായി ഇടപഴകിയും പരിഷ്കാരികളായ കഥ ഈ നോവലുക ളിൽ ചിത്രീകരിക്കുന്നു. *നെല്ലി*ലെ പ്രധാന കഥാപാത്രമായ മല്ലനിൽ നിന്നും *കൊച്ചരേത്തി*യിലെ പത്മനാഭനിലേക്കുള്ള ദൂരം ആദിവാസി ജീവിതത്തിലുണ്ടായ വികാസപരിണാമങ്ങളുടേതാണ്.

കാവൽപ്പന്തലുകളിലോ ഏറുമാടങ്ങളിലോ രാപ്പകൽ വിശപ്പുസഹിച്ചും ഉറ ങ്ങാതെയും കൂനിക്കൂടിയിരിക്കുന്ന മല്ലനെപ്പോലുള്ളവരെ ഇന്നുകാണാൻ പ്രയാ സം. കൃഷിപ്പണിയിൽ താൽപ്പര്യം കാണിക്കാതെ പുറംനാട്ടിൽ കൂലിപ്പണിക്ക് പോകുന്നവരാണ് ഇന്ന് അധികംപേരും. തമ്പുരാന്റെ ജീവൻ താങ്ങിനിൽക്കുന്ന നെന്മണികൾക്ക് ജീവൻ അപകടപ്പെടുത്തി കാവൽ കിടക്കുന്നവർ ഇന്നില്ല.

പൊടിപുരണ്ട്, ദിവസങ്ങളോളം കുളിക്കാതെ അട്ടിക്ക് അഴുക്കുപുരണ്ട വസ്ത്ര ങ്ങൾ ധരിച്ചു നടക്കുന്ന ആദിവാസികളെ ഇന്ന് കാണാൻ പ്രയാസമാണ്. വൃത്തിയും വെടിപ്പുമില്ലാതെ നടന്ന പണിക്കാരെ നങ്ങേമയുടെ മകൻ അപ്പു നിർബന്ധിച്ചു കുപ്പായം ഇടുവിക്കുന്നത് വലിയ വിപ്ലവമായിരുന്നു. *(ആഗ്നേയം)* കൂമൻ കൊല്ലിയിലെത്തുമ്പോൾ ആദിവാസികളുടെ വസ്ത്രധാരണ രീതിയിൽ പ്രകടമായ മാറ്റം സംഭവിച്ചത് കാണാം. വെള്ളിയുടെ മകൾ ബന്ദി കന്യാസ്ത്രീ കൊടുത്ത പുള്ളിപ്പാവാടയും ജാക്കറ്റും ധരിക്കാൻ തുടങ്ങിയത് അവിടെയാർക്കും വലിയ അത്ഭുതമായിരുന്നില്ല എന്നത് ഈ മാറ്റത്തിനു തെളിവാണ്. അലിയുടെ കടയിൽ ചായ കുടിക്കാനെത്തുന്ന കൂപ്പുവേലക്കാരുടെ പകിട്ടേറിയ ലുങ്കിയും കൈയില്ലാത്ത ബനിയനും കറുത്ത കോട്ടും തലയിലെ വർണ്ണത്തൂവാലയും അത്ത റിന്റെ ഗന്ധവും ബന്ദിയെ ആകർഷിക്കുന്നത് മറുനാട്ടുകാരുടെ വസ്ത്രധാരണ രീതി ആദിവാസികളെ സ്വാധീനിക്കുന്നതിന്റെ സൂചനകളാണ്.

*കൊച്ചരേത്തി*യിലെ കൊച്ചുരാമന്റെ മകൾ പാർവ്വതിയും ഭർത്താവ് പത്മനാഭനും ആദിവാസികൾക്കിടയിലെ യുവതലമുറ എത്തിപ്പെട്ട പരിഷ്ക്കാരങ്ങളെക്കുറിച്ച് വ്യക്തമായ ചിത്രം നൽകുന്നുണ്ട്. "നീല സാരിയും വെള്ള ബ്ലൗസും ധരിച്ചു കൈയിൽ ഒരു ബാഗുമായി ബസ്സിറങ്ങിവരുന്ന പാർവ്വതി. തൊട്ടുപിന്നിൽ കളസവും ബൂട്ട്സും നീളൻ കൈ ഷർട്ടുമുള്ള ചെറുപ്പക്കാരനും"[14] ശമ്പളം കിട്ടുന്ന പണം ചെലവാക്കുന്ന കണക്ക് പാർവ്വതി അമ്മയോട് വിവരിക്കുന്നതിലും മാറിയ ജീവിത രീതികൾ പ്രകടമാണ്. "ഉച്ചയൂണ്, എണ്ണ, സോപ്പ്, പൗഡർ, പേസ്റ്റ്, അലക്ക്.... പിന്നെ ഇടയ്ക്കൊരു സിനിമ, മാറി മാറി ഉടുക്കാൻ ഡ്രസ്സ്..."[15] നഗരപരിഷ്ക്കാരങ്ങൾ ആദിവാസികളുടെ ജീവിതരീതികളിൽ വരുത്തിയ മാറ്റങ്ങൾ വയനാട്ടിലെയും മറ്റും ആദിവാസികുടിലുകളിൽ പ്രകടമാണ്. ഇന്ന് കൂലിപ്പണിക്കാരുടെ ചെറുകുടിലുകളിൽ കൂടി വൈദ്യുതിയും ടിവിയും കാണാം. അവർ വിലപിടിപ്പുള്ള വസ്ത്രങ്ങളും സൗന്ദര്യവർദ്ധക വസ്തുക്കളും ഉപയോഗിക്കുന്നു. കൂമൻകൊല്ലിയിലെ കാട്ടുമൂലയിൽ ഉഷാഉതുപ്പിന്റെ പോപ്പ് സംഗീതം കേട്ട് ഭരതൻ വിസ്മയിക്കുന്നത് 20 വർഷം മുമ്പാണ്. ഇന്നു ആദിവാസി ഊരുകളിൽ പാട്ടും സംഗീതവും ടെലിവിഷനുമൊന്നും അത്ഭുതമല്ല.

ആദിവാസികൾ കുടിൽ കെട്ടുന്ന രീതികളിലും മാറ്റമുണ്ടായി. നെല്ലിലെ ആദിവാസിക്കുടിലുകൾ പലതും അടുപ്പിൻകല്ലു മാതൃകയിലായിരുന്നു. നാലഞ്ചു കുടിലുകൾ അടുത്തടുത്തു നിർമ്മിക്കും. വെളുത്ത ചുണ്ടെലിയാണ് പുഴക്കുനിയിൽ ആദ്യത്തെ കുടിൽ കെട്ടുന്നത്. അടിക്കാടുവെട്ടി ചപ്പിനു തീയ്യിട്ടു. അനക്കാവുന്ന കല്ലുകൾ ഉരുട്ടി പുഴക്കരയിലെത്തിച്ചു. കാട്ടിൽ നിന്നു പച്ചമുള മുറിച്ചുകൊണ്ടു വന്നു ചീന്തിക്കെട്ടാക്കി അത്തിമരത്തിന്റെ കടയ്ക്കു കെട്ടി ഒഴുകുന്ന വെള്ളത്തിൽ ഞാത്തിയിട്ടു. നനഞ്ഞ ഉറപ്പുകൂടിയ മുള വലിച്ചു കരയ്ക്കു കയറ്റി മെടഞ്ഞു. ചെറ്റയുണ്ടാക്കി. അമ്മയും മകളും ഊരുവയലിൽപ്പോയി ചാണകം വാരിക്കൊണ്ടുവന്നു. കാട്ടിലെ പുറ്റടർത്തിക്കൊണ്ടുവന്നു വയൽച്ചെളിയും കൂട്ടിക്കുഴച്ചു പശപോലത്തെ മണ്ണ് മുളഞ്ചെറ്റയുടെ ഇരുപുറവും കനത്തിൽ മെഴുകിച്ചേർത്തു. ഒന്നാന്തരം കുടിൽ.

*കൊച്ചരേത്തി*യിൽ കൊച്ചുരാമൻ ഉണ്ടാക്കുന്ന വീട് കൂടുതൽ സൗകര്യങ്ങളോടു കൂടിയതാണ്. കാട്ടുകല്ലുകൾ കൊണ്ടുവന്നു തറകെട്ടി. മോന്തായം കയറ്റി, വാരിവരിഞ്ഞ് പുല്ലുമേഞ്ഞു, തറയുറപ്പിച്ചു തല്ലിമെഴുകി, മറച്ചുകെട്ടി. ഉത്തര

ത്തിൽ നിന്നു വിലങ്ങനെയും നീളത്തിലും മുളയും ഈറ്റയും കെട്ടിയുറപ്പിച്ച തിനു പുറമെ, ചതച്ചുകീറി ഇല്ലിത്തെതൽ ചേർത്തു നിരത്തി. മുകളിൽ കപ്പയും, നെല്ലുമൊക്കെ കയറ്റിവെയ്ക്കാനുള്ള തട്ട്. അടുപ്പിനു മുകളിൽ വീതിയും നീള വുമുള്ള ചേര്. കാറ്റിനും വെളിച്ചത്തിനും വേണ്ട വാതിലുകൾ, രണ്ടുമുറികളും അടുക്കളയും. കാലം മാറിയതോടെ ആദിവാസികളുടെ വീടുകൾക്കും രൂപാന്ത രമുണ്ടായി. വെയ്ക്കോൽ മേഞ്ഞ വീടുകൾക്കുപകരം ഓടിട്ട വീടുകളായി. (അ നുബന്ധം കാണുക) വീട് കെട്ടി മേയലാണ് തുടർന്നു വരുന്ന രീതിയെങ്കിലും തന്റെ വീട് ഓടിടണമെന്ന് *വന്നല*യിലെ തങ്കപ്പൻ നിർബന്ധം പിടിക്കുന്നത് പരിഷ്ക്കാരത്തിന്റെ തെളിവാണ്.

കൃഷിപ്പണിക്കുപോയാൽ ദിവസക്കൂലിയായികിട്ടുന്ന നെല്ല് (വല്ലി) കടയിൽ കൊടുത്തു വീട്ടിലേയ്ക്കുള്ള സാധനങ്ങൾ വാങ്ങിയിരുന്നവരാണ് ആദിവാസി കൾ. നെല്ലുകൊടുത്താണ് അവർ ഉണക്കമീനും, ശർക്കരയും, മുളകുമെല്ലാം വാങ്ങിയിരുന്നത്. കാട്ടിൽ നിന്നു വിറകുവെട്ടി കൊണ്ടുവന്നു കൊടുത്തും തേൻ എടുത്തുകൊടുത്തും ചെലവിനുള്ള സാധനങ്ങളോ ഒരു നേരത്തെ ചായയോ വാങ്ങിയിരുന്നവരും ഉണ്ടായിരുന്നു. കാലക്രമത്തിൽ ജന്മിമാരും മേലാളരും കൂലി യായി നെല്ലു കൊടുക്കുന്നതു നിർത്തി പകരം പണം നൽകാൻ തുടങ്ങിയതോ ടെയാണ് ആദിവാസികൾ കടകളിൽ നിന്നു സാധനങ്ങൾ പണം കൊടുത്തു വാങ്ങാൻ തുടങ്ങിയത്.

*കൊച്ചരേത്തി*യിലെ അരയന്മാർകൃഷിചെയ്തുണ്ടാക്കിയ കുരുമുളകും കാപ്പി ക്കുരുവുമൊക്കെ പട്ടണത്തിൽ നിന്നു വരുന്ന കച്ചവടക്കാർക്കു നൽകിയാണ് അവരിൽ നിന്നു പകരമായി ചട്ടി, കലം, ഉണക്കമീൻ, ചുട്ടിക്കരയൻ തുടങ്ങിയവ യെല്ലാം വാങ്ങിയിരുന്നത്. കൂമൻകൊല്ലിയിൽ വെള്ളി കൃഷിചെയ്തുണ്ടാക്കിയ പുൽത്തൈലപ്പുല്ല് വിറ്റു കിട്ടിയ കാശുകൊണ്ടു ഒരു സേർനെല്ലുമേടിക്കാൻ മകൾ ബന്ദിയെ കടയിലേക്ക് അയക്കുന്നുണ്ട്. നെല്ലുകൊടുത്തു വീട്ടുസാമാനങ്ങൾ വാങ്ങിയിരുന്ന ആദിവാസികൾ പിന്നീട് പുൽത്തൈലം, തേൻ, തുടങ്ങിയ കാട്ടു വിഭവങ്ങൾ വിറ്റ് നെല്ലും, അരിയും വാങ്ങുന്നതിലേക്കാണ് കാലം അവരെ കൊണ്ടു ചെന്നെത്തിച്ചത്. പിന്നീട് *കൊച്ചരേത്തി*യിലെ അവസാനഭാഗമാകുമ്പോഴേക്കും പാർവ്വതിയും പത്മനാഭനുമെല്ലാം സർക്കാർ ജീവനക്കാരും ശമ്പളം പറ്റുന്നവരു മായി മാറി.

കുടിയേറ്റക്കാരും നാട്ടിൻപുറത്തുകാരുമായുള്ള ഇടപഴകൽ ആദിവാസികൾക്കിടയിൽ വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. പുതിയ തൊഴിൽ മേഖലകൾ, വിദ്യാഭ്യാസ സാഹചര്യങ്ങൾ, സംഘടനാ ബോധം, രാഷ്ട്രീയ പ്രവർത്തനങ്ങൾ എന്നിവയെല്ലാം അവരെ പരിഷ്കൃത സമൂഹത്തിലേക്ക് അടുപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ പരമ്പരാഗതമായ സ്വന്തം സംസ്കാരത്തെ പൂർണമായും കൈവെടിയാനുള്ള വൈമനസ്യം കൊണ്ട് പരിഷ്കൃത സമൂഹം പൂർണ മനസോടെ തങ്ങളുടെ കൂടെ കൂട്ടാൻ തയ്യാറാകാത്തതുകൊണ്ട് ആദിവാസികൾ ധർമ്മ സങ്കടത്തിലാകുന്നു. വനഭൂമിയിൽ നിന്നും പഴയ ആവാസ കേന്ദ്രങ്ങളിൽ നിന്നും കുടിയിറക്കപ്പെട്ട ആദിവാസി സമൂഹത്തിന് മലയോരങ്ങളിലും കാനനപ്രദേശങ്ങളിലും കൃഷി ചെയ്തും കുലത്തൊഴിലുകളിൽ ഏർപ്പെട്ടും കഴിയാനാണ് ഇന്നും ആഗ്രഹം. എന്നാൽ പുനരധിവസിപ്പിക്കപ്പെട്ട ആദിവാസികളുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനോ അവരുടെ ക്ഷേമത്തിനാവശ്യമായ ഫലപ്രദ പദ്ധതികൾ നടപ്പാക്കുന്നതിനോ സർക്കാർ വേണ്ടത്ര വിജയിച്ചിട്ടില്ലെന്നുവേണം കരുതാൻ.

# കുറിപ്പുകൾ

1. മാവേലിമന്റം. നാരായൻ. പു. 28.
2. കൊച്ചരേത്തി. നാരായൻ പു. 98
3. അന്യാധീനപ്പെട്ട ഭൂമി, ആദിവാസി ഭൂപ്രശ്നത്തിന്റെ ചരിത്രവും രാഷ്ട്രീയ വും. പി. കെ. പ്രകാശ്. പു. 10
4. ഗോത്രയാത്ര. ഡോ. കെ. ജി. ഡാനിയേൽ. പു. 58, 59. ഈസ്റ്റ്മൗണ്ട് ബുക്സ്, തിരുവനന്തപുരം 2000.
5. കൂമൻകൊല്ലി. പി. വത്സല. പു. 128
6. അനുബന്ധം നാരായനുമായുള്ള അഭിമുഖം
7. ഗോത്രയാത്ര. ഡോ. കെ. ജി. ഡാനിയേൽ. പു. 23.
8. മാധ്യമം ആഴ്ചപ്പതിപ്പ്. കെ. എം സലീം കുമാർ. 2005 സെപ്തംബർ 16.
9. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ. പു. 44.
10. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ.
11. ജാനു സി. കെ. ജാനുവിന്റെ ജീവിതകഥ. ഭാസ്കരൻ.
12. ആദിവാസികളുടെ എന്നും നനവാർന്ന് കണ്ണ്. കെ. ജയചന്ദ്രൻ, സോളിഡാ രിറ്റി. യുവജനവർഷ സ്മരണിക 1985.
13. അന്യാധീനപ്പെട്ട ഭൂമി, ആദിവാസി ഭൂപ്രശ്നത്തിന്റെ ചരിത്രവും രാഷ്ട്രീയ വും. പി. കെ. പ്രകാശ്. പു. 18.
14. കൊച്ചരേത്തി. നാരായൻ. പു. 156.
15. കൊച്ചരേത്തി. നാരായൻ. പു. 157.

## അധ്യായം ആറ്

# ഉപസംഹാരം

പി. വത്സല, കെ.ജെ.ബേബി,നാരായൻ എന്നിവരുടെ നോവലുകളിൽ ആഖ്യാനം ചെയ്തിട്ടുള്ള ആദിവാസികളുടെ സംസ്കാരം നിരീക്ഷിക്കുക,ആ ആഖ്യാനങ്ങളിലൂടെ നോവലിസ്റ്റുകൾ സാധിച്ച സാംസ്കാരിക ധർമ്മം എന്തെന്നു കണ്ടെത്തുക എന്നീ ഗവേഷണപ്രവർത്തനങ്ങളുടെ ഫലമാണ് ഈ പ്രബന്ധത്തിൽ വിവരിച്ചിട്ടുള്ളത്.

കാട്ടുവാസികൾ, പ്രാകൃതർ എന്നെല്ലാം വിശേഷിപ്പിക്കുകയും, പൊതുസമൂഹം അകറ്റി നിർത്തുകയും ചെയ്തിരുന്ന ആദിവാസികളെ പുറംലോകത്തിന് പരിചയപ്പെടുത്തുന്നതിലും അവരുടെ സംസ്കാരത്തെയും ജീവിത രീതികളെയും കുറിച്ച് ജനങ്ങൾക്ക് അറിവുനൽകുന്നതിലും അവരെ സമുദ്ധരിക്കുന്നതിലും മേൽപ്പറഞ്ഞ നോവലിസ്റ്റുകളുടെ 'ആദിവാസി നോവലുകൾ' എത്രത്തോളം പങ്കുവഹിച്ചു എന്ന് പ്രബന്ധത്തിൽ നിരീക്ഷിച്ചിട്ടുണ്ട്. നോവലിസ്റ്റുകളുമായുള്ള അഭിമുഖ സംഭാഷണങ്ങളും വിവിധ ആദിവാസി മേഖലകളിൽ താമസിക്കുന്നവരിൽ നിന്നു ലഭിച്ച വിവരങ്ങളും ഈ പഠനത്തിന് ഉപാദാന സാമഗ്രികളായി സ്വീകരിച്ചിട്ടുണ്ട്.

പ്രബന്ധത്തിലെ ഓരോ അധ്യായത്തിലെയും പഠനഫലം താഴെ കൊടുക്കുന്നു.

1. ആദിവാസികളുടെ സാമൂഹികജീവിത സ്ഥിതികളും സാംസ്കാരികസവിശേഷതകളും മനസ്സിലാക്കുക എന്നത് ആദിവാസിനോവലുകളെക്കുറിച്ചുള്ള പഠനത്തിന് അനിവാര്യമാണ്.അത്തരത്തിലുള്ള ഒരു അന്വേഷണം നടത്തിയതിന്റെ ഫലമാണ് ഒന്നാം അധ്യായത്തിൽ വിസ്തരിച്ചിരിക്കുന്നത്.ആദിവാസികളിൽ നിന്ന് നേരിട്ടുബോധ്യപ്പെട്ടിട്ടുള്ളതും അവരെക്കുറിച്ചു എഴുതപ്പെട്ടിട്ടുള്ള പുസ്തകങ്ങളിൽ നിന്നു മനസ്സിലാക്കിയിട്ടുള്ളതുമായ വസ്തുത

കളാണ് അവിടെ വിവരിച്ചിട്ടുള്ളത്. സാഹിത്യകൃതികളിലൂടെയായാലും സാമൂഹ്യപ്രവർത്തനങ്ങളിലൂടെയായാലും ആദിവാസികൾ ഇനിയും സമുദ്ധരിക്കപ്പെടേണ്ടതുണ്ട് എന്ന് അന്വേഷണ നിരീക്ഷണങ്ങളിൽ നിന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

2. വയനാടൻ കാടുകളിൽ ഒറ്റപ്പെട്ടുകഴിഞ്ഞിരുന്ന ആദിവാസി സമൂഹത്തിൽ ആധുനികതയുടെ ചലനം സൃഷ്ടിക്കാനും അവരുടെ ജീവിതരീതികളിൽ മാറ്റങ്ങൾ ഉണ്ടാകുന്നതിനും പി. വൽസലയുടെ രചനകൾ സഹായകമായിട്ടുണ്ട്. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ഒഴുക്കുകിട്ടിയപോലെയുള്ള അനുഭവം ആദിവാസികളുടെ പ്രാകൃത ജീവിതത്തിൽ ഉണ്ടായത് വൽസലയെപ്പോലുള്ളവരുടെ രചനകളിൽ നിന്നുൾക്കൊണ്ട പ്രേരണയിൽ വ്യക്തികളും സംഘടനകളും സർക്കാറും ഉണർന്നു പ്രവർത്തിച്ചതിന്റെ ഫലമാണ് എന്നു കരുതാം. ആദിവാസികൾ അറിവും സംഘബോധവും നേടി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുന്നതിന്റെ സൂചനകളും അവരെ സമരസന്നാഹങ്ങൾക്ക് പ്രേരിപ്പിക്കുന്നതിന്റെ സാഹചര്യങ്ങളും വത്സലയുടെ രചനകൾക്ക് പശ്ചാത്തലമാകുന്നു. ആദിവാസികളെ ജിജ്ഞാസയോടെ നോക്കിക്കാണുകയും അവരുടെ സംസ്കാരസവിശേഷതകളെയും ജീവിതത്തിലെ സംഭവവികാസങ്ങളെയും നോവൽ എന്ന കലാശില്പത്തിന്റെ ചട്ടക്കൂട്ടിൽ വിവരിക്കുകയും ചെയ്തിരിക്കുന്നു വൽസല.

*നെല്ലിൽ* (1972)ആദിവാസി സമൂഹത്തിന്റെ ജീവിത-സംസ്കാരങ്ങളുടെ പൂർണചിത്രമുണ്ട്. അവരെ ഉദ്ധരിക്കാനുള്ള ശ്രമം അതിൽ നോവലിസ്റ്റ് ആരംഭിക്കുകയും ചെയ്തു. *ആഗ്നേയ*(1974)ത്തിൽ എത്തിയപ്പോൾ ആദിവാസിസമുദ്ധാരണ പരിശ്രമങ്ങൾ ശക്തിയുള്ളതായി തീർന്നു. *കൂമൻകൊല്ലി*യിൽ(1984)ആദിവാസികൾ പരിഷ്കരിക്കപ്പെട്ടു, മുഖ്യധാരയിൽ എത്തിക്കഴിഞ്ഞു. *ആഗ്നേയ*ത്തിന്റെ രചനകഴിഞ്ഞു പത്തുവർഷത്തോളം വേണ്ടിവന്നു *കൂമൻകൊല്ലി*യിൽ സമൂഹസമുദ്ധാരണപ്രവർത്തനങ്ങൾ രൂപപ്പെടുത്തിയെടുക്കാൻ. അതുകൊണ്ടു *കൂമൻകൊല്ലി*യിലെ സമുദ്ധാരണപ്രവർത്തനങ്ങൾക്ക് ശക്തിയും ആർജവവും ഏറി. പി.വത്സലയുടെ ആദിവാസി സമുദ്ധാരണ പരിശ്രമങ്ങളുടെ ക്രമാനുഗതമായ വളർച്ചയും പരിസമാപ്തിയും *നെല്ല്, ആഗ്നേയം, കൂമൻകൊല്ലി* എന്നീ നോവലുകളിൽകാണാം.

3. ആവാസ ഭൂമിയും കൃഷിസ്ഥലവും കാലക്രമത്തിൽ കൈമോശം വന്ന ആദി വാസി സമൂഹം നഷ്ടസൗഭാഗ്യങ്ങളെ വീണ്ടെടുത്തു അല്ലലില്ലാത്ത പുതി യൊരു ജീവിതം കെട്ടിപ്പടുക്കാൻ തീവ്രമായി അഭിലഷിക്കുന്നു. ആദിവാസി കളെ അവരുടെ സംസ്കൃതിയുടെ അടിത്തറയായ വനഭൂമിയിൽ നിന്നു കുടി യിറക്കാതെ കുലത്തൊഴിലുകളിൽ ഏർപ്പെട്ടു ജീവിക്കാനും, ഗോത്രവിശ്വാ സങ്ങളെന്ന് അവർ കരുതുന്ന ആചാരാനുഷ്ഠാനങ്ങളെയും സംസ്കാ രത്തനിമകളെയും, ആധുനികതയുടെ സ്വാധീനങ്ങൾക്കിടയിലും നില നിർത്തിക്കൊണ്ടു തന്നെ ആദിവാസികൾക്ക് പുതിയൊരു ജീവിതക്രമം ആവ ശ്യമാണെന്ന ചിന്തയിലേക്ക് നീങ്ങുന്നു കെ.ജെ. ബേബി *'മാവേലിമന്റ്'*മെന്ന നോവലിൽ. ആദിവാസികൾ അടിമകളല്ലാതിരുന്ന പഴയകാല പുരാവൃത്ത ങ്ങളെ കൂട്ടുപിടിച്ച് അവരിൽ വർഗബോധവും, അധികാരി വർഗ്ഗത്തിനെതി രായി പോരാടി നിലനിൽപ്പ് ഉറപ്പിക്കേണ്ടതിന്റെ ആവശ്യകതയും ഉണർത്തു കയാണ് നോവലിസ്റ്റ് ചെയ്യുന്നത്. ആദിവാസികളുടെ സംസ്ക്കാരത്തെ ചൈത ന്യപൂർണമാക്കുന്ന പഴയ പാട്ടുകളും കഥകളും തുടിച്ചെല്ലങ്ങളും നിലനിർത്ത ണമെന്ന ആഹ്വാനവും നോവലിലുണ്ട്.

അടിമകളല്ലാത്ത ആദിവാസി സമൂഹത്തെ ഒരു പുതിയ ജീവിതക്രമത്തെ, മാവേലിമന്റത്തിലെ ആദിവാസികൾ സ്വപ്നം കാണുന്നുണ്ട്. സമത്വം സ്വപ്നം കാണുന്ന ആദിവാസികളെയും സ്വപ്നം സാക്ഷാത്കരിക്കാൻ പോരാടുന്ന സംഘടിത ശക്തിയെയും *മാവേലിമന്റ*ത്തിൽ നോവലിസ്റ്റ് അവതരിപ്പിക്കു ന്നു. ആദിവാസികളുടെ സ്വപ്നവും അതിന്റെ സാക്ഷാത്കാരവുമാണ് ഈ നോവലിലെ കേന്ദ്രവസ്തു എന്നു പറയാം.

4. നാരായന്റെ നോവലുകൾ സ്വന്തം ജീവിതകഥയുടെ പശ്ചാത്തലത്തിൽ രചി ക്കപ്പെട്ടതായതിനാൽ അനുഭവ തീവ്രതയും വസ്തുതാ ചിത്രീകരണവും കൂടു തലാണ്. കുടിയേറ്റങ്ങളുടെയും ചൂഷണങ്ങളുടെയും ദുരിതഫലം അനുഭവി ക്കുന്ന ആദിവാസികളെ വിദ്യാഭ്യാസത്തിലൂടെ ബോധവത്ക്കരിക്കാനും കഷ്ട തകളിൽ നിന്നു മോചനം നേടുന്നതിനു ഒറ്റക്കെട്ടായി പ്രവർത്തിക്കാനും നോവലുകളിലൂടെ നാരായൻ പ്രേരിപ്പിക്കുന്നു. ആരുടെയും അടിമകളല്ലാ തിരുന്നിട്ടും വ്യവസ്ഥിതികളുടെ വികലതകളാൽ ദുരിതമനുഭവിക്കുന്ന ആദി വാസികൾക്ക് സ്വയം ശക്തി ആർജ്ജിച്ച് അനീതികളോട് പൊരുതാനുള്ള

ആഹ്വാനവും നാരായൻ നോവലുകളിലൂടെ നൽകുന്നു. മതപരിവർത്തനം, പുറംലോകവുമായുള്ള ഇടപെടലുകൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ, സർക്കാർജോലി.... ഇങ്ങനെ ആദിവാസികളുടെ ജീവിതത്തിൽ മാറ്റം വരുത്തിയ ഘടകങ്ങൾ ഓരോന്നും കഥയുടെ അടിയൊഴുക്കായി ഉപയോഗിക്കുന്ന നോവലിസ്റ്റ് ആദിവാസികളുടെ ജീവിത പുരോഗതിക്ക് സഹായിച്ച വസ്തുതകൾ പലതും അവരുടെ പരമ്പരാഗത ജീവിത കെട്ടുറപ്പിനു ഭീഷണിയാകുന്നതായും ചൂണ്ടിക്കാട്ടുന്നു. ആദിവാസികളുടെ സംഘടനാ രൂപവത്ക്കരണങ്ങളും വർഗ്ഗസമരങ്ങളും നാരായന്റെ നോവലുകളിൽ കാണാം.

കാലങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന ചൂഷണങ്ങളും പ്രയാസങ്ങളും ഇല്ലാതാക്കുന്നതിന് ആദിവാസികൾ സംഘടിതശക്തിയായി പോരാടണമെന്നും വിദ്യാഭ്യാസത്തിലൂടെ കരുത്താർജ്ജിച്ച് ജിവിതം കരുപ്പിടിപ്പിക്കണമെന്നുമുള്ള ആഹ്വാനം *കൊച്ചരേത്തി, ഊരാളിക്കുടി, വന്നല* എന്നീ നോവലുകളിൽ കാണാം.

5. ആചാരാനുഷ്ഠാനങ്ങളിൽ കാലക്രമത്തിൽ സംഭവിച്ച താളഭംഗങ്ങളും ആധുനിക ജീവിത പരിഷ്ക്കാരങ്ങളുടെ സ്വാധീനവും ആദിവാസികളുടെ ജീവിതരീതികളിൽ ഏറെ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മാറിയ ജീവിത സാഹചര്യങ്ങൾ, പുതിയ തൊഴിൽമേഖലകൾ, സർക്കാറിന്റെ ക്ഷേമപദ്ധതികൾ, മതപരിവർത്തനം, കുടിയേറ്റങ്ങൾ, രാഷ്ട്രീയ ഇടപെടലുകൾ, വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ ആദിവാസികളുടെ ജീവിതത്തെ മാറ്റിമറിച്ചു. പാർപ്പിടം, വസ്ത്രം, ഭക്ഷണം, രോഗചികിത്സ, ഗതാഗതം, വാർത്താവിനിമയം തുടങ്ങിയ കാര്യങ്ങളിലുണ്ടായ മുന്നേറ്റങ്ങളും ആദിവാസികളെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്ന ഘടകങ്ങളാണ്.

സംഭവചിത്രീകരണത്തിലൂടെയും കഥാപാത്ര അവതരണത്തിലൂടെയും ആദിവാസികളുടെ ജീവിതാവസ്ഥകളെ വെളിച്ചത്തുകൊണ്ടുവരികയാണ് നോവലിസ്റ്റുകൾ ചെയ്തിരിക്കുന്നത്. പുറം ലോകത്തിന് അന്യമായിരുന്ന കാട്ടുമനുഷ്യരെക്കുറിച്ച് വിവരിക്കുന്ന നിരവധി കൃതികൾ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും ആദിവാസി ജീവിതം ചിത്രീകരിച്ചിട്ടുള്ളതും അവരുടെ സമുദ്ധാരണം ലക്ഷ്യമാക്കിയിട്ടുള്ളതുമായ കൃതികളാണ്/നോവലുകളാണ് ജനങ്ങളെ കൂടുതൽ ആകർഷിച്ചിട്ടുള്ളത്. ഇത്തരം കൃതികൾ വായിച്ചാണ് പലരും കാലങ്ങളായി കാട്ടിൽ കഴി

യുന്ന മനുഷ്യരെപ്പറ്റി മനസ്സിലാക്കുന്നതും പിന്നീട് കൂടുതൽ അറിയാൻ ശ്രമിക്കുന്നതും. വർഷങ്ങളായി അടിമകളെപ്പോലെ നരകിച്ചുകഴിയുന്ന ആദിവാസികളുടെ ദുരിതങ്ങൾ മനസ്സിലാക്കിയ ചിലർ അവരുടെ ക്ഷേമത്തിനും മോചനത്തിനും വേണ്ടി പ്രവർത്തിക്കാനും അവരെ സംഘടിത ശക്തികളാക്കാനും മുന്നോട്ടുവന്നിട്ടുണ്ട്. ആദിവാസികൾക്കിടയിൽ നിന്നു സി.കെ. ജാനുവിനെ പോലുള്ള നേതാക്കൾ ഉടലെടുക്കും മുമ്പ് അവരുടെ അവകാശങ്ങൾക്കായി ശ്രമിക്കാനും അവരെ സംഘടിപ്പിക്കാനും പുറത്തുനിന്നുള്ളവരാണ് മുന്നോട്ടു വന്നത്.

അനുബന്ധം 1

# പി. വത്സലയുമായുള്ള അഭിമുഖം

ചോദ്യം: ആദിവാസികളുടെ ജീവിതവും സംസ്കാരവും നോവലുകൾക്ക് വിഷയമാക്കാനുള്ള പ്രേരണ?

ഉത്തരം: വയനാട്ടിലെ കണിയാമ്പറ്റയിൽ എസ്റ്റേറ്റ് ഉണ്ടായിരുന്ന അച്ഛനിൽനിന്ന് ചെറുപ്പം മുതലേ ആദിവാസികളെ കുറിച്ചു കേട്ടറിഞ്ഞിരുന്നു. പിന്നീട് പലപ്പോഴായി അച്ഛനോടൊപ്പം വയനാട്ടിൽ പോയപ്പോൾ ആദിവാസികളെ നേരിൽ കാണാനും അവരുടെ സവിശേഷ സംസ്കാരവും ജീവിതരീതികളും മനസ്സിലാക്കാനും അവസരം ലഭിച്ചു. അവരുടെ കല്യാണങ്ങളിലും മരണാനന്തര ചടങ്ങുകളിലും പങ്കെടുക്കാനും അവസരം കിട്ടിയിട്ടുണ്ട്. നരവംശ ശാസ്ത്രം ഇഷ്ടപ്പെട്ട വിഷയമായതിനാൽ ആദിവാസികളെ കുറിച്ച് കൂടുതൽ വിശദമായി മനസ്സിലാക്കി. ബീഹാർ, ഒറീസ, ആസാം, ആന്ധ്രപ്രദേശ് തുടങ്ങിയ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും അമേരിക്കയിലും ജീവിക്കുന്ന ആദിവാസികളെയും നേരിൽ കണ്ടു പഠനവിധേയമാക്കിയിട്ടുണ്ട്.

ചോദ്യം: നോവലിലെ ആദിവാസി ചിത്രീകരണം യഥാതഥമല്ലെന്നും വസ്തുതകൾക്ക് നിരക്കുന്നതല്ലെന്നുമുള്ള വിമർശനത്തെ കുറിച്ച് എന്തു പറയുന്നു?

ഉത്തരം: നോവലിലും കഥകളിലുമെല്ലാം എഴുതിയ കാര്യങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കിയത് മാത്രമാണ്. മുഖ്യധാരാ സമൂഹത്തിൽ എത്തിപ്പെടാൻ കഴിയാതെ വനത്തിൽ തന്നെ കഴിയേണ്ടിവന്ന ഒരു മനുഷ്യവർഗം ഉണ്ടെന്നു കണ്ടെത്തി അവരെ പരിഷ്കൃത ലോകത്തിനു മുന്നിൽ അവതരിപ്പിക്കുകയായിരുന്നു ഉദ്ദേശ്യം. നോവലിലെ കഥാപാത്രങ്ങളെല്ലാം ഞാൻ വയനാട്ടിൽ കണ്ടുമുട്ടി പരിചിതരായവരാണ്. കണ്ടകാര്യങ്ങൾ

അതേപടി പകർത്തിവെയ്ക്കുന്നത് നോവലിസ്റ്റിന്റെ ധർമ്മമല്ല. അതു കൊണ്ട് അതെല്ലാം നോവൽ രൂപത്തിൽ അവതരിപ്പിച്ചുവെന്നു മാത്രം. പുറംനാട്ടിൽനിന്നുവന്ന ഞാൻ ആദിവാസികളുടെ ജീവിതരീതികൾ അകലെമാറിനിന്നു കാണുന്ന ആളെന്ന നിലയിലാണ് എഴുതിയത്. വന വാസികളെ കുറിച്ചുള്ള വസ്തുതകളെ പുറം ലോകത്തെ ബോധ്യപ്പെ ടുത്താനും ആദിവാസികളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനു മറ്റു ള്ളവർക്ക് പ്രചോദനമാകുന്നതിനുമാണ് എന്റെ രചനകളിൽ ശ്രമിച്ചി ട്ടുള്ളത്.

ചോദ്യം: ആദിവാസി കഥാപാത്രങ്ങൾക്കിടയിൽ സവർണരായകഥാപാത്രങ്ങളെ അവതരിപ്പിച്ചത് അനാവശ്യമാണെന്ന് നാരായനും മറ്റും അഭിപ്രായപ്പെ ട്ടിട്ടുണ്ട്.

ഉത്തരം: സവർണ്ണൻ എന്നെല്ലാമുള്ള വേർതിരിവ് വായനക്കാരാണ് ഉണ്ടാക്കിയ ത്. നോവലുകളിലെ രാഘവൻ നായരെ പോലെയുള്ളവർ ആദിവാ സികൾക്കിടയിൽ ഏറെക്കാലമായിതാമസിക്കുന്നവരുടെ പ്രതിരൂപം തന്നെയാണ്. രാഘവൻനായർ എന്ന കഥാപാത്രം സാങ്കൽപ്പികമല്ല. ആദിവാസി ഊരിൽ പരിചയപ്പെട്ട ഒരാളെ കഥാപാത്രമാക്കിയതാണ്. കാട്ടിലും മലയിടുക്കുകളിലും ഒറ്റപ്പെട്ടു താമസിക്കുന്ന ആദിവാസി കൾക്ക് സാമൂഹ്യ സമ്പർക്കത്തിനു സഹായിക്കുന്ന ഒരു വ്യക്തിയാണ് അദ്ദേഹം. സാമൂഹിക സമ്പർക്കത്തിലൂടെയാണ് അവരിൽ ബോധവ ത്കരണവും അവരുടെ ജീവിതരീതികളിൽ മാറ്റങ്ങളും ഉണ്ടായത്.

ചോദ്യം: നോവലുകളുടെ രചനാഘട്ടത്തിൽ ആദിവാസികൾ മാറ്റത്തിനു വിധേ യമായിരുന്നതായി കണ്ടെത്തിയിരുന്നു.

ഉത്തരം: പ്രകൃതിയുമായി വളരെയേറെ ബന്ധപ്പെട്ടു കിടക്കുന്ന പ്രത്യേക സംസ്കാരമാണ് ആദിവാസികളുടേത്. വിവിധഘട്ടങ്ങളിൽ അവർ പുറം ലോകവുമായി ബന്ധപ്പെട്ടു കഴിയാൻ തുടങ്ങിയിട്ടുണ്ടെങ്കിലും ഒറ്റപ്പെ ട്ട ജീവിതമാണ് ഇന്നും ആദിവാസികൾ ആഗ്രഹിക്കുന്നത്. ആദിവാ സികളെ സമൂഹമധ്യത്തിലേക്ക് ഉയർത്തിക്കൊണ്ട് വരികയെന്ന ലക്ഷ്യ ത്തോടെ വയനാടൻ മലയടിവാരങ്ങളിലും മറ്റും എത്തിയ മിഷനറിമാ രുടെ പ്രധാന ഉദ്ദേശ്യം മതപരിവർത്തനം തന്നെയായിരുന്നു. കുടിയേ

റ്റക്കാരുടെ ആധിപത്യം കൃഷിഭൂമിയും പരമ്പരാഗത തൊഴിൽ രീതിയും ആദിവാസികൾക്ക് നഷ്ടപ്പെടാനും ഇടയാക്കി.സ്വന്തം മണ്ണിൽ നിന്നു വേറിട്ടുള്ള ഒരു ജീവിതം അവർക്ക് അസാധ്യമായിരുന്നു. പട്ടിണി കിടന്നാലും സ്വന്തം മണ്ണിലേക്ക് തന്നെ തിരിച്ചുവരാനാണ് അവർ ആഗ്രഹിക്കുന്നത്.

ചോദ്യം: ആദിവാസികൾ പുറംലോകത്തുനിന്നുള്ളവരുടെ നിരന്തരമായചൂഷണങ്ങൾക്ക് വിധേയമായിരുന്നതായി നോവലിൽ പറയുന്നു.

ഉത്തരം: വയനാട്ടിൽ ആദിവാസികളുടെ ഇടയിൽ താവളമുറപ്പിച്ച ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യം മതപരിവർത്തനം തന്നെയായിരുന്നു. അത് കഴിഞ്ഞു മാത്രമേ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താനുള്ള പ്രവർത്തനങ്ങൾക്ക് സ്ഥാനം നൽകിയിരുന്നുള്ളൂ. ലോകം മുഴുവൻ അതുതന്നെയാണ് നടന്നത്. വയനാട്ടിലെ ആദിവാസികൾക്കിടയിലും മിഷനറിമാർ മതപരിവർത്തനത്തിനാണ് മുൻതൂക്കംനൽകിയത്. അച്ഛനില്ലാതെ കുട്ടികളെ പ്രസവിക്കേണ്ടിവന്ന ആദിവാസി സ്ത്രീകൾ ഇതേക്കുറിച്ച് ഏറെ വ്യാകുലപ്പെടുന്നില്ല. മേലാളരുടെ കുട്ടികളെ പ്രസവിക്കുന്നത് മികവായി കരുതുകയും അതിനായി ആഗ്രഹിക്കുകയും ചെയ്യുന്ന ആദിവാസിസ്ത്രീകളുണ്ട്. മേലാളരുടെ തൊലിവെളുത്ത കുട്ടികളെസ്വന്തമാക്കാൻ കഴിയുക വലിയനേട്ടമായാണ് അവരിൽ ചിലർ കരുതുന്നത്. അച്ഛനില്ലെങ്കിലും അവർ കുട്ടികളെ കഷ്ടപ്പെട്ടു വളർത്താനും തയ്യാറാകുന്നു.

ചോദ്യം: ആദിവാസികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ എത്രത്തോളം വിജയിച്ചിട്ടുണ്ട്.

ഉത്തരം: സർക്കാർ ആദിവാസികൾക്കായി നടപ്പാക്കുന്ന പദ്ധതികളുടെ പൂർണഫലവും അവർക്ക് ലഭിക്കുന്നില്ല. അതിനു പ്രധാന കാരണം ഉദ്യോഗസ്ഥരുടെ അഴിമതിയാണ്. മറ്റു വിഭാഗങ്ങളെ പോലെ ആദിവാസികൾക്കിടയിൽ രാഷ്ട്രീയ അതിപ്രസരം ശക്തമായിബാധിച്ചിട്ടില്ല. രാഷ്ട്രീയ പാർട്ടികൾ അവരെ വോട്ടുബാങ്കുകൾ മാത്രമായി തീർക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും പൂർണമായും വിജയിച്ചിട്ടില്ല. വിവേചന ശക്തി ഉപയോഗിച്ചാണ് അവർ കാര്യങ്ങൾ വിലയിരുത്തുന്നതും പക്ഷം ചേരു

ന്നതും. ആദിവാസികൾക്ക് വിദ്യാഭ്യാസം നൽകുന്ന പദ്ധതിയും വേണ്ടത്ര വിജയംകണ്ടില്ല. തോൽക്കുന്ന വിദ്യാർത്ഥികൾക്ക് തുടർന്നു പഠിക്കുന്നതിനുള്ള താൽപ്പര്യം ഉണ്ടാക്കാനോ അതിനുള്ള അവസരം ഒരുക്കാനോ സംവിധാനമില്ല. അവർക്കുവേണ്ടി അവരുടെ മാതൃഭാഷയെ അധികരിച്ചുള്ള പാഠ്യപദ്ധതി നടപ്പിലാക്കിയാലേ വിദ്യാഭ്യാസം നൽകുന്നതിന്റെ യഥാർത്ഥ ഗുണം ലഭിക്കുകയുള്ളൂ.

ആദിവാസി സമൂഹങ്ങളിൽ മാത്രമല്ല എല്ലാ വിഭാഗങ്ങളിലും മാറ്റത്തിനു വഴിയൊരുക്കുന്ന പ്രധാന ഘടകം പണമാണ്. പണമില്ലെങ്കിൽ സംഘടനാ പ്രവർത്തനങ്ങളോ ക്ഷേമ പദ്ധതികളോ നടക്കില്ല. ആദിവാസികൾക്കിടയിലെ ജീവിത പുരോഗതി അവർക്ക് നേട്ടത്തോടൊപ്പം ദോഷവും ഉണ്ടാക്കിയിട്ടുണ്ട്. അതിലൊന്നാണ് മദ്യപാനശീലം. മദ്യപാനികളും കഞ്ചാവ് ഉപയോഗിക്കുന്നവരും വർധിച്ചതോടെ അവരുടെ ആരോഗ്യം ക്ഷയിക്കാനും കാരണമായി.

ചോദ്യം: കാട്ടിൽ ദുരിതജീവിതം നയിക്കുന്നവരെ സമുദ്ധരിക്കാൻ എത്തിയവരുടെ പ്രവർത്തനങ്ങൾ ആദിവാസികളുടെ ജീവിതത്തിൽ എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഉത്തരം: കാലങ്ങളായി മേലാളരുടെ അടിമകളായി ജീവിച്ചവർക്ക് പെട്ടെന്നൊരു സുപ്രഭാതത്തിൽ രാഘവൻനായരെ പോലെയുള്ള ഉദാരമനസ്കനെ ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ സദുദ്ദേശ്യങ്ങളെ മറ്റു മേലാളർ ചോദ്യം ചെയ്തതും പണിക്കാരായ ആദിവാസികൾ സംശയദൃഷ്ടിയോടെ കണ്ടതും അതുകൊണ്ടാണ്. രാഘവൻ നായരെ പോലെയുള്ള ഉൽപതിഷ്ണുക്കളായവരെ ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ ഉള്ള മാനസിക പശ്ചാത്തലം അക്കാലത്തെ ആദിവാസികൾക്കെന്നല്ല അവിടുത്തെ സവർണർക്ക് പോലും ഇല്ലായിരുന്നു. വർഗ്ഗീസിനു വയനാട്ടിലെ ആദിവാസികൾക്കിടയിൽ വലിയ സ്വാധീനമുണ്ടായിരുന്നു. ആത്മാർത്ഥമായി പ്രവർത്തിക്കുന്നവരെ തിരിച്ചറിയാനുള്ള പ്രത്യേക കഴിവ് ആദിവാസികൾക്കുണ്ട്. അതുകൊണ്ടാണ് ഇന്നത്തെ നേതാക്കളായ സി.കെ. ജാനുവും ഗീതാനന്ദനുമൊന്നും ആദിവാസിസമൂഹങ്ങൾക്കിടയിൽ വേണ്ടത്ര സ്വാധീനം ചെലുത്താൻ

കഴിയാതെ പോയതും.

കേരളത്തിലെ ആദിവാസികൾ തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ അത്തരം ചിന്താഗതി വെച്ചുപുലർത്തുകയോ ചെയ്തിരുന്നില്ല. ആന്ധ്രപ്രദേശ്, ബംഗാൾ, ഒറീസ, ആസാം, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ആദിവാസികളെ പോലെ സംഘടിത ശക്തിയായി അവകാശങ്ങൾ നേടിയെടുക്കാനുള്ള സായുധ സമരങ്ങൾക്ക് കേരളത്തിലെ ആദിവാസികൾതയ്യാറായിരുന്നില്ല. വിപ്ലവകാരികളാകാനുള്ള മാനസികാവസ്ഥ അവരിൽ ഇല്ലായിരുന്നു. അതുകൊണ്ടാണ് ആദിവാസികളെ സംഘടിപ്പിക്കാനും ജീവിത ഉയർച്ചക്കായി അവരെ ബോധവത്കരിക്കാനുമുള്ള ദൗത്യം പുറത്തുനിന്നുള്ളവർ ഏറ്റെടുത്തത്. സംഘടിതരായി മേലാളരോട് എതിർക്കാനും സായുധ വിപ്ലവം നയിക്കാനും ആദിവാസികൾ മടിച്ചത് പ്രധാനമായും ഭയം കൊണ്ടായിരുന്നു. തൊഴിൽ നഷ്ടമാകും, സമുദായത്തിൽനിന്ന് പുറംതള്ളപ്പെടും എന്നിങ്ങനെയുള്ള പേടി അവർക്ക് വലുതായുണ്ടായിരുന്നു.

ചോദ്യം: കാലക്രമത്തിൽ ആദിവാസികൾക്കിടയിലുണ്ടായ മാറ്റങ്ങൾ വിലയിരുത്താമോ?

ഉത്തരം: ആഹാരം, വസ്ത്രം, തൊഴിൽ, വീട് സംരക്ഷണം, ആരോഗ്യരക്ഷ തുടങ്ങിയ കാര്യങ്ങളിലെല്ലാം ആദിവാസികൾ ഏറെ മാറിയിട്ടുണ്ട്. പണ്ട് പ്രകൃതി നൽകുന്ന ഭക്ഷ്യവസ്തുക്കൾ കഴിച്ചിരുന്നവർ, റാഗിയും കാട്ടുകനികളും ശീലമാക്കിയിരുന്നവർ ഇന്ന് കൃത്രിമ ഭക്ഷണമാണ്കഴിക്കുന്നത്. അതും മദ്യപാനശീലവും അവരുടെ ആരോഗ്യം ക്ഷയിക്കാൻ കാരണമായിട്ടുണ്ട്. വസ്ത്രധാരണത്തിലും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിലും ഇന്നത്തെ ആദിവാസികൾ ഏറെ ശ്രദ്ധാലുക്കളാണ്. മിക്കവർക്കും സർക്കാർ വീട് നിർമിച്ചുകൊടുത്തിട്ടുണ്ട്. പ്രകൃതിയിൽനിന്ന് അകന്നതോടെ അവരിൽ രോഗങ്ങൾ വർധിച്ചു. എന്നാൽ പണ്ടത്തെ പോലെ രോഗം മാറ്റാൻ മന്ത്രവാദത്തെയും പച്ചമരുന്നുകളെയും മാത്രം ആശ്രയിക്കുന്ന രീതിക്ക് മാറ്റമുണ്ടായി. ഇപ്പോൾ ചെറിയൊരു രോഗം വന്നാൽ പോലും ഡോക്ടറെ കാണിക്കുമെന്നായി. ചികിത്സാ ചെലവ് കുറവുള്ള സർക്കാർ ആശുപത്രികളെയാണ്

മിക്കവരും ആശ്രയിക്കുന്നത്. അവകാശങ്ങളെ കുറിച്ചുള്ള ബോധവും സംഘടനാ ശക്തിയും ഉള്ളതിനാൽ പുതിയ തൊഴിൽ മേഖലകളിൽ എത്തിപ്പെടാനും കൃത്യമായകൂലി ചോദിച്ചുവാങ്ങാനും അവർ കഴിവു ള്ളവരായി. എങ്കിലും അവർക്കിടയിലെ അന്ധവിശ്വാസങ്ങൾ അത്രയെ ളുപ്പം മാറ്റാനായിട്ടില്ല. പല ആചാരങ്ങളും അവർ രഹസ്യമായിട്ടാണെ ങ്കിലും ഇന്നും തുടരുന്നുണ്ട്. സ്ത്രീകൾ വെറുതെ വീട്ടിലിരിക്കാതെ തന്റേടികളായി കുടുംബം പുലർത്തുകയും കൂടുതൽ സ്വാതന്ത്ര്യം അനു ഭവിക്കുകയും ചെയ്യുന്നു.

അനുബന്ധം 2

# കെ. ജെ. ബേബിയുമായുള്ള അഭിമുഖം

ചോദ്യം: *മാവേലിമന്റ*ത്തിന്റെ രചനക്ക് പിന്നിലെ പ്രയത്നവും പ്രേരണയും എന്തെല്ലാമാണ്.

ഉത്തരം: മാവേലിമന്റ സങ്കൽപ്പം ആദിവാസികളുടെ സാംസ്കാരിക പൈതൃകവുമായി ബന്ധപ്പെട്ടതാണ്. വെള്ളത്തിൽ നിന്നാണ് ജീവിവർഗം ഉടലെടുത്തതെന്ന സാംസ്കാരിക സങ്കൽപ്പത്തിന്റെ തുടർച്ച തന്നെയാണത്. അതിനെ സിംപോളിക്കായി അവതരിപ്പിക്കുകയാണ് *മാവേലിമന്റ*ത്തിൽ. ഇതിന്റെ രചനക്കാവശ്യമായരേഖകളും പാട്ടുകളും കഥകളും ശേഖരിക്കുന്നതിൽ ഏറെ പ്രയാസപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് കൈപ്പാടനെ പണയംവെച്ചതുമായി ബന്ധപ്പെട്ട പഴയ രേഖകൾ കണ്ടെത്താൻ ഏറെ പണിപ്പെട്ടു. ഏതു കാലഘട്ടത്തിലും മനുഷ്യൻ നേരിടുന്ന പ്രശ്നങ്ങൾ പാട്ടിലൂടെ അവതരിപ്പിക്കുന്ന ഒരു തലമുറയുടെസവിശേഷതകൾ കണ്ടെത്തി. ആ പാട്ടുകളും കഥകളും അതേപടി കാത്തുരക്ഷിക്കണമെന്ന മോഹമാണ് നോവലിന്റെ രചനക്ക് പ്രേരകമായത്. വള്ളിയൂർ കാവിലെ മൂപ്പന്റെ അടുത്തുനിന്നാണ് കഥക്കാവശ്യമായസൂചനകൾ കിട്ടിയത്. തുടർന്നു നടത്തിയ നിരന്തരമായ അന്വേഷണങ്ങളിലൂടെ രചനക്കാവശ്യമായ സംഭവങ്ങളും പാട്ടുകളും പഴംകഥകളും ശേഖരിക്കാനായി.തിരുനെല്ലിയിലെ ജവരപ്പെരുമനിൽനിന്നു യാദൃച്ഛികമായാണ് പഴയപാട്ടുകളും മറ്റും ലഭിക്കുന്നത്. നമ്മുടെ മാവേലിത്തമ്പുരാന് അവരുടെ ആദിമൂപ്പനുമായി ബന്ധമുണ്ട്. പാട്ടും രേഖകളും ആദിവാസികളുടേതാണ്. അതിനെ സാഹിത്യപരമായ ചിന്തകളുംഭാവനകളും കൊണ്ട് ഏകീകരിച്ചതാണ് മാവേലിമന്റം.

ചോദ്യം: ആദിവാസികളുടെ ജീവിതത്തെയും സംസ്കാരത്തെയും നോവലിൽ അവതരിപ്പിച്ച രീതി?

ഉത്തരം: തുടിച്ചൊല്ലുകളിലും പാട്ടുകളിലും നല്ല നാളെയെസ്വപ്നം കണ്ടു കഴിഞ്ഞവരാണ് ആദിവാസികൾ. അവർക്ക് നിരന്തരമായി അടിമകളായി കഴിയേണ്ടിവന്നു. ഒരുതമ്പുരാനിൽനിന്നു മറ്റൊരു തമ്പുരാനിലേക്ക് എന്ന മട്ടിൽ മാറിമാറി അടിമകളാകേണ്ടിവന്നവർക്ക് അതിൽനിന്നു ഉയരാനായില്ല. അതിൽനിന്നു രക്ഷപ്പെടാനുള്ള ഒളിച്ചോട്ടങ്ങളും ഫലംകണ്ടില്ല. എല്ലാചരിത്രങ്ങളിലും ഇത്തരത്തിലുള്ള ഒളിച്ചോട്ടങ്ങൾ കാണാം.

അവരുടെ സ്വപ്നങ്ങളിൽ പോലും മരണാനന്തരമുള്ള അടിമജീവിത മായിരുന്നു. പുതിയ മൂപ്പന്മാർ, തമ്പുരാക്കന്മാരുടെ സ്വന്തം ആളുക ളായി പ്രവർത്തിച്ചതും അവരുടെ വിമോചനം അസാധ്യമാക്കി. മറ്റു ള്ളവരുടെ പുച്ഛത്തോടെയുള്ള സമീപനം തന്റെ സംസ്കാരം വളരെ മോശമാണെന്ന തോന്നൽ ആദിവാസികൾക്കിടയിൽ ഉണ്ടാക്കിയിരു ന്നു. ഇത്തരം സാഹചര്യങ്ങളിൽ നിന്നുകൊണ്ട് പുതിയൊരു ലോക ത്തെത്താനും കൈവിട്ടുപോയ സൗഭാഗ്യങ്ങൾ വീണ്ടെടുക്കാനുമുള്ള അവരുടെ മനസ്സിന്റെ ഉള്ളറകളിലെ മോഹത്തെ പൊലിപ്പിച്ചു കാട്ടുക യാണ് നോവലിൽ ചെയ്തത്.

ചോദ്യം: കുടിയേറ്റങ്ങളും ചൂഷണങ്ങളും ആദിവാസികളുടെ ജീവിതത്തെ എത്ര ത്തോളം ബാധിച്ചു?

ഉത്തരം: അമ്പതുകൾക്ക് ശേഷമാണ് ആദിവാസി മേഖലകളിൽ കുടിയേറ്റങ്ങൾ ശക്തമായത്. കൃഷിക്കാരും കച്ചവടക്കാരും ക്രിസ്ത്യാനികളും കുടി യേറിവന്നു. പള്ളിക്കുന്നു ഭാഗത്ത് ക്രിസ്ത്യാനികൾ ഏറെ കുടിയേറി യിരുന്നു. ഭൂമികയ്യേറ്റം ആദിവാസികൾക്കിടയിൽ വലിയ പ്രശ്നമായി വളർന്നു. മതപരിവർത്തനം ആദിവാസികൾക്കിടയിൽ കുറവായിരുന്നു. സമ്പത്ത്, നിറം, സൗന്ദര്യം, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ മേഖലകളിലും അവർ പിന്തള്ളപ്പെട്ടു.എല്ലാതലങ്ങളിലും അവർക്ക് അവ ഗണന നേരിടേണ്ടതായും വന്നു.

ചോദ്യം: നഷ്ടപ്പെട്ടഭൂമി വീണ്ടെടുക്കുന്നതിനും അവകാശങ്ങൾ സംരക്ഷിക്കു ന്നതിനും ആദിവാസികൾ സംഘടിതമായി നടത്തുന്നസമരങ്ങൾ ഉദ്ദേ ശിച്ചഫലം കണ്ടില്ലെന്ന അഭിപ്രായത്തോടെ യോജിക്കുന്നുണ്ടോ? ഇത്തരം സമരങ്ങൾ അവർക്കിടയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ?

ഉത്തരം: ആദിവാസികൾ നടത്തിയസമരങ്ങളൊന്നും പരാജയമല്ല. ശക്തമായ നേതൃത്വത്തിന്റെ കുറവുണ്ടെന്നു പറയാമെങ്കിലും അവരുടെ പ്രധാന പ്രശ്നങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ സി.കെ. ജാനു വിനെപോലെയുള്ളവർക്ക് കഴിഞ്ഞിട്ടുണ്ട്. ആദിവാസികൾക്കിടയിലെ ചിന്താപരമായ നഷ്ടം വീണ്ടെടുക്കണം. എന്നാലേ മുന്നോട്ട് പോകാ

നാകൂ. ഗോത്രവിശ്വാസങ്ങളെ മറ്റൊരു രീതിയിൽ നിലനിർത്താനും മൂപ്പനിൽ അധിഷ്ഠിതമായകൂട്ടായ്മയും ജീവിതചട്ടങ്ങളും സംരക്ഷിക്കാനും അവർക്ക് കഴിയണം. കോഴികളെയും കാലികളെയും വളർത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനെക്കാൾ ആദിവാസികളുടെ ജീവിതരക്ഷയ്ക്കും പുരോഗതിക്കും സഹായിക്കുക, അവരുടെ കുലത്തൊഴിലുകൾ സംരക്ഷിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നതിലാണ്.

അനുബന്ധം 3

# നാരായനുമായുള്ള അഭിമുഖം

ചോദ്യം : ആദിവാസിതന്നെ ആദിവാസികളുടെ ജീവിതത്തെക്കുറിച്ച് നോവൽ രചിച്ച ചരിത്രം മലയാള സാഹിത്യത്തിലില്ല. താങ്കളാണ് അത്തരമൊരു രചന ആദ്യമായി നടത്തിയത്. ഇതിന് നിമിത്തമായ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നു.?

ഉത്തരം : ആദിവാസികളുടെ ജീവിതത്തെയും സംസ്കാരത്തെയും കുറിച്ച് ഒട്ടേറെ അബദ്ധ ധാരണകൾ ജനങ്ങൾക്കിടയിൽ ഉണ്ട്. ആദിവാസികളെക്കുറിച്ച് എഴുതപ്പെട്ട സാഹിത്യകൃതികളാണ് ഇതിനുകാരണമായത്. ആദിവാസി സ്ത്രീകൾ തീണ്ടാരി സമയത്തും ലൈംഗികബന്ധത്തിൽ ഏർപ്പെടാറുണ്ടെന്നുപോലും ചില പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ചു വന്നിരുന്നു. ആദിവാസികൾ വ്യഭിചാരികളും കള്ളൻമാരുമാണെന്നു വരെ പ്രചരിച്ചിരുന്നു. ഇത്തരം അപമാനങ്ങൾ സഹിക്കാതെ വന്നപ്പോഴാണ് മനസ്സിലുള്ള കാര്യങ്ങൾ നോവൽ രൂപത്തിൽ എഴുതാൻ തുനിഞ്ഞത്. മലയാറ്റൂരിന്റെയും വത്സലയുടെയുമെല്ലാം കൃതികളിൽ ആദിവാസി ചിത്രീകരണം സ്വന്തമായ അസ്ഥിത്വം ഇല്ലാത്ത രീതിയിലുള്ളതായിരുന്നു. ജനങ്ങൾ സത്യാവസ്ഥ മനസ്സിലാക്കണമെന്ന ഉദ്ദേശത്തോടെയാണ് മുമ്പ് ഒരു ലേഖനം പോലും എഴുതി പരിചയമില്ലാത്ത ഞാൻ നോവൽ രചന ആരംഭിച്ചത്.

ചോദ്യം : ആദിവാസി എന്ന നിലയിലുള്ള സ്വന്തം അനുഭവങ്ങളാണോ നോവലിൽ ചിത്രീകരിച്ചത്....?

ഉത്തരം : മലയരയൻ എന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടയാളാണ് ഞാൻ. മലയരന്മാർ പൊതുവെ കോളനിയായി താമസിക്കുന്നവരല്ല. ചരിത്രകാരനായ എളംകുളം കുഞ്ഞൻപിള്ള അരയൻമാരെ കടലിലൂടെ വന്നു

മത്സ്യബന്ധനം ഉപജീവനമാക്കിയ കടലരയൻ, മലകളുടെ താഴ്വാരങ്ങളിൽ താമസമുറപ്പിച്ച മലയരയൻ, സമതലങ്ങളിൽ വസിച്ചിരുന്ന കോലരയൻ എന്നിങ്ങനെ മൂന്നുവിഭാഗമായി കാണുന്നുണ്ട്. ഇതിൽ കോലരയന്മാർ ഏതാണ്ട് നാമാവശേഷമായി. മറ്റു രണ്ടു വിഭാഗങ്ങൾ പ്രകൃതിയോട് മല്ലടിച്ചു നിലനിൽക്കുന്നു. മലയരന്മാർ പരമ്പരാഗതമായി കൃഷിക്കാരായിരുന്നു. ഏലവും കുരുമുളകുമാണ് അവർ പ്രധാനമായും കൃഷിചെയ്തിരുന്നത്. കാച്ചിൽ, ചേമ്പ് എന്നിവയും കൃഷിചെയ്തുണ്ടാക്കി. ഈ കാർഷികോൽപ്പന്നങ്ങൾ കച്ചവടക്കാർക്ക് നൽകിയാണ് മലയരന്മാർ അവർക്ക് ആവശ്യമുള്ള പാത്രങ്ങൾ വീട്ടുപകരണങ്ങൾ, പണിയായുധങ്ങൾ, തുണിത്തരങ്ങൾ മുതലായവ വാങ്ങിയിരുന്നത്.

മലയരന്മാർക്ക് ചില സ്ഥലങ്ങളിൽ സ്വന്തമായ വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. ആദിവാസികൾക്ക് പ്രത്യേക മതമോ ജാതിയോ ഇല്ലായിരുന്നുവെങ്കിലും മലയരന്മാരിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും ഉണ്ടായിരുന്നു. ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടവർ എല്ലാ മേഖലകളിലും കൂടുതലായി മുന്നേറി. കോട്ടയത്തെ മേലുകാവ് പ്രൊട്ടസ്റ്റന്റ് പള്ളിയിൽ റവ: ഫാ. ഹെൻട്രിബേക്കർ 1847-50 കളിൽ മലയരന്മാരായ കുറച്ചു പേരെ മതം മാറ്റിയിരുന്നു. അവിടെ പള്ളിയും ചാപ്പലും സ്ഥാപിക്കുകയും ചെയ്തു. എന്നാൽ കത്തോലിക്കക്കാർ മതപരിവർത്തനം ചെയ്ത ആദിവാസികളെ അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. ആദിവാസികൾ ഹിന്ദു ദൈവങ്ങളെ ആരാധിച്ചിരുന്നു. സമുദായത്തിലെ സ്ത്രീകളുടെ വസ്ത്രധാരണ രീതികൾ ഹിന്ദുക്കളുടേതായിരുന്നു.

നീർവാർച്ചയുള്ള സ്ഥലങ്ങൾ തിരഞ്ഞെടുത്ത് സംഘമായിട്ടായിരുന്നു മലയരന്മാർ കൃഷി ചെയ്തിരുന്നത്. പുലയരും അരയരും തമ്മിൽ തീണ്ടൽ ആചരിച്ചിരുന്നു. പുലയർ തൊട്ടതിനെ അരയൻ സ്വീകരിക്കില്ല. അതിനാൽ അരയ സ്ത്രീകളെ തീണ്ടാൻ പുലയർ തക്കം പാർത്തിരിക്കുകയും ഇതേച്ചൊല്ലി നിരന്തരം ഏറ്റുമുട്ടലുകൾ ഉണ്ടാകുകയും ചെയ്തു. ഇങ്ങനെ സ്വന്തം സമുദായത്തിൽ നിലനിന്നിരുന്നതും സംഭവിച്ചതുമായ കാര്യങ്ങളാണ് നോവലിൽ പറയാൻ ശ്രമിച്ചത്.

ചോദ്യം : നോവലിൽ വിവരിക്കുന്ന ആചാരാനുഷ്ഠാനങ്ങളും ജീവിത രീതികളും

അതേപടി ആദിവാസികളുടെ ഇടയിൽ നടപ്പുണ്ടായിരുന്നോ....?

ഉത്തരം : മലയരന്മാരിൽ അധികപേരും വിഷചികിത്സയും മന്ത്രവാദവും നടത്തിയിരുന്നവരായിരുന്നു. മേടം പത്തിന് മുട്ടയിടാത്ത കോഴിയെ അറുത്ത് നേദിക്കുന്ന കോഴിവെട്ടി കുരുതിയെന്ന ഏർപ്പാട് അപൂർവ്വമായി ഇപ്പോഴും നടക്കുന്നുണ്ട്. മന്ത്രവാദവും വിഷചികിത്സയും ഇപ്പോൾ നന്നേ കുറവാണ്. മരണാനന്തരം പുല ആചരിക്കൽ ഏറെക്കുറെ പണ്ടത്തെ രീതിയിൽ തന്നെ തുടരുന്നുണ്ട്. പുല ആചരിക്കുന്നവർ 15 ദിവസം വ്രതത്തിലായിരിക്കും. ഇക്കാലത്ത് സ്ത്രീബന്ധം, മദ്യം കഴിക്കൽ, ദേവദർശനം, തേച്ചുകുളി എന്നിവ പാടില്ലെന്നാണ്.

ചോദ്യം : ആദിവാസികളിൽ ഉണ്ടായ പ്രകടമായ മാറ്റങ്ങൾ എന്തെല്ലാമാണ്....?

ഉത്തരം : പണ്ടത്തെപ്പോലെ പുറംനാട്ടിൽ നിന്നു തലച്ചുമടായി സാധനങ്ങൾ കൊണ്ടുവന്നു ആദിവാസി കുടിലുകളിൽ കച്ചവടം നടത്തുന്ന ഏർപ്പാട് ഇപ്പോൾ ഇല്ല. മാറ്റക്കച്ചവടവും നിലച്ചു. കച്ചവടക്കാർ തങ്ങളെ പറ്റിക്കുകയാണെന്ന് ബോധ്യം വന്നതോടെ മലയരയന്മാർ കാർഷികവിഭവങ്ങൾ നേരിട്ട് പട്ടണങ്ങളിൽകൊണ്ടുപോയി വിൽക്കുകയാണ്. ഇതിന് ഗതാഗതസൗകര്യവും വർദ്ധിച്ചിട്ടുണ്ട്. ആദിവാസികൾക്കിടയിലെ ചൂഷണവും അജ്ഞതയും ഇല്ലാതാക്കുന്നതിൽ വിദ്യാഭ്യാസം വലിയ പങ്കുവഹിച്ചു. എസ്.എസ്.എൽ.സി പാസായാൽ ജോലി കിട്ടുമെന്ന ധാരണയിൽ പലരും സ്കൂളിൽ പോകാൻ തുടങ്ങിയതും മിടുക്കരായവർ ഉന്നത പഠനത്തിന് തയ്യാറായതും ആദിവാസി സമൂഹത്തിൽ വലിയ മാറ്റം സൃഷ്ടിച്ചു. പഠിച്ചു ജോലി കിട്ടിയവർ പലരും നഗരങ്ങളിലേക്ക് കുടിയേറുകയും ചെയ്തു. വിദ്യാഭ്യാസം നേടിയതിന് ദോഷഫലങ്ങളുമുണ്ടായി. അത് സാമൂഹ്യബന്ധത്തിന്റെ ദൃഢതക്ക് ഉലച്ചിൽ തട്ടാനും പരമ്പരാഗത രീതികളെ വെല്ലുവിളിക്കാനുള്ള തന്റേടത്തിനും കാരണമായി. വനനാശത്തിന് കാരണക്കാർ ആദിവാസികളാണെന്ന പ്രചാരണം തെറ്റായിരുന്നു. വനം വകുപ്പാണ് ആദിവാസികളുടെ പ്രധാനശത്രു. അവർ ആദിവാസികളെ തമ്മിലടിപ്പിക്കാൻ ശ്രമിച്ചിരുന്നു. സ്വസമുദായത്തോട് പ്രതിബദ്ധതയില്ലാതെ യുവതലമുറ വഴിതെറ്റിപ്പോയതും സമുദായത്തിനുദോഷം ചെയ്തു. ആദിവാസികൾ താമസിക്കുന്ന ഭൂപ്ര

കൃതിക്ക് ഇണങ്ങുന്ന തരത്തിലുള്ള വികസന, ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കിയാലേ സമുദായത്തിന്റെ സമുദ്ധാരണം സാധ്യമാകുകയുള്ളൂ. അല്ലാതെ പശു വളർത്തലും കോഴിവളർത്തലും മറ്റുമുള്ള പദ്ധതികൾ കൊണ്ടുമാത്രം അവരെ രക്ഷിക്കാനാവില്ല.

അനുബന്ധം 4

# പി. വത്സലയുടെ കൃതികൾ

**നോവലുകൾ**

തകർച്ച (1969) പൂർണ ബുക്സ്, കോഴിക്കോട്.

തൃഷ്ണയുടെ പൂക്കൾ (1971) എസ്. പി. സി. എസ്. കോട്ടയം

നെല്ല് (1972) എസ്. പി. സി. എസ്. കോട്ടയം

ആഗ്നേയം (1974) എസ്. പി. സി. എസ്. കോട്ടയം

നിഴലുറങ്ങുന്ന വഴികൾ (1975) എസ്. പി. സി. എസ്. കോട്ടയം

ഗ്രീഷ്മത്തിലെ മഴ (1976) എസ്. പി. സി. എസ്. കോട്ടയം

അരക്കില്ലം (1977) എസ്. പി. സി. എസ്. കോട്ടയം

വേനൽ (1979) എസ്. പി. സി. എസ്. കോട്ടയം

കനൽ (1979) എസ്. പി. സി. എസ്. കോട്ടയം

നമ്പരുകൾ (1980) എസ്. പി. സി. എസ്. കോട്ടയം

പാളയം (1981) എസ്. പി. സി. എസ്. കോട്ടയം

കൂമൻകൊല്ലി (1981) എസ്. പി. സി. എസ്. കോട്ടയം

ഗൗതമൻ (1986) പി. കെ. ബ്രദേഴ്സ്, കോഴിക്കോട്

ആരും മരിക്കുന്നില്ല (1987) എസ്. പി. സി. എസ്. കോട്ടയം

ചാവേർ (1991) എസ്. പി. സി. എസ്. കോട്ടയം

റോസ്മേരിയുടെ ആകാശങ്ങൾ (1993) ഓഗസ്റ്റ് ബുക്സ്, തൃശ്ശൂർ

വിലാപം (1997) ഡി. സി. ബുക്സ്, കോട്ടയം.

ആദിജലം (2004) ഡി. സി. ബുക്സ്, കോട്ടയം.

മേൽപ്പാലം (2007) എസ്. പി. സി. എസ്. കോട്ടയം

**നോവലെറ്റുകൾ/കഥാസമാഹാരങ്ങൾ**

പേമ്പി (1969) പൂർണ ബുക്സ്, കോഴിക്കോട്

തിരക്കിൽ അൽപ സമയം (1969) എസ്. പി. സി. എസ്. കോട്ടയം

ഉച്ചയുടെ നിഴൽ (1976)

പഴയ പുതിയ നഗരം (1979) എസ്. പി. സി. എസ്. കോട്ടയം

അനുപമയുടെ കാവൽക്കാരൻ (1950) എസ്. പി. സി. എസ്. കോട്ടയം

ആനവേട്ടക്കാരൻ (1982) എസ്. പി. സി. എസ്. കോട്ടയം

ഉണിക്കോരൻ ചതോപാദ്ധ്യായ (1985) എസ്. പി. സി. എസ്. കോട്ടയം

അന്നാമേരിയെ നേരിടാൻ (1988) എസ്. പി. സി. എസ്. കോട്ടയം

കറുത്ത മഴ പെയ്യുന്ന താഴ്‌വര (1988) എസ്. പി. സി. എസ്. കോട്ടയം

ചാമുണ്ഡിക്കുഴി (1989) എസ്. പി. സി. എസ്. കോട്ടയം

കോണിച്ചോട്ടിലെ മുറിയിൽ വെളിച്ചം (1991) പ്രഭാത് ബുക്സ്, തിരുവനന്തപുരം.

അരുന്ധതി കരയുന്നില്ല (1991) എസ്. പി. സി. എസ്. കോട്ടയം

പംഗുരു പുഷ്പത്തിന്റെ തേൻ (1996) എസ്. പി. സി. എസ്. കോട്ടയം

മടക്കം (1998) ഡി. സി. ബുക്സ്, കോട്ടയം.

മടക്കം 2 (1998) ഡി. സി. ബുക്സ്, കോട്ടയം.

കളി 98 തുടർച്ച (1998) പ്രഭാത് ബുക്സ്, തിരുവനന്തപുരം

പോക്കുവെയിൽ പൊൻവെയിൽ (1999) ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്

ദുഷ്യന്തനും ഭീമനുമില്ലാത്ത ലോകം (1999) പൂർണ ബുക്സ്, കോഴിക്കോട്.

കാലാൾ കാവലാൾ (2001) ഡി. സി. ബുക്സ് കോട്ടയം.

കോട്ടയിലെ പ്രേമ (2002) ഒലീവ് ബുക്സ്, കോഴിക്കോട്.

പൂരം (2003) ഡി. സി. ബുക്സ്, കോട്ടയം.

ആരണ്യകാണ്ഡം (2003) ഡി. സി. ബുക്സ് കോട്ടയം.

മൈഥിലിയുടെ മകൾ (2004) ഗ്രീൻ ബുക്സ്, കോഴിക്കോട്.

അശോകനും അയാളും (2006) ഡി. സി. ബുക്സ്, കോട്ടയം.

ചണ്ഡാലഭിക്ഷുകിയും മരിക്കുന്ന പൗർണമിയും (2007)
ബുക് പോയന്റ്, കോഴിക്കോട്.

സുവർണ കഥകൾ (2008) ഗ്രീൻ ബുക്സ്, കോഴിക്കോട്.

ഗേറ്റ് തുറന്നിരിക്കുന്നു (2008) എസ്. പി. സി. എസ്. കോട്ടയം

**തെരഞ്ഞെടുത്ത കഥകൾ**

വത്സലയുടെ സ്ത്രീകൾ (2004) മാതൃഭൂമി ബുക്സ്, കോഴിക്കോട്

വത്സലയുടെ തെരഞ്ഞെടുത്ത കഥകൾ (2005) ഡി. സി. ബുക്സ്, കോട്ടയം

വത്സലയുടെ കഥകൾ (2006) മാതൃഭൂമി ബുക്സ്, കോഴിക്കോട്

**ബാലസാഹിത്യം**

ഉഷാറാണി (1985) എസ്. പി. സി. എസ് കോട്ടയം

പുലിക്കുട്ടൻ (2001) ഡി. സി. ബുക്സ്, കോട്ടയം

അമ്മുത്താത്ത (2008) തിരുവനന്തപുരം

കൊല്ലന്റെ മകൾ (2008) ബാലസാഹിതീ പ്രകാശൻ

**യാത്രാവിവരണം**

ഗ്യാലറി (2001) പ്രഭാത് ബുക്സ്, തിരുവനന്തപുരം

വേറിട്ടൊരു അമേരിക്ക (2007) ഡി. സി. ബുക്സ്, കോട്ടയം.

**അനുഭവം**

മരച്ചുവട്ടിലെ വെയിൽച്ചീളുകൾ (2008) ഗ്രീൻബുക്സ്, തൃശ്ശൂർ.

**ജീവചരിത്രം**

തിക്കോടിയൻ, കേന്ദ്രസാഹിത്യ അക്കാദമി.

## അനുബന്ധം 5

# കെ. ജെ. ബേബിയുടെ കൃതികൾ

അപൂർണ (നാടകം) കറന്റ് ബുക്സ്, തൃശൂർ

നാടുഗദ്ദിക (നാടകം), 1983 പ്രസക്തി ലൈബ്രറി, കോട്ടയം

മാവേലിമന്റം (നോവൽ) 1991 കറന്റ് ബുക്സ് തൃശൂർ

ഗുഡ (തിരക്കഥ) 2004 ഡി. സി. ബുക്സ്, കോട്ടയം.

## അനുബന്ധം 6


# നാരായന്റെ കൃതികൾ

കൊച്ചരേത്തി (നോവൽ) 1998 ഡി. സി. ബുക്സ്, കോട്ടയം


ഊരാളിക്കുടി (നോവൽ) 1999 നാഷണൽ ബുക്സ്റ്റാൾ, കോട്ടയം

നിസ്സഹായന്റെ നിലവിളി (ചെറുകഥകൾ) 2003 പ്രണത ബുക്സ്, കൊച്ചി

വന്നല (നോവൽ) 2006 ദേശാഭിമാനി ബുക് ഹൗസ്, തിരുവനന്തപുരം



വയനാട്ടിലെ കാട്ടുനായ്ക്കരുടെ കുടിൽ



വയനാട്ടിലെ കാട്ടുനായ്ക്കരുടെ കുടിൽ



കുറിച്യക്കുടിൽ



കാട്ടുനായ്ക്കരുടെ പുതിയ രീതിയിലുള്ള കുടിൽ




അട്ടപ്പാടിയിലെ കുറുമരുടെ പുനരധിവാസ കേന്ദ്രം



കുറുമ സ്ത്രീ



നിലമ്പൂരിലെ ചോലനായ്ക്കർ



ആദിവാസികളുടെ ഒരു വാദ്യോപകരണം



ആദിവാസികളുടെ ഗദ്ദിക സ്റ്റേജിൽ അവതരിപ്പിക്കുന്നു



ആദിവാസികലാരൂപത്തിന്റെ സ്റ്റേജവതരണം.

# ഗ്രന്ഥസൂചി

## സഹായകഗ്രന്ഥങ്ങൾ

### മലയാളം


| | |
|---|---|
| അച്യുതനുണ്ണി ചാത്തനാത്ത് | ഗവേഷണം പ്രബന്ധ രചനയുടെ തത്വങ്ങൾ (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം 1981) |
| അച്യുതവാര്യർ ടി. പി. | ഗോത്ര സത്യങ്ങൾ (ആൾട്ടർമീഡിയ തൃശൂർ, 2003) |
| കരുണാകരൻ പി.എ. | കാണിക്കാർ (എൻ.ബി.എസ് കോട്ടയം 1990) |
| കരുണാകരൻ സി. കെ. | ആദിവാസികളുടെ ലോകം വനവാസികൾ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2007) |
| കാവാലം നാരായണപണിക്കർ | കേരളത്തിലെ നാടോടി സംസ്കാരം (നാഷണൽ ബുക് ട്രസ്റ്റ് 1991) |
| കുട്ടികൃഷ്ണൻ പി. സി. | നീലമല (എൻ. ബി. എസ്. കോട്ടയം 1950) |
| ഗണേശ് കെ. എൻ. | കേരളത്തിലെ ഇന്നലെകൾ (സാംസ്കാരികവകുപ്പ്, കേരള സർക്കാർ തിരുവനന്തപുരം 1990) |
| ഗോപാലകൃഷ്ണൻ പി.കെ. | കേരളത്തിന്റെ സാംസ്കാരിക ചരിത്രം (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1974) |

| | |
|---|---|
| ചുമ്മാർ ചൂണ്ടൽ | കറുത്ത കലകൾ (കേരള ഫോക്‌ലോർ അക്കാദമി, തൃശൂർ 1991) |
| ജോണി ഒ. കെ. | വയനാട്ടിലെ സാംസ്കാരിക ഭൂമിക (മോഡ്സ് ബുക്സ്, സുൽത്താൻ ബത്തേരി 1988) |
| ജോസ് മുട്ടം | കുമ്പളത്തുടി (കറന്റ് ബുക്സ് കോട്ടയം 2003) |
| ജോൺ ടി.സി. | തേക്ക് (ദേശാഭിമാനിബുക് ഹൗസ്, തിരുവനന്തപുരം 1981) |
| | ഉറാട്ടി (ദേശാഭിമാനി ബുക്സ്ഹൗസ്, തിരുവനന്തപുരം 1979) |
| ദമോദരൻ കെ. | കേരളചരിത്രം (പ്രഭാത് ബുക് ഹൗസ്, തിരുവനന്തപുരം 1998) |
| ഡോ. ദാനിയേൽ കെ.ജി. | ഗോത്രയാത്ര (ഈസ്റ്റ് മൗണ്ട് ബുക്സ് തിരുവനന്തപുരം 2000) |
| നെട്ടൂർ പി. ദാമോദരൻ | ആദിവാസികളുടെ കേരളം (എൻ.ബി.എസ് കോട്ടയം 1974) |
| പാനൂർ കെ. | കേരളത്തിലെ ആഫ്രിക്ക (ടൂറിങ് ബുക്സ്റ്റാൾ, കോഴിക്കോട് 1986) |
| | കേരളത്തിലെ അമേരിക്ക (എൻ.ബി.എസ്, കോട്ടയം, 1989) |
| | മലകൾ, താഴ്‌വരകൾ, മനുഷ്യർ (എൻ.ബി.എസ്. കോട്ടയം 1976) |
| | എന്റെ ഹൃദയത്തിലെ ആദിവാസി (കറന്റ് ബുക്സ്, കോട്ടയം 2005) |
| പയ്യനാട് രാഘവൻ | ഫോക്‌ലോർ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1986) |
| പള്ളിയറ രാമൻ (പ്രസാധകൻ) | 1970 കളിലെ ആദിവാസി സമരങ്ങൾ (കേരള വന |

വാസി വികാസ കേന്ദ്രം, കോഴിക്കോട് 2007)

ഡോ. പദ്മിനി പി.ജി. കാട്ടുജീവിതത്തിന്റെ സ്പന്ദന താളങ്ങൾ (അകം സമിതി, തലശ്ശേരി 2001)

ഡോ. പുഷ്പലത പി. എ. വത്സലയുടെ സ്വന്തം വയനാട് (കേരള സാഹിത്യ അക്കാദമി, തൃശൂർ 2008)

പോത്തേരി കുഞ്ഞമ്പു സരസ്വതീ വിജയം (ഡി.സി.ബുക്സ് കോട്ടയം 2004)

പ്രകാശ് പി. കെ. അന്യാധീനപ്പെടുന്ന ഭൂമി. ആദിവാസിഭൂമി പ്രശ്ന ത്തിന്റെ ചരിത്രവും

രാഷ്ട്രീയവും (പാപ്പിയോൺ, കോഴിക്കോട് 2002)

പ്രസാദ് എം. കെ. ആദിവാസി സമരത്തിന്റെ അർത്ഥാന്തരങ്ങൾ (കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, 2003)

ഭാസ്കരൻ സി.കെ. ജാനുവിന്റെ ജീവിതകഥ (ഡി.സി.ബുക്സ് കോട്ടയം 2002)

മങ്ങാട് ബാലകൃഷ്ണൻ അറിയപ്പെടാത്ത അയൽക്കാർ (എൻ.ബി.എസ് കോട്ടയം 1976)

മുരളി കവിയൂർ ദളിത് സാഹിത്യം (ഡി. സി. ബുക്സ്, കോട്ടയം 2001)

രാജു ഇ.ടി. ഐവ്വ് (ഫെബിന ഹിൽഡ സുൽത്താൻ ബത്തേരി 1995)

രാജശേഖരൻ പി. കെ. അന്ധനായ ദൈവം മലയാള നോവലിന്റെ നൂറു വർഷങ്ങൾ (ഡി. സി. ബുക്സ്, കോട്ടയം 1999)

വയലേരി കുമാരൻ കുറിച്യരുടെ ജീവിതവും സംസ്കാരവും (കറന്റ്ബുക്സ് കോട്ടയം 1996)

വത്സല പി. വത്സലയുടെ കഥകൾ (എസ്. പി. സി. എസ്. കോട്ടയം 1998)

| | |
|---|---|
| | അനുപമയുടെ കാവൽക്കാരൻ (എസ്. പി. സി. എസ്. കോട്ടയം 1980) |
| | കാലാൾ കാവലാൾ (ഡി. സി. ബുക്സ്, കോട്ടയം 2001) |
| വില്യംലോഗൻ | മലബാർ മാന്വൽ (വിവർത്തനം) (മാതൃഭൂമി, കോഴിക്കോട് 1985) |
| വേലപ്പൻ കെ. | ആദിവാസികളും ആദിവാസി ഭാഷകളും (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം 1994) |
| ഡോ. സീലിയ തോമസ് | |
| പെരുമ്പനാനി | കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്കാരവും (കറന്റ് ബുക്സ്, കോട്ടയം 2005) |
| സുകുമാരൻ നായർ അമ്പാട്ട് | ആദിവാസികളുടെ നാട്ടിൽ (എൻ.ബി.എസ് കോട്ടയം 1982) |
| സെയ്ദ് മുഹമ്മദ് പി.എ. | ആദിവാസികൾ (കറന്റ്ബുക്സ്, തൃശൂർ 1967) |
| സെബാസ്റ്റ്യൻ എം. | കാണിക്കാരുടെ ലോകം (തിരുവനന്തപുരം 1990) |
| സോമശേഖരൻ നായർ പി. | പണിയൻ (എൻ.ബി.എസ് കോട്ടയം 1976) |
| ശ്രീധരമേനോൻ കെ. | കേരള ചരിത്രം (സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം 1967) |
| | വയനാട് രേഖകൾ (പാപ്പിയോൺ, കോഴിക്കോട് 2001) |
| ശ്രീകണ്ഠൻനായർ എസ്. | കാണി (പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട് 1995) |
| ശ്രീനാരായണൻ മാവൂർ | ചോലനായ്ക്കരും കാക്കപ്പൂക്കളും, കറന്റ്ബുക്സ്, കോട്ടയം 1992) |

## ആനുകാലിക പ്രസിദ്ധീകരണങ്ങൾ


| | |
|---|---|
| അനിൽ എം. | ആദിവാസി സമരം ഉന്നയിക്കുന്ന പ്രശ്നങ്ങൾ (ജയകേരളം, ഏപ്രിൽ 1995) |
| കർത്താ കെ. പി. | വയനാടിന്റെ കഥാകാരി (സാഹിത്യലോകം, ജൂലൈ 1984) |
| കൃഷ്ണകുമാർ എസ്. | പ്രതിരോധത്തിന്റെ ഫോക്ലോർ പാഠങ്ങൾ (ജയകേരളം, ഏപ്രിൽ 1995) |
| ഡോ. ചുമ്മാർ ചൂണ്ടൽ | ആദിവാസികളുടെ വാസ്തുവിദ്യ (വിജ്ഞാനകൈരളി, നവംബർ 1992) |
| ജയചന്ദ്രൻ കെ. | ആദിവാസികളുടെ എന്നും നനവാർന്ന കണ്ണ് (സോളിഡാരിറ്റി യുവജന സ്മരണിക 1985) |
| ജോസഫ് കെ ജോബ് | മതപരിവർത്തനത്തിന്റെ വയനാടൻ പാഠങ്ങൾ (പച്ചക്കുതിര, ഒക്ടോബർ 2007) |
| ദിരാർ വി. എച്ച്. | ആദിവാസികൾ വംശനാശത്തിൽ (ജയകേരളം, ഏപ്രിൽ 1995) |
| പാനൂർ കെ. | ഉടയോനില്ലാത്ത ആദിവാസി (മാതൃഭൂമി ആഴ്ചപ്പതിപ്പ്, മാർച്ച് 1996) |
| പ്രദീപൻ പാമ്പിരിക്കുന്ന് | കലയും ആദിവാസികളും (മാധ്യമം ആഴ്ചപ്പതിപ്പ്, ഓഗസ്റ്റ് 2002) |
| പ്രകാശ് പി. കെ. | ആദിവാസികളെ കാടിറക്കി ലോകബാങ്ക് കാടുകയറുമ്പോൾ (മാധ്യമം ആഴ്ചപ്പതിപ്പ്, മെയ് 10, 2002) |
| രാജേന്ദ്രൻ എൻ. | സാക്ഷരത അട്ടപ്പാടിയിലെ ആദിവാസികളിൽ (വിജ്ഞാനകൈരളി, ഡിസംബർ 1992) |
| രാജേന്ദ്രപ്രസാദ് | ആദിവാസിയും സാക്ഷരതയും (മാധ്യമം ആഴ്ചപ്പതിപ്പ്, ഡിസംബർ 14, 2001) |

| | |
|---|---|
| സലീംകുമാർ കെ. എം. | മാധ്യമം ആഴ്ചപ്പതിപ്പ് 2005 സെപ്തംബർ 16 |
| സാമുവൽ മാറ്റീർ | പുലയർ (പടവുകൾ, മെയ് 2003) |
| ഡോ. സുകുമാരൻനായർ പി.കെ. | കേരളത്തിലെ പട്ടികവർഗ്ഗക്കാർ (പടവുകൾ, ഫെബ്രുവരി 2003) |
| സുധാകരൻ കെ. വി. | അന്യവൽക്കരിക്കപ്പെടുന്ന ആദിവാസികൾ (ദേശാഭിമാനി വാരിക, ഒക്ടോബർ 26, 2003) |

**ENGLISH**

| | |
|---|---|
| Beattie John | Other Culture (Rondledge & kegan paul ltd, London 1964) |
| Bose N.K. | Cultural authropology (Mital Publications Delhi, 1988) |
| Brown Reddiff A.R. | Structure and Function in Premitive Society. (Rontledge & Kegan Paul Ltd., London 1992) |
| Desmond Mooris Peter Marsh | Tribes (Pyramid books, London 1988) |
| Elvin Varrier | The Tribal World (Oxford University Press, New Delhi 1988) |
| Gopalan Nair T. | Wynad : its people and tradition. (Higgin bothums & co., Madras 1911) |
| Kayyakayam Jacob John | Social Structure and change among the Tribes (DK Publication Delhi 1983) |
| Kessing Roger M. | Cultural Authropology (A Contemperary prespective. CBS College Publishing, Newyork 1981) |
| Krishnan L.A. | The Travancore Tribes Castes (Govt. press TVM 1939) |
| Kumar Sanjay Singh | The Dark Clouds and the Silver Lining, Advasi Struggle in Kerala (Kerala Study Group, Delhi 2001) |
| Luions AAD | Tribes of Kerala (Bharathiya Adimjati Sevak Sang, |

| | |
|---|---|
| | NewDelhi 1962) |
| Mathur P.K.G. | Tribal Sitations in Kerala. (Kerala Historial Society, TVM 1977) |
| Dr. Prasad Maheswary | Tribe: Their Enviornment and culture (Amar Prakasam, Delhi 1987) |
| Ram Dayal Munda | Relegious beliefs of the Adivasis of India (Sarini and Birsa Jharkhand 1997) |
| Stephen Fuchs | The Aboriginal Tribes of India (Mac Millan India Culcutta 1982) |
| Thuston Edgar | Caste and tribes of South India (Govt. Press Madras 1909) |
| Varma M.M. | Tribal Development in India (Mittal Publication,Newdelhi 1996) |
| Vidyarthi L.P and Binaj Kumar Rai | The Tribal culture of India (Concept Publishing co. New Delhi 1976) |
| Win Jayadas | Tribals in our global village (Pan media Bangalore) |